


Sanathana

# ഷോഡശ സംസ്കാരങ്ങൾ

സ്വാമി പരമേശ്വരാനന്ദ

# ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

# ഷോഡശ സംസ്കാരങ്ങൾ

സാധുശീലൻ പരമേശ്വരൻപിള്ള

സനാതനമ്യൂസിക് & പബ്ലിഷിങ്ഹൗസ്
കോഴിക്കോട് - 17.

(Malayalam)

**SHODASA SAMSKARANGAL**

**By Sadhuseelan Parameswaran Pillai**

Corrections & Amendations for the 6th Edition

**Sri. Venugopal (Darshanacharya)**

Published by

**Sanathana Music & Publishing House**

45/1871, Chevarambalam P. O., Kozhikode - 673 017

Email : rn_smph@yahoo.co.in

Type Setting & Layout

**Punartham Creations, Kozhikode - 1**

6th Edition

**May 2010**

Price

**Rs. 90/-**

No part of this publication may be reproduced or transmitted in any form or by any means without prior written permission of the author

---

*Marketed by*

**The Heritage**

Your Bridge to Divinity

**A-326, 7th Main, Peenya 2nd Stage (PIE), Bangalore - 560 058**

**Tel: 08028361499**

# ഒന്നാം പതിപ്പിന്റെ അവതാരിക

വേണ്ടുംവണ്ണം സംസ്കരിക്കപ്പെടാത്ത ഏതൊരു വസ്തുവും പരിശുദ്ധമോ ഉൽകൃഷ്ടമോ ആവാൻവയ്യ. പ്രാകൃതവസ്തുക്കൾ വേണ്ടത്ര ഉപയോഗയോഗ്യങ്ങളല്ലെന്ന് പറയേണ്ടതില്ലല്ലോ. സാർവ്വത്രികമായ ഈ നിയമം മനുഷ്യജീവിതത്തിനും ബാധകമാണ്. പ്രാരബ്ധഭുക്തിയോടൊപ്പം ജീവന്റെ കർമ്മസംബന്ധത്തെയും അജ്ഞാനത്തെയും നീക്കി ആത്മസാക്ഷാത്കാരത്തിനും അതുവഴി കൈവല്യപ്രാപ്തിക്കും ആവശ്യമായ പക്വതയും ശുദ്ധിയും ജ്ഞാനവും സമ്പാദിക്കുകയെന്നതാണ് മനുഷ്യജീവിതത്തിന്റെ മുഖ്യമായ ലക്ഷ്യം. മനുഷ്യജീവിതത്തിൽ സാധിക്കേണ്ട അതിപ്രധാനമായൊരു ലക്ഷ്യമാണ് പരമപുരുഷാർത്ഥമായ മോക്ഷം. പവിത്രവും വിവേകസമ്പന്നവുമായ ജീവിതംകൊണ്ടുമാത്രമേ പ്രസ്തുത ലക്ഷ്യപ്രാപ്തി സാധിക്കാനും പോവുന്നുള്ളൂ.

ഈ അഭിപ്രായത്തെ മുൻനിർത്തിയാണ് ഹൈന്ദവജീവിതത്തിന്റെയും സനാതനധർമ്മത്തിന്റെയും പരമപ്രമാണങ്ങളായ വേദങ്ങൾ പരമസിദ്ധാന്തമായ ബ്രഹ്മജ്ഞാനത്തെ ഉപദേശിക്കുന്നതിനുമുൻപു കർമ്മകാണ്ഡത്തെ അല്ലെങ്കിൽ വർണ്ണാശ്രമധർമ്മങ്ങളെ ഉപദേശിച്ചതെന്ന് കരുതണം. വേദങ്ങളിൽ അനേകം കാര്യങ്ങൾ പറയപ്പെട്ടിട്ടുണ്ടെങ്കിലും ധർമ്മവും ബ്രഹ്മവുമാണ് മുഖ്യോപദേശങ്ങൾ. ധർമ്മാചരണംകൊണ്ടു ശുദ്ധിവന്ന ജീവനുമാത്രമേ ബ്രഹ്മബോധത്തിനും അതുവഴി ജന്മസാഫല്യമായ മോക്ഷാനുഭവത്തിനും അർഹതയുള്ളൂ എന്നതാണ് ഇത് കാണിക്കുന്നത്.

ധർമ്മമാണ് പ്രപഞ്ചത്തിന്റെ ആണിവേര്. അതിനാൽ ധർമ്മത്തിന്റെ ആചരണം കൊണ്ടാണ് ജീവികൾക്ക് സുഖസമാധാനങ്ങളുണ്ടാവുന്നത്. അധാർമ്മികജീവിതം പാപമാണ്. പാപംകൊണ്ട്

അധ:പതനമുണ്ടാവുന്നു. ഈ കാരണത്താൽ ധർമ്മാചരണമില്ലാത്ത ജീവിതം ജീവനെ പാപിയുംഅധ:സ്ഥിതനുമാക്കുന്നു. സംസ്ക്കാരങ്ങളെകൊണ്ട് പരിശുദ്ധിയും ധർമ്മാചരണങ്ങളെ കൊണ്ട് ജീവന് ഉൽക്കർഷവും സ്വാഭാവികമായുണ്ടാകുന്നു. കാലംകൊണ്ട് ജന്മസാഫല്യമായ കൈവല്യത്തിനു പാത്രമാവുകയും ചെയ്യുന്നു. അതിനാൽ ജീവന്റെ പരിശുദ്ധിക്കും ധർമ്മബോധത്തിനും സംസ്ക്കാരങ്ങൾ അത്യന്താപേക്ഷിതങ്ങളാണെന്നാണിരിക്കുന്നത്.

വേദനിർദ്ദിഷ്ടങ്ങളായ സംസ്ക്കാരങ്ങൾ അനേകമുണ്ട്. അവയെല്ലാം ആചരിക്കാൻ കഴിഞ്ഞെന്ന് വരില്ല. എങ്കിലും പ്രസിദ്ധങ്ങളായ പതിനാറു സംസ്ക്കാരങ്ങൾ മിക്കവാറും ആചരിക്കപ്പെടേണ്ടവയാണെന്നു പറയാറുണ്ട്. ഗർഭാധാനം മുതൽ അന്ത്യേഷ്ടിവരെയുള്ള പ്രസ്തുത പതിനാറുസംസ്ക്കാരങ്ങളുടെ ഒരു സാമാന്യ നിർദേശവും വിവരണവുമാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. വൈദികവും സ്മാർത്തവുമായ നിഷ്കൃഷ്ടസമ്പ്രദായങ്ങൾക്ക് അവിടവിടെ ഈഷൽ മാറ്റങ്ങളും അപൂർണ്ണതകളും ഈ പുസ്തകത്തിൽ വരുത്തിയിട്ടുണ്ടെങ്കിലും അവ ആശയദോഷമില്ലാത്തവയും ആചരണസൗകര്യമുള്ളവയുമാകയാൽ ഈ സമ്പ്രദായങ്ങൾ പൊതുവെ ആദരണീയങ്ങളും ആചരണീയങ്ങളുമാണെന്നതിൽ പക്ഷാന്തരമുണ്ടാവാനിടയില്ല. കൂടാതെ യാതൊരു സംസ്ക്കാരവുമില്ലാതെ ഉദയാസ്തപ്രായന്മാരും ആഹാരനിദ്രാനിരതന്മാരുമായി കഴിഞ്ഞുവരുന്ന ഹിന്ദുസമുദായത്തിന് ഈ പുസ്തകം അമൂല്യമായൊരു നിധിയാണെന്നു തന്നെ പറയണം. എത്രയോ മഹത്തായ പാരമ്പര്യവും സംസ്ക്കാരവുമുള്ള ഹിന്ദുജനത ധാർമ്മികമായും ആദ്ധ്യാത്മികമായും ഇന്നു കാണുന്ന നിലയിലേക്ക് തരംതാഴ്ന്നു വരാനിടയായത് സംസ്കാരശൂന്യമായ ജീവിതം കൊണ്ടുതന്നെയാണെന്ന് പറഞ്ഞാൽ തെറ്റില്ല. ഇനിയെങ്കിലും അടുക്കും ചിട്ടയും ലക്ഷ്യബോധവുമുള്ള സമുദായമായിത്തീരാൻ ഹിന്ദുക്കൾക്ക് ഈ പുസ്തകം വളരെയധികം ഉപകരിക്കും. ഓരോ ഹിന്ദുഗൃഹത്തിലും ഈ പുസ്തകത്തിന്റെ ഓരോ കോപ്പി സൂക്ഷിക്കാനും ഗാർഹികജീവിതത്തെ ഇതിൽ പറഞ്ഞപോലെ കൊണ്ടുനടക്കാനും ഹിന്ദുജനത തയ്യാറാവേണ്ടതാണ്.

ഹിന്ദുധർമ്മപരിചയം, കന്യാകുമാരി മുതൽ കപിലവസ്തു വരെ, കന്യാകുമാരിയും ചുറ്റമ്പലവും എന്നിങ്ങനെ അനേകം പുസ്തകങ്ങൾ വഴിക്ക് വായനക്കാർക്ക് സുപരിചിതനും എന്റെ ആത്മസുഹൃത്തുമായ സാധുശീലൻ കെ. പരമേശ്വരൻപിള്ള അവർകളാണ് സംസ്ക്കാരകർമ്മങ്ങൾ എന്നപേരിൽ പുറത്തിറക്കുന്ന ഈ പുസ്തകത്തിന്റെ കർത്താവ്. ഇതിലെ പ്രമേയങ്ങൾ മിക്കതും ഇതിനുമുമ്പുതന്നെ ചില മാസികകളിൽക്കൂടി പ്രസിദ്ധീകരിക്കപ്പെട്ടവയാണ്. അവ ഒന്നിച്ചുചേർത്ത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത് കൂടുതൽ പ്രയോജനകരമാണെന്ന അഭിപ്രായം പലരിൽനിന്നും പൊന്തിവന്നതുകൊണ്ടാണ് അദ്ദേഹത്തിന്റെ മകൻ ശ്രീ. വിജയകൃഷ്ണൻ ഇത് പുസ്തകരൂപത്തിൽ പ്രസാധനം ചെയ്യാനൊരുങ്ങിയതെന്നും പറഞ്ഞുകൊള്ളട്ടെ.

സനാതനധർമ്മത്തിനും ഹിന്ദു സമുദായത്തിനും വേണ്ടി തന്റെ ജീവിതത്തെതന്നെ അർപ്പണം ചെയ്ത ശ്രീമാൻ പിള്ള അവർകൾ മലയാളഭാഷയിൽ നല്ലൊരു പ്രതിപാദനശൈലിയും വൈദികസാഹിത്യത്തിൽ അസാധാരണമായ അവഗാഹവും കൈമുതലുള്ള ആളാണെന്നതിന് അദ്ദേഹത്തിന്റെ പുസ്തകങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. പുണ്യാത്മാവായ അദ്ദേഹത്തിൽനിന്ന് ഇനിയും ഇത്തരം ഗ്രന്ഥങ്ങൾ ധാരാളം പുറത്തുവരാൻ ആത്മവിദ്യാസ്വരൂപിണിയായ ശ്രീ കന്യാകുമാരിദേവി അദ്ദേഹത്തെയും വായനക്കാരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാനീ പുതിയ പ്രസിദ്ധീകരണത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ആനന്ദകുടീരം
കന്യാകുമാരി
24-10-1977

**സ്വാമി ജ്ഞാനാനന്ദസരസ്വതി**

# ആറാം പതിപ്പ് - രണ്ട് വാക്ക്

'ആചാരഃ പരമോ ധർമ്മഃ' എന്നാണല്ലോ ആപ്തവാക്യം. മനനം ചെയ്യേണ്ട മനുഷ്യർ കൃത്യാകൃത്യപ്രവൃത്തിനിവൃത്തിക്കനുസരിച്ചു ജീവിച്ച് ദുർലഭമായ മാനുഷജന്മത്തെ സഫലമാക്കി പുരുഷാർത്ഥത്തെ പ്രാപിക്കുന്നതിൽ ആചാരാനുഷ്ഠാനങ്ങൾക്ക് പ്രമുഖ പങ്കുണ്ട്. നമ്മുടെ പൂർവ്വികർ വേദാനുസൃതമായ ധാരാളം സംസ്ക്കാരങ്ങൾ ആചരിച്ചുവരുന്നു. അവയിൽ പ്രധാനപ്പെട്ട 16 സംസ്ക്കാരങ്ങളെ പരമേശ്വരാനന്ദ സ്വാമിജി കേരളക്കരയിലെ ജനങ്ങൾക്ക് 1977 മുതൽ പരിചയപ്പെടുത്തിത്തന്നു. എന്നാൽ വളരെക്കാലമായി ഈ വിശിഷ്ടഗ്രന്ഥം വിപണിയിലില്ല. ധാരാളം സജ്ജനങ്ങൾ ഈ ഗ്രന്ഥത്തിന്റെ പുതിയ പതിപ്പിന് ആഗ്രഹം പ്രകടിപ്പിച്ച് ഞങ്ങളെ സമീപിച്ചു. ആയിടയ്ക്കാണ് എന്റെ പ്രിയ സുഹൃത്ത് രാജീവ് ഇരിങ്ങാലക്കുട മുഖേന പരമേശ്വരാനന്ദസ്വാമികളെ എനിക്ക് പരിചയപ്പെടാൻ ഇടവന്നത്. സ്വാമിജിയുടെയും അദ്ദേഹത്തിന്റെ മകൻ ശ്രീ. വിജയകൃഷ്ണന്റെയും സ്നേഹനിർഭരമായ നിർബന്ധമാണ് ഈ പുതിയ പതിപ്പ് ഇറക്കുന്നതിൽ ഞങ്ങളെ സഹായിച്ചത്. ഈ പതിപ്പ് ഇറക്കുന്നതിൽ എല്ലാസഹായവും ധൈര്യവും തന്ന ശ്രീ. ജയരാജിനോടുള്ള കടപ്പാട് പറഞ്ഞറിയിക്കാവുന്നതല്ല.

മുൻപതിപ്പുകളിലെ പ്രമാദങ്ങളൊക്കെ ഒഴുവാക്കി ഒരു പ്രമാണഗ്രന്ഥമാക്കിത്തീർക്കുവാൻ പ്രയത്നിച്ച വേദപണ്ഡിതൻ ദർശനാചാര്യ വേണുഗോപാൽ ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിൽ ഞങ്ങളെ ഏറെ സഹായിച്ചിട്ടുണ്ട്. പ്രസ്തുതഗ്രന്ഥം ജനോപകാരപ്രദമാവുമെന്ന വിശ്വാസത്തോടെ സജ്ജനസമക്ഷം സമർപ്പിക്കുന്നു.

**കെ. ജി. രഘുനന്ദനൻ**
**പ്രസാധകൻ**

# പരമേശ്വരാനന്ദസരസ്വതി സ്വാമികൾ: ഒരു ജീവിതരേഖ

സാധുശീലൻ പരമേശ്വരൻപിള്ള എന്ന പേരിൽ പൂർവ്വാശ്രമത്തിൽ പരക്കെ അറിയപ്പെട്ടിരുന്ന പരമേശ്വരാനന്ദ സരസ്വതിസ്വാമികൾ ഹിന്ദു സാമൂഹികസേവകർക്കെല്ലാം സുപരിചിതനാണ്. ആര്യ (ഹിന്ദു) ധർമ്മ സേവാസംഘത്തിന്റെ ദക്ഷിണ ഭാരത പ്രചാരകൻ, കന്യാകുമാരി വിവേകാനന്ദ ശിലാസ്മാരകത്തിന്റെ സ്ഥാപക സെക്രട്ടറി, കേസരി വാരികയുടെ ആദ്യകാല പത്രാധിപർ, മലബാറിലെ ഹിന്ദുസമാജം സെക്രട്ടറി തുടങ്ങിയ നിലകളിലൊക്കെയാണ് സാധുശീലൻ ഹൈന്ദവ സമാജത്തിന്റെ മുൻപിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ വാവുകോണത്ത് വീട്ടിൽ 1920 ആഗസ്റ്റ് 14 (1095 കർക്കിടകം 3)ന് കൃഷ്ണപിള്ളയുടെയും ലക്ഷ്മിഅമ്മയുടെയും മൂത്ത പുത്രനായാണ് പരമേശ്വരൻ ജനിച്ചത്. സ്വഭാവത്തിൽ നൈസർഗ്ഗികമായി കാണപ്പെട്ടിരുന്ന സാത്വിക ഗുണത്താലാണ് ബാലനായിരുന്ന പരമേശ്വരനെ 'സാധുശീലൻ' എന്ന് ആദ്യമായി സ്വയംപ്രകാശ യോഗിനിയമ്മ വിളിച്ചത്.

പതിനേഴാമത്തെ വയസ്സിൽ ആരംഭിച്ച ഭാരതയാത്രക്കിടയിൽവെച്ച് ലഭിച്ച സർക്കാരിന്റെ വാർത്താവിനിമയ വിഭാഗത്തിലെ ജോലി രാജിവെച്ച് പരമേശ്വരൻപിള്ള ദില്ലി കേന്ദ്രമാക്കി 1945-ൽ ആരംഭിച്ച അഖിലഭാരത ആര്യ (ഹിന്ദു) ധർമ സേവാസംഘത്തിന്റെ സന്നദ്ധ ഭടനായി. പത്തു വർഷത്തോളം ആ സംഘത്തിന്റെ ദക്ഷിണ ഭാരത പ്രചാരകനായി സേവനം അനുഷ്ഠിച്ചു. സംഘത്തിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ് പിതൃനിർദ്ദേശം മാനിച്ച് സാധുശീലൻ വിവാഹിതനായത്. അദ്ദേഹത്തിന്റെ ഗൃഹസ്ഥാശ്രമപ്രവേശനവും പ്രസിദ്ധ വൈദികനായിരുന്ന പണ്ഡിറ്റ് വേദബന്ധു ശർമ്മയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

മലബാറിൽ ആലക്കോട് എന്ന മലമ്പ്രദേശത്ത് ഹിന്ദുധർമ്മസമാജം എന്ന പേരിൽ പി. ആർ. രാമവർമ്മരാജ പ്രസിഡണ്ടും സാധുശീലൻ സെക്രട്ടറിയുമായി ഒരു സംഘടന രൂപീകരിച്ചു. ഈ സംഘടനയിലൂടെ ഉത്തര മലബാറിലുള്ള നിരവധി ഗ്രാമങ്ങളിൽ സാമൂഹിക, സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തി. ഇക്കാലത്താണ് കോഴിക്കോടുനിന്നും പ്രസിദ്ധീകരിക്കുന്ന കേസരി വാരികയുടെ പത്രാധിപരാകുവാൻ ക്ഷണിക്കപ്പെട്ടത്. 1957 മുതൽ 62 വരെ കേസരി വാരികയുടെ പത്രാധിപരായിരുന്നു സാധുശീലൻ.

കന്യാകുമാരി വിവേകാനന്ദ ശിലാസ്മാരകത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനായി സാധുശീലൻ 1962ൽ വീണ്ടും കന്യാകുമാരിയിൽ എത്തി. ശിലാസ്മാരകത്തിന്റെ പ്രവർത്തനങ്ങളിൽ മുഴുകിയിരുന്ന കാലത്ത് കന്യാകുമാരി സന്ദർശിക്കാൻ വന്ന നിരവധി മഹാത്മാക്കളുമായി സമ്പർക്കത്തിലേർപ്പെടുവാൻ സാധുശീലന് സൗഭാഗ്യം ലഭിച്ചു. ബാബാ ബജ്റംഗദാസ് എന്ന മഹാത്മാവിന്റെ പ്രധാന ശിഷ്യനായ സ്വാമി തിലക്ജി മഹാരാജ് 1967-68 കാലത്ത് കന്യാകുമാരിയിലെത്തി സാധുശീലന്റെ കൂടെ താമസിച്ചിരുന്നു. ആ ബന്ധം നർമ്മദാനദീതടത്തിലെ ബാബാ ബജ്റംഗദാസിൽനിന്ന് മന്ത്രദീക്ഷ ലഭിക്കുവാൻ സാധുശീലന് സഹായകമായിത്തീർന്നു.

1970 സെപ്തംബർ 2-ാം തിയ്യതി വിവേകാനന്ദശിലാസ്മാരകം ഉദ്ഘാടനം ചെയ്യപ്പെട്ടു. ദീർഘമായ രണ്ടുമാസത്തെ ഉദ്ഘാടന പരിപാടികൾക്ക് നേതൃത്വം നൽകുന്നതിനായി അന്നുവരെ താമസിച്ചിരുന്ന ദേവി കന്യാകുമാരി ക്ഷേത്രസന്നിധിയിൽ നിന്നും സാധുശീലൻ വിവേകാനന്ദ കേന്ദ്രത്തിലേക്ക് മാറി. 1980ൽ സന്ന്യാസം സ്വീകരിക്കുന്നതുവരെ വിവേകാനന്ദ കേന്ദ്രത്തിൽ വിവിധ സേവനപ്രവർത്തനങ്ങളുടെ നെടുംതൂണായി സാധുശീലൻ സേവനം അനുഷ്ഠിച്ചു. 1980 ലെ ജന്മാഷ്ടമി ദിനത്തിൽ ജ്ഞാനാനന്ദ സരസ്വതി സ്വാമികളിൽ നിന്നും സ്വാമി പരമേശ്വരാനന്ദ സരസ്വതി എന്ന നാമധേയത്തിൽ സാധുശീലൻ സന്ന്യാസം സ്വീകരിച്ചു. കന്യാകുമാരിക്ക് ജന്മസിദ്ധമായ ആദ്ധ്യാത്മിക പ്രസരണത്തിന് സഹായകമായ 'ആനന്ദകുടീര'ത്തിന്റെയും 'ശ്രീകൃഷ്ണമന്ദിര' ത്തിന്റെയും ഉദ്ഭവ

ത്തിനുപിന്നിൽ പ്രവർത്തിച്ചത് പരമേശ്വരാനന്ദസരസ്വതി സ്വാമിക ളാണ്. തന്റെ കർമ്മരംഗമായിരുന്ന കന്യാകുമാരിയിൽ നിന്നും സ്വാമി കൾ 1999 ഏപ്രിൽ 11 (1174 മേടം 10)ന്, ആശ്രമത്തിൽ പ്രതിമാസം നടത്തിവന്നിരുന്ന അന്തഃരോഗത്തിന്റെ പതിനെട്ടാം വാർഷികാഘോഷവേളയിൽ തൃശ്ശൂർ ജില്ലയിലെ കൊടകരയ്ക്ക ടുത്തുള്ള ശ്രീകൃഷ്ണാശ്രമത്തിലേക്ക് യാത്രയായത്.

ജ്ഞാനാനന്ദസരസ്വതി സ്വാമികളുടെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ സത്കർമ്മങ്ങളുടെ തുടക്കം ഇരുന്നിലക്കോട് ക്ഷേത്രത്തിനടുത്ത് ജ്ഞാനാനന്ദാശ്രമം സ്ഥാപിച്ചുകൊണ്ടായിരുന്നു. സ്വാമികളുടെ സ്മരണ നിലനിർത്തുന്നതിന് എന്തെങ്കിലും അവിടെ ചെയ്യണമെന്ന സങ്കൽപം പരമേശ്വരാനന്ദസ്വാമികൾക്കുണ്ടായി. തുടർന്ന് നടന്ന ശ്രമത്തിന്റെ ഫലമായാണ് 2004 ജൂലായ് 19 ന് ജ്ഞാനാനന്ദകുടീരം ഉയർന്നു വന്നത്. പരമേശ്വരാനന്ദസരസ്വതി സ്വാമികളുടെ ശതാഭിഷേകവും ആ സുദിനത്തിലായിരുന്നു ആഘോ ഷിച്ചത്.

സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ്, മലയാളം, തമിഴ് തുടങ്ങിയ ഭാഷകളിൽ അവഗാഹമുള്ള സ്വാമിജി ധർമ്മം, രാജനൈതികം, സാമൂ ഹികം, സാംസ്ക്കാരികം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. ആദ്ധ്യാത്മിക സാഹിത്യത്തിന് ചെയ്തിട്ടുള്ള നിസ്തുലസംഭാവനകൾ പരിഗണിച്ച് പ്രഥമ സ്വാമി സിദ്ധിനാഥാനന്ദ പുരസ്കാരവും ശ്രീകൃഷ്ണസന്ദേ ശപ്രചരണാർത്ഥം 2005 ലെ ജന്മാഷ്ടമി പുരസ്കാരവും സ്വാമികൾക്ക് ലഭിക്കുകയുണ്ടായി. 2009 ഒക്ടോബർ 15 ന് ഇരുന്നിലംകോട് ജ്ഞാനാനന്ദകുടീരത്തിൽവെച്ച് പരമേശ്വരാനന്ദ സരസ്വതി സ്വാമി കൾ സമാധി പ്രാപിച്ചു.

**രാജീവ് ഇരിങ്ങാലക്കുട**

# സ്വാമിപരമേശ്വരാനന്ദ

സാധുശീലൻ പരമേശ്വരൻ പിള്ളയെന്ന പേരിൽ ആദ്ധ്യാത്മിക സാഹിത്യരംഗത്ത് ലബ്ധപ്രതിഷ്ഠ നേടിയിരുന്നു. കേസരി യുടെ പത്രാധിപരെന്ന നിലയിലും നിരവധി സാംസ്കാരിക സംഘടനകളുടെ സാരഥിയെന്ന നിലയിലും കേരളത്തിന്റെ സാമൂഹികരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു. വിവേകാനന്ദശിലാസ്മാരകത്തിന്റെ ആരംഭകാല പ്രവർത്തകനായിരുന്നു. 1980 ൽ സന്ന്യാസം സ്വീകരിച്ചു. ഇപ്പോൾ കന്യാകുമാരിയിൽ വിവേകാനന്ദപുരത്തിനടുത്തുള്ള ശ്രീകൃഷ്ണമന്ദിരത്തിൽ ആദ്ധ്യാത്മിക പ്രവർത്തനങ്ങളുമായി വസിക്കുന്നു. 1962നു മുമ്പുതന്നെ ദേശീയവും സംഘടനാപരവുമായ വിഷയങ്ങളെ അധികരിച്ച് 60 ൽപരം ലഘുപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഏതാനും ചെറുകഥകളും നാടകങ്ങളും 'പരമു', 'കൃപ', 'ശിവം' എന്നീ തൂലികാനാമങ്ങളിൽ രാഷ്ട്രീയവും സാമൂഹികവുമായ വിമർശനം മുതലായവ വേറെയും.

കൃതികളിൽചിലത്:

ജയജഗജ്ജനനി

ഹിന്ദുധർമ്മപരിചയം

(തമിഴ്)

കന്യാകുമാരി സ്ഥലപുരാണം

(തമിഴ്)

കന്യാകുമാരിയും ചുറ്റുക്ഷേത്രങ്ങളും

കന്യാകുമാരി മുതൽ കപിലവസ്തുവരെ

മഹാത്മാഗാന്ധി - മാർഗ്ഗവും ലക്ഷ്യവും

ഷോഡശസംസ്ക്കാരങ്ങൾ

കൃഷ്ണം ശരണം ഗച്ഛാമി

പുണ്യചരിതാവലി

ധർമ്മരശ്മികൾ

ജീവിതജ്യോതി

വിജ്ഞാനപ്രഭ

സന്ന്യാസം, സന്ന്യാസി, സമുദായം

# ഉള്ളടക്കം


| | |
|---|---|
| അവതാരിക | |
| ഷോഡശസംസ്ക്കാരങ്ങൾ പ്രാരംഭം | 13 |
| സംസ്ക്കാരപദ്ധതിക്കൊരു മുഖവുര | 17 |
| ഗർഭാധാനസംസ്ക്കാരം | 26 |
| പുംസവനസംസ്ക്കാരം | 28 |
| സീമന്തോന്നയനം | 32 |
| ജാതകർമ്മസംസ്ക്കാരം | 35 |
| നാമകരണസംസ്ക്കാരം | 37 |
| നിഷ്ക്രമണസംസ്ക്കാരം | 39 |
| അന്നപ്രാശനസംസ്ക്കാരം | 40 |
| ചൂഡാകർമ്മസംസ്ക്കാരം | 43 |
| ഉപനയനസംസ്ക്കാരം | 44 |
| വിദ്യാരംഭസംസ്ക്കാരം | 51 |
| സമാവർത്തനസംസ്ക്കാരം | 54 |
| വിവാഹസംസ്ക്കാരം | 64 |
| ഗൃഹസ്ഥാശ്രമസംസ്ക്കാരം | 77 |
| വാനപ്രസ്ഥാശ്രമം | 94 |
| സന്ന്യാസസംസ്ക്കാരം | 114 |
| അന്ത്യേഷ്ടിസംസ്ക്കാരം | 127 |
| തർപ്പണം - ശ്രാദ്ധം | 140 |
| അനുബന്ധം: നിത്യയജ്ഞം | 146 |

# ഷോഡശസംസ്ക്കാരകർമ്മങ്ങൾ - പ്രാരംഭം

ഒരു പുതുകുടുംബം ഉരുത്തിരിയുന്ന സംസ്കാരകർമ്മമാണ് വിവാഹം. ഈ മംഗളകർമ്മത്തിൽ പങ്കെടുക്കുന്നതിന് ആബാലവൃദ്ധം ജനങ്ങൾ ഏറ്റവുമധികം ഔൽസുക്യം കാട്ടാറുണ്ട്. ആവുന്നത്ര ആഘോഷപൂർവ്വം നടത്തപ്പെടുന്ന ചടങ്ങാണിത്. അവരവരുടെ അന്തസ്സും സ്ഥാനമാനങ്ങളും പ്രകടിപ്പിക്കുന്നതിനും ഈ സന്ദർഭം വിനിയോഗിക്കാറുണ്ട്. ഇങ്ങനെ ആഡംബരപൂർവ്വം നടത്തപ്പെടുന്ന ചില വിവാഹങ്ങളിൽപോലും സംസ്ക്കാരകർമ്മത്തിന്റെ സ്ഥാനത്ത് പുടവകൊടുക്കലും ചോറുകൊടുക്കലും മാത്രമാണുണ്ടാവുക. വിവാഹസംസ്കാരമെന്ന ഒരു കർമ്മത്തെപ്പറ്റിയും അതിന്റെ ശാസ്ത്രീയാടിസ്ഥാനതത്ത്വത്തെപ്പറ്റിയും അറിയുന്നവരോ അറിയാനാഗ്രഹിക്കുന്നവരോ അപൂർവ്വം. വേറെ മൂന്നും നാലും ദിവസം ചടങ്ങുകളെകൊണ്ട് ശ്വാസം മുട്ടിക്കുന്ന വിവാഹങ്ങളിലും വധൂ-വരന്മാർക്കോ ജ്ഞാതികൾക്കോ ഗതാനുഗതസമ്പ്രദായമെന്നല്ലാതെ മറ്റൊരു ബോധവുമുണ്ടാവുന്നില്ല. ഇങ്ങനെ പലവിധം.

ഇക്കൂട്ടത്തിൽ വിവാഹാദിചടങ്ങുകളെപ്പറ്റി പുതിയ തലമുറയിൽ പ്രചാരപ്പെട്ടുകൊണ്ടിരിക്കുന്ന പ്രവണതകളിൽ ഒന്നിതാ-

ഒരു ഹിന്ദുദേശീയനേതാവിന്റെ സ്മരണാർത്ഥം സ്ഥാപിച്ചിട്ടുള്ള ഡൽഹികോളേജിലെ വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾ അവരുടെ അദ്ധ്യാപകരോടൊപ്പം പഠനയാത്രയായി കന്യാകുമാരിയിൽ വന്നു തങ്ങിയിരിക്കുകയാണ്. അവർ, 99 ശതമാനവും ഹിന്ദുക്കളാണ്. കല്യാണപ്രായമെത്തിയവരാണ്. അദ്ധ്യാപകരേയും മറ്റു യാത്രക്കാരേയും അവഗണിച്ചുകൊണ്ട് അവർ അർദ്ധരാത്രിയിലും അന്യോന്യം തോളിൽ കയ്യിട്ടുകൊണ്ട് വിളയാടുന്നുത് കണ്ട പലർക്കും മനംമടുപ്പുണ്ടായി. വാചാലനായ ഒരു വിദ്യാർത്ഥിയെ സമീപിച്ച് 'പ്രായമെത്തിയ നിങ്ങളുടെ ഇക്കളി സംസ്ക്കാരമുള്ള

വർക്കോ വിദ്യാർത്ഥികൾക്കോ യോജിച്ചതാണോ?' എന്ന് ചോദി ച്ചതിന് 'എന്തുകൊണ്ടല്ല' എന്നായിരുന്നു അയാളുടെ മറുചോദ്യം.

'ഒരാണിന് ഒരു പെണ്ണും, ഒരുപെണ്ണിന് ഒരാണും സുഹൃത്തു ക്കൾ' ഒരു വിദ്യാർത്ഥിനിയുടെ മറുപടി.

'ഇതൊക്കെ വിവാഹം കഴിഞ്ഞിട്ടുപോരേ, അതുവരെ ജീവി തത്തെപ്പറ്റി പലതും പഠിക്കേണ്ടതല്ലേ?' എന്ന ചോദ്യത്തിന് അവ രുടെ പ്രതികരണം:

'ഇതിൽ പഠിക്കാനെന്തിരിക്കുന്നു, വേണമെന്ന് തോന്നുമ്പോൾ വിവാഹം ചെയ്യണം. നിയമാനുകൂല്യത്തിന് വേണ്ടിവന്നാൽ രജി സ്റ്റർ ചെയ്യണമെന്നല്ലാതെ മറ്റെല്ലാം അനാവശ്യം. അപരിഷ്കൃത രായ അപ്പൂപ്പന്മാരുടെ തോന്ന്യാസങ്ങൾ'.

ഈ ചെറുപ്പക്കാരോട് സഹതാപം തോന്നി. അവരെ ജീവിത ബോധമുള്ളവരാക്കാൻ സാധിക്കാത്തതിന്റെ ഉത്തരവാദിത്വം രക്ഷകർത്താക്കളിലും ഗുരുജനങ്ങളിലും ശേഷിക്കുന്നു.

അപ്പോഴേക്കും കൂട്ടുകാരായ മറ്റു കുമാരീകുമാരന്മാർ കൗതു കപൂർവ്വം ചോദ്യകർത്താവിനെ വളഞ്ഞു. അവരിൽ ഒരു കുമാരൻ ഭംഗിയുള്ള തന്റെ താടി തടവിക്കൊണ്ട് തൊട്ടുരുമ്മിനിൽക്കുന്ന കുമാ രിയെ മുന്നോട്ടുപിടിച്ചു നിർത്തിയിട്ട് പറഞ്ഞു: 'ഇതാ ഞങ്ങൾ ഇരുവരും വിവാഹിതരാവാൻ നിശ്ചയിച്ചു. പക്ഷേ ഞങ്ങൾ ഗൃഹസ്ഥാശ്രമികളാവുകയില്ല. യോഗിയുടെ ശിഷ്യരാണ് ഞങ്ങൾ. ആത്മമോക്ഷമാണ് ഞങ്ങളുടെ ലക്ഷ്യം. അച്ഛനമ്മമാരുടെ നിർബന്ധം കൊണ്ട് പഠിത്തം തുടരുന്നുവെന്നുമാത്രം. ഞങ്ങളുടെ ഗുരുവിന്റെ കീഴിൽ ശിഷ്യപ്പെട്ടാൽ ഒരാഴ്ചകൊണ്ട് മോക്ഷം പ്രാപിക്കാം'.

ഗൃഹസ്ഥാശ്രമം വികൃതമാകുന്നതിനനുസരിച്ച് സന്യാ സാശ്രമം (മോക്ഷധർമ്മം) എങ്ങനെ വികൃതവും വികലവുമാകു ന്നു എന്നതിന്റെ സൂചനയാണ് ഈ കുമാരീ-കുമാരന്മാരുടെ ധാര ണകളിലും പെരുമാറ്റത്തിലും കാണുന്നത്. സദാചാരത്തിന്റെ അഭാ വത്തിൽ ദുരാചാരം കൂടുതൽ ആകർഷണീയമായി സ്വാധീനിക്കുക സ്വാഭാവികമാണ്. ഇതറിഞ്ഞിരുന്ന പൂർവ്വികർ കുട്ടികളെ ഉത്തമകാ

ര്യങ്ങൾ ശീലിപ്പിച്ചിരുന്നു. കുടുംബനിലവാരത്തിൽ ആചരിച്ചിരുന്ന നിത്യ-നൈമിത്തികകർമ്മങ്ങൾ കണ്ടുപഠിക്കുവാനും അവർക്ക് അവസരം ലഭിച്ചിരുന്നു.

'ഇതൊക്കെ കുട്ടിക്കാലത്ത് പഠിക്കേണ്ട ആവശ്യമില്ല, അവരെ സ്വതന്ത്രമായി വിടുക. പ്രായമായി ബുദ്ധി ഉറക്കുമ്പോൾ അവരവർക്ക് ശരിയെന്ന് തോന്നുന്നത് സ്വീകരിച്ചുകൊള്ളും' എന്ന് പുരോഗമനചിന്താഗതിയുടെ പരിവേഷമണിഞ്ഞവർ പ്രസംഗിക്കാറുണ്ട്. അവർതന്നെ കുട്ടികളിൽ സംസ്ക്കാരത്തിന്റെ പേരിൽ കാമകഥകളും കക്ഷിരാഷ്ട്രീയവും അക്രമഭാവവും വെറുപ്പും വിദ്വേഷവും എല്ലാം കുത്തിവെക്കുന്നു. അഥവാ കുട്ടികളെ തങ്ങളുടെ വലയത്തിലേക്ക് കുരുക്കിട്ടുപിടിക്കുന്ന അസുരവിത്തുക്കളുടെ സമ്പ്രദായമായിരിക്കാം അത്.

ജീവിതാവശ്യങ്ങൾ നിർവ്വഹിക്കണമെന്നുള്ളപ്പോൾ കർമ്മം ചെയ്തേപറ്റു. സ്വധർമ്മം ചെയ്യാതെ പരാന്നം ഭുജിച്ച് (അന്യരുടെ അദ്ധ്വാനം ചൂഷണം ചെയ്ത്) ജീവിക്കുന്നത് ഏറ്റവും പാപമാണ്. അന്ധതമസ്സിന്റെ ലക്ഷണമാണ് സ്വകർത്തവ്യവൈമുഖ്യവും അലസതയും. യോഗികളും ജ്ഞാനികളുംകൂടി ശരീരനിർവ്വഹണം ആവശ്യമുള്ളിടത്തോളം കർത്തവ്യകർമ്മം ചെയ്തുകൊണ്ടിരിക്കണമെന്നിരിക്കെ മറ്റുള്ളവർക്ക് ഒഴിഞ്ഞുമാറാൻ പറ്റുമോ?

പൂർണ്ണാവതാരമായ സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ കൂടി സ്വധർമ്മാചരണത്തെപ്പറ്റി ഉപദേശിക്കുക മാത്രമല്ല സ്വയം ആചരിച്ചു കാട്ടുകയും ചെയ്തു. അപ്പോൾ വ്യക്തികളുടെ കർമ്മവാസനകളെ കണക്കിലെടുക്കാതെ, എല്ലാവരെയും ഒരു സുപ്രഭാതത്തിൽ മോക്ഷാനുഭാവികളാക്കാമെന്ന് വാഗ്ദാനം ചെയ്യുന്ന പരമഹംസവേഷധാരികൾ പരിഹാസപാത്രരാവുക സ്വാഭാവികമാണല്ലോ. 'ബ്രഹ്മ സത്യം ജഗന്മിഥ്യാ' എന്ന വേദാന്തതത്ത്വം കരതലാമലകംപോലെ അനുഭവപ്പെടുത്തിയ ജഗദ്ഗുരു ശ്രീശങ്കരഭഗവത്പാദർപോലും മോക്ഷമെന്ന ലക്ഷ്യപ്രാപ്തിക്ക് സ്വധർമ്മാചരണത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിട്ടുണ്ട്. മോക്ഷം വേണമെന്ന് ആഗ്രഹിക്കുന്ന ലക്ഷം പേരിൽ പതിനായിരമായിരിക്കും ആ വഴിക്കു ചേഷ്ടിക്കുക. ആ പതിനായിരത്തിൽ ആയിരം പേരായിരിക്കും യഥാക്രമം പ്രവർത്തി

ക്കുന്നവർ. അവരിൽത്തന്നെ തടസ്സങ്ങളെ തട്ടിനീക്കികൊണ്ട് മുന്നോട്ടു പോകുന്നവർ നൂറുപേർ കാണും. ഈ നൂറുപേരിൽ ഏതാനും ചില മഹാത്മാക്കൾ പരമലക്ഷ്യം പ്രാപിക്കുന്നു. മറ്റുള്ള വർ യാത്ര നിർത്തിയേടത്തുനിന്ന് അടുത്ത ജന്മങ്ങളിലൂടെ പൂർണ്ണത പ്രാപിക്കാൻ അർഹത നേടുന്നു.

വിശ്വജനീനമായ ഹിന്ദുധർമ്മത്തിലെ അടിസ്ഥാനതത്ത്വങ്ങ ളിൽ പുനർജ്ജന്മ-കർമ്മസിദ്ധാന്തങ്ങൾ പ്രാധാന്യമർഹിക്കുന്നു. അവരവരുടെ കർമ്മവാസനകളനുസരിച്ച് ഓരോരുത്തരും പരമലക്ഷ്യത്തിലേക്ക് പ്രയാണം തുടരേണ്ടത് ഏതുവിധമെന്ന് വെളി പ്പെടുത്തുന്ന ജീവശാസ്ത്രമാണ് ഹിന്ദുധർമ്മം. വേഷം, ഭാഷ, ആചാരം, ഉപാസന, ഭക്ഷണം ഇത്യാദികളിൽ സ്ഥലകാലഭേദമനു സരിച്ച് വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും കാണാം. ഇവയിലെല്ലാം പൂർണ്ണസ്വാതന്ത്ര്യമനുവദിച്ചിട്ടുള്ള ഔദാര്യവാരാന്നിധിയായ ഹിന്ദുധർമ്മത്തിന്റെ അനശ്വരമായ അന്തർധാര ഈ വൈവിധ്യ ത്തിലെ ഏകത്വമാണ്. ഏകവും അദ്വയവുമായ ആ പരമലക്ഷ്യ പ്രാപ്തിയിൽ മാത്രമേ അനശ്വരസുഖവും സമാധാനവും അനുഭവ പ്പെടുകയുള്ളു. അതിനാണ്, ഒരോ ജീവനും ഈശ്വരോപാസനം, സദാചാരം, സംസ്കാരകർമ്മങ്ങൾ ഇത്യാദികളെകൊണ്ട് ജീവിത സംസ്ക്കാരം നേടണമെന്ന് പറയുന്നത്. പ്രവൃത്തി, വിചാരം, ആഗ്രഹം ഇവ മൂന്നും ചുറ്റിപ്പിണഞ്ഞ കർമ്മസ്വരൂപം സംശുദ്ധമാ യാലേ സ്വധർമ്മം തിളങ്ങുകയുള്ളൂ. ശുദ്ധമായ സ്വധർമ്മാചരണ ത്തിലൂടെവേണം പരമധർമ്മം (മോക്ഷം) പ്രാപിക്കാൻ.

മോക്ഷം, ഈശ്വരസാക്ഷാൽക്കാരം, ആത്മസാക്ഷാൽക്കാരം, ജീവന്മുക്തി, പരമസുഖം, അനശ്വരത്വം എന്നെല്ലാം വ്യവഹരിക്ക പ്പെടുന്ന ജീവിതലക്ഷ്യത്തിലേക്ക് ഓരോ ജീവനെയും പടിപടിയായി മുന്നോട്ടു നയിച്ചുകൊണ്ടു ചെല്ലുന്ന ജീവിതപദ്ധതികളാണ് ശാസ്ത്രീയമായ ഹൈന്ദവകർമ്മസിദ്ധാന്തങ്ങൾ. ധർമ്മത്തിൽ തുടങ്ങി മോക്ഷത്തിൽ അവസാനിക്കുന്ന പുരുഷാർത്ഥവും, ബ്രഹ്മ ചര്യത്തിൽ തുടങ്ങി സന്യാസത്തിൽ അവസാനിക്കുന്ന ആശ്രമ ങ്ങളും, ശൂദ്രനിൽ തുടങ്ങി ബ്രാഹ്മണ്യത്തിൽ അവസാനിക്കുന്ന വർണ്ണങ്ങളും, കർമ്മയോഗത്തിലാരംഭിച്ച് ജ്ഞാനയോഗത്തിൽ അവ

സാനിക്കുന്ന സാധനകളും എല്ലാം ഇവിടെയുണ്ട്. ഓരോ ജീവ ന്റെയും പക്വതയനുസരിച്ച് ഒരു വഴി പിടിച്ച് മുന്നോട്ട് പോവുകയേ വേണ്ടൂ. അതിന് അനുഭവജ്ഞരും ധർമ്മനിഷ്ഠരുമായ ഗുരുവും ശാസ്ത്രീയമായ തത്ത്വബോധവും വേണം.

വിവാഹം, അന്നപ്രാശനം (ചോറൂണ്), നാമകരണം, അപര ക്രിയകൾ മുതലായവ അന്ധവിശ്വാസചടങ്ങുകളല്ലെന്നും ഓരോ ന്നിനും അതിന്റേതായ ശാസ്ത്രോക്തപ്രമാണങ്ങളുണ്ടെന്നും യുക്താനുഭവപൂർവ്വം അവ വെളിപ്പെടുത്തീട്ടുള്ളതാണെന്നും പരി ചയപ്പെടുത്തുകയാണ് ഈ ഗ്രന്ഥംകൊണ്ടുദ്ദേശിക്കുന്നത്. ഈ വഴിക്ക് കൂടുതൽ വിചാരം ചെയ്യുന്നതിനും വീടുതോറും ഗ്രാമം തോറും പ്രായോഗികമാക്കിച്ചെയ്യാനും പൈതൃകാവകാശികളായ ഹിന്ദുക്കൾ ആദ്യം മുന്നോട്ടുവരട്ടെ.

## സംസ്ക്കാരപദ്ധതിക്കൊരു മുഖവുര

മനുഷ്യജന്മത്തിന്റെ മഹത്ത്വമറിയാതെ പാപകർമ്മതത്പരനാ യിരുന്ന ഒരു ജീവന് വീണ്ടും പുല്ല്, പുഴു, മൃഗം, പക്ഷി, മരം ഇത്യാദി പല ജന്മങ്ങളെടുക്കേണ്ടിവരും. വിവിധ പിറവികളിലൂടെ കർമ്മ ഫലങ്ങൾ അനുഭവിച്ചുകൊണ്ട് പുരോഗമിക്കുന്ന ജീവന് വീണ്ടും അപൂർവ്വമായ മനുഷ്യജന്മം ലഭിക്കുന്നു. തിന്നുക, കുടിക്കുക, ഉറങ്ങുക, ഉൽപാദിപ്പിക്കുക എന്നീ ജന്തുസഹജമായ വൃത്തികൾ മനുഷ്യൻ പരിഷ്കരിച്ച് പിന്തുടരുന്നു എന്നതുകൊണ്ടു മാത്രം മനുഷ്യജന്മം സഫലമാവില്ല. ധർമ്മവും ധർമ്മാനുമോദിതമായ സംസ്ക്കാരവും പ്രതിഫലിച്ച് പരിപുഷ്ടമാക്കേണ്ടതാണ് മനുഷ്യ ജീവിതം. ഭൗതികമോ ആദ്ധ്യാത്മികമോ ഏതായാലും ജീവിത പരിശുദ്ധിക്ക് ധർമ്മാചരണം-സംസ്ക്കാരനിഷ്ഠ-വേണം. ജീവിത പരിശുദ്ധിയാണ് ജന്മസാഫല്യത്തിന് നിദാനം.

ജീവിതം ഒരു നീണ്ട പ്രയാണമാണ്. പണയപ്പെടുത്തലല്ല. ഇത രജീവികൾക്ക് അതറിയാനുള്ള ബോധമുണ്ടാവില്ല. ബോധ മുണ്ടാവേണ്ട മനുഷ്യന് അതുണ്ടായില്ലെങ്കിൽ നഷ്ടജീവിതംതന്നെ.

ശൈശവം, ബാല്യം, കൗമാരം, യൗവനം, പ്രൗഢം, വാർദ്ധക്യം എന്നിങ്ങനെ ഓരോ ദശയിലും പണം, പേര്, പെരുമ ഇത്യാദി നൂറുനൂറു വിഷയങ്ങൾക്ക് അടിമപ്പെടുന്ന ജീവിതത്തിന് മേൽഗതി യെങ്ങനെ? ശരാശരി നൂറു വർഷപരിധിയിലുള്ള ഒരു മനുഷ്യജീവി തത്തിന്റെ മുപ്പതു വയസ്സുവരെ, പഠിപ്പിലും, ആശാപാശങ്ങളുടെ ദിവാസ്വപ്നങ്ങളിലും കഴിഞ്ഞുപോകുന്നു. പിന്നെ വിവാഹവും തുടർന്നുള്ള പ്രാരബ്ധങ്ങളുമായി. ഈ രണ്ടാം ഘട്ടത്തിലാണ് ജീവി തത്തിന്റെ ഹരിശ്രീബോധം അല്പമെങ്കിലും ഉണ്ടാവുന്നത്. അതിനു മുൻപ് നിയന്ത്രിതജീവിതത്തിൽ ബോധമുണ്ടായാലും ശക്തിമത്തായ ആഗ്രഹങ്ങളുടെയും ആവേശങ്ങളുടെയും സമ്മർദ്ദം കൊണ്ട് അവ നിഷ്പ്രഭമായിപ്പോകുന്നു. കുടുംബജീവിതത്തിലാകട്ടെ, നാനാതരം കുടുംബപ്രശ്നങ്ങളുടെ കൊടുങ്കാറ്റുകളിൽപെട്ട് ഉഴലുന്നു. താൻ എവിടെ നിന്നു പുറപ്പെട്ടു, എങ്ങോട്ടാണ് പോകേണ്ടത് എ ന്നൊന്നും അറിയാനാവാതെ നട്ടം തിരിയുമ്പോൾ സ്വാർത്ഥബോ ധത്തെപ്പറ്റി എന്തു പറയാനാണ്? പിന്നീടിതാ, വാർദ്ധക്യത്തിലേക്ക് പ്രവേശിക്കുകയായി. ഊന്നുവടിയുടെ സഹായമില്ലാതെ നടക്കാ നാവില്ല. വൃദ്ധനായ തന്നെ ഒരു അധികപ്പറ്റായി ബന്ധുമിത്രാദികൾ കരുതുന്നു. ഇതിനൊരു ബോധമുണ്ടാവാനോ ഉണ്ടാക്കുവാനോ സാദ്ധ്യമല്ലാത്ത ദുരന്തദുഃഖഭാവത്തിൽ പിടയാതെ മരിച്ചാൽ മതി യെന്ന് പറയുന്നു. പൊതുവെ നോക്കുമ്പോൾ ധർമ്മബോധമോ ലക്ഷ്യബോധമോ ഇല്ലാത്ത ഇന്നത്തെ മനുഷ്യനെ നയിക്കുന്നത് അനിശ്ചിതത്വമാണെന്ന് കാണാം. ഫലമോ, ഒടുങ്ങാത്ത ജീവിത പ്രശ്നങ്ങളും അശാന്തിയും ദുഃഖവും.

ചിന്താശീലനായ മനുഷ്യൻ നേർവഴിക്ക് ചിന്തിച്ചില്ലെങ്കിൽ നേർവഴിക്ക് ചരിക്കാനാവില്ല. മനുഷ്യനായി പിറന്നതെന്തിന്, വള രുന്നതെന്തിന്, ഒടുക്കം തളരുന്നതെന്തുകൊണ്ട്? എന്നെല്ലാം ചിന്തി ക്കുന്നവർക്കറിയാം ജീവിതത്തിന്റെ പൊരുളെന്തെന്ന്. പക്ഷേ ചിന്തി ക്കുന്നവരിൽത്തന്നെ പലരും ശരീരാഭിമാനപരിധിയിൽ പരാക്രമ ങ്ങൾ സൃഷ്ടിച്ചുകൊണ്ട് ജീവിതത്തെ ഒരു ചൂതുകളിയാക്കി മാറ്റുന്നു! അവരും അവസാനത്തെ തളർച്ചയിൽ മേലോട്ടു നോക്കാൻ–അന്തർമു ഖരാവാൻ –ഒരു നിഷ്ഫലശ്രമം നടത്താറുണ്ട്. ഈ സ്ഥിതിവിശേ

ഷങ്ങളെല്ലാം കണ്ടറിഞ്ഞ ഭാരതീയമനീഷികൾ, മനുഷ്യജീവിതത്തിന് പൊതുവെ സാധകവും സഹായകവുമാകുന്ന ചില ചിട്ടകൾ കുടുംബനിലവാരത്തിൽത്തന്നെ ഒരുക്കിത്തന്നിട്ടുണ്ട്. വ്യക്തി, കുടുംബം, സമുദായം, രാഷ്ട്രം, വിശ്വാസം എന്നിങ്ങനെ പടിപടിയായി എല്ലാ രംഗങ്ങളിലും പരിശുദ്ധിയും ക്ഷേമവും ശാന്തിയും വ്യാപരിക്കുന്ന ഒരു കുടുംബാസൂത്രണപദ്ധതിയുണ്ട്. ആർഷപ്രോക്തമായ ഷോഡശസംസ്കാരപദ്ധതിയാണത്. ജീവൻ മനുഷ്യയോനിയിൽ പതിക്കുന്നതുമുതൽ ദേഹത്യാഗം ചെയ്യുന്നതുവരെ ധർമ്മമാർഗ്ഗത്തിലൂടെ ജന്മസാഫല്യത്തെ ലക്ഷ്യമാക്കിക്കൊണ്ട് വ്യവസ്ഥപ്പെടുത്തിയിട്ടുള്ള പതിനാറ് പ്രമുഖവഴിത്തിരിവുകൾ. ഒരു തീവണ്ടി പ്രയാണത്തിനിടയ്ക്ക് ഓരോ മുഖ്യസ്റ്റേഷനുകളിൽ നിർത്തി അവശ്യമുള്ള ഇന്ധനങ്ങൾ ശേഖരിച്ചുകൊണ്ട് പ്രയാണം തുടരുന്നതുപോലെ മനുഷ്യാത്മാവും ജീവിതപ്രയാണത്തിനിടയ്ക്ക് തന്റെ സ്വഭാവമനുസരിച്ച് യാത്ര തുടരുന്നതിന് തയ്യാറെടുക്കുന്ന ഓരോ പ്രമുഖ സന്ദർഭങ്ങളാണ് ഓരോ സംസ്ക്കാരപദ്ധതിയും. മഹത്ത്വമേറിയ മനുഷ്യജീവനെ ചത്തടിയുന്ന അഭിലാഷസാധ്യങ്ങൾക്കുവേണ്ടി പണയപ്പെടുത്തുന്ന പരാക്രമമല്ല ജീവിതം.

ബീജസ്ഥിതിമുതൽ മരണം വരെ മനുഷ്യൻ അറിഞ്ഞനുഷ്ഠിക്കേണ്ടതായ സംസ്കാരകർമ്മങ്ങൾ ഋഷിപ്രോക്തമായ ജീവിതോൽക്കർഷമാർഗ്ഗങ്ങളിൽ പ്രാധാന്യമർഹിക്കുന്നു. ഓരോ സംസ്കാരകർമ്മവും അതതുവ്യക്തിക്കെന്നപോലെ കുടുംബം, സമുദായം, രാഷ്ട്രം എന്നീ നിലകളിലും എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സംസ്കാരപദ്ധതി ശ്രദ്ധാപൂർവ്വം പഠിക്കുന്നവർക്ക് മനസ്സിലാക്കുവാൻ കഴിയും. ഈ ധർമ്മപദ്ധതിയാണ് യഥാർത്ഥവും സർവ്വഹിതപരവുമായ കുടുംബ- സാമൂഹികാസൂത്രണപദ്ധതി. ഇതിനാലുണ്ടാവുന്ന ജീവിതക്ഷേമം മാനുഷികമൂല്യങ്ങളുടെ വളർച്ചയും വികാസവും മൂലമുളവാകുന്നതത്രെ.

ദുർവികാര-മൃഗീയത്വ വികാസത്തിനുതകുന്ന പദ്ധതികളുടെ വേലിയേറ്റമുള്ള ഇക്കാലത്ത് നമ്മുടെ പൂർവ്വികന്മാർ ആസൂത്രണം ചെയ്ത പദ്ധതികളെപ്പറ്റി പരിചിന്തനം ചെയ്ത് പ്രാവർത്തികമാക്കേണ്ടതും നാം തന്നെയാണല്ലോ. സദ്വിചാരങ്ങൾക്ക്-ശമദമാദി

ഗുണങ്ങൾക്ക് - പകരം ദുർവികാരങ്ങളെ സ്വൈരവിഹാരത്തിന് തുറന്നുവിടുന്ന ആസൂത്രണപദ്ധതികളുടെ പരിണതഫലം പരമദു:ഖമാവാനേ വഴിയുള്ളൂ. ദു:ഖത്തിൽ നിന്ന് ദു:ഖസാഗരത്തിലേക്കുള്ള കുതിച്ചുചാട്ടമാണത്. അധാർമ്മികവും പ്രകൃതിവിരുദ്ധവുമായ ആസൂത്രണവലയങ്ങളിൽനിന്ന് വിമുക്തമാകുവാനും ധാർമ്മികവും സാന്മാർഗ്ഗികവുമായ ഒരു കർമ്മപദ്ധതി കൂടിയേ തീരൂ.അത് പണ്ടുപണ്ടേ നമ്മുടെ പൂർവ്വികരായ ഋഷീശ്വരൻമാർ മനുഷ്യസമുദായോൽക്കർഷത്തിനായി അനുഗ്രഹിച്ചേകിയിട്ടുമുണ്ട്. അത് വേണ്ടവിധം വിചാരംചെയ്ത് പ്രചരിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും സമുദായവും സർക്കാരും തയ്യാറാവുമെങ്കിൽ കുടുംബഭദ്രതയോടൊപ്പം സമുദായക്ഷേമവും രാഷ്ട്രസുരക്ഷിതത്വവും അനുഭവപ്പെടും.

പണ്ടത്തെ വർണ്ണാശ്രമജീവിതവ്യവസ്ഥയിൽ, കാലാന്തരത്തിലുണ്ടായ പാകപ്പിഴകൾനിമിത്തം അനേകം ജാതികളും ഉച്ചനീചത്വവിചാരങ്ങളുമുണ്ടായി. തജ്ജന്യങ്ങളായ അനാചാരങ്ങളും അധാർമ്മികവൃത്തികളും ഹിന്ദുക്കളെ താറുമാറാക്കിത്തീർത്തു. ഇതിനിടയ്ക്ക് ധർമ്മശാസ്ത്രാദ്ധ്യയനവും അദ്ധ്യാപനവും ചുരുക്കം ചിലരുടെ അധീനതയിലായി. അത് സമുദായത്തിന്റെയും രാജ്യത്തിന്റെയും അധ:പതനത്തിന് നാന്ദികുറിക്കുന്നതായിരുന്നു. ധർമ്മം അറിയാനും ആചരിക്കുവാനും തടസ്സമുണ്ടായാൽ പിന്നെ ഗതികേട് തന്നെ! ജീവിതം തന്നെ പണയത്തിലായി. സമുദായവും രാജ്യവും അടിമപ്പെട്ടു. ഹിന്ദുധർമ്മശാസ്ത്രോക്തമായ സംസ്ക്കാരപദ്ധതികൾ പലതും അന്യരാജ്യങ്ങളിലേക്ക് അപഹരിച്ചുകൊണ്ട് പോയി. ശേഷിച്ചവ വൈദികഗ്രന്ഥങ്ങളിൽത്തന്നെ വിശ്രമിച്ചുപോന്നു. പുസ്തകത്തിലെ പശു പുല്ലുതിന്നുകയില്ലല്ലോ. വൈദികഗ്രന്ഥങ്ങളുടെ കുത്തകാവകാശം പുലർത്തിവന്ന ഒരു വിഭാഗം സ്വാർത്ഥപൂരണത്തിനായിട്ടെങ്കിലും ശരിയായോ തെറ്റായോ ഇവ ആചരിച്ചുവന്നിരുന്നു.

വീണ്ടും ത്യാഗികളും തപസ്വികളുമായ മഹാത്മാക്കളുടെ ആവിർഭാവത്തോടുകൂടി നാടും സമുദായവും ഉണർന്ന് നവോത്ഥാനപാതയിലേക്ക് തിരിഞ്ഞു. ദീർഘകാലത്തെ അന്യാധീനത

യിൽനിന്ന് ഉടലെടുത്ത അപകർഷതാബോധം നിമിത്തം സ്ഥായിയായ ധാർമ്മികപന്ഥാവിനേക്കാൾ സാമൂഹികവും രാജനൈതീകവുമായ പന്ഥാക്കളാണ് അവരെ വേഗമാകർഷിക്കുന്നത്. അതിൽ ദേശീയതയേക്കാൾ, സ്വധർമ്മത്തേക്കാൾ, വിദേശീയ ധർമ്മങ്ങളുടെ കലർപ്പുണ്ടായിരുന്നു. സ്വധർമ്മാചരണത്തിലൂടെ സാധിക്കേണ്ട ഏകലോകദർശനവും സ്ഥിതിസമത്വവും രാജനൈതികവിചാരവിപ്ളവത്തിലൂടെ സാധിക്കാമെന്ന് തെറ്റിദ്ധരിച്ചു. ഈ വഴിക്കുള്ള വ്യാമോഹങ്ങൾ അസ്ഥിരവും അനിശ്ചിതവുമായ ഒരു സ്ഥിതിവിശേഷത്തിൽ കൊണ്ടെത്തിച്ചിരിക്കുന്നു. ജീവിതം സമർത്ഥന്മാർക്ക് ചൂതുകളിയും സാമർത്ഥ്യം കുറഞ്ഞവർക്ക് ദു:ഖഭാരവുമായി പരിണമിച്ചതിന്റെ രഹസ്യമതാണ്. രണ്ടു കൂട്ടരും സ്വബോധരഹിതരും അസ്വസ്ഥരുമാണ്.

അന്ധകാരാവൃതമായ മാർഗ്ഗമദ്ധ്യേ, കുഗ്രാമവഴിമുക്കുകളിൽ മങ്ങിപ്രകാശിക്കുന്ന വഴിവിളക്കുകൾപോലെ ഇന്നും കുടുംബനിലവാരത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചില ആചാരങ്ങൾ-അവ ശാസ്ത്രീയമല്ലെങ്കിൽ പോലും-ആശയ്ക്ക് വകനൽകുന്നു. സംസ്കാരപദ്ധതിയുടെ വികലവും വികൃതവുമായ രൂപാന്തരങ്ങൾ സമുദായവിഭാഗങ്ങളുടെ ഏറ്റത്താഴ്ചകളനുസരിച്ച് നിത്യനൈമിത്തികാചരണങ്ങളിൽ കാണാം. അവ ധാർമ്മികവും ശാസ്ത്രീയവുമായ രീതിയിൽ വീണ്ടും സമുദ്ധരിച്ച് ഓരോ കുടുംബത്തിലും നടപ്പാക്കുകയെന്നതാണ് പ്രഥമകർത്തവ്യം. എന്തെന്നാൽ വ്യക്തിയുടെയും സമുദായത്തിന്റെയും സംയോജകശക്തികേന്ദ്രമാണ് ഓരോ കുടുംബവും.

വയൽ ഉഴുത് വളമിട്ട് വിത്തു വിതയ്ക്കുന്നതും കളപറിച്ച് വേണ്ടിവന്നാൽ വേലികെട്ടിവളർത്തുന്നതും എത്ര നിഷ്കർഷാപൂർവ്വം ചെയ്യുന്നുവോ അത്രത്തോളം നല്ല ഫലവും കിട്ടുമെന്ന് കർഷകനറിയാം. ധാന്യത്തിനു ചെയ്യുന്നതിനേക്കാൾ എത്രയോ കൂടുതൽ നിഷ്കർഷയും ശുശ്രൂഷയും ഒരു മനുഷ്യന്റെ വളർച്ചയ്ക്ക് വേണം. മനുഷ്യന്റെ വളർച്ചയെന്നു പറഞ്ഞാൽ, അവന് മഹത്വം കൊടുക്കുന്ന സംസ്കാരവികാസമാണ് പരമപ്രധാനം. ജന്തുസഹജമായ ശരീരപോഷണമോ അതിനുള്ളപഠിപ്പോ അലങ്കാരമോ അല്ല, ആത്മസംബന്ധമായ സംസ്കാരവളർച്ചയാണ് മനുഷ്യത്വവികാസത്തിന് ഉതകുന്നത്. മനുഷ്യത്വം വികസിച്ചാലേ ആത്മശാന്തിയും സമുദായക്ഷേമവും ലോകസമാധാനം തന്നെയും പുലരുകയുള്ളൂ.

ഇന്നും ഗതാനുഗതന്യായേനയെങ്കിലും അനുവർത്തിച്ചുപോരുന്ന നാമകരണം, അന്നപ്രാശനം, വിദ്യാരംഭം, വിവാഹം, ശവസംസ്കാരം,അപരക്രിയ മുതലായ ചടങ്ങുകൾ അറിഞ്ഞുചെയ്യാൻ സന്ദർഭമുണ്ടാവണം. ആഡംബരപൂർവ്വം നടത്തപ്പെടുന്ന വിവാഹാദി കർമ്മങ്ങളിൽപോലും അതിന്റെ കാതലായ സംസ്കാരകർമ്മം ലോപിച്ചിരിക്കുന്നതായി കാണാം. ചില ജാതിക്കാർ ചടങ്ങുകൾ അമിതമായി നടത്തുമെങ്കിലും അതിന്റെ പൊരുളും ഉദ്ദേശലക്ഷ്യങ്ങളും ആർക്കുവേണ്ടി നടത്തുന്നുവോ അവർക്കുകൂടി ബോധ്യമാവാത്തവിധമാണ് നിറവേറ്റുക. ഈ പരിതസ്ഥിതിയിൽ സംസ്ക്കാര പദ്ധതി സമുദ്ധരിച്ച് നടപ്പാക്കേണ്ടത് സമുദായക്ഷേമതൽപരരായ ഏവരുടെയും കർത്തവ്യമാണല്ലോ. ലൗകികകർമ്മങ്ങൾപോലും വേണ്ടവിധം നടത്തുന്ന ക്രമം ഇന്നത്തെ ഹിന്ദുക്കളിൽ വിരളമായിരിക്കുമ്പോൾ, ഇതരമതസ്ഥർ അവരവരുടെ മതബോധകമായ സംസ്ക്കാരങ്ങൾ-ലൗകികപരിധിയിലാണെങ്കിൽപോലും-നേരെ ചൊവ്വേ ചെയ്യുന്നതാണ് അവരുടെ ശ്രേയസ്സിനും സമുദായൈക്യത്തിനും നിദാനമെന്ന് കാണാം. വേറൊരു മതത്തിനും ദേശത്തിനും ലഭിച്ചിട്ടില്ലാത്ത ശാസ്ത്രീയമനുഷ്യജീവിതാസൂത്രണത്തിന്റെ ജന്മാവകാശികളായിരുന്നിട്ടുകൂടി ഹിന്ദുക്കളുടെ പരാശ്രയഭാവം വിചിത്രം തന്നെ! ഈ മാനസികാടിമത്തം അകറ്റി സ്വയം ശുദ്ധരാവാനും, ധാർമ്മികവും സാന്മാർഗ്ഗികവുമായ മൂല്യങ്ങൾക്ക് കുഴിതോണ്ടുന്ന ഇതരസൂത്രങ്ങളുടെ പിന്നാലെ പരക്കംപായുന്ന ശോച്യാവസ്ഥ മാറാനും സംസ്ക്കാരപദ്ധതി ഓരോ കുടുംബത്തിലും വീണ്ടും ജ്വലിക്കണം.

വ്യക്തികൾ ചേർന്നാണല്ലോ സമുദായം ആവുന്നത്. വ്യക്തിനിഷ്ഠമായനുഷ്ഠിക്കുന്ന സംസ്ക്കാരകർമ്മങ്ങളുടെ പ്രഭാവം കുടുംബം, സമുദായം മുതലായ തലങ്ങളിൽ എങ്ങനെയുണ്ടാവും എന്ന ചോദ്യത്തിന് സമാധാനമിതാണ്. ഹിന്ദുധർമ്മപ്രകാരം മനുഷ്യജീവിതമെന്നുവെച്ചാൽ ആദ്ധ്യാത്മിക ജീവിതമാണ്. അവൻ എങ്ങനെ ജീവിച്ചാലും ആദ്ധ്യാത്മിക ലക്ഷ്യത്തോടുകൂടിയല്ലെങ്കിൽ അത് മനുഷ്യജീവിതമാവില്ല. മൃഗീയജീവിതവും കാട്ടാളജീവിതവും ആസുരജീവിതവും മറ്റും ഉണ്ടാവാം. മനുഷ്യജീവിതമെന്നത്

ആദ്ധ്യാത്മികജീവിതം തന്നെ. അതിനാൽ വ്യക്തിയുടെ ആത്മീയോർക്കർഷത്തിനും തദ്വാരാ കുടുംബ-സമുദായതലങ്ങളിലെ ഐക്യ ഭാവം ജ്വലിപ്പിക്കുന്നതിനും സംസ്ക്കാരകർമ്മങ്ങളെ ചിട്ടപ്പെടുത്തിയിരിക്കുന്നു. ഒരു ഔഷധം തയ്യാറാക്കാൻ പലവിധം മൂലികകൾ സംഭരിച്ച് ഓരോന്നും അതാതിന്റെ പാകത്തിൽ സംസ്ക്കരിച്ചെടുത്ത് ചേർക്കുന്നതുപോലൊരു ജീവൽപ്രശ്നപദ്ധതിയാണിത്.

ആദ്ധ്യാത്മിക ഉപചാരത്തിന്റെ സംജ്ഞയാണ് സംസ്ക്കാരമെന്നത്. ഈ സംസ്ക്കാരസമ്പന്നതകൊണ്ടാണ് ഭാരതത്തെ സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമെന്നും ഭാരതവാസികളെ ഭൂമിയിലെ ദേവതകൾ-ഭൂസുരർ-എന്നും വിശേഷിപ്പിച്ചു പോന്നത്. വ്യക്തിധർമ്മം എങ്ങനെ സമഷ്ടിധർമ്മത്തെ അവലംബിച്ച് നിലകൊള്ളുന്നു, അതുപോലെ വ്യക്തിസംസ്ക്കാരത്തിന്റെ അവലംബവും സനാതന സംസ്ക്കാരം തന്നെ. ഓരോ യുഗ-കാല-ദേശാവസ്ഥകളനുസരിച്ച് ചടങ്ങുകൾക്ക് വ്യത്യാസമുണ്ടാവാം. പക്ഷേ ഭാവം ഒന്നുതന്നെ. ഭാവശുദ്ധിയും ശക്തിയുമനുസരിച്ചാണ് ഫലങ്ങളനുഭവപ്പെടുക. ജീവനെ പടിപടിയായി പരമലക്ഷ്യത്തിലേക്ക് നയിക്കുവാൻ പ്രചോദനം നൽകുന്ന, മനുഷ്യജീവിതപന്ഥാവിലെ വൈദ്യുതശക്തികേന്ദ്രമാണ് ഓരോ സംസ്ക്കാരകർമ്മവും. ഗർഭാധാനം, പുംസവനം, സീമന്തോന്നയനം, ജാതകർമ്മം, നാമകരണം, നിഷ്ക്രമണം, അന്നപ്രാശനം, ചൂഡാകർമ്മം, ഉപനയനം, വേദാരംഭം, സമാവർത്തനം, വിവാഹം, ഗൃഹാശ്രമം, വാനപ്രസ്ഥം, സന്ന്യാസം, അന്ത്യേഷ്ടി എന്നീ പതിനാറ് സംസ്ക്കാരങ്ങളിൽ ചിലത് ചടങ്ങുകളായിട്ടെങ്കിലും ഇന്നും ആചരിക്കാറുണ്ട്. ശാസ്ത്രീയമായവിധത്തിൽ ചടങ്ങുകൾ -സംസ്ക്കാരകർമ്മങ്ങൾ - അനുഷ്ഠിച്ചാൽ ഉദ്ദിഷ്ട ഫലപ്രാപ്തി സുനിശ്ചിതമാണ്.

ഓരോ സംസ്ക്കാരകർമ്മത്തിന്റെയും ജീവനായി നിലകൊള്ളുന്നത് ആർക്കുവേണ്ടി അത് അനുഷ്ഠിക്കുന്നുവോ ആ വ്യക്തിയുടെയും തൽസമയത്ത് സന്നിഹിതരായിരിക്കുന്ന ബന്ധുമിത്രാദികളുടെയും ഏകാഗ്രമായ ശ്രദ്ധയാണ്. ജീവിതകാലം മുഴുവൻ സഹായകമാകുന്ന ഒരു ശുഭമുദ്ര പതിപ്പിക്കുന്നവിധം ഓരോ കർമ്മവും സംവിധാനം ചെയ്തിരിക്കുന്നു. ഈ പ്രക്രിയയിലൂടെ

ആന്തരികവും ബാഹ്യവുമായ പവിത്രതയും ഭാവോജ്ജ്വലമായ ഉത്തേജനവും ഉളവാക്കുന്നു. സംസ്ക്കാരകർമ്മം നടത്തുന്നസ്ഥലം അടിച്ചുതളിച്ച് ഒതുക്കുന്നതുതന്നെ കലാപര മായിരിക്കണമെന്നുണ്ട്. അവരവരുടെ ശേഷിക്ക് തക്കവിധം വേദാദ്ധ്യയനം ചെയ്തിട്ടുള്ള പുരോഹിതൻ, ത്യാഗിയായ സന്ന്യാസി, വിദ്വാൻമാർ, സമുദായപ്രതിനിധികൾ, ധർമ്മപ്രചാരകർ, ധർമ്മസ്ഥാപനപ്രതിനിധികൾ, ബന്ധുമിത്രാദികൾ എന്നിവരെ ഓരോ സംസ്ക്കാരത്തിനും ക്ഷണിച്ച് യഥോചിതം ഉപചരിച്ചിരുത്തണം. ആർക്കും സമയനഷ്ടമുണ്ടാവാത്തവിധം നിശ്ചിത മുഹൂർത്തത്തിൽ തന്നെ നടത്തത്തക്കവിധം സംസ്ക്കാരസാമഗ്രികൾ നേരത്തേ ഒരുക്കിവച്ചിരിക്കണം. പുരോഹിതൻ, സന്ന്യാസി, അനുഭവജ്ഞാനമുള്ള വിദ്വാൻമാർ എന്നിവർക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് എല്ലാവരും ബദ്ധശ്രദ്ധരായിരിക്കെ ഒരു മണിക്കൂർ സമയത്ത് സമംഗളം നടത്താൻ സാധിക്കുന്നതായിരിക്കണം ഓരോ സംസ്ക്കാരവും. ഇതിന് കുറേയൊക്കെ അനുഭവമുള്ള ഒരാൾ - പുരോഹിതനോ, സന്ന്യാസിയോ - ഉണ്ടായിരിക്കണം. സമയ നിഷ്ഠയും ശ്രദ്ധയും ആദ്യവസാനം തെറ്റാതിരിക്കണം. സംസ്ക്കാരകർമ്മം ചെയ്യാനും ചെയ്യിക്കുവാനും അറിവുള്ളവനും ഹിന്ദുസമുദായബോധമുള്ളവനുമായ ഒരാളുടെ പൗരോഹി ത്യത്തിൽ സംസ്ക്കാരം നടത്തുന്നതാണുത്തമം. ഓരോ സംസ്ക്കാരത്തിന്റേയും ബാഹ്യാന്തരതാൽപര്യവും ഉദ്ദേശലക്ഷ്യങ്ങളും കൂടിയിരിക്കുന്നവരുടെ ഹൃദയത്തിൽ പതിയത്തക്കവിധം പ്രവചനം നടത്തുന്നതും ഈ കാര്യക്രമത്തിലൊരിനമാണ്. അത് പുരോഹിതനോ ധർമ്മബോധവും സമുദായപരിചയവുമുള്ള സന്ന്യാസിയോ മറ്റു വിദ്വാൻമാരോ നിർവ്വഹിക്കണം. ഇവരിലൊരാൾ മാത്രം അരമണിക്കൂർകൊണ്ട് ഈ പ്രവചനകൃത്യം നിർവ്വഹിക്കണം. ഓരോ സംസ്ക്കാരത്തിന്റെയും മേന്മയും ഉദ്ദേശലക്ഷ്യങ്ങളും വ്യഞ്ജിപ്പിക്കുന്ന വേദമന്ത്രങ്ങളും ധർമ്മസൂത്രങ്ങളും ഉണ്ട്. അവ കർമ്മം ചെയ്യുന്നവരും ചെയ്യിക്കുന്നവരും ശ്രോതാക്കളും ഒന്നിച്ചിരുന്നു ചൊല്ലണം. അത് തൽക്കാലം അസാധ്യമാണങ്കിൽ പുരോഹിതൻ ചൊല്ലിക്കൊടുത്ത് സംസ്ക്കാരകർത്താവി

നേക്കൊണ്ട് ചൊല്ലിക്കണം. ഈ വിധം നിശ്ചിതപരിപാടി നിശ്ചിതസമയത്ത് നടത്തുകയും സമാപിപ്പിക്കുകയും ചെയ്യണം. അതുവരെ, കൂടിയിരിക്കുന്നവരെല്ലാം മറ്റുവിഷയങ്ങളിലേക്ക് ശ്രദ്ധയകറ്റാതെ അച്ചടക്കം പാലിക്കണം.

ഈശ്വരസ്തുതി, പ്രാർത്ഥന, ഉപാസന, സ്വസ്തിവാചനം, ശാന്തിപാഠം, സംസ്ക്കാരകർമ്മം, മംഗളാചരണം എന്നക്രമത്തിലാണ് ഓരോ സംസ്ക്കാരകർമ്മവും ചെയ്യേണ്ടത്. ഇത്രയും, സംസ്ക്കാര പദ്ധതികളെ സംബന്ധിച്ച പൊതുവായ കാര്യങ്ങളാണ്. ഉപാസനാ ക്രമങ്ങൾ പലവിധമുള്ളപ്പോൾ ഏതാണ് സ്വീകാര്യമെന്ന പ്രശ്ന മുണ്ടാവാം. വേദവിധിപ്രകാരംതന്നെ പലവിധത്തിൽ നടത്താറുണ്ട്. വൈദികവും അവൈദികവുമായ ശാഖകളുണ്ട്. പുരോഹിത ന്മാർതന്നെ പലവിധം. അതിനാൽ വൈദികസംസ്ക്കാരപദ്ധതിയെ ത്തന്നെ ഹിന്ദുക്കൾക്കാകമാനം ഒരേപോലെ സ്വീകാര്യമാകുംവിധം മഹർഷി ദയാനന്ദസരസ്വതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതും ആര്യ സമാജപ്രചാരത്തിന്റെ പ്രാബല്യത്തോളമേ പ്രചരിച്ചിട്ടുള്ളൂ. വേദ മെന്തെന്നുപോലും നിശ്ചയമില്ലാത്ത ജനങ്ങൾ വേദമന്ത്രം ഉച്ച രിക്കുന്നതെങ്ങനെ? അതിനാൽ വേദസ്മരണയോടെ പ്രയോഗി ക്കാവുന്ന പദ്ധതിയാണ് തൽക്കാലം സാർവത്രികമായി നടപ്പാക്കാ വുന്നത്. കർമ്മത്തിന്റെ ആദ്യാവസാനം സൂത്രരൂപത്തിലുള്ളതും വൈദികസമ്പ്രദായത്തിന്റെ മർമ്മം ദ്യോതിപ്പിക്കുന്നതുമായ വേദമ ന്ത്രങ്ങൾ അക്ഷരാഭ്യാസംമാത്രംമുള്ളവർക്കുകൂടി എളുപ്പം പഠി ക്കാവുന്നതാണ്. ഓരോ സംസ്ക്കാരകർമ്മത്തിന്റെയും ജീവ സ്സത്തയായ സ്ഥാനം സംരക്ഷിച്ചുകൊണ്ട് അതു നടത്തുവാൻ സാധി ക്കണം. സ്വല്പമായ ധർമ്മാചരണംപോലും വലിയ വിപത്തു കളിൽനിന്ന് നമ്മെ രക്ഷിക്കുമെന്ന ഭഗവദ്വചനമാണിതിന് പ്രമാണം.

മുൻപറഞ്ഞ പതിനാറു-ഷോഡശ-സംസ്ക്കാരങ്ങളെക്കൂടാതെ പല ഉപസംസ്ക്കാരങ്ങളും ധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിട്ടുണ്ട്. ഇവയെല്ലാം പരിശോധിച്ചാൽ ഷോഡശസംസ്ക്കാരങ്ങളിൽത്തന്നെ ചിലത് പിൽക്കാലത്ത് പ്രായോഗികമല്ലാതെ വരുന്നതായി കാണാം. ഉദാഹരണത്തിന്, ആദ്യസംസ്ക്കാരമായ ഗർഭാധാനംതന്നെ. ശരി യായ ബ്രഹ്മചര്യാശ്രമം നിലനിന്നിരുന്നകാലത്ത് വധൂവരന്മാർ

സമുദായത്തിന്റെ അനുമതിയോടും ആശിർവാദത്തോടുംകൂടി ഗർഭോല്പാദനം നിർവ്വഹിച്ചിരുന്നു. ബ്രഹ്മചര്യക്രമം പാലിച്ചിരുന്നതുകൊണ്ടാവാം, അക്കാലത്ത് മനുഷ്യർ ഊർദ്ധ്വരേതസ്സുകളായിരുന്നു. അപ്പോൾപിന്നെ അനിയന്ത്രിതമായ പിറവികളുണ്ടാവുന്ന പ്രശ്നമേയില്ലല്ലോ. വൈദികസമ്പ്രദായം, പിന്നീട് വർണ്ണാശ്രമസമ്പ്രദായം, വ്യതിചലിച്ചഘട്ടത്തിൽ ബ്രഹ്മചര്യം കേവലം ചടങ്ങായിമാറുകയും ക്രമേണ നാമമാത്രമായിത്തീരുകയും ചെയ്തു. സമുദായഘടന ആകപ്പാടെ മാറിയിരിക്കുന്ന ഇക്കാലത്ത് ഈ വൈദികസമ്പ്രദായം പരിഹസിക്കപ്പെട്ടുതുടങ്ങി. ഈ സ്ഥിതിവിശേഷത്തിൽ ഏതാനും സംസ്ക്കാരങ്ങളെ സംക്ഷേപമായി പരിചയപ്പെടുത്തുകയും ചടങ്ങുകളായിട്ടെങ്കിലും ഇന്നും ആചരിച്ചുവരുന്ന പുംസവനം (ഗർഭശുശ്രൂഷ), അന്നപ്രാശനം, നാമകരണം, വിദ്യാരംഭം, ഉപനയനം, വിവാഹം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം, അന്ത്യേഷ്ടി(ശവസംസ്ക്കാരം), അപരക്രിയ (ശ്രാദ്ധം) മുതലായവ യഥാവിധി എങ്ങനെ നടത്തണമെന്ന് വിവരിക്കുകയും ചെയ്യാം.

## 1. ഗർഭാധാനസംസ്ക്കാരം

വധൂവരന്മാർ ഭാര്യാഭർത്തൃപദവിയിലേക്ക് പദാർപ്പണം ചെയ്യുന്ന സംസ്ക്കാരമാണിത്. ജന്തുസഹജമായ കാമം പ്രേമാത്മകമാക്കി, ധാർമ്മികഭാവങ്ങളാൽ സ്വയം നിയന്ത്രിതരായി സത്സന്താനലാഭോദ്ദേശ്യപൂർവ്വം ഈ സംസ്ക്കാരകർമ്മം ചെയ്യണം. ഋതുകാലത്തിനു മുൻപു വിധിച്ചിട്ടുള്ള ഔഷധങ്ങൾ സേവിച്ചും വിശുദ്ധാഹാരങ്ങൾ കഴിച്ചും ശരീരത്തെയും ഈശ്വരഭക്തി, ആശ്രമധർമ്മതത്ത്വം മുതലായ സദ്ഭാവനകളാൽ മനസ്സിനെയും പരിപുഷ്ടമാക്കിയ ദമ്പതികൾ ഗർഭാധാനസംസ്ക്കാരത്തോടുകൂടി പ്രസന്നരും പവിത്രചിത്തരുമായി നിശ്ചിതകാലത്ത് ഗർഭാധാനം നിർവ്വഹിക്കണമെന്ന് ധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിരിക്കുന്നു.

മനുസ്മൃതിപകാരം സ്ത്രീ രജസ്വലയാവുന്ന നാൾതൊട്ട് പതിനാറ് ദിവസങ്ങളാണ് ഋതുകാലം. ഇതിൽ ആദ്യത്തെ നാലു ദിവസങ്ങൾ, ബാഹ്യാഭ്യന്തരമായ പല കാരണങ്ങളാലും

ഗർഭാധാനത്തിന് നിഷിദ്ധങ്ങളാണ്. ആ ദിവസങ്ങളിൽ സ്ത്രീയെ പുരുഷൻ സ്പർശിക്കുവാൻ പാടില്ലെന്നുമാത്രമല്ല അവൾ സ്പർശിച്ച ഭക്ഷണപദാർത്ഥങ്ങൾ കഴിക്കുകയുമരുത്. ഋതുകാലത്തെ 11,12 എന്നി ദിവസങ്ങളിലും ഗർഭാധാനം വർജ്ജ്യമാണ്. അതുപോലെ പൗർണ്ണമി, അമാവാസ്യ, ചതുർദ്ദശി, അഷ്ടമി എന്നീ തിഥിദിനങ്ങളും രതിക്രിയയ്ക്ക് നിഷിദ്ധമായി വിധിച്ചിരിക്കുന്നു.

നിശ്ചിതദിനത്തിൽ സംസ്ക്കാരകർമ്മത്തോടുകൂടി വധൂവരന്മാർ പതിപത്നീഭാവം വരിച്ച് ഗർഭാധാനം ചെയ്യണം. അവർ ഗൃഹാശ്രമത്തിലായാലും ആത്മീയോത്ക്കർഷത്തിനുള്ള ബ്രഹ്മചര്യം നശിക്കയില്ല. ഈ ക്രമത്തിനെ ഉപനിഷദഗർഭലംഭനം എന്ന് ആശ്വലായനഗൃഹ്യസൂത്രത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു.

ഗർഭാധാനത്തിനു മുൻപായി ഗർഭാധാനസംസ്കാരകർമ്മം അനുഷ്ടിച്ചിരിക്കണം. മുൻപറഞ്ഞമാതിരി ഈശ്വരപ്രാർത്ഥന, ഹോമം അല്ലെങ്കിൽ പൂജ മുതലായ കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ വരൻ പശ്ചിമാഭിമുഖമായും വരന്റെ വാമഭാഗത്തായി വധുവും ഇരിക്കണം. പുരോഹിതനും ഗുരുജനങ്ങളും ബന്ധുമിത്രാദികളും ചുറ്റുമിരുന്നുവേണം അനുഷ്ഠിക്കുവാൻ. വധൂവരന്മാർ ഒന്നിച്ച് അഗ്നി, വായു, ചന്ദ്രൻ, സൂര്യൻ, അന്നം തുടങ്ങിയ ദേവതാസങ്കൽപ ത്തോടുകൂടി പ്രാർത്ഥിക്കണം. അഥവാ ഹോമം-യജ്ഞം-ചെയ്യണം. തദവസരത്തിൽ വധു വരന്റെ തോളത്ത് കരതലം വെച്ചി രിക്കണമെന്നുണ്ട്. അനന്തരം നിശ്ചിതമന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ട് അഷ്ടാജ്യാഹുതിയും പിന്നീട് ആജ്യാഹുതിയും (മന്ത്രോച്ചാരണ പൂർവ്വം അഷ്ടഗന്ധം, നെയ്യ് മുതലായ ദ്രവ്യങ്ങൾ ഹോമാഗ്നിയിൽ ആഹുതി) നൽകണം

പിന്നീട്, ഹവനം ചെയ്തവശേഷിച്ച നെയ്യ് വധു ആപാദചൂഡം തേച്ച് കുളിക്കണം. ശുഭ്രവസ്ത്രം ധരിച്ച് പൂർവ്വസ്ഥാനത്തു വരുന്ന വധുവിനെ വരൻ സ്വീകരിച്ച് പൂജാസ്ഥാനത്തിന് (ഹോമകുണ്ഡ ത്തിന്) പ്രദക്ഷിണമായിചെന്ന് ഇരുവരും സൂര്യദർശനം ചെയ്യണം. എന്നിട്ട് വധു വരനെയും മറ്റു ഗുരുജനങ്ങളെയും വൃദ്ധസ്ത്രീക ളെയും വന്ദിച്ച് ആശീർവ്വാദം സ്വീകരിക്കുന്നതോടുകൂടി ഈ

സംസ്ക്കാരത്തിന്റെ ഭാവാർത്ഥം വ്യഞ്ജിപ്പിക്കുന്ന പുരോഹിതന്റെ പ്രവചനം ഉണ്ടാവണം. ഇങ്ങനെ വധു പത്നിയുടെ പദവിയും വരൻ ഭർത്താവിന്റെ പദവിയും പ്രാപിക്കുന്നു. അനന്തരം പുരോഹിതനും മറ്റും യഥാശക്തി ദക്ഷിണയും ഭക്ഷണവും നൽകി സൽക്കരിക്കുകയും പതിപത്നിമാർ പൂജാവേദിയുടെ പശ്ചിമഭാഗത്ത് പൂർവ്വാഭിമുഖമായിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്യണം.

ഈ ഗർഭാധാനസംസ്ക്കാരാനന്തരം പതി-പത്നിമാരുടെ മന ശ്ശരീരങ്ങൾ ഒരുപോലെ പ്രസന്നമായിരിക്കുന്ന സന്ദർഭത്തിൽ യഥാ വിധി ഗർഭാധാനം നിർവ്വഹിക്കാം. അതിനുശേഷം സ്നാനം ചെയ്ത് വീണ്ടും പവിത്രസങ്കൽപങ്ങളാലും ആചരണങ്ങളാലും മനഃ ശുദ്ധിയും കായശുദ്ധിയും പാലിക്കണം. പുത്രേഷ്ടി, നിഷേകം എന്നീ പേരുകളിലും അറിയപ്പെടുന്ന ഗർഭാധാനംകൊണ്ടുദ്ദേശി ക്കുന്നത് ഗർഭധാരണം അഥവാ വീര്യം പ്രതിഷ്ഠിച്ച് സ്ഥിരീക രിക്കുകയെന്നതാണ്-

**ഗർഭസ്യാധാനം വീര്യസ്ഥാപനം സ്ഥിരീകരണം**
**അസ്മിന്യേന വാ കർമ്മണാ തദ്ഗർഭാധാനം.**

## 2. പുംസവനസംസ്ക്കാരം

മുൻപു പറഞ്ഞതുപോലെ ശരീരരക്ഷമാത്രം ലക്ഷ്യമാക്കിക്കൊ ണ്ടുള്ളതല്ല മനുഷ്യധർമ്മം. മനുഷ്യശരീരം ലഭിച്ചിരിക്കുന്നതുതന്നെ ജന്മസാഫല്യം നേടാനാണ്. അതാകട്ടെ ആദ്ധ്യാത്മികവുമത്രെ. 'ശരീരമാദ്യം ഖലു ധർമ്മസാധനം' - മാത്രമാണ്. അതിനാൽ ഗർഭാധാനം, ഗർഭധാരണം, ഗർഭരക്ഷണം എന്നീ കാര്യങ്ങളിൽ പതി -പത്നിമാർ വളരെ നിഷ്കർഷയോടെ വർത്തിക്കണമെന്ന് ധർമ്മ ശാസ്ത്രം അനുശാസിക്കുന്നു. ഗർഭശുശ്രൂഷ സ്ഥൂലവും സൂക്ഷ്മ വുമായിരിക്കണം. സ്ഥൂലമായ ശുശ്രൂഷയെക്കാൾ പതിൻമടങ്ങ് ശ്രദ്ധ, സൂക്ഷ്മമായ ശുശ്രൂഷകളിൽ ഉണ്ടാവണം. ഗർഭവതിയെയും ഭർത്താവിനെയും ഇതിന്റെ ഗൗരവം യഥാകാലം ബോദ്ധ്യപ്പെടു ത്തുന്നതിനും തദ്വാരാ കുടുംബത്തിനും സമുദായത്തിനും തമ്മി

ലുള്ള പരസ്പരബന്ധവും കർത്തവ്യങ്ങളും അനുസ്മരിപ്പിക്കുന്നതിനും വൈദികകർമ്മങ്ങൾ ഇടയ്ക്കിടെ ചെയ്യേണ്ടതായിട്ടുണ്ട്. ഗർഭശുശ്രൂഷാരീതിയിൽ അനുഷ്ഠിക്കപ്പെടുന്ന ഈ സംസ്ക്കാര കർമ്മങ്ങളിൽ പുംസവനവും സീമന്തോന്നയനവും മുഖ്യത്വമർഹിക്കുന്നു.

സ്ത്രീ, ഗർഭംധരിച്ചുവെന്നുകണ്ടാൽ പിന്നെ ആ ഗർഭവതിയുടെയും ഭർത്താവിന്റെയും മനോവാക്കായങ്ങൾ വ്രതനിഷ്ഠയോടെ വർത്തിച്ചുകൊണ്ടിരിക്കണം. ബ്രഹ്മചര്യം അത്യാവശ്യമാണ്. ഗർഭവതിയുടെ ആഹാരം, നിദ്ര, വ്യായാമം, നിത്യകർമ്മം, വിചാരം, വാക്ക്, സമ്പർക്കം, ഇത്യാദി എല്ലാം മിതവും ഹിതകരവുമായിരിക്കണം.

രണ്ടാം മാസത്തിലോ മൂന്നാം മാസത്തിലോ കുടുംബനില. വാരത്തിൽ, ആദ്ധ്യാത്മികാന്തരിക്ഷവും പ്രേരണയുമുളവാക്കുന്ന പുംസവനകർമ്മം എന്ന സാമൂഹികചടങ്ങ് നടത്തണമെന്നുണ്ട്. ഗർഭവതിയെയും ഗർഭസ്ഥശിശുവിനെയും ഉദ്ദേശിച്ചാണെങ്കിലും സാംസ്കാരികകർമ്മങ്ങളുടെ സ്വഭാവം സാമൂഹികമാണല്ലോ. അതിനാൽ ഒരു ശുഭമുഹൂർത്തം നിശ്ചയിച്ച് ബന്ധുക്കളെയും ഗുരുജനങ്ങളെയും സമുദായപ്രതിനിധികളെയും ക്ഷണിച്ചുവരുത്തി അവരുടെ സാന്നിദ്ധ്യത്തിലും സംസ്ക്കാരമുള്ള ഒരു പുരോഹിതന്റെ പൗരോഹിത്യത്തിലും ഇത് നടത്തേണ്ടതാണ്. ഇതിന്റെ പ്രാമാണിക മന്ത്രങ്ങൾ വേദത്തിലും ഗൃഹ്യസൂത്രങ്ങളിലും കാണാം.

വൈദികപദ്ധതിയനുസരിച്ച് നാലുവേദങ്ങളിൽനിന്ന് ഈശ്വരപ്രാർത്ഥനാമന്ത്രങ്ങൾ ജപിച്ചുകൊണ്ട് ഉപാസനായജ്ഞം നടത്തണം. യജ്ഞം, ഈശ്വരപ്രാർത്ഥന എന്നീ കർമ്മങ്ങൾ എല്ലാവരും ചേർന്ന് സാമൂഹികമായി നടത്തേണ്ടതാണ്. യജ്ഞകർമ്മാരംഭത്തിലും അവസാനത്തിലും ഈ കർമ്മത്തിന്റെയും വേദമന്ത്രങ്ങളുടെയും താൽപര്യമെന്താണെന്ന് ഉപവിഷ്ടരായിരിക്കുന്നവരെ ഉപദേശരീതിയിലോ പ്രസംഗരൂപത്തിലോ പറഞ്ഞു മനസ്സിലാക്കേണ്ടത് പുരോഹിതന്റെയോ നിശ്ചിത ആചാര്യന്റെയോ ചുമതലയാണ്.

വീണ്ടും ചുവടെ ചേർക്കുന്ന രണ്ട് മന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ട് യജ്ഞകുണ്ഡത്തിൽ നെയ്യുകൊണ്ട്  രണ്ട് ആഹുതി നൽകണം.

**ഓം ആതേ ഗർഭോ യോനിമേതു പുമാൻ ബാണ ഇവേഷുധിം**
**ആവീരോ ജായതാം പുത്രസ്തേദശമാസ്യ: സ്വാഹാ**

(അഥർവ്വവേദം)

**ഓം അഗ്നിരൈതു പ്രഥമോ ദേവതാനാം സോ/സ്യൈ**
**പ്രജാം മുഞ്ചതു മൃത്യുപാശാത്**
**തദയം രാജാ വരുണോ/നുമന്യതാം യഥേയം സ്ത്രീ**
**പൗത്രമഘം ന രോദാത് സ്വാഹാ**

കർമ്മാരംഭത്തിൽ ഈശ്വരോപാസനയ്ക്കുശേഷം ഗർഭവതിയും ഭർത്താവും ആചാര്യോപദേശപ്രകാരം മറ്റാരുമില്ലാത്ത ഏകാന്തസ്ഥാനത്തുപോയി അല്പനേരമിരിക്കണം. അപ്പോൾ ഭർത്താവ് ഭാര്യയുടെ ഹൃദയഭാഗത്ത് കൈത്തലം വച്ചുകൊണ്ട് ജപിക്കേണ്ട മന്ത്രമിതാണ്.

**ഓം യത്തേ സുസീമേ ഹിതമന്ത: പ്രജാപതൗ**
**മന്യേ/ഹം മാം തദ്വിദ്വാംസം മാഹം പൗത്രമഘം നിയാമ്**

(ആശ്വലായനഗൃഹ്യസൂത്രം)

ഇതേപോലെ യജ്ഞാഹുതിക്കുശേഷവും അനുഷ്ഠിക്കണം. തുടർന്നു മംഗളപ്രാർത്ഥനയോടുകൂടി ഉപവിഷ്ടരായവരെയെല്ലാം യഥായോഗ്യം സൽക്കരിച്ച് യാത്രയയക്കാം.

ഈ സംസ്ക്കാരകർമ്മത്തിൽ മുഖ്യമായൊരു ചടങ്ങ്, വടവൃക്ഷത്തിന്റെ ജടത്തളിരും (മുകളിൽ തൂങ്ങിക്കിടക്കുന്നവേരുകൾ) അമൃതവള്ളിയുടെ തളിരും ചേർത്ത് നന്നായി അരച്ച് അതിന്റെ ഗന്ധം ഭർത്താവ് ഗർഭവതിയുടെ നാസികയിൽ നല്ലപോലെ മണപ്പിക്കുക എന്നതാണ്. ഇത് ആദ്യവും അവസാനവും ചെയ്യണം. അപ്പോൾ ചൊല്ലുന്ന മന്ത്രമിതാണ്:

**അദ്ഭ്യ: സംഭൃത: പൃഥിവ്യൈ രസാച്ച**
**വിശ്വകർമ്മണ: സമവർത്തതാധി**
**തസ്യ ത്വഷ്ടാ വിദധദ്രൂപമേതി**
**തന്മർത്ത്യസ്യ ദേവത്വമാജാനമഗ്രേ** (യജുർവേദം)

ഈ ചടങ്ങ് വടവൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നിരുന്നു നിർവ്വഹിക്കണമെന്നാണ് വിധി. വടവൃക്ഷം, അമൃത്, ബ്രഹ്മി തുടങ്ങിയ ഔഷധങ്ങൾ യഥാവിധി തയ്യാറാക്കി ഇടയ്ക്കിടെ അല്പാല്പമായി ഗർഭവതി സേവിക്കണം. ഈ കർമ്മത്തിന് ശേഷം യഞ്ജപ്രസാദമായ 'ചരു' (പായസപ്രസാദം) ആദ്യം ഗർഭവതിക്ക് നൽകണം. അപ്പോൾ ചൊല്ലുന്ന മന്ത്രമാണിത്:

**ഓം പയ: പൃഥിവ്യാം പയ ഓഷധീഷു**
**പയോ ദിവ്യന്തരിക്ഷേ പയോധാഃ**
**പയസ്വീ: പ്രദിശ: സന്തു മഹ്യം:**

പിന്നീട് ഗർഭിണിയുടെ ഗർഭാശയഭാഗത്ത് കൈത്തലംകൊണ്ട് താങ്ങുന്നതുപോലെ ഭർത്താവ് സ്പർശിച്ചുകൊണ്ട് ആദ്യം-

**ഹിരണ്യഗർഭ: സമവർത്തതാഗ്രേ ഭൂതസ്യ ജാത:**
**പതിരേക ആസീത്**
**സ ദാധാര പൃഥിവീം ദ്യാമുതേമാം കസ്മൈ ദേവായ**
**ഹവിഷാ വിധേമ**
**അദ്ഭ്യ: സംഭൂത: പൃഥിവ്യൈ രസാച്ച വിശ്വകർമ്മണ:**
**സമവർത്തതാഗ്രേ**
**തസ്യ ത്വഷ്ടാ വിദധദ്രൂപമേതി തന്മർത്ത്യസ്യ**
**ദേവത്വമാജാനമഗ്രേ**

എന്നമന്ത്രങ്ങളും പിന്നീട്-

**സുപർണ്ണോƒസി ഗരുത്മാംസ്ത്രിവൃത്തേ ശിരോ**
**ഗായത്രം ചക്ഷുർബൃഹദ്രഥന്തരേ പക്ഷൗ**
**സ്തോമ ആത്മാ ഛന്ദാങ്സ്യംഗാനി യജൂങ്ഷിനാമ**
**സാമ തേ തനൂർവാമദേവ്യം യജ്ഞായജ്ഞിയം**
**പുച്ഛം ധിഷ്ണ്യാഃ ശഫാ:**
**സുപർണ്ണോƒസി ഗരുത്മാന്ദിവം ഗച്ഛ സ്വ:പത**

-യജുർവേദം

എന്നീ മന്ത്രങ്ങളുമുച്ചരിച്ച് ഭാവാർത്ഥം ധ്യാനിച്ചുകൊള്ളേണ്ടതാകുന്നു.

പുംസവനസംസ്ക്കാരത്തോടുകൂടി ഗർഭിണിയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. പുഷ്ടിപ്രദവും സംശുദ്ധവും സാത്വികവുമായ ഭക്ഷണപാനീയങ്ങളും ഔഷധവും കഴിക്കുന്നതോടൊപ്പം കോപതാപമോഹമദമാത്സര്യാദി വികാരങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കുകയും വേണം. ഗർഭിണിക്ക് മിതവ്യായാമവും സൗമ്യാചരണവും പ്രസന്നചിത്തവുമുണ്ടായിരിക്കണം. ക്ഷോഭജന്യമായ വാദവിവാദങ്ങൾ വർജ്ജിക്കണം. നാടകസിനിമാദികൾ കാണരുത്. കാമവികാരജനകങ്ങളായ കഥകളും നോവലുകളും വായിക്കരുത്. സത്സംഗങ്ങളും ധർമ്മജ്ഞാനസംബന്ധമായ പ്രവചനങ്ങളും സംഭാഷണങ്ങളും ശ്രവിക്കുവാൻ താൽപര്യവും ശ്രദ്ധയും ഉണ്ടായിരിക്കണം. ഗർഭവതിയായ സ്ത്രീയുടെ ഭക്ഷണരസവും വിചാരവികാരങ്ങളുടെ അംശവും ഗർഭസ്ഥശിശുവിലും പതിയുമെന്നുള്ളതിനാൽ ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാകുന്നു.

## 3. സീമന്തോന്നയനം

'ചതുർത്ഥേ ഗർഭമാസേ സീമന്തോന്നയനം' - ഗർഭിണിയുടെ മനോവികാസത്തിനും സന്തോഷത്തിനും ചിത്തശുദ്ധിക്കും ഗർഭിണിയിലൂടെ ഗർഭസ്ഥശിശുവിന്റെ ആരോഗ്യത്തിനും ജീവശുദ്ധിക്കും അനായാസമായ വളർച്ചയ്ക്കും വേണ്ടി ആചരിക്കപ്പെടുന്ന സംസ്ക്കാരമാണ് സീമന്തോന്നയനം. ഇത് ഗർഭധാരണത്തിന്റെ നാലാം മാസത്തിൽ ശുക്ളപക്ഷത്തിലെ ഏതെങ്കിലും ഒരു പുരുഷ നക്ഷത്രത്തിൽ ആചരിക്കണം.

യഥാവിധി ഈശ്വരോപാസനാദി അനുഷ്ഠാനങ്ങളോടുകൂടി ആരംഭിക്കുകയും ഈശ്വരാർപ്പണബുദ്ധ്യാ തയ്യാറാക്കിയ നിവേദ്യാന്നം, പാൽപ്പായസം മുതലായവ നിവേദിക്കുകയോ ഹോമാഗ്നിയിൽ ആഹുതിയർപ്പിക്കുകയോ വേണം. പിന്നീട് പതി-പത്നിമാർ ഏകാന്തതയിൽപോയിരുന്നു മന്ത്രോച്ചാരണം ചെയ്യും. അപ്പോൾ ഗർഭിണിയുടെ തലമുടിയിൽ ഭർത്താവ് പ്രത്യേകം തയ്യാറാക്കിയ

സുഗന്ധൗഷധതൈലം പുരട്ടി കേശാലങ്കാരാദികൾ ചെയ്തൊരുക്കും. എന്നിട്ട്-

**ഓം സോമ ഏവ നോ രാജേമാ മാനുഷീഃ പ്രജാഃ**
**അവിമുക്തചക്ര ആസീരസ്തീരം തുഭ്യമസൗ**

ഇത്യാദി വേദമന്ത്രങ്ങൾ സംസ്ക്കാരകർമ്മത്തിന് ഉപവിഷ്ടരായവർ ഒന്നിച്ചിരുന്നു ഗാനം ചെയ്യണം. യജ്ഞശിഷ്ടമായ നെയ്യ് ഒരു പരന്നപാത്രത്തിലാക്കി സ്ത്രീ അതിൽ നോക്കി തന്റെ പ്രതിബിംബം കാണണം. ഈ സന്ദർഭത്തിൽ ഭർത്താവ് ഭാര്യയോട് എന്തുകാണുന്നുവെന്ന് ചോദിക്കുകയും ഭാര്യ, പശു, ധനം, ദീർഘായുസ്സ്, യശസ്സ് മുതലായ സൗഭാഗ്യലക്ഷണങ്ങൾ ദർശിക്കുന്നുവെന്ന് മറുപടിപറയുകയും ചെയ്യും.

ഭർത്താവ് : **കിം പശ്യസി?**
ഭാര്യ : **പ്രജാം പശൂന് സൗഭാഗ്യം മഹ്യം**
**ദിർഘായുഷ്ട്വം പത്യുഃ പശ്യാമി**

**-ഗോഭിലഗൃഹ്യസൂത്രം**

അനന്തരം കുലസ്ത്രീകൾ, പുത്രവതികൾ, ജ്ഞാനവൃദ്ധകൾ വയോവൃദ്ധകൾ എന്നിവരോടൊത്തിരുന്നു ഗർഭവതി നിവേദ്യാന്ന പാനീയങ്ങൾ കഴിക്കണം. അപ്പോൾ കൂടിയിരിക്കുന്നവരെല്ലാം-

**ഓം വീരസൂസ്ത്വം ഭവ ജീവസൂസ്ത്വം ഭവ**
**ജീവപത്നീ ത്വം ഭവ**

ഇത്യാദി മംഗളസൂക്തങ്ങൾ ചൊല്ലി ഗർഭിണിയെ ആശീർവ്വദിക്കണം. എന്നിട്ട് സംസ്ക്കാരകർമ്മപ്രവചനം, ആചാര്യദക്ഷിണ, ഉപവിഷ്ടരായവർക്ക് സത്ക്കാരം എന്നിവ മുറപ്രകാരം നടത്തണം.

ഗർഭസ്ഥശിശുവിന്റെ അനുക്രമമായ പോഷണത്തിനും സംസ്ക്കാരോദ്ദീപനത്തിനും ഉപയുക്തമാംവിധം ഈ സംസ്ക്കാരകർമ്മം ഗർഭത്തിന്റെ ആറാംമാസത്തിലോ എട്ടാംമാസത്തിലോ അനുഷ്ഠിക്കേണ്ടതാകുന്നു. ഇതിന് പാരസ്ക്കരാദി ഗൃഹ്യസൂത്രങ്ങളിൽ പ്രമാണമുണ്ട്.

**പുംസവനവത് പ്രഥമേ**
**ഗർഭേ മാസേ ഷഷ്ഠേ/ഷ്ടമേ വാ**

മനുഷ്യശിശുവിന്റെ ശരിയായ നന്മയും ഹിതവും കാംക്ഷിക്കുന്ന മാതാപിതാക്കൾ, അത് ഗർഭപാത്രത്തിൽ പതിക്കുന്നത് മുതൽക്ക് ധർമ്മശാസ്ത്രപ്രകാരം യഥാവിധി ശ്രദ്ധിക്കേണ്ടതാകുന്നു. കാര്യക്ഷമതയോടെ ചിന്തിച്ചാൽ ഗർഭിണിയുടെ ആഹാര-നീഹാരാദികളുടെയും ആചാരവിചാരങ്ങളുടെയും പ്രഭാവം നേരിട്ട് ഗർഭസ്ഥശിശുവിലും പതിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെടും. അതുപോലെ അരയാൽ, അമൃത്, ബ്രഹ്മി, പശുവിൻപാൽ, ചുക്ക് തുടങ്ങിയ ഔഷധമൂലികകളുടെ സ്ഥൂലവും സൂക്ഷ്മവുമായ ഗുണങ്ങൾ അവ എത്രമാത്രം വിധിയാംവണ്ണം, സത്സങ്കൽപപൂർവ്വം ഉപയോഗപ്പെടുത്തുന്നുവോ അതനുസരിച്ച് ബാഹ്യാഭ്യന്തരഫലങ്ങളുണ്ടാക്കുമെന്ന് ബോദ്ധ്യപ്പെടും. യജ്ഞത്തിന്റെ ഗുണവീര്യവും അത് ശ്രദ്ധാഭക്തി പൂർവ്വം ചെയ്യുന്നവർക്ക് അനുഭവമുള്ളതാണ്. സംസ്കാരകർമ്മങ്ങളിൽ സംബന്ധിക്കുന്ന ബന്ധുമിത്രാദികളുടെയും ഗുരുജനങ്ങളുടെയും ആശ്വാസവചനങ്ങൾ ഗർഭിണിയുടെ മാനസികസമതുലനത്തിനും പ്രസന്നഭാവത്തിന്റെ പോഷണത്തിനും വകനൽകുന്നു. ഗർഭിണിയുടെയും ഭർത്താവിന്റെയും വ്രതനിഷ്ഠ അനായാസമാക്കുന്നതിന് ധർമ്മാചാര്യന്റെ സദുപദേശങ്ങളും സത്സംഗവും സഹായിക്കുന്നു. പരസ്പരം പ്രേമഭാവനവളർത്തി എല്ലാവരെയും കർത്തവ്യനിഷ്ഠരാക്കുന്നതിനും സംസ്കാരകർമ്മത്തിലെ ചടങ്ങുകളോരോന്നും പ്രയോജനപ്പെടുത്താവുന്നതാണ്. കൃത്രിമവും ജഢിലവുമായ ഗർഭശുശ്രൂഷയെക്കാൾ ഉത്തമമാണ് അകൃത്രിമവും, ആത്മനിഷ്ഠവും താപസികവുമായ ഗർഭശുശ്രൂഷയെന്ന് ബോദ്ധ്യപ്പെട്ടാൽ അത് സ്വയം സമുദായത്തിലെങ്ങും വ്യാപിക്കും. അങ്ങനെ മാതൃക അനുഷ്ഠിച്ചുകാട്ടാനും കാലസ്വഭാവമനുസരിച്ച് സംഘടിതമായ പ്രചാരയജ്ഞം നടത്തേണ്ടതായിട്ടുണ്ട്.

# 4. ജാതകർമ്മസംസ്ക്കാരം

പൂർണ്ണഗർഭിണിയായ സ്ത്രീക്ക് പ്രസവകാലമടുക്കുമ്പോൾ ഭർത്താവും വയോവൃദ്ധരായ സ്ത്രീബന്ധുക്കളും സുഖപ്രസവത്തിന് സഹായകമാംവിധം ഏർപ്പാടുകൾ ചെയ്യണമെന്നും തദനുസൃതമായ ആചരണങ്ങളും മന്ത്രോച്ചാരണവുംകൊണ്ട് പ്രസവത്തെ പവിത്ര മാക്കണമെന്നും ശാസ്ത്രവിധിയുണ്ട്.

കുഞ്ഞുജനിച്ച് പൊക്കിൾക്കൊടി മുറിക്കുന്നതിന് മുൻപും പിൻപുമായി നടത്തപ്പെടുന്ന സംസ്ക്കാരമാണ് ജാതകർമ്മം. മാതാ വിന്റെ മാനസികവും ശാരീരികവുമായ സന്തുലിതാവസ്ഥ പാലി ക്കുന്നതിനും ശിശുവിന്റെ ബുദ്ധിയും യശോബലങ്ങളും സംശുദ്ധ മാക്കുന്നതിനുമായി ഈ വൈദികസംസ്ക്കാരം വിധിച്ചിരിക്കുന്നു. ശിശുവിനെ പ്രാഥമികശുദ്ധിയും ശുശ്രൂഷയും ചെയ്തിട്ട് സൂതി കർമ്മിണി പിതാവിനെ ഏല്പിക്കണമെന്നും കാറ്റും തണുപ്പു മേൽക്കാത്ത സ്ഥലത്തിരുന്നിട്ട് വേദമന്ത്രോച്ചാരണപൂർവ്വം ശുദ്ധവും തണുപ്പുമാറ്റിയതുമായ ജലംകൊണ്ട് ശിശുവിനെ കുളിപ്പിച്ച് ശുഭ്ര വസ്ത്രത്താൽ പുതപ്പിച്ച്, തയ്യാറാക്കിവച്ചിരിക്കുന്ന ഹോമകുണ്ഡ ത്തിനടുത്ത് പൂർവ്വാഭിമുഖമായിരുന്ന് യഥാവിധി ഈശ്വരോപാസന, ഹോമം എന്നിവ നടത്തണമെന്നുമാണ് വിധി. ഈ കർമ്മത്തിന് പുരോഹിതനും ഗൃഹസ്ഥാശ്രമിയായിരിക്കണമെന്നുണ്ട്.

പിന്നീട് നെയ്യും തേനും അനുപാതമനുസരിച്ച് ചേർത്ത് ചാലിച്ച് ഒരു പൊൻശലാകയാൽ അതിൽ തൊട്ട് ശിശുവിന്റെ നാവിൽ 'ഓം' എന്നെഴുതുംവിധം ചെയ്തിട്ട് അതിന്റെ വലത്തെ ചെവിയ്ക്കൽ 'വേദോऽസി' (നിന്റെ ഗൂഢനാമം വേദം എന്നാ കുന്നു) എന്നു പതിച്ചുചൊല്ലണം. അതുപോലെ ഇടത്തെചെവി യിലും 'വേദോऽസി' എന്ന് ഉച്ചരിക്കണം. ഈ സന്ദർഭത്തിൽ ജപിക്കുന്ന മന്ത്രമിതാ :-

1. **ഓം മേധാം തേ ദേവഃ സവിതാ**
   **മേധാം ദേവീ സരസ്വതീ**
   **മേധാം തേ അശ്വിനൗ ദേവാവാധത്താം**
   **പുഷ്കരസ്രജൗ.**

2. ഓം അഗ്നിരായുഷ്മാന് സ
   വനസ്പതിഭിരായുഷ്മാംസ്തേന
   ത്വായുഷായുഷ്മന്തം കരോമി.

3. ഓം സോമ ആയുഷ്മാന് സ
   ഓഷധീഭിരായുഷ്മാംസ്തേന
   ത്വായുഷായുഷ്മന്തം കരോമി.

4. ഓം ബ്രഹ്മ ആയുഷ്മത് തദ്ബ്രാഹ്മണൈരാ-
   യുഷ്മത്തേന
   ത്വായുഷായുഷ്മന്തം കരോമി.

5. ഓം ദേവാ ആയുഷ്മന്തസ്തേ/മൃതേനായുഷ്മന്തസ്തേന
   ത്വായുഷായുഷ്മന്തം കരോമി.

6. ഓം ഋഷയ ആയുഷ്മന്തസ്തേ വ്രതൈരാ-
   യുഷ്മന്തസ്തേന
   ത്വായുഷായുഷ്മന്തം കരോമി.

7. ഓം പിതര ആയുഷ്മന്തസ്തേ സ്വധാഭിരാ-
   യുഷ്മന്തസ്തേന
   ത്വായുഷായുഷ്മന്തം കരോമി.

8. ഓം യജ്ഞ ആയുഷ്മാന് സ ദക്ഷിണാഭിരാ-
   യുഷ്മാംസ്തേന
   ത്വായുഷായുഷ്മന്തം കരോമി.

9. ഓം സമുദ്ര ആയുഷ്മാന് സ സ്രവന്തീഭിരാ-
   യുഷ്മാംസ്തേന
   ത്വായുഷായുഷ്മന്തം കരോമി.

അനന്തരം ശിശുവിന്റെ ഇരുതോളുകളിലും സ്പർശിച്ചുകൊണ്ട് ജപിക്കേണ്ടതായ വേദമന്ത്രമിതാണ്:

ഓം ഇന്ദ്ര ശ്രേഷ്ഠാനി ദ്രവിണാനി ധേഹി
ചിത്തിം ദക്ഷസ്യ സുഭഗത്വമസ്മേ
പോഷം രയീണാമരിഷ്ടിം തനൂനാം

**സ്വാത്മാനം വാ സുദിനത്വമഹ്നാം**
**അസ്മേ പ്രയന്ധി മഘവന്നൃജീഷിന്നിന്ദ്ര**
**രായോ വിശ്വവാരസ്യ ഭൂരേഃ**
**അസ്മേ ശതം ശരദോ ജീവസേ ധാ**
**അസ്മേ വീരാഞ്ഛശ്വത ഇന്ദ്ര ശിപ്രിൻ.**
**ഓം അശ്മാ ഭവ പരശുർഭവ ഹിരണ്യമസ്തൃതം**
**ഭവ വേദോ വൈ പുത്ര നാമാസി**
**സ ജീവ ശാരദഃ ശതം.**

തുടർന്ന് ഈറ്റില്ലത്തിലും മാതൃശരീരത്തിലും, ജപിച്ച് വെച്ചിരിക്കുന്ന സുഗന്ധജലം തളിക്കണം. അനന്തരം യഥാവിധി മന്ത്രോച്ചാരണപൂർവ്വം മാതാവിന്റെ സ്തനങ്ങൾ പവിത്രജലം കൊണ്ട് കഴുകി തുടച്ചിട്ട് ആദ്യം വലത്തേതും പിന്നീട് ഇടത്തേതുമായി മുലപ്പാൽ ശിശുവിന് കൊടുക്കണം. മാതാവിന്റെ തലയ്ക്കൽ (കിടക്കയുടെ) മന്ത്രജപപൂർവ്വം ഒരു കലശം ജലം സൂക്ഷിക്കുക. പത്തുദിവസം വരെ രണ്ടു സന്ധ്യാവേളകളിലും പ്രസവരക്ഷയ്ക്കായും ശിശുരക്ഷയ്ക്കായും ഹോമകർമ്മങ്ങൾ ചെയ്യുക എന്നീ ചടങ്ങുകളും ഈ സംസ്ക്കാരത്തിലുൾപ്പെടുന്നു.

## 5. നാമകരണസംസ്ക്കാരം

ശിശുവിന്റെ ജനനാന്തരം 11-ാം ദിവസത്തിലോ, 101-ാം ദിവസത്തിലോ ഈ രണ്ടു ദിനങ്ങളിലും സാധിച്ചില്ലെങ്കിൽ രണ്ടാം വർഷത്തിലൊരു ജന്മനക്ഷത്രത്തിലോ പേരുവിളിക്കുന്ന സംസ്ക്കാരമാണ് നാമകരണം. ഓരോ സംസ്ക്കാരത്തിനും അനുഷ്ഠിക്കേണ്ട ഈശ്വരപ്രാർത്ഥന, ഹോമം, സ്വസ്തിവാചനം, ശാന്തികരണം എന്നിവയെല്ലാം ശിശുവിന് വേണ്ടി പിതാവും പുരോഹിതനും നിർവ്വഹിക്കണം. മാതാവ് ശിശുവിനെ കുളിപ്പിച്ച് ശുഭ്രവസ്ത്രം ധരിപ്പിച്ച് യജ്ഞവേദിയുടെ പടിഞ്ഞാറുഭാഗത്തിരിക്കുന്ന പിതാവിന്റെ പിന്നിലൂടെ ചെന്ന് അദ്ദേഹത്തെ ഏല്പിച്ചിട്ട് ഇടത്തുഭാഗത്ത് ഇരിക്കണം.

മുറപ്രകാരം നാമകരണസംസ്ക്കാരവും വിശേഷയജ്ഞാഹൂതിക ളോടുകൂടി നടത്തപ്പെടുന്നു. ആൺകുട്ടികൾക്ക് ഐശ്വര്യം, വീര്യം, വിദ്യ, ബലം മുതലായ ഗുണങ്ങൾ വ്യഞ്ജിപ്പിക്കുന്ന പേരുകളും പെൺകുഞ്ഞുങ്ങൾക്ക് മധുരകോമളങ്ങളായതും രണ്ടോ മൂന്നോ അക്ഷരങ്ങളടങ്ങുന്നതും ആയ പേരുകളും വിളിക്കണമെന്നുണ്ട്.

അനന്തരം നാമകരണകർമ്മത്തിനുവേണ്ടി വന്നുചേർന്നിരിക്കു ന്നവരെല്ലാം ചേർന്ന് സാമൂഹിക ഉപാസന നടത്തും. പുരോഹിതന്റെ നാമകരണസംസ്ക്കാരവിഷയത്തെ സംബന്ധിച്ച പ്രഭാഷണ ത്തിനുശേഷം യഥോചിതം അതിഥികൾ സൽക്കരിക്കപ്പെടുന്നു. ആഗതർ യാത്ര ചോദിച്ചു പിരിയുമ്പോൾ ശിശുവിനെ നോക്കി 'കുഞ്ഞേ! നീ ആയുഷ്മാനും, വിദ്യാധനനും, ധർമ്മാത്മാവും, യശസ്വിയും, പുരുഷാർത്ഥിയും, പ്രതാപിയും, പരോപകാരിയും, ഐശ്വര്യസമ്പന്നനുമായി ഭവിക്കട്ടെ' എന്നാശംസിക്കുന്നു.

**ഹേ ബാലക! ത്വമായുഷ്മാൻ**
**വർച്ചസ്വീ തേജസ്വീ ശ്രിമാൻ ഭൂയാ:**

എന്നുചൊല്ലി ആശീർവദിക്കണം.

നാമകരണത്തിൽപോലും ബാലികാബാലന്മാരെ സത്തുക്ക ളുടെ സൽക്കർമ്മങ്ങളിലേക്ക് ആകർഷിക്കത്തക്കവിധം പൂർവ്വികർ ശ്രദ്ധിച്ചിരുന്നു.

**നാമധേയം തയോശ്ചാപി**
**മഹാപുരുഷകർമ്മണാം!**
**വിശദാനം പ്രേരകഞ്ച ഭവേൽ**
**സ്വഗുണബോധകം!**

# 6. നിഷ്ക്രമണസംസ്ക്കാരം

ശിശുവിന്റെ ജനനശേഷം മൂന്നാമത്തെ ശുക്ളപക്ഷതൃതീയയിലോ നാലാംമാസത്തിൽ ശിശുവിന്റെ ജന്മതിഥിയിലോ സൂര്യോദയസമയം തെളിഞ്ഞ അന്തരിക്ഷത്തിൽ ശിശുവിനെ വീട്ടിനകത്തുനിന്നും പുറത്ത് നല്ല വായുസഞ്ചാരമുള്ള സ്ഥലത്തേക്ക് എടുത്തുകൊണ്ടുപോയി പ്രകൃതിദർശനം നടത്തിക്കുന്ന, ഈശ്വരാരാധനാപൂർവ്വം ചെയ്യുന്ന കർമ്മമാണ് നിഷ്ക്രമണസംസ്ക്കാരം. ഗൃഹാന്തർഭാഗം വിട്ട് സഞ്ചരിക്കുന്നതിനും പ്രകൃതിയിലെ സദംശങ്ങളെ അനുകൂലമാക്കുന്നതിനും ശിശുവിനെ സജ്ജീകരിക്കുകയാകുന്നു ഈ കർമ്മത്തിന്റെ ഉദ്ദേശ്യം.

കർമ്മത്തിൽ പങ്കെടുക്കുന്നതിനായി വന്ന ബന്ധുമിത്രാദികൾ യജ്ഞവേദിയുടെ ചുറ്റുമിരിക്കെ ശിശുവിനെ കുളിപ്പിച്ച് ശുഭ്രവസ്ത്രം ധരിപ്പിച്ച്, മാതാവ് എടുത്തുകൊണ്ടുവരികയും മാതാവും പിതാവും യജ്ഞവേദിയുടെ പടിഞ്ഞാറുവശത്ത് പൂർവ്വാഭിമുഖമായി ഇടത്തും വലത്തുമിരുന്ന് ഈശ്വരപ്രാർത്ഥന, ഹോമം, സ്വസ്തിവാചനം, മുതലായവ യഥാവിധി അനുഷ്ഠിക്കുകയും ചെയ്തിട്ട് ശിശുവിന്റെ ശിരസ്സിൽ സ്പർശിച്ചുകൊണ്ട് ഈ മന്ത്രം ചൊല്ലണം:

**ഓം അംഗാദംഗാത്സംഭവസി ഹൃദയാദധിജായസേ**
**ആത്മാ വൈ പുത്രനാമാസി സ ജീവ ശരദഃ ശതം**
**ഓം പ്രജാപതേഷ്ട്വാ ഹിങ്കാരേണാവജിഘ്രാമി**
**സഹസ്രായുഷാഽസൗ ജീവ ശരദഃ ശതം**
**ഗവാം ത്വാ ഹിങ്കാരേണാവജിഘ്രാമി**

അനന്തരം മാതാവിന്റെ കൈയിൽ ശിശുവിനെ കൊടുക്കുക. പെൺകുട്ടിയാണെങ്കിൽ മന്ത്രമില്ലാതെ ശിരസ്സുസ്പർശിച്ചാൽ മാത്രം മതി. പിന്നീട് ശിശുവിനെയും എടുത്തുകൊണ്ട് ഇരുവരും പ്രസന്നതാപൂർവ്വം ആദിത്യന് അഭിമുഖമായിനിന്ന് കുഞ്ഞിനെ ആദിത്യദർശനം ചെയ്യിക്കുകയും വേണം. അപ്പോൾ ചൊല്ലുന്ന മന്ത്രം:-

**ഓം തച്ചക്ഷുർദ്ദേവഹിതം പുരസ്താച്ഛുക്രമുച്ചരത്**
**പശ്യേമ ശരദഃ ശതം, ജീവേമ ശരദഃ ശതം**

**ശൃണുയാമ ശരദഃ ശതം**
**പ്രബ്രവാമ ശരദ: ശതമദീനാ സ്യാമ**
**ശരദ: ശതം ഭൂയശ്ച ശരദ: ശതാത്**

ഇങ്ങനെ മന്ത്രോച്ചാരണപൂർവ്വം വായുസഞ്ചാരമുള്ള വെളിസ്ഥലത്ത് അല്പനേരം ഉലാത്തിയിട്ട് മടങ്ങി യജ്ഞവേദിക്കടുത്തു വരുമ്പോൾ അവിടെ കൂടിയിരിക്കുന്നവരെല്ലാം ചേർന്ന് 'ത്വം ജീവ ശരദഃ ശതം വർദ്ധമാനഃ' എന്ന മന്ത്രോച്ചാരണപൂർവ്വം ശിശുവിനെ ആശീർവദിക്കണം. പിന്നീട് പുരോഹിതപ്രഭാഷണവും സംസ്ക്കാരകർമ്മത്തിൽ പങ്കെടുത്തവർക്ക് സൽക്കാരവും നടത്തണം.

അന്ന് വൈകുന്നേരം ചന്ദ്രൻ ഉദിച്ച് പ്രകാശിക്കുമ്പോൾ മാതാപിതാക്കൾ ശിശുവിനെ എടുത്തുകൊണ്ട് വീട്ടിന് പുറത്ത്വന്ന്, ക്രമശഃ ഇരുവരും അഞ്ജലിയിൽ ജലമെടുത്ത് ചന്ദ്രനെ നോക്കി-

**ഓം യദദശ്ചന്ദ്രമസി കൃഷ്ണം പൃഥിവ്യാ ഹൃദയം ശ്രിതം**
**തദഹം വിദ്വാങ്സ്തത്പശ്യന്മാഹം പൗത്രമഘം രുദം.**

എന്ന് പ്രാർത്ഥനാപൂർവ്വം ജലം ഭൂമിയിൽ പ്രോക്ഷിക്കുകയും ശിശുവിനെ ചന്ദ്രദർശനം നടത്തിക്കുകയും വേണം.

## 7. അന്നപ്രാശനസംസ്ക്കാരം

കുഞ്ഞിന് ആദ്യമായി അന്നം (ചോറ്) നൽകുന്ന കർമ്മമാണിത്. അന്നത്തെ ദഹിപ്പിക്കാനുള്ള ശക്തി ശിശുവിൽ ഉണ്ടാകുമ്പോൾ- ആറാം മാസത്തിൽ - ഒരു ശുഭദിനം നോക്കി ഇതനുഷ്ഠിക്കണം.

**ഷഷ്ഠേ മാസ്യന്നപ്രാശനം**
**ഘൃതൗദനം തേജസ്കാമ:**
**ദധിമധുഘൃതമിശ്രിതമന്നം പ്രാശയേത്**

എന്ന വിധിപ്രകാരം, പാകംചെയ്ത ചോറിൽ നെയ്യുചേർത്ത്, മാതാപിതാക്കളും പുരോഹിതനും ബന്ധുമിത്രാദികളും യജ്ഞവേദിക്കുചുറ്റും യഥാസ്ഥാനങ്ങളിലിരുന്ന് ഈശ്വരോപാസന-ഹോമാ

ദികർമ്മങ്ങൾ- നടത്തി നിവേദിക്കുകയോ ആഹുതിനൽകുകയോ ചെയ്യണം. പ്രസ്തുത അന്നം യജ്ഞാഗ്നിയിൽ ആഹുതിചെയ്യുമ്പോൾ ഉച്ചരിക്കുന്ന വേദമന്ത്രം.

**ഓം ദേവീം വാചമജനയന്ത ദേവാസ്താം**
**വിശ്വരൂപാ: പശവോ വദന്തി**
**സാ നോ മന്ദ്രേഷമൂർജ്ജം ദുഹാനാ**
**ധേനുർവാഗസ്മാനുപസുഷ്ടുതൈതു സ്വാഹാ**

ശിഷ്ടാന്നത്തിൽ വീണ്ടും ഉരുക്കിയനെയ്യുചേർത്തിളക്കി

**ഓം പ്രാണേനാന്നമശീയ സ്വാഹാ**
**ഇദം പ്രാണായ-ഇദം ന മമ**
**ഓം അപാനേന ഗന്ധാനശീയ സ്വാഹാ**
**ഇദമപാനായ-ഇദം ന മമ**
**ഓം ചക്ഷുഷാ രൂപാണ്യശീയ സ്വാഹാ**
**ഇദം ചക്ഷുഷേ-ഇദം ന മമ**
**ഓം ശ്രോത്രേണ യശോഽശീയ സ്വാഹാ**
**ഇദം ശ്രോത്രായ- ഇദം ന മമ**

എന്നിങ്ങനെ നാലാഹുതികൾ ചെയ്യുക.

നിവേദ്യാന്നത്തിൽ അഥവാ ആഹുതി നൽകിയതിന്റെ ശിഷ്ടാന്നത്തിൽ ആവശ്യത്തിന് തൈര്, തേൻ, നെയ്യ് എന്നിവ ചേർത്ത് യോജിപ്പിച്ച് ഭഗവൽപ്രസാദമെന്ന ഭാവത്തിൽ

**ഓം അന്നപതേഽന്നസ്യ നോ ദേഹ്യനമീവസ്യ ശുഷ്മിണ:**
**പ്ര പ്രദാതാരം താരിഷ ഊർജ്ജം നോ ധേഹി ദ്വിപദേ**
**ചതുഷ്പദേ**

എന്ന മന്ത്രജപപൂർവ്വം മൂന്ന്പ്രാവശ്യം അല്പാല്പം കുഞ്ഞിന് കൊടുക്കണം. പിന്നീട് ശിശുവിന്റെ വായ്, കൈ, എന്നിവ ശുദ്ധമാക്കി മാതാപിതാക്കളും കൂടിയിരിക്കുന്ന സ്ത്രീപുരുഷന്മാരുംചേർന്ന് ഈശ്വരപ്രാർത്ഥനാപൂർവ്വം - **'ത്വം അന്നപതിരന്നാദോ വർദ്ധമാനോ ഭൂയാ:'** എന്നുചൊല്ലി ആശീർവദിക്കണം.

അന്നത്തിന്റെ സൂക്ഷ്മവും പവിത്രവുമായ ശക്തിവിശേഷത്തെയും ജീവേശ്വരബന്ധത്തിന് അതെങ്ങനെ കാരണമായി ഭവിക്കുന്നുവെന്നും ബോദ്ധ്യപ്പെടുത്തുന്ന പുരോഹിതന്റെയോ ആചാര്യന്റെയോ പ്രഭാഷണം ഈ സന്ദർഭത്തിൽ ഉണ്ടായിരിക്കണം.

ഈ സംസ്ക്കാരകർമ്മം ആദ്യാവസാനം പിതാവിനേക്കാൾ മാതാവാണ് മുന്നിട്ട് നടത്തേണ്ടത്. പുരോഹിതനെയും ഗുരുജനങ്ങളെയും പിതാവ് സ്വീകരിച്ച് സൽക്കരിച്ചാലും സ്ത്രീകളെയും കുട്ടികളെയും മാതാവ് തന്നെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്യണമെന്നുണ്ട്.

കുട്ടികളുടെ ശബ്ദമാധുര്യം, സ്വഭാവനൈർമ്മല്യം, ആരോഗ്യം എന്നിവയ്ക്ക് അടിസ്ഥാനമിടുന്നവിധത്തിലാണ് അന്നപ്രാശനകർമ്മം ആസൂത്രണം ചെയ്തിട്ടുള്ളത്. അന്നത്തിന്റെ (ഭക്ഷണത്തിന്റെ) സൂക്ഷ്മഭാഗത്തിൽനിന്ന് മനോവികാസം ഉണ്ടാകുന്നു. അന്നം ന്യായപൂർവ്വം ആർജ്ജനം ചെയ്തതും സാത്വികവും പവിത്രസങ്കല്പത്തോടുകൂടി തയ്യാറാക്കുന്നതുമാകണം.

ശിശുവിന്റെ ഹൃദയത്തിൽ എപ്രകാരമുള്ള ഗുണങ്ങൾ ഉളവാകണമെന്ന് ആഗ്രഹിക്കുന്നുവോ അപ്രകാരമുള്ള ഭക്ഷണപാനീയങ്ങൾ പാകമാക്കി കൊടുക്കണം. ഭക്ഷണത്തെ ഔഷധം, പ്രസാദം, ബ്രഹ്മസ്വരൂപി എന്നീ വിധത്തിൽ മനസ്സിലാക്കി പ്രസന്നഭാവത്തിൽ ഭുജിക്കണമെന്ന് പൊതുവിധിയുണ്ട്.

ശിശുവിന്റെ തുലാഭാരം നടത്തി-ശിശുവിന്റെ തൂക്കത്തിന് തുല്യം അന്നം-ദാനം ചെയ്യുന്ന ചടങ്ങും അന്നപ്രാശനസംസ്ക്കാരത്തിൽ കഴിവുള്ളവർ ചെയ്യണമെന്നുണ്ട്. ആ സന്ദർഭത്തിൽ ജപിക്കുന്ന വേദമന്ത്രമിതാണ്-

**ഓം തേജോ/സി ശുക്രമമൃതമായുഷ്യാ ആയുർമേ പാഹി**
**ദേവസ്യ ത്വാ സവിതുഃ പ്രസവേ/ശ്വിനോർ**
**ബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാമാദദേ**

## 8. ചൂഡാകർമ്മസംസ്ക്കാരം

കുഞ്ഞ് ജനിച്ച് മൂന്ന് വർഷം കഴിയുമ്പോഴോ മുൻകൂട്ടിവേണമെങ്കിൽ ഒരു വയസ്സ് തികഞ്ഞിട്ടോ ഉത്തരായണകാലത്തെ ശുക്ലപക്ഷത്തിലൊരു ശുഭമുഹൂർത്തത്തിൽ ഗർഭത്തിൽവച്ച് അങ്കുരിച്ചിട്ടുള്ള തലമുടി ക്ഷൗരംചെയ്തുകളയുന്ന കർമ്മമാണിത്. ഇത് കേശച്ഛേദനം, മുണ്ഡനസംസ്ക്കാരം എന്നീ പേരുകളിലും ആചരിക്കാറുണ്ട്.

**തൃതീയേ വർഷേ ചൗളം**
**ഉത്തരതോ/ഗ്നേർവ്രീഹിയവമാഷ-**
**തിലാനാം പൃഥക് പൂർണ്ണശരാവാണി നിദധാതി**
**സാംവത്സരികസ്യ ചൂഡാകരണം**

എന്നീ ക്രമങ്ങളിൽ ആശ്വലായനം, പാരസ്ക്കര, ഗോഭിലാദി ഗൃഹ്യസൂത്രങ്ങളിൽ ചൂഡാകർമ്മത്തെപ്പറ്റി പറയുന്നു.

വിധിയാംവണ്ണം പൂജാ-ഹോമാദികൾ അനുഷ്ഠിച്ചിട്ട് ഒരു പാത്രത്തിൽ ചൂടുവെള്ളവും മറ്റൊരു പാത്രത്തിൽ പച്ചവെള്ളവും എടുത്ത് അവ മൂന്നാമതൊരു പാത്രത്തിൽ ഒരുമിച്ചു ചേർത്ത് വെക്കുക. കൈയിൽ അല്പം വെണ്ണയും മിശ്രണംചെയ്ത ജലവും എടുത്ത്

**ഓം അദിതിഃ ശ്മശ്രു വപത്വാപ ഉന്ദന്തു വർച്ചസാ**
**ചികിത്സതു പ്രജാപതിർദീർഘായുത്വായ ചക്ഷസേ**
**ഓം സവിത്രാ പ്രസൂതാ ദൈവ്യാ ആപ ഉന്ദന്തു തേ**
**തനൂം ദീർഘായുത്വായ വർച്ചസേ**

എന്നീ മന്ത്രോച്ചാരണപൂർവ്വം മൂന്ന് പ്രാവശ്യം കുട്ടിയുടെ തലമുടിയിൽ പുരട്ടി മുടി ഒതുക്കിവയ്ക്കുകയും മൂന്ന് ദർഭപ്പുല്ല് മുടിയോട് ചേർത്തു പിടിച്ചു കൊണ്ട്

**ഓം ഔഷധേ ത്രായസ്വൈനം**
**ഓം വിഷ്ണോർദംഷ്ട്രോ/സി**

ഇത്യാദി മന്ത്രോച്ചാരണപൂർവ്വം കത്രികകൊണ്ട് യഥാക്രമം വലത്തും ഇടത്തും പിന്നിലും മുന്നിലുമുള്ള മുടിമുറിക്കുകയും

ചെയ്തിട്ട് പിതാവ് ക്ഷുരകനെ ക്ഷണിച്ച് യജ്ഞവേദിയുടെ വടക്ക് ഭാഗത്ത് പൂർവ്വാഭിമുഖമായിരുത്തി അയാളെക്കൊണ്ട് നന്നായി മുണ്ഡനം ചെയ്യിക്കണം.

തത്സമയത്ത് ചൊല്ലേണ്ടുന്ന വേദമന്ത്രം:-

**ഓം യത് ക്ഷുരേണ മർചയതാ സുപേശസാ**
**വപ്താ വപസി കേശാൻ ശുന്ധി**
**ശിരോ മാസ്യായു: പ്രമോഷീ:**

ദർഭ ഇല്ലെങ്കിൽ കുശപ്പുല്ല് മൂന്നെണ്ണം ചേർത്തിട്ട്വേണം ആദ്യത്തെ മുടി കത്രിക്കാൻ (മുറിക്കാൻ) ശിഖ-കുടുമ-വയ്ക്കണമെന്നുള്ളവർ രണ്ടാമത്തെ ക്ഷൗരംമുതൽ വളർത്തിയാൽ മതിയാകും.

മുണ്ഡനം കഴിഞ്ഞ് ദർഭ, ശമീവൃക്ഷത്തിന്റെ ഇല എന്നിവയിൽ പശുവിൻചാണകം കൊണ്ട് മുടിയെല്ലാം ഒപ്പിയെടുത്ത് ഒരു കുഴി കുത്തി അതിലിട്ട് മൂടണം. കേശച്ഛേദാനന്തരം വെണ്ണയോ തൈരിന്റെ പാടയോ തലയിൽ പുരട്ടി കുട്ടിയെ കുളിപ്പിച്ച് ശുഭ്ര വസ്ത്രം ധരിപ്പിച്ച് തലയിൽ ചന്ദനം കൊണ്ട് സ്വസ്തികയെഴുതി വീണ്ടും യജ്ഞവേദിക്കടുത്ത് കൊണ്ടുവന്ന് സമാപനയജ്ഞം നടത്തിയശേഷം ക്ഷുരകൻ, പുരോഹിതൻ എന്നിവർക്ക് പാരിതോഷികം നൽകുകയും എല്ലാവരെയും യഥാശക്തി സൽക്കരിക്കുകയും ചെയ്യാം. ആചാര്യന്റെ സംസ്ക്കാരപ്രവചനാനന്തരം എല്ലാവരും യാത്രപറഞ്ഞ് പിരിയുമ്പോൾ '**ഓം ത്വം ജീവ ശരദഃ ശതം വർദ്ധമാനഃ**' എന്ന മന്ത്രം ഉച്ചരിച്ച് കുട്ടിയെ ആശീർവദിക്കണം.

## 9. ഉപനയനസംസ്ക്കാരം

യജ്ഞോപവീത-പൂണൂൽ-ധാരണത്തിനുള്ള സംസ്ക്കാരമാണിത്. കുട്ടിയുടെ മനസ്സിൽ വിഷയവാസനകൾ ഊറുന്നതിനുമുൻപ് ഈ കർമ്മം അനുഷ്ഠിക്കണമെന്നുണ്ട്. മുൻപ് വർണ്ണാശ്രമധർമ്മം യഥോചിതം പാലിച്ചിരുന്ന കാലഘട്ടങ്ങളിൽ ദീർഘായുസ്സുണ്ടായിരുന്നതിനാൽ യഥാക്രമം എട്ട്, പതിനൊന്ന്, പന്ത്രണ്ട് എന്നീ വയ

സ്സുകളിൽ ഉപനയനം നടത്തിയിരുന്നു. ധർമ്മശാസ്ത്രങ്ങളുടെ കാല ധർമ്മാനുസൃതമായ വിധിയനുസരിച്ച് അല്പായുസ്സിന്റെ ഈ കാല ഘട്ടത്തിൽ കുട്ടിക്ക് അഞ്ച് വയസ്സ് കഴിഞ്ഞാൽ ഈ സംസ്ക്കാരം നടത്താവുന്നതാണ്.

എന്നാൽ വർണ്ണസങ്കരം സംഭവിച്ചിരിക്കകൊണ്ട് പൂണൂൽ ധാരണം ആർക്കെന്ന പ്രശ്നത്തെക്കാൾ, ഉപനയനം എല്ലാവർക്കും ആവശ്യമുള്ള കർമ്മമാണെന്ന കാര്യം ഗ്രഹിക്കണം. വിശിഷ്യാ എല്ലാ ഹിന്ദുക്കളും ശ്രദ്ധയുള്ളവരാണെങ്കിൽ ശ്രദ്ധയുടെ സുരക്ഷിതത്വ ത്തിനും, ശ്രദ്ധയില്ലാത്തവരാണെങ്കിൽ അതുളവാക്കുന്നതിനും-ഉപ നയനസംസ്ക്കാരവേളയിൽ പൂണൂലോ പകരം കൈത്തണ്ടയിൽ നൂലുകൊണ്ട് രക്ഷയോ ധരിക്കേണ്ടതാണ്. പവിത്രസങ്കൽപ്പങ്ങളു ടെ ചിഹ്നമാണത്. ധാർമ്മികകർമ്മാനുഷ്ഠാനങ്ങൾക്ക് ഒരു കുട്ടിക്കുള്ള അർഹതയെ വ്യഞ്ജിപ്പിക്കുന്ന അടയാളമാണത്. ഉപനയനത്തോ ടുകൂടി ബാലൻ ബ്രഹ്മചാരിയായിത്തീരുന്നു. ബാലനെ വേദാരം ഭത്തിന് (വിദ്യാരംഭത്തിന്) അഥവാ ജ്ഞാനസമ്പാദനത്തിന് അധി കാരിയാക്കുന്നത് ഉപനയനസംസ്ക്കാരംകൊണ്ടാകുന്നു.

ഉപനയനസംസ്ക്കാരത്തിനു മൂന്നു ദിവസം അല്ലെങ്കിൽ ഒരു ദിവസമെങ്കിലും മുൻകൂട്ടി പാലോ യവമോ കഴിച്ച് ബാലൻ വ്രതമാ ചരിക്കണം. പ്രാതഃകാലമാണ് ഉപനയനത്തിന് പറ്റിയ സമയം. ബാലൻ ശൗചസ്നാനാദികൾ കഴിച്ച് വിശേഷവസ്ത്രം ധരിച്ച് യജ്ഞ വേദിയുടെ പടിഞ്ഞാറുവശത്ത് പൂർവ്വാഭിമുഖമായിരിക്കുമ്പോൾ അച്ഛനും ആചാര്യനും ബന്ധുമിത്രാദികളും ചുറ്റുമിരുന്ന് ഈശ്വ രോപാസന, യജ്ഞം എന്നിവ നടത്തണം. പിന്നീട് പുരോഹിത ന്റെയോ ആചാര്യന്റെയോ ആജ്ഞപ്രകാരം ബാലൻ പൂണൂൽ കയ്യി ലെടുത്തുകൊണ്ട് ആഹുതികൾ അർപ്പിക്കണം. എന്നിട്ട് മന്ത്രോച്ചാ രണപൂർവ്വം ആചാര്യനാൽ യജ്ഞോപവീതധാരണം ചെയ്യപ്പെടുന്ന ബ്രഹ്മചാരി ഈ മന്ത്രം ചൊല്ലി ബ്രഹ്മചര്യവ്രതം കൈക്കൊ ള്ളുന്നു.

**ഓം യജ്ഞോപവീതം പരമം പവിത്രം**
**പ്രജാപതേര്യത്സഹജം പുരസ്താത്**

**ആയുഷ്യമഗ്ര്യം പ്രതിമുഞ്ച ശുഭ്രം**
**യജ്ഞോപവീതം ബലമസ്തു തേജ:**
**യജ്ഞോപവീതമസി യജ്ഞസ്യ ത്വാ**
**യജ്ഞോപവീതേനോപനഹ്യാമി**

സാരം:- പരിശുദ്ധമാക്കാൻ പ്രാപ്തിയുള്ളവയിലേറ്റവും ശ്രേഷ്ഠമായതും ആദിയിൽ ബ്രഹ്മാവിനോടൊപ്പം ആവിർഭവിച്ചതും ആയുർബലവും മനഃശക്തിയും പ്രദാനം ചെയ്യുന്നതുമായ ശുഭ്രമായ പൂണൂൽ ഞാൻ ധരിക്കുന്നു. ജ്ഞാനവെളിച്ചവും ശക്തിയും ഇതിനാൽ സുരക്ഷിതമായി നിൽക്കുമാറാകട്ടെ.

പിന്നീട് ബ്രഹ്മചാരിയെന്നനിലയിൽ ആചാര്യാനുഗ്രഹപ്രകാരം സ്വയം ഈശ്വരോപാസന ചെയ്യണം. യജ്ഞാഗ്നിയിൽ-

**ഓം അഗ്നേ വ്രതപതേ വ്രതം ചരിഷ്യാമി**
**തത്തേ പ്രബ്രവീമി തച്ഛകേയം**
**തേനർദ്ധ്യാസമിദമഹമനൃതാ-**
**ത്സത്യമുപൈമി സ്വാഹാ-ഇദമഗ്നയേ ഇദം ന മമ.**

ഇത്യാദി മന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ട് വിശേഷാഹുതികൾ നൽകണം. യജ്ഞകുണ്ഡത്തിന്റെ (പൂജാവേദിയുടെ) വടക്കുവശത്ത് പൂർവ്വാഭിമുഖമായിരിക്കുന്ന ആചാര്യനിൽനിന്ന് അദ്ദേഹത്തിനഭിമുഖമായിരിക്കുന്ന ബ്രഹ്മചാരി, ബ്രഹ്മചര്യവ്രതം ഉറപ്പിക്കുന്ന ആശയങ്ങൾ മന്ത്രോപദേശരൂപേണ സ്വീകരിക്കണം. ആചാര്യൻ ഉപനീതനെക്കൊണ്ട് പ്രതിജ്ഞ ചെയ്യിക്കുന്നതുപോലെ ബ്രഹ്മചാരി ആചാര്യനെക്കൊണ്ടും പ്രതിജ്ഞയെടുപ്പിക്കും. അതായത് ആചാര്യൻ ശിഷ്യനായ ഉപനീതന്റെ ഹൃദയത്തെ തനിക്കധീനമാക്കി തന്റെ ഉപദേശങ്ങളിൽ ശ്രദ്ധയും ഏകാഗ്രതയും ചെലുത്തി സ്വചിത്താനുകൂലം അനുവർത്തിക്കാൻ പ്രതിജ്ഞ ചെയ്യിക്കുന്നതോടൊപ്പം, തന്റെ സ്വഭാവഗുണങ്ങളും മനഃശ്ശക്തിയും യഥാസമയം അറിഞ്ഞുകൊണ്ട്, സന്ദേശങ്ങൾ ക്ഷമാപൂർവ്വം ശ്രവിച്ച് നന്മയെ മാത്രം ലാക്കാക്കി നേർവഴിക്ക് നയിക്കണമെന്ന് ആചാര്യനെക്കൊണ്ടും ബ്രഹ്മചാരിയും പ്രതിജ്ഞയെടുപ്പിക്കും.

അനന്തരം ഉപനീതനായ ബ്രഹ്മചാരിയുടെ വ്രതരക്ഷ ണാർത്ഥം ആചാര്യൻ:

**ഓം കസ്യ ബ്രഹ്മചാര്യസി പ്രാണസ്യ ബ്രഹ്മചാര്യസി**
**കസ്ത്വാ കമുപനയതേ കായ ത്വാ പരിദദാമി**

ഇത്യാദി മന്ത്രങ്ങൾ ചൊല്ലുന്നു. സാമവേദഗാനത്തോടുകൂടി ഉപനയനകർമ്മം സമാപിച്ചശേഷം ആചാര്യനെയും ഉപസ്ഥിതരായിരിക്കുന്ന ജ്ഞാനികളെയും മറ്റും യഥോചിതം സൽക്കരിക്കണം. യാത്രയാവുന്നതിനുമുൻപ് എല്ലാവരും ചേർന്ന്-

**ഓം ത്വം ജീവ ശരദഃ ശതം വർദ്ധമാനഃ**
**ആയുഷ്മാൻ തേജസ്വീ വർചസ്വീ ഭൂയാഃ**

എന്നമന്ത്രം ചൊല്ലി വടു(ബ്രഹ്മചാരി)വിനെ ആശീർവദിക്കണം. യഥായോഗ്യം വേദം അഭ്യസിച്ച് കല്മഷരഹിതരായി, ധനത്തേക്കാൾ ധർമ്മത്തെ മനസാ വാചാകർമ്മണാ ബഹുമാനിക്കുന്ന സമുദായക്ഷേമതല്പരനും ജിതേന്ദ്രിയനും ധർമ്മാത്മാവുമായ വ്യക്തിയെയാണ് ആചാര്യൻ എന്ന സംജ്ഞകൊണ്ട് ധർമ്മശാസ്ത്രങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളത്. ജ്ഞാനസമ്പാദനാർത്ഥം തന്റെ ശിഷ്യരായി വരുന്ന ബ്രഹ്മചാരികളെ പുത്രസമാനം വാത്സല്യപൂർവ്വം നോക്കുന്ന ആളാണ് ആചാര്യൻ. അദ്ദേഹം ശിഷ്യനെ ഒരു പാറമേൽ നിർത്തി ആശീർവ്വദിക്കുന്ന മന്ത്രം, 'ആ പാറപോലെ ഉറപ്പുള്ള ശരീരവും മനഃശക്തിയും ഹേ ശിഷ്യാ! നിനക്കുണ്ടാകട്ടെ. നിന്റെ പവിത്രവ്രതം ഭംഗപ്പെടുത്തുന്ന എതിർശക്തികളെ തോൽപ്പിക്കുവാനുള്ള കരുത്ത് നിനക്കുണ്ടാകട്ടെ. നീ ബ്രഹ്മചാരിയായി ഉപനീതനായിരിക്കുന്നു. സന്ധ്യാവന്ദനവും നിത്യകർമ്മങ്ങളും മുടക്കം കൂടാതെ ശ്രദ്ധാപൂർവ്വം അനുഷ്ഠിക്കുക. എപ്പോഴും ജ്ഞാനമാർഗ്ഗത്തിലേക്ക് ജാഗരൂകനായിരിക്കുക' ഇത്യാദി പവിത്രസങ്കൽപ്പങ്ങൾ അടങ്ങിയതാണ്.

ജ്ഞാനമില്ലാതെ ഉപനയനം ചെയ്യിക്കുന്നവരും ഉപനയനകർമ്മത്താൽ അജ്ഞാനത്തെ ആശ്രയിക്കുന്നവരും ഇരുട്ടിൽനിന്ന് കൂരിരുട്ടിലേക്ക് പതിക്കുന്നു എന്നാണ് വേദം അരുൾ ചെയ്യുന്നത്. അടുക്കലേക്ക് കൊണ്ടുചെല്ലുകയെന്നതാണ് ഉപനയനത്തിന്റെ

അർത്ഥം. ആദ്ധ്യാത്മികമായി ബ്രഹ്മത്തിന്റെ സമീപത്തിലേക്ക് ആചാര്യൻ ശിഷ്യനെ ആനയിക്കുന്നുവെന്ന് സാരം. യുഗധർമ്മമനുസരിച്ച് പ്രാഥമികകർമ്മത്താൽ ഹിന്ദുധർമ്മത്തിലേക്ക് അടുപ്പിക്കുക അഥവാ പ്രവേശിപ്പിക്കുകയെന്നതാണ് ഉപനയനം കൊണ്ടുദ്ദേശിക്കുന്നത്.

മാതൃഗർഭത്തിലായിരുന്നപ്പോൾ, മാതാവിലൂടെ ലഭിച്ച സംസ്ക്കാരവിശേഷംകൊണ്ട് ബാല്യത്തിലേ പ്രഭാവശാലികളായി ഭവിച്ച ഋഷികുമാരന്മാരുടെയും രാജകുമാരന്മാരുടെയും വൈശ്യ-ശൂദ്രകുലജാതന്മാരുടെയും ദിവ്യചരിതങ്ങളുണ്ട്. വേദങ്ങളിലും, പുരാണേതിഹാസങ്ങളിലും, ദേശീയചരിത്രങ്ങളിലും മാത്രമല്ല ഇന്നും അത്തരം ബാലികാബാലന്മാർ ജീവിച്ചിരിക്കുന്നു. അവരിൽ ദൈവീപ്രഭാവത്തോടു കൂടിയവരും ഉണ്ട്. യാജ്ഞവല്ക്യൻ, ധ്രുവൻ, പ്രഹ്ളാദൻ, അഭിമന്യു, ജ്ഞാനസംബന്ധൻ, ആദിശങ്കരൻ, നരേന്ദ്രൻ എന്നിങ്ങനെ നിരവധി നാമങ്ങൾ ഉദാഹരണത്തിനായി ഉദ്ധരിക്കാം.

നരജന്മമെടുത്ത് ജീവൻ ഭൂജാതനാവുന്നതിനു മുൻപ് ഗർഭസ്ഥനായിരിക്കെ പൂർവ്വജന്മങ്ങളെപ്പറ്റി ബോധമുണ്ടാവുന്ന സന്ദർഭത്തിൽ ജീവിതലക്ഷ്യത്തെപ്പറ്റിയും ബോധവാനാകുന്നു. ജീവാത്മാവ് പരമാത്മാവിനോട് അകംനൊന്ത് പ്രാർത്ഥിക്കുകയും പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു. ഗർഭപാത്രത്തിൽ തലകിഴായി വരിഞ്ഞുകെട്ടിയ രൂപത്തിൽ അവിടെനിന്നും വിമുക്തനാവാൻ തപിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ അവർണ്ണനീയമാണ്. എന്നാലും ഭൂജാതനാവുന്നതോടുകൂടി വിശ്വമായയുടെ ആവരണംകൊണ്ട്, ശരീരാഭിമാനം നിമിത്തം അതെല്ലാം മറക്കുന്നു. അപൂർവ്വമായ മനുഷ്യജന്മത്തെ സ്വാഗതം ചെയ്ത്, ശുദ്ധിവരുത്തി പരമലക്ഷ്യപ്രാപ്തി സുഗമമാക്കുന്ന പ്രക്രിയയാണ് ഓരോ സംസ്ക്കാരകർമ്മവും. മനുഷ്യജീവിതംതന്നെ പ്രാരബ്ധം, സഞ്ചിതം, ആഗന്തുകം എന്നീ മൂന്നുവിധകർമ്മത്തോടുകൂടിയതാണ്. പ്രാരബ്ധം അനുഭവിച്ചുകൊണ്ടും തുടർന്നുള്ള സഞ്ചിതാഗന്തുകകർമ്മബന്ധങ്ങളിലകപ്പെടാതെയും കർമ്മകുശലതയോടെ ജീവിക്കണമെങ്കിൽ ഈശ്വരാർപ്പണഭാവം വേണം. ഈ ഭാവശുദ്ധി ജീവിതപുരോഗതി സുഗമമാക്കുകയല്ലാതെ തടസ്സപ്പെടുത്തുന്നില്ല.

മനുഷ്യനായി ജനിക്കുന്ന ജീവൻ, സംസ്ക്കാരകർമ്മംകൊണ്ട് ദ്വിജൻ ആകണമെന്ന് ധർമ്മശാസ്ത്രത്തിൽ പറയുന്നു. അതായത് മനുഷ്യരൂപത്തിൽ ജനിച്ചുവളർന്നാൽ പോരാ; മനുഷ്യത്വ വികാസത്തിന്റെ രണ്ടാം പിറവി (ദ്വിജത്വം) സംസ്ക്കാര കർമ്മത്തെക്കൊണ്ട് നേടണമെന്ന് താൽപര്യം. ബ്രഹ്മചര്യാ ശ്രമമെന്ന ഈ രണ്ടാംപിറവി ഉപനയനസംസ്ക്കാരം മുതൽ ആരംഭിക്കുന്നു - ബ്രഹ്മചാരിയുടെ യജ്ഞോപവീതം, വൽക്കലം, കൗപീനം എന്നിവ സ്വധർമ്മാചരണത്തിന്റെ പ്രതിജ്ഞാ സൂത്രങ്ങളാണ്. ദണ്ഡ് (വടി) സ്വധർമ്മസംരക്ഷണത്തിന്റെ ബാദ്ധ്യസ്ഥസ്വരൂപമായ മാനദണ്ഡമാകുന്നു. മാനവദർശനങ്ങളെ സ്വായത്തമാക്കുന്ന ബ്രഹ്മചാരി സ്വകർത്തവ്യങ്ങളെപ്പറ്റി ബോധവാനാകുന്നു. മാതാ-പിതാ- ഗുരുജനങ്ങളോടെന്നപോലെ സ്വസമുദായത്തോടും സ്വരാജ്യത്തോടും തനിക്കുള്ള ഋണബാദ്ധ്യത കളെപ്പറ്റി യഥായോഗ്യം ഗ്രഹിക്കുന്നു. ആത്മമോക്ഷത്തിനും ജനഹിതത്തിനുംവേണ്ടി സ്വജീവിതം യജ്ഞസ്വരൂപമാക്കിത്തീ ർക്കുന്നതെങ്ങനെയെന്ന് അഭ്യസിക്കുന്നു. എല്ലാം സൂര്യദർശന ത്തിലൂടെ - ഗായത്രീതത്ത്വത്തിലൂടെ - ലഭിക്കുന്ന പ്രചോദനത്താൽ നിർവ്വഹിക്കുന്ന ദിനചര്യകളിലൂടെയാണ് സാധിക്കുന്നത്. സൂര്യന്റെ തേജസ്സ്, തീക്ഷ്ണത, സമയനിഷ്ഠ, ജീവജാലങ്ങൾക്ക് ജീവനമരുളുന്ന വിശ്വവീക്ഷണം, അന്ധകാരരൂപമായ അജ്ഞാ നത്തെ അകറ്റൽ എന്നിങ്ങനെ എത്രയോ ഗുണപാഠങ്ങൾ ബ്രഹ്മചാരിക്ക് ഗായത്രീഉപാസനയിലൂടെ ഉൾക്കൊള്ളേണ്ട തായിട്ടുണ്ട്.

യജ്ഞാത്മകമായ ശരീരത്തിൽ ഒൻപത് സൂത്രങ്ങളോടു കൂടിയ യജ്ഞോപവീതം യജ്ഞമയജീവിതത്തിന്റെ പ്രതീക മാകുന്നു.

അന്ധകാരജഢിലമായവയെ യജ്ഞിച്ചുകൊണ്ട് വിവേക പ്രകാശത്തെയും ദ്വിതീയദിവ്യജീവിതത്തെയും ഗ്രഹിക്കുന്നു. യജ്ഞോപവീതധാരണമെന്നാൽ സദ്ഗുണങ്ങളുടെ ധാരണമെന്ന് ധർമ്മശാസ്ത്രം ഉദ്ബോധിപ്പിക്കുന്നു. അതായത് അഹിംസ, സത്യം, അസ്തേയം, തിതിക്ഷ, അപരിഗ്രഹം, സംയമം, ആസ്തികത, ശാന്തി,

പവിത്രത എന്നീ ഒൻപത് ഗുണങ്ങളുടെ പ്രതീകമാണ് യാജ്ഞോപവീതം. ഹൃദയത്തിൽ വിശാലപ്രേമം, വാക്കിൽ മാധുര്യം, വ്യവഹാരത്തിൽ സരളത, സ്ത്രീകളിൽ മാതൃത്വഭാവന, കർമ്മങ്ങളിൽ കലയുടേയും സൗന്ദര്യത്തിന്റെയും ആവിഷ്ക്കരണം, എല്ലാവരോടും ഔദാര്യസേവനഭാവം, ഗുരുജനങ്ങളോടും മൂത്തവരോടും ബഹുമാനം, സദ്ഗ്രന്ഥങ്ങളുടെ സ്വാദ്ധ്യായം, സത്സംഗം, സാധനയിൽ രുചി, ശരീരം, വസ്ത്രം, വീട്, പരിസരങ്ങൾ എന്നിവ സ്വച്ഛമായും ശുചിയായും കലാപരമായും സൂക്ഷിക്കുക, ആലസ്യവും നിരാശയും അകറ്റുക, എല്ലായ്പ്പോഴും ചൊടിയോടും ചുറുചുറുക്കോടുംകൂടി ഏതൽക്കാര്യങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുക- എന്നിവ ഉപനയനം നിർവ്വഹിച്ച ബാലന്റെ ലക്ഷണമാകുന്നു.

യജ്ഞോപവീത-ഉപനയന-സംസ്ക്കാരത്തോടുകൂടി വേദമന്ത്രദീക്ഷ സ്വീകരിക്കുകയും വിദ്യാരംഭസംസ്ക്കാരം നടത്തുകയും ചെയ്യുന്നു. ഇവ ഓരോന്നും മുറപ്രകാരം ബ്രഹ്മചര്യാശ്രമത്തിന്റെ ഭാഗങ്ങളാകുന്നു. അതായത് ബാല-കിശോരാവസ്ഥകളിലെ (വിദ്യാർത്ഥീജീവിതഘട്ടത്തിലെ) സംസ്ക്കാരോപാസനകളാകുന്നു ഉപനയനം, വിദ്യാരംഭം, സമാവർത്തനം തുടങ്ങിയ സംസ്ക്കാര കർമ്മങ്ങൾ. പൂർണ്ണജീവിതത്തിന്റെ പരിശീലനഘട്ടമാണ് യൗവ്വനാരംഭംവരെയുള്ള ബ്രഹ്മചര്യാശ്രമജീവിതം.

ബാലികാ-ബാലന്മാർക്ക് അഞ്ചു വയസ്സു തികഞ്ഞാൽ ഉപനയനകർമ്മത്തോടുകൂടി വേദാരംഭസംസ്ക്കാരം (ഗുരുമന്ത്രോപദേശം) വീട്ടിൽവച്ചും വിദ്യാരംഭസംസ്ക്കാരം ഗുരുകുലത്തിൽ വച്ചും നടത്തിയിരുന്നു. പൊതുവെ പരാവിദ്യയെന്നും അപരാവിദ്യയെന്നും രണ്ടായിത്തിരിച്ച വിദ്യാഭ്യാസകാലം അഭ്യാസത്തിനും ആർജ്ജവത്തിനുമാണ് വിധിച്ചിട്ടുള്ളത്. ഈ ബ്രഹ്മചര്യാശ്രമം മറ്റ് ആശ്രമങ്ങളുടെയെല്ലാം അസ്തിവാരമാകുന്നു. ലൗകികമായ അറിവുകൾക്ക് അപരാവിദ്യയെന്നും ആത്മീയമായ അറിവിന് പരാവിദ്യയെന്നും പറയുന്നു. ഈ ഗുരുകുലങ്ങൾ പട്ടണങ്ങളിൽ നിന്നൊഴിഞ്ഞ പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്ന നിർദ്ദേശംതന്നെ വിദ്യാർത്ഥികൾ പ്രകടനവസ്തു

ക്കളല്ലെന്ന സിദ്ധാന്തപ്രകാരമാണ്. ഒരു കെട്ടിടത്തിന്റെ ബലത്തിന് ഹേതുവായ അസ്തിവാരം പുറമേ കാണാനാവില്ല. അതുപോലെ മനുഷ്യജീവിതത്തിന്റെ അടിത്തറയായ ബ്രഹ്മചര്യാശ്രമം ബഹിർപ്രദർശനത്തിനുള്ളതല്ല; സമാവർത്തനശേഷം യഥാ യോഗ്യം പ്രയോജനപ്പെടുത്താവുന്ന ജീവിതാർജ്ജവശക്തി സമ്പാദിക്കാനുള്ളതാണ്.

## 10. വേദാരംഭസംസ്ക്കാരം

വേദത്തിൽ വിദ്യാരംഭത്തെത്തന്നെ വേദാരംഭമെന്നും വിവക്ഷിച്ചിട്ടുണ്ട്. ഗൃഹത്തിലും ഗുരുകുലത്തിലുമായി ആചാര്യന്റെ സാന്നിദ്ധ്യത്തിൽ വസിച്ച് ആദ്ധ്യാത്മികവും ലൗകികവുമായ വിദ്യകൾ അഭ്യസിക്കുന്നതിനും പരിശീലിക്കുന്നതിനും അവസര മുണ്ടാക്കുന്ന സംസ്ക്കാരമാണ് വേദാരംഭം. നാല് ആശ്രമങ്ങളായി വിഭജിച്ചിരിക്കുന്ന മനുഷ്യജീവിതത്തിന്റെ പ്രഥമഘട്ടം ഇവിടെ രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നു.

വേദാരംഭദിവസം രാവിലെ സ്നാനാദികൾ കഴിച്ച് ശുഭ്രവസ്ത്ര ധാരിയായ കുട്ടിയെ രക്ഷാകർത്താവ് യജ്ഞവേദിയിലേക്ക് ആനയി ക്കുന്നു. ആചാര്യനും ആഗതരായിരിക്കുന്ന ബന്ധുമിത്രാദികളും ഈശ്വരോപാസനയും ഹോമകർമ്മങ്ങളും നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന സന്ദർഭമായിരിക്കുമത്. കുട്ടിയെ യജ്ഞവേദിക്ക് പ്രദക്ഷിണമായി കൊണ്ടുവന്ന് മന്ത്രോച്ചാരണപൂർവ്വം ജലപ്രോക്ഷ ണാദി ചടങ്ങുകൾ ചെയ്യിച്ചതിനുശേഷം യജ്ഞ കുണ്ഡത്തിന്റെ വടക്കുഭാഗത്ത് പശ്ചിമാഭിമുഖമായിരിക്കുന്ന ആചാര്യന്റെ അഭിമുഖ മായി-കിഴക്കോട്ടു തിരിഞ്ഞ്- ഇടത്തേ കാൽമുട്ട് മടക്കി ഇരുത്തണം. ഇങ്ങനെയിരുന്ന് കൈകൂപ്പിക്കൊണ്ട് ബ്രഹ്മചാരി ആചാര്യനോട് അപേക്ഷിക്കന്നു:

**അധീഹി ഭൂഃ സാവിത്രീം ഭോ അനുബ്രൂഹി**

(ഗുരുദേവ! ആദ്യമായി ഓങ്കാരവും പിന്നീട് മഹാവ്യാഹൃതിയും, സാവിത്രിയും ഇങ്ങനെ യഥാക്രമം മൂന്നും ചേർന്ന പരമാത്മവാച കമായ മന്ത്രം എനിക്ക് ഉപദേശിച്ച് തന്നാലും.)

അപ്പോൾ ആചാര്യൻ അഞ്ജലീബദ്ധനായിരിക്കുന്ന ബ്രഹ്മചാരിയുടെ ഇരുകരങ്ങളും ചേർത്തുപിടിച്ചണച്ചുകൊണ്ട് ഇരുവരുടെയും തോളിലൂടെ ഉത്തരീയംകൊണ്ട് മറയുണ്ടാക്കി ഗായത്രീമന്ത്രം ഉപദേശിക്കുന്നു. അനന്തരം ആചാര്യനും ശിഷ്യനും പരസ്പര പ്രതിജ്ഞകൾ ചെയ്തശേഷം കുട്ടിയുടെ ബ്രഹ്മചര്യജീവിതത്തിന്റെ എല്ലാ ചുമതലകളും ആചാര്യൻ സ്വയം ഏറ്റെടുക്കുന്നു.

**മാതൃമാൻ പിതൃമാൻ ആചാര്യവാൻ പുരുഷോ വേദ**

മാതാവ്, പിതാവ്, ആചാര്യൻ എന്നീ മൂന്ന് ഉത്തമാദ്ധ്യാപകരെ ലഭിച്ചിട്ടുള്ള ഒരാൾക്കു മാത്രമേ ശരിയായ അറിവു സമ്പാദിക്കുവാൻ സാധിക്കൂ എന്ന് ധർമ്മശാസ്ത്രം. ഏതൊരാളിന്റെ മാതാപിതാക്കൻമാർ ധർമ്മത്തിൽ ശ്രദ്ധയുള്ളവരും പഠിപ്പുള്ളവരുമാകുന്നുവോ അയാളാണ് ഭാഗ്യവാൻ. അങ്ങനെയുള്ള കുടുംബവും കുലവുമാണ് ധന്യമായവ. മക്കൾക്ക് മാതാവിൽനിന്ന് എത്രത്തോളം സാരോപദേശവും സഹായവും ലഭിക്കുന്നുവോ അത്രത്തോളം മറ്റൊരാളിൽനിന്നും ലഭിക്കുന്നതല്ല. അതുകൊണ്ടാണ് മാതൃമാൻ- ഭക്തയും ധർമ്മതൽപരയുമായ മാതാവുള്ളവൻ- എന്നെടുത്തു പറഞ്ഞിട്ടുള്ളത്. ഗർഭസ്ഥനാവുന്നതു മുതൽ വിദ്യാഭ്യാസം കഴിയുന്നതുവരെ സ്വസന്താനങ്ങൾക്ക് സൗശീല്യം ഉപദേശിക്കുന്ന പ്രസവിത്രിയാണ് പരമധന്യ.

വേദാരംഭത്തിൽ കുട്ടിയുടെ പിതാവ് നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്. ഗോഭിലസൂത്രത്തിലെ 'ആചാര്യാധീനോ ഭവാന്യത്രാധർമ്മാചരണാത്' എന്നു തുടങ്ങുന്ന ഉപദേശങ്ങളുടെ സാരം ഇപ്രകാരമാണ്:-

'മകനേ, ഇന്നു മുതൽ നീ ബ്രഹ്മചര്യവ്രതം സ്വീകരിച്ചിരിക്കുന്നു. നിത്യവും സന്ധ്യോപാസനകളും ഭക്ഷണത്തിനുമുമ്പ് ആചമനവും അനുഷ്ഠിക്കണം. കൃത്യനിഷ്ഠയോടെ പഠിക്കുകയും പണിയെടുക്കുകയും വേണം. പകൽ ഉറങ്ങരുത്. ആചാര്യന്റെ മുമ്പിലിരുന്നു വേദാദിവിദ്യകൾ വ്യക്തമായി പഠിക്കുക. വേദശാസ്ത്രങ്ങൾ അഭ്യസിച്ച് പൂർണ്ണമാക്കുന്നതുവരെ ബ്രഹ്മചര്യവ്രതം പാലിക്കുക. ആചാര്യൻ അധർമ്മം ആചരിച്ചുവെന്ന് കണ്ടാൽ അത് ഉടനെ തിര

സ്ക്കരിക്കുക. ക്രോധവും കളിപറച്ചിലും വർജ്ജിക്കണം. കഥ, ക്രീഡ, നോട്ടം, ആലിംഗനം തുടങ്ങിയ കാമോദ്ദീപനങ്ങളായ എട്ടു വിധം മൈഥുനങ്ങൾ നിന്നെ തീണ്ടരുത്. തറയിൽ ശയിക്കുക, കട്ടിലും മെത്തയും ഉപയോഗിക്കാതിരിക്കുക. പാട്ടും കൂത്തും നൃത്തവും സുഗന്ധദ്രവ്യലേപനവും മറ്റും ബ്രഹ്മചാരിക്ക് പറ്റിയതല്ല. അധികനേരം കുളിക്കരുത്, അമിതമായി ഭക്ഷിക്കരുത്, അധികം ഉറങ്ങരുത്, ഉറക്കമിളക്കുകയുമരുത്. രാത്രിയുടെ നാലാംയാമത്തിൽ -ബ്രാഹ്മമുഹൂർത്തത്തിൽ-ഉണർന്നെഴുന്നേൽക്കുക. ശൗചം, ദന്തധാവനം, സ്നാനം എന്നിവ നിർവ്വഹിച്ചിട്ട് സന്ധ്യോപാസന, ഈശ്വര പ്രാർത്ഥന, യോഗാഭ്യാസം, സ്വാദ്ധ്യായം എന്നിവ നിത്യവും ആചരിക്കുക.

പിതാവിന്റെ ഉപദേശം ശിരസ്സാവഹിച്ച് ബ്രഹ്മചര്യം അനുഷ്ഠിക്കുമെന്ന് ഉറപ്പ് കൊടുത്തതിനുശേഷം ബ്രഹ്മചാരി യജ്ഞകുണ്ഡത്തിന് പ്രദക്ഷിണമായിവന്ന് പശ്ചിമഭാഗത്ത് നിൽക്കുന്ന മാതാപിതാക്കന്മാരേയും മറ്റു ബന്ധു-ഗുരുജനങ്ങളെയും നമസ്ക്കരിച്ച് അവരിൽനിന്ന് ഭിക്ഷ വാങ്ങി ആചാര്യന്റെ മുമ്പിൽ സമർപ്പിക്കണം. പിന്നീട് ആചാര്യന്റെ ആജ്ഞപ്രകാരം, വിശേഷദ്രവ്യങ്ങൾ മന്ത്രോച്ചാരണപൂർവ്വം ആഹുതി നൽകിയിട്ട്-

**'............ഗോത്രോത്പന്നോƒഹം**

**ഭോ ഭവന്തമഭിവാദയേ'** എന്നുച്ചരിച്ചുകൊണ്ട് ആചാര്യനെ നമസ്ക്കരിക്കുമ്പോൾ അദ്ദേഹം-

**'ആയുഷ്മാൻ വിദ്യാവാൻ ഭവ സൗമ്യ'**

എന്നു പറഞ്ഞ് ശിഷ്യനെ ആശീർവദിക്കും. പിന്നീട് ഹവിഷാന്നവും മറ്റു വിശേഷപദാർത്ഥങ്ങളും ചേർത്ത് ആചാര്യനെയും ശിഷ്യനെയും ഊട്ടണം. അതുപോലെ കൂടിയിരിക്കുന്നവരേയും സൽക്കരിച്ചയയ്ക്കുമ്പോൾ അവർ ബ്രഹ്മചാരിയെ നോക്കി.-

**ഹേ ബാലക! ത്വമീശ്വരകൃപയാ വിദ്വാൻ**
**ശരീരാത്മബലയുക്തഃ കുശലീ**
**വീര്യവാനരോഗഃ സർവ്വാ വിദ്യാ**
**അധീത്യാƒസ്മാൻ ദിദൃക്ഷുഃ സന്നാഗമ്യാഃ**

എന്ന മന്ത്രോച്ചാരണപൂർവ്വം ആശീർവദിക്കണം.

തുടർന്ന് വിദ്യാഭ്യാസം പൂർത്തിയാവുന്നതുവരെ ബ്രഹ്മചാരി ഗുരുകുലം കേന്ദ്രമാക്കി ജീവിക്കുന്നു. കുറഞ്ഞത് ഒമ്പത് കൊല്ലമെങ്കിലും ഗുരുകുലവിദ്യാഭ്യാസം ചെയ്തിരിക്കണമെന്നുണ്ട്.

## 11. സമാവർത്തനസംസ്ക്കാരം

വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ബ്രഹ്മചാരി, ഒരു സുമുഹൂർത്തത്തിൽ ഗുരുദക്ഷിണനൽകി ബിരുദം സ്വീകരിച്ച് ഗുരുവിന്റെ അനുഗ്രഹത്തോടുകൂടി സ്വഗൃഹത്തിലേക്ക് മടങ്ങുന്ന സംസ്ക്കാരമാണിത്. ശോഭനമായ ഭാവിജീവിതത്തിന്റെ ആദ്യഭാഗം ഗുരുകുലത്തിൽവെച്ച് നടത്തപ്പെടുന്നു.

പുരാതനകാലങ്ങളിൽ പുരുഷൻ 45 വയസ്സുവരെയും സ്ത്രീ 25 വയസ്സുവരെയും ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കുന്ന നിയമമുണ്ടായിരുന്നു. ആയുസ്സുകുറഞ്ഞ ഇക്കാലത്ത് പുരുഷൻ 25 വയസ്സുവരേയും സ്ത്രീ 20 വയസ്സുവരെയെങ്കിലും ബ്രഹ്മചര്യനിഷ്ഠരായിരിക്കുന്നതുത്തമം. വീര്യധാരണം, അഷ്ടാംഗമൈഥുനത്യാഗം, വേദവിദ്യാദ്ധ്യയനം എന്നിവ ബ്രഹ്മചാരിയുടെ ലക്ഷണങ്ങളാണ്. പ്രാചീനകാലത്ത് വേദപഠനത്തോടുകൂടി മറ്റെല്ലാ വിദ്യകളും ആശ്രമധർമ്മങ്ങളും ബാലികാ-ബാലന്മാരുടെ വാസനാബലമനുസരിച്ച് ആഭ്യസിപ്പിച്ചിരുന്ന പാഠ്യക്രമമാണുണ്ടായിരുന്നതും. ലോകരംഗത്ത് നിർഭയരായി ധർമ്മനിഷ്ഠയോടുകൂടി ജീവിക്കുവാൻ പഠിച്ചുകഴിയുന്നതുവരെ ബ്രഹ്മചര്യവ്രതമനുഷ്ഠിച്ചിരുന്ന വിദ്യാർത്ഥികൾക്കു കഴിഞ്ഞിരുന്നു. ശരീരവും മനസ്സും സംസ്ക്കരിച്ച് പക്വത വരുത്തുന്ന പഠിപ്പും സമ്പർക്കവും അന്ന് സുലഭമായിരുന്നു. ലഘുജീവിതവും ഉന്നതാദർശവും സ്വാഭാവികമായും പുലർന്നിരുന്നു. പുരാതനകാലത്ത് പുസ്തകക്കെട്ടുകൾ ചുമക്കാതെതന്നെ ബ്രഹ്മചാരിയായ വിദ്യാർത്ഥിക്ക് മന്ത്രം, തന്ത്രം, യന്ത്രം, ജ്യോതിഷം, ഗണിതം, വൈദ്യം തുടങ്ങിയ ശാസ്ത്രീയസാങ്കേതികവിദ്യകളെല്ലാം ബുദ്ധിനിലവാരത്തിലും പ്രായോഗികനിലവാരത്തിലും അഭ്യസിക്കുവാൻ സാധിച്ചിരുന്നു.

ശമ്പളത്തിന് പണിചെയ്യുന്നവനല്ല ഗുരു. സ്വധർമ്മമെന്നുകരുതി ഗുരു ശിഷ്യനെ പഠിപ്പിക്കുകയും സ്വഭാവഗുണങ്ങൾ പോഷിപ്പിക്കുകയും ചെയ്തിരുന്നു. ഗുരുകുലത്തിൽ രാജാവിന്റെയും പ്രജകളുടെയും സന്താനങ്ങൾ ഏകോദരസഹോദരങ്ങളെപ്പോലെ ഗൃഹശുചീകരണം മുതൽ ഭരണകാര്യങ്ങൾവരെ ആചരണപൂർവ്വം പരിശീലിച്ചിരുന്നു. അവരുടെ ദുരഭിമാനമകറ്റാൻ ദുഷിച്ച റാഗിംഗിന്റെ ആവശ്യമുണ്ടായിരുന്നില്ല. കാമമോ ലോഭമോ നിമിത്തം ഒരിക്കലും സ്വധർമ്മത്തിൽനിന്ന് വ്യതിചലിച്ചിരുന്നില്ല. ജീവരക്ഷയ്ക്കുവേണ്ടിപ്പോലും ധർമ്മം ത്യജിച്ചിരുന്നില്ല.

**ന ജാതു കാമാന്ന ഭയാന്ന ലോഭാൽ**
**ധർമ്മം ത്യജേൽ ജീവിതസ്യാഽപി ഹേതോഃ**

'മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന പൂർണ്ണതയെ പ്രകടമാക്കുകയാണ് വിദ്യാഭ്യാസം' എന്ന് സ്വാമി വിവേകാനന്ദനും, 'യഥാർത്ഥ വിദ്യാഭ്യാസമെന്നത് നമ്മിലുള്ള നല്ല അംശത്തെ വികസിപ്പിക്കുകയാണ്, മനുഷ്യവർഗ്ഗത്തെക്കാൾ മഹത്തായ മറ്റൊരു ഗ്രന്ഥമില്ല' എന്ന് മഹാത്മാഗാന്ധിയും പറഞ്ഞതിന്റെ താൽപര്യവുമിതു തന്നെ.

ശാരീരികവും മാനസികവുമായ സംയമവും തപസ്സുമാണ് വിദ്യാർത്ഥിയുടെ മുതൽമുടക്ക്. 'ബ്രഹ്മണി ചരതീതി ബ്രഹ്മചാരീ' ബ്രഹ്മചര്യയെന്നു വെച്ചാൽ ബ്രഹ്മത്തിന്റെ അഥവാ ഈശ്വരന്റെ മാർഗ്ഗത്തിൽ ചരിക്കുക. അതായത് മനസ്സിനെയും ഇന്ദ്രിയങ്ങളെയും ഈശ്വരീയലക്ഷ്യത്തിലേക്ക് നടത്തിക്കുകയെന്നർത്ഥം. 'വീര്യോ വൈ ഭർഗ്ഗഃ' - വീര്യമാണ് തേജസ്സ്. അതിന്റെ പ്രകാശനത്തിലൂടെ വേണം വേദരൂപമായ ബ്രഹ്മത്തിന്റെ ദർശനവും സച്ചിദാനന്ദസാക്ഷാൽക്കാരവുമുണ്ടാവാൻ.

**തം പ്രതീതം സ്വധർമ്മേണ**
**ധർമ്മദായഹരം പിതുഃ**
**സ്രഗ്വിണം തല്പആസീന-**
**മർഹയേത് പ്രഥമം ഗവാ**

**(മനുസ്മൃതി)**

സാരം:- ബ്രഹ്മചര്യാശ്രമത്തിൽ തന്റെ പിതൃസ്ഥാനത്തിരിക്കുന്ന ആചാര്യനെ ഉത്തമമായ ആസനത്തിലിരുത്തി പുഷ്പഹാരമണിയിച്ച് നമസ്കരിച്ച് യഥാശക്തി പശു, വസ്ത്രം, ധനം മുതലായവ ഗുരുദക്ഷിണയായി ശിഷ്യൻ സമർപ്പിക്കുന്നു.

ഗുരുകുലവാസകാലത്ത് പ്രതിഫലേച്ഛകൂടാതെ ശിഷ്യന്റെ സംരക്ഷണകർതൃത്വം മുഴുവൻ ഏറ്റെടുത്തു തന്റെ ശിഷ്യൻ ഉത്തമപൗരനായി പരമപുരുഷാർത്ഥത്തിന് അർഹനായി ഭവിക്കണമെന്ന ആത്മാർത്ഥവിചാരത്താൽ വിദ്യാഭ്യാസവും യോഗക്ഷേമങ്ങളും നൽകിയ ഗുരുനാഥന് ഗുരുദക്ഷിണ നൽകുന്നതും സ്വാഭാവികമായ പ്രേരണകൊണ്ടു മാത്രമായിരുന്നു. പവിത്രമായ ഗുരുശിഷ്യബന്ധത്താൽ ഉന്നീതമായ ഗുരുകുലവിദ്യാഭ്യാസം സ്വയംപര്യാപ്തമായി നടത്തിയിരുന്നു.

**താനി കല്പദ് ബ്രഹ്മചാരീ സലിലസ്യ പൃഷ്ഠേ**
**തപോ/തിഷ്ഠത്തപ്യമാന: സമുദ്രേ**
**സ സ്നാതോ ബഭ്രു: പിങ്ഗല:**
**പൃഥിവ്യാം ബഹുരോചതേ**

**(അഥർവ്വവേദം)**

സാരം:- സമുദ്രത്തെപ്പോലെ ഗംഭീരമായ ഉത്തമബ്രഹ്മചര്യാശ്രമത്തിൽ തപോനിഷ്ഠനായിരുന്ന് വേദാദിവിദ്യകളഭ്യസിച്ചുകൊണ്ട് വീര്യരക്ഷയും ആചാര്യശുശ്രൂഷയും ചെയ്ത വിദ്യാർത്ഥി ഗുണകർമ്മാനുസാരം ഉത്തമഗുണങ്ങളാൽ പരിപോഷിതനായി സമുദായത്തിനും രാഷ്ട്രത്തിനും പ്രകാശമാനമായി ഭവിക്കുന്നു. ആ ബ്രഹ്മചാരി എല്ലാവരുടെയും ധന്യവാദത്തിന്നർഹനായി ഭവിക്കുന്നു.

ഗുരുകുലവിദ്യാഭ്യാസം പൂർത്തിയാക്കി ബിരുദം നേടിയ വിദ്യാർത്ഥിയെ സ്നാതകൻ എന്ന് പറയുന്നു. സമാവർത്തന സംസ്ക്കാരത്തിൽ ഈശ്വരോപാസന, സ്വസ്തിവാചനം, ശാന്തികരണം എന്നിവ എല്ലാവരും ചേർന്നിരുന്ന് നിർവ്വഹിക്കും. മന്ത്രോച്ചാരണപൂർവ്വം യജ്ഞവേദിക്കു ചുറ്റും പൂജിച്ചുവെച്ചിരിക്കുന്ന ഔഷധജലത്താൽ സ്നാതകനെ അഭിഷേകം ചെയ്യുന്നു. തുടർന്ന് ബ്രഹ്മ

ചര്യചിഹ്നങ്ങളായ വൽക്കലവും ദണ്ഡും യഥാവിധി വർജ്ജിക്കുന്നു. അനന്തരം പൂർവ്വാഭിമുഖമായിനിന്ന് ആദിത്യജപം നടത്തിയിട്ട് ബ്രഹ്മ ചര്യവ്രതകാലത്ത് വളർന്നിരുന്ന കേശനഖാദികൾ ഛേദിക്കും. സ്നാനം, ജലതർപ്പണാദികൾ കഴിച്ച് ശുഭ്രവസ്ത്രധാരണം ചെയ്ത് ആചാര്യൻ നൽകിയ തൊപ്പി, കുട, വടി എന്നിവ ധരിച്ച് സ്വഗൃഹ ത്തിലേക്ക് പോകുന്ന സ്നാതകനെ ആചാര്യനും മറ്റു ശിഷ്യന്മാരും അനുഗമിക്കുന്നു.

ആഘോഷപൂർവ്വം സ്വഭവനത്തിലേക്ക് വരുന്ന സ്നാതകനെ മാതാപിതാക്കളും ബന്ധുമിത്രാദികളും ചേർന്ന് മംഗളാരതിപൂർവ്വം സ്വീകരിക്കുന്നു. ആചാര്യന് യഥോചിതം ദക്ഷിണ നൽകിയശേഷം കൂടിയിരിക്കുന്നവരെയെല്ലാം അന്നപാനാദികൾ നൽകി സൽക്കരി ക്കണം. ആചാര്യന് ദക്ഷിണനൽകിയശേഷം ഔപചാരികമായി ബിരുദദാനോപദേശം നിർവ്വഹിക്കുന്നു. അതിനുമറുപടിയായി സ്നാതകൻ ആചാര്യന്റെ ഗുണഗണങ്ങളെ പ്രകീർത്തിച്ചുകൊണ്ട് കൃതജ്ഞത പറയുകയും തന്നെപ്പോലെ മറ്റു വിദ്യാർത്ഥികളെയും സുയോഗ്യരാക്കുന്നതിന് ഗുരുവിന് ആയുരാരോഗ്യങ്ങൾ പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

ആചാര്യോപദേശത്തിന്റെ ആദ്യഭാവം തൈത്തിരീയോപനി ഷത്തിൽ 'സത്യം വദ, ധർമ്മം ചര സ്വാധ്യായാന്മാ പ്രമദഃ എന്ന് തുടങ്ങുന്ന സൂക്തങ്ങൾ പ്രകാരം ഇങ്ങനെയാണ്:- സത്യം പറയു ക, ധർമ്മം ആചരിക്കുക, പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും പ്രമാദം ഉണ്ടാവരുത്. ആരോഗ്യപാലനത്തിലും നിപുണതയിലും പ്രമാദമുണ്ടാവരുത്. ഉത്തമരീതിയിൽ ഐശ്വര്യം വർദ്ധിപ്പിക്കുന്ന തിൽ തെറ്റുപറ്റരുത്. ദേവതകൾ, മാതാപിതാക്കൾ, ഗുരുജനങ്ങൾ എന്നിവരെ യഥോചിതം ബഹുമാനിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക. ധർമ്മാനുസൃതങ്ങളായ സൽക്കർമ്മങ്ങൾ ഉത്സാഹപൂർവ്വം ചെയ്തുകൊണ്ടിരിക്കുക, പാപകരങ്ങളായ പ്രവൃത്തികൾ ഒരിക്കലും ചെയ്യരുത്. വിദ്വാന്മാരും ധർമ്മിഷ്ഠരുമായ സജ്ജനങ്ങളുമായി സദാ സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുക. ദാനം ചെയ്യുന്നത് ശ്രദ്ധ യോടുകൂടിമാത്രം അറിഞ്ഞ് ചെയ്യുക. മുഖപ്രസാദത്തോടുകൂടി കൊടുക്കണം. നിങ്ങൾക്ക് എപ്പോഴെങ്കിലും കർമ്മാനുഷ്ഠാന

ത്തിലോ ആചാരസമ്പ്രദായത്തിലോ ഉപാസനാക്രമത്തിലോ വിജ്ഞാനവിഷയങ്ങളിലോ വല്ല സംശയവുമുണ്ടായാൽ വിചാരശീലരും നിഷ്പക്ഷമതികളും കരുണാർദ്രഹൃദയരും ധർമ്മനിഷ്ഠയുള്ളവരുമായവർ അംഗീകരിക്കുന്ന ധർമ്മമാർഗ്ഗത്തെ അനുസരിച്ച് പ്രവർത്തിച്ചുകൊള്ളുക.........ഇപ്രകാരംതന്നെ വർത്തിക്കേണ്ടതും അവരുടെ ശീലാചാരങ്ങളെ സംസ്കരിച്ചുകൊള്ളേണ്ടതുമാകുന്നു.

വേദാദിധർമ്മശാസ്ത്രങ്ങൾ പഠിക്കുന്നതിന് എല്ലാ സ്ത്രീ-പുരുഷന്മാർക്കും അധികാരമുണ്ട്. തങ്ങളുടെ പൈതൃകസമ്പത്തിൽ സന്താനങ്ങൾക്കുള്ള സമാനാവകാശംപോലെ മാനവസമുദായത്തിനാകമാനം പരമപിതാവായ ഈശ്വരനിൽനിന്ന് ലഭിച്ചിട്ടുള്ള ദൈവീസമ്പത്താണ് വേദാദിധർമ്മശാസ്ത്രങ്ങൾ. പക്ഷേ, ഒരച്ഛന്റെ മക്കളിൽത്തന്നെ വാസനാവിശേഷംകൊണ്ട് സ്വഭാവവ്യത്യാസം കാണും. ഒരാൾ വിദ്വാനും കവിയുമാകണമെന്ന് കരുതി മറ്റു കാര്യങ്ങളിൽ താൽപര്യമില്ലാത്തവനെപ്പോലിരിക്കുന്നു. രണ്ടാമത്തെ ആൾ രാഷ്ട്രീയത്തിലോ സ്പോർട്സിലോ താൽപര്യമുള്ളവനായി കാണുന്നു. മൂന്നാമത്തെ ആൾ കൃഷിയിലും കച്ചവടത്തിലും മറ്റും താൽപര്യമുള്ളവനായിരിക്കാം. വൈദ്യത്തിലായിരിക്കാം നാലാമത്തെ ആളിന് താല്പര്യം. ഒരാൾക്ക് വക്കീൽ പണിയിലാവാം വാസന. മറ്റൊരാൾക്ക് എഞ്ചിനീയറാവാനാണ് മോഹം. ഇവയിലൊന്നും ശ്രദ്ധിക്കാതെ മറ്റുള്ളവരുടെ പ്രയത്നഫലത്തെ ഭുജിച്ചുകൊണ്ട് താന്തോന്നികളായി അലഞ്ഞുതിരിയുന്നവരും അപൂർവ്വമല്ല. ഒരച്ഛന്റെയും അമ്മയുടെയും മക്കൾക്ക് തന്നെ ഭേദഭാവങ്ങളും വ്യത്യസ്തതാൽപര്യങ്ങളുമുണ്ടാവാമെങ്കിൽ വിഭിന്നദേശ-കാലാനുസരണം വിശ്വത്തിലെങ്ങും പിറന്നു വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യസമുദായത്തിന്റെ സ്ഥിതിയെന്തായിരിക്കും?

ദൈവികസമ്പദ്വ്യവസ്ഥയിൽ, വർണ്ണാശ്രമധർമ്മങ്ങളെന്നറിയപ്പെടുന്ന വ്യവസ്ഥ മാനവസമുദായത്തിന്റെ നന്മയ്ക്കും താൽപര്യസംരക്ഷണത്തിനുംവേണ്ടി മാത്രമാകുന്നു. 'വർണ്ണോവൃണീതേ....' എന്ന നിരുക്തപ്രകാരം വരിക്കാൻ അർഹതയുള്ള കർമ്മങ്ങളെ കണ്ടറിഞ്ഞ് വരിക്കുന്നതു വർണ്ണമെന്നാണ് ഇവിടെ മനസ്സിലാക്കേണ്ട

ത്. വ്യത്യസ്തസ്വഭാവങ്ങളോടുകൂടിയ സന്താനങ്ങളെ അവരവരുടെ വാസനകൾക്കനുസൃതമായ കർമ്മപന്ഥാവിലേക്കു തിരിച്ചുവിടുന്നതിന് അതിന്റേതായ വിദ്യകൾ അഭ്യസിക്കണം. അതിനും മുമ്പായി പൊതുവായ പെരുമാറ്റക്രമങ്ങളും സാമാന്യമര്യാദകളും വീട്ടിൽനിന്നു-രക്ഷകർത്താക്കളിൽനിന്ന് - ശീലിച്ചിരിക്കണം. ഇതുപോലെ മനുഷ്യസമുദായത്തിന്റെ ഗുണ-കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രാദി വർണ്ണങ്ങളുണ്ടായെങ്കിലും, ഇവരെല്ലാം ദൈവീസമ്പത്തിന്റെ സമാനാവകാശികളാണെന്നോർമ്മിപ്പിക്കുന്ന സാമാന്യധർമ്മങ്ങളുണ്ട്. സാമാന്യമര്യാദകൾ സംസ്കാരകർമ്മങ്ങളെക്കൊണ്ടാണ് ഉദ്ബോധിപ്പിക്കുന്നത്. ഉപനയനാദി വിശേഷകർമ്മങ്ങളെക്കൊണ്ട് അവരവരുടെ അർഹതയും യോഗ്യതയും നിരൂപിക്കുന്നു. മനുഷ്യനായി പിറക്കുന്ന ജീവന്റെ പരമലക്ഷ്യം ഈശ്വരസാക്ഷാത്ക്കാരമാണ്. ലക്ഷ്യപ്രാപ്തിക്കു സഹായകമായിരിക്കണം ഏതുതരം ജീവിതവും. അതിന്റെ അസ്തിവാരമാകട്ടെ ധർമ്മവുമാണ്. ഇതിനുള്ള പെരുമാറ്റക്രമങ്ങളും സാമാന്യമര്യാദകളും ശൈശവത്തിൽത്തന്നെ രക്ഷകർത്താക്കളിൽനിന്നു ശീലിക്കുകയുംവേണം.

സത്ക്കർമ്മങ്ങളുടെയും സദ്വിചാരങ്ങളുടെയും ഫലങ്ങൾ ബാഹ്യമായ സന്തോഷവും സമാധാനവും നൽകും. കൂടാതെ അവയുടെ സൂക്ഷ്മഭാവങ്ങൾ വാസനാരൂപേണ ആത്മോദ്ധാരണത്തിന് കാരണമായി ഭവിക്കുകയും ചെയ്യും. ഏതൊരു ജീവനും ജനിക്കുന്നതു പ്രാകൃതനായിട്ടാണ്. സംസ്ക്കാരംകൊണ്ടു വേണം ശൂദ്രനോ, വൈശ്യനോ, ക്ഷത്രിയനോ, ബ്രാഹ്മണനോ ആവാൻ. ഉദാഹരണത്തിന് ഒരാൾ ബ്രാഹ്മണനാവുന്നതെങ്ങനെയെന്നു ധർമ്മശാസ്ത്രത്തിൽ പറയുന്നത് നോക്കുക:-

**സ്വാധ്യായേന ജപൈഃ ഹോമൈ**
**സ്ത്രൈവിദ്യേ-നേജ്യയാ സുതൈഃ**
**മഹായജ്ഞൈശ്ച യജ്ഞൈശ്ച**
**ബ്രാഹ്മീയം-ക്രിയതേ തനുഃ (മനുസ്മൃതി)**

സാരം:- അധ്യയനം, അദ്ധ്യാപനം എന്നിവയെക്കൊണ്ടും മനനം ചെയ്യുക, ചെയ്യിക്കുക, അനേകവിധത്തിലുള്ള ഹോമങ്ങൾ ചെയ്യുക, വേദങ്ങൾ മുഴുവനും ശബ്ദാർത്ഥസംബന്ധജ്ഞാനത്തോടും സ്വരോച്ചാരണത്തോടുംകൂടി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നിതുകളെക്കൊണ്ടും പൗർണ്ണമാസ്യാദിവ്രതാനുഷ്ഠാനങ്ങളെക്കൊണ്ടും ധർമ്മാനുസൃതമായ ഗാർഹപത്യം കൊണ്ടും പഞ്ചമഹായജ്ഞങ്ങളെക്കൊണ്ടും അഗ്നിഷ്ടോമം തുടങ്ങിയ യാഗങ്ങൾ, വിദ്വജ്ജനങ്ങളുടെ സേവാസല്ക്കാരങ്ങൾ എന്നിവയെക്കൊണ്ടും ദുരാചാരങ്ങളെ ത്യജിച്ചു സദാചാരത്തോടുകൂടി വർത്തിക്കുന്നതുകൊണ്ടും ഈ ശരീരം ബ്രാഹ്മണന്റേതാക്കിത്തീർക്കപ്പെടുന്നു.

അതിനാൽ ഏതാനും തലമുറയായി ആചരിച്ചും വിശ്വസിച്ചും വരുന്ന ഇന്നത്തെ ജാതികളും തത്സംബന്ധമായ ആചാരങ്ങളും ശാസ്ത്രീയമല്ല, പ്രമാണങ്ങളുമല്ല. വേദങ്ങളും സൃഷ്ടിയും ഉണ്ടായകാലംമുതൽ പ്രമാണമാക്കീട്ടുള്ള ധർമ്മശാസ്ത്രാനുകൂലമായ ആചാരങ്ങളും പാരമ്പര്യവുമാണ് നന്മ ഇച്ഛിക്കുന്നവർ സ്വീകരിക്കേണ്ടത്. അതാണ് ശൈശവത്തിൽത്തന്നെ കുട്ടികളെ ശീലിപ്പിക്കേണ്ടതും. 'യോഗ്യനായ ആചാര്യൻ-അദ്ധ്യാപകൻ-ആദ്യം ബ്രഹ്മചാരിയെ-വിദ്യാർത്ഥിയെ-വിദ്യ അഭ്യസിപ്പിക്കുന്നതിനായി ദൃഢവ്രതം ഉപദേശിച്ചു ഗർഭത്തിനെ അമ്മ എന്നതുപോലെ ഉൾക്കൊള്ളുന്നു' (ആചാര്യ ഉപനയമാനോ ബ്രഹ്മചാരിണം കൃണുതേ ഗർഭമന്തഃ) എന്നു വേദം ഊന്നിപ്പറയുന്നതും വേദവിദ്യ വഴിയാംവണ്ണം ഗ്രഹിക്കുന്നതിനെയാണ്. അതായതു ധർമ്മം ശരിയായി ആചരിച്ചാൽ അർത്ഥവും ഐശ്വര്യങ്ങളും ഉണ്ടാവും. ഈ സദാചാരം അനാചാരമായാൽ അനർത്ഥവും അസ്വസ്ഥതയുമാവും ഫലം.

വിദ്യാരംഭസംസ്ക്കാരത്തിനുമുമ്പുതന്നെ കുട്ടികൾ സദാചാരത്തിന്റെ പ്രാഥമികപരിശീലനം സ്വാഭാവികമായും നേടിയിരിക്കണമെന്നുണ്ട്. ബ്രാഹ്മമുഹൂർത്തത്തിൽ ഉണർന്നെഴുന്നേൽക്കുക, അച്ഛനമ്മമാരെയും ഗുരുജനങ്ങളെയും പാദംതൊട്ടു നമസ്ക്കരിക്കുക, പ്രാതഃസ്മരണം ചെയ്യുക, ആയുർവ്വേദരീതിയിൽ ദന്തധാവനവും

വ്യായാമവും സ്നാനവും സൂര്യനമസ്ക്കാരവും ചെയ്യുക, പൂച്ചെടികൾ, ഫലവൃക്ഷങ്ങൾ, വളർത്തുമൃഗങ്ങൾ എന്നിവയെ പാലിക്കുക, വീടും പരിസരങ്ങളും വൃത്തിയും വെടിപ്പുമുള്ളതാക്കുക, ഭക്ഷണ പാനീയങ്ങൾ തയ്യാറാക്കുന്നതും കഴിക്കുന്നതും, അവ മറ്റുള്ളവർക്കു വിളമ്പിക്കൊടുക്കുന്നതും, വീട്ടിൽ വരുന്നവരോടു പെരുമാറുന്ന വിധം, പ്രായഭേദമനുസരിച്ച് ഉള്ള അഭിവാദനരീതി, സജ്ജനങ്ങളെയും ദുർജ്ജനങ്ങളെയും തിരിച്ചറിഞ്ഞു നല്ല കൂട്ടുകെട്ടിനു പ്രേരണയുളവാക്കുക, വഴിനടക്കുന്നതിന്റേയും കളിക്കുന്നതിന്റേയും നേരായ ക്രമങ്ങൾ, അന്യഭവനത്തിൽ കാട്ടേണ്ട മര്യാദകൾ, ദേവപൂജയിൽ എങ്ങനെയിരിക്കണം, ക്ഷേത്രത്തിൽ എങ്ങനെപോയി തൊഴണം ഇപ്രകാരം പുസ്തകപഠനത്തിനുമുൻപേ ശീലിക്കേണ്ടുന്ന നിരവധി കാര്യങ്ങളുണ്ട്. ഇവ മുഖ്യമായും മാതാപിതാക്കളിൽനിന്നും മറ്റു മുതിർന്നവരിൽനിന്നുമാണ് ഗ്രഹിക്കേണ്ടിയിരിക്കുന്നത്. അതാണ് വേദം അനുശാസിക്കുന്നത്.

'മാതാവ്, പിതാവ്, ആചാര്യൻ എന്നീ മൂന്ന് അദ്ധ്യാപകന്മാരെ ലഭിച്ചിട്ടുള്ള ഒരാൾക്കു മാത്രമേ ശരിയായ അറിവുള്ളവനായിരിക്കുവാൻ സാധിക്കൂ'. മാതാപിതാക്കൾ കുട്ടികളെ എപ്പോഴും ഓർമ്മിപ്പിക്കേണ്ട കാര്യമെന്താണെന്നും വേദം അരുൾ ചെയ്യുന്നു:- 'നിങ്ങൾ ശ്രേഷ്ഠമായ വിദ്യയേയും ധർമ്മാനുഷ്ഠാനങ്ങളേയും സമ്പാദിക്കാനും വീര്യത്തെ രക്ഷിക്കാനുമുള്ള ഈ ബ്രഹ്മചര്യകാലം വ്യർത്ഥമാക്കിക്കളയുന്നതിനാൽ ഈ അവസരം ഇനിയൊരിക്കൽ കണികാണ്മാൻ പോലും കിട്ടുന്നതല്ല. ഞങ്ങൾ ഗൃഹകാര്യങ്ങൾ നടത്തിക്കൊണ്ടു ജീവിച്ചിരിക്കുന്നകാലത്തുതന്നെ നിങ്ങൾ വഴിയാംവണ്ണം വിദ്യാഭ്യാസംചെയ്തു വൈദുഷ്യം സമ്പാദിക്കുകയും കായബലവും മനോബലവും വർദ്ധിപ്പിച്ചുകൊള്ളേണ്ടതുമാകുന്നു.'

സ്വസന്താനങ്ങളുടെ നന്മ ഇച്ഛിക്കുന്ന മാതാ-പിതാക്കളും, അനുകരണീയമാംവിധം ജീവിക്കുന്നവരായിരിക്കണം. കുട്ടികൾ എങ്ങനെ വളരണമെന്ന് ആഗ്രഹിക്കുന്നുവോ അങ്ങനെ മാതാപിതാക്കളും ചെയ്തുകാട്ടണം. ഉപദേശം മാത്രം മതിയാവുന്നില്ലെന്നു താല്പര്യം. അങ്ങനെ എപ്പോഴും സാദ്ധ്യമാകാത്തവർക്കും

വിശേഷധർമ്മാനുഷ്ഠാനങ്ങളെക്കൊണ്ട്-സംസ്ക്കാരകർമ്മങ്ങൾ ചെയ്യുന്നതിലൂടെ- മാർഗ്ഗദർശനം നൽകാൻ സാധിക്കും.

വൈദികകാലത്തു വേദ-വിദ്യാരംഭസംസ്ക്കാരങ്ങൾ യഥോചിതം നടത്തപ്പെട്ടിരുന്നു. ജാതിഭേദങ്ങളും തജ്ജന്യമായ വിധിനിഷേധങ്ങളും കടന്നുകൂടിയ കാലങ്ങളിൽ വേദപഠനവും സംസ്കൃതവിദ്യയും അവഗണിക്കപ്പെട്ടു. എന്നാലും എഴുത്തിനിരുത്തുക തുടങ്ങിയ ചടങ്ങുകളെങ്കിലും നടന്നുകൊണ്ടിരുന്നു. അതും ലോപിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. അപൂർവ്വമെങ്കിലും എഴുത്തിനിരുത്തുമ്പോൾ കുട്ടികളെ ഇപ്പോഴും ആദ്യം പഠിപ്പിക്കുന്നതു,

**ഹരിഃ ശ്രീ ഗണപതയേ നമഃ**
**ശ്രീ സരസ്വത്യൈ നമഃ ശ്രീ ഗുരവേ നമഃ** എന്നാണ്.
**ഓം** എന്ന ആദി അക്ഷരത്തിന്റെ പ്രതീകമാണ് ഗണപതി.
**ഗായത്രീ** എന്ന ആദിവിദ്യാസ്വരൂപിണിയാണ് സരസ്വതി.

വിദ്യാരംഭസംസ്ക്കാരത്തിൽ സാകാരമായോ നിരാകാരമായോ ഈ രണ്ടു ദേവതകളേയും ആദ്യമായി ആരാധിക്കുന്ന സമ്പ്രദായം പണ്ടുമുതൽക്കുണ്ട്. വിഘ്നങ്ങൾ തീർത്തു വിവേകം ഉദിപ്പിക്കുന്നതിന്റെ, താത്ക്കാലിക ലാഭങ്ങൾക്കും പ്രലോഭനങ്ങൾക്കും ഉപരി ദീർഘവീക്ഷണപൂർവ്വം സദസദ്വിവേകപൂർവ്വം ലക്ഷ്യത്തിലെത്തിക്കുന്നതിന്റെ അധിഷ്ഠാനമൂർത്തിയാണ് സരസ്വതി. ഭാഷ, ലിപി, ഗണിതം, ഇതിഹാസം, ശില്പം, രസായനം, വൈദ്യം, കല, വിജ്ഞാനം തുടങ്ങിയ എല്ലാവിധ ഭൗതികവിദ്യകളും അദ്ധ്യാത്മവിദ്യയുടെ വെളിച്ചത്തിൽ അഭ്യസിച്ചാൽ ആത്മമോക്ഷത്തിനും ലോകഹിതത്തിനും കാരണമായി ഭവിക്കും. 'അദ്ധ്യാത്മവിദ്യാ വിദ്യാനാം' എന്ന ഗീതാവചനവും, 'വിദ്യയാഽമൃതമശ്നുതേ' എന്ന ഉപനിഷദ്വാക്യവും ഇവിടെ സ്മരണീയമാണ്. മാതാപിതാക്കളിലൂടെ സദാചാരതൽപരനായി യോഗ്യനായ ഗുരുവിനെ പ്രാപിച്ച-ഉപനീയനായ-കിശോരന് ഇതെല്ലാം എളുപ്പം മനസ്സിലാവും. വിദ്യാരംഭസംസ്ക്കാരത്തിൽ സരസ്വതി-ഗണേശ പൂജകൾക്കുജപിക്കുന്ന മന്ത്രമിതാണ്.

സരസ്വതീപൂജാമന്ത്രം-

**ഓം പാവകാ നഃ സരസ്വതീ**
**വാജേഭിർവാജിനീവതീ**
**യജ്ഞം വഷ്ടു ധിയാ വസുഃ** – യജുർവേദം 20–84

ഗണേശപൂജാമന്ത്രം-

**ഓം ഗണാനാം ത്വാ ഗണപതിം ഹവാമഹേ**
**പ്രിയാണാം ത്വാ പ്രിയപതിം ഹവാമഹേ**
**നിധീനാം ത്വാ നിധിപതിം ഹവാമഹേ**
**വസോ മമ ആഹമജാനി ഗർഭധമാ**
**ത്വമജാസി ഗർഭധം.** –യജുർവേദം 23–19

ഈ വിദ്യാഭ്യാസസംസ്ക്കാരത്തിന്റെ ഉദ്ദേശമെന്താണെന്നതിന്റെ സമാധാനം ആർഷസൂക്തങ്ങളിൽ കാണാം. ദുർവാസന, അജ്ഞാനം, മോഹം, ഭയം, അനീതി, ഭ്രമം, അസുരീപ്രവൃത്തി മുതലായ ദുർഗുണങ്ങളെ വേരോടെ അറുത്തു മനുഷ്യരിൽ, സദാചാര പരായണതയും സേവനതത്പരതയും മംഗളപ്രദമായ ജീവിതവും ഉദ്ദീപിപ്പിക്കുന്നതിനു ശരിയായ വിദ്യാഭ്യാസംകൊണ്ടു മാത്രമേ സാധിക്കൂ. ബാഹ്യാഭ്യന്തരലോകങ്ങളിലെല്ലാം ഇതു മാത്രമാണ് സുഖസമൃദ്ധികൾക്കു സാധനമായിട്ടുള്ളത്. ഉൽക്കൃഷ്ടവും ജ്ഞാനപൂർണ്ണവുമായ കർമ്മങ്ങളുടെ പരമോച്ചനില ജ്ഞാനയുക്തമായ വിദ്യയിലാകുന്നു. ഇതിന്റെ സദുപയോഗത്താൽ എല്ലാ ജീവിതരംഗങ്ങളിലും പലവിധ ഐശ്വര്യങ്ങളും സൗഖ്യവും അഭിവൃദ്ധിയും ഉണ്ടാവുമെന്നതിനു സംശയമില്ല. വിദ്യയുടെ ഉത്തമലക്ഷ്യം സർവ്വജ്ഞാനത്തോടൊപ്പം ആത്മജ്ഞാനം അഥവാ ബ്രഹ്മജ്ഞാനമാകുന്നു.

ഇങ്ങനെ വിദ്യാഭ്യാസവും സമാവർത്തനവും കഴിഞ്ഞ ബ്രഹ്മചാരിക്ക് യഥേഷ്ടം തന്റെ യോഗ്യതയും ഹിതവുമനുസരിച്ച് അടുത്ത ആശ്രമമായ ഗൃഹസ്ഥാശ്രമത്തിലോ വാനപ്രസ്ഥ, സന്ന്യാസാശ്രമങ്ങളിലോ പ്രവേശിക്കാം. ആശ്രമക്രമമനുസരിച്ചും ലൗകിക കർത്തവ്യങ്ങളെന്ന ഒഴിവുകഴിവുകളനുസരിച്ചും അടുത്തതായി ഗൃഹസ്ഥാശ്രമം വിധിച്ചിരിക്കുന്നുവെന്നു മാത്രം.

## 12. വിവാഹസംസ്ക്കാരം

ആചാര്യാനുവാദപ്രകാരം സ്നാതകനായി ഗുരുകുലത്തിൽനിന്നു സ്വഗൃഹത്തിലേക്കുമടങ്ങിവന്ന ബ്രഹ്മചാരി തന്റെ ഗുണകർമ്മങ്ങൾക്കനുരൂപയും സ്വഭാവ-സൗന്ദര്യമാർന്നവളും ലക്ഷണയുക്തയുമായ കന്യകയെ വിവാഹം ചെയ്യണമെന്നു മനുസ്മൃതി മുതലായ ധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിട്ടുണ്ട്. എന്നാൽ യോഗ്യതാനുസരണം ജീവിതകാലം മുഴുവൻ വിവാഹം കഴിക്കാതെ നൈഷ്ഠികബ്രഹ്മചാരിയായിരിക്കുകയോ, ബ്രഹ്മചര്യത്തിൽനിന്നു നേരേ പരിവ്രാജകനായി സന്ന്യാസം വരിക്കുകയോ ആവാം. അത്രത്തോളം പാകത വന്നിട്ടുണ്ടോ എന്നു ബ്രഹ്മചാരി ആത്മപരിശോധന ചെയ്തു തീരുമാനിക്കണം. എന്നിട്ടു പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ ആചാര്യൻ അനുമതി നൽകി ആനുഗ്രഹിക്കുകയും വേണം.

വിവാഹമെന്നതു സ്ത്രീ-പുരുഷന്മാർതമ്മിലുള്ള ഒരു ജീവിതകരാറല്ല; ധർമ്മാചരണത്തിനും ആദ്ധ്യാത്മികസാധനയ്ക്കുമിടയിൽ ഉണ്ടാകാവുന്ന വിടവുകളുടെ സംയോജനമാകുന്നു; കർത്തവ്യകർമ്മങ്ങളുടെ പൂർത്തീകരണത്തിനു വിധിച്ചിട്ടുള്ള യജ്ഞമാകുന്നു. അക്കാരണത്താൽ തികച്ചും ദീർഘവീക്ഷണത്തോടും സദുദ്ദേശത്തോടും കൂടി നിർവ്വഹിക്കേണ്ടുന്ന പവിത്രസംസ്ക്കാരമാണിത്. ഈ പവിത്രസങ്കല്പത്തിന്റെ താഴെ നിൽക്കണം ധനം, സൗന്ദര്യം, കാമം, അനുരാഗം മുതലായവ. പാരമാർത്ഥികലക്ഷ്യത്തോടുകൂടിയ ജീവിതത്തിൽ ധർമ്മം ക്രമംതെറ്റാതെ ആചരിക്കുവാൻ സ്ത്രീയും പുരുഷനും അന്യോന്യം സഹകരിക്കുന്നതിന്റെ ഹരിഃശ്രീയാണ് വിവാഹസംസ്ക്കാരം. വർണ്ണാശ്രമധർമ്മപ്രകാരം ബ്രഹ്മചര്യാശ്രമാനന്തരം ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കുന്നതിന്റെ പ്രാഥമികശുഭകർമ്മമായി വിവാഹം വിധിച്ചിരിക്കുന്നു. കുലം, ശീലം, രൂപം എന്നിവയാൽ തനിക്ക് അനുഗുണയായ കന്യകയെ വേൾക്കുന്ന സംസ്ക്കാരമാണിത്. ധർമ്മപോഷണവും സൽസന്താനലാഭവുമാണ് ഇതിന്റെ വിശിഷ്ടപ്രയോജനം.

ഇന്നത്തെപ്പോലെ പണ്ടും വിവാഹം പലവിധത്തിൽ നടന്നിരുന്നു. ബ്രാഹ്മം, ദൈവം, ആർഷം, പ്രാജാപത്യം, ആസുരം,

ഗാന്ധർവ്വം. രാക്ഷസം, പൈശാചം എന്നിങ്ങനെ ഉത്തമവും മദ്ധ്യമവും അധമവുമായ എട്ടുവിധം വിവാഹരീതികളെപ്പറ്റി ശാസ്ത്രങ്ങളിൽ പരാമർശിച്ചു കാണുന്നുണ്ട്. യുഗസ്വഭാവമനുസരിച്ച് ഓരോന്നിനും മുൻഗണന കൂടിയിരിക്കുമെന്നല്ലാതെ എല്ലാ രീതികളും എക്കാലത്തും ഉണ്ടായിരുന്നു.

1. വിധിപ്രകാരമുള്ള ബ്രഹ്മചര്യവ്രതത്തോടുകൂടി സമ്പാദിക്കപ്പെട്ടിട്ടുള്ള പൂർണ്ണവൈദുഷ്യം, ധാർമ്മികത്വം, സൗശീല്യം എന്നിവയോടുകൂടിയ വധൂവരൻമാർ പരസ്പരം പ്രീതിയോടുകൂടിനടത്തുന്ന വിവാഹമാണ് ബ്രാഹ്മം.

2. വലിയയാഗം നടക്കുന്ന അവസരങ്ങളിൽ ഋത്വിക്കിന്റെ കർമ്മം നടത്തുന്ന യാജകനെ ജാമാതാവായിവരിച്ച്, പൊൻപണ്ടങ്ങളണിഞ്ഞ പുത്രിയെ കന്യാദാനം ചെയ്യുന്നതിനു ദൈവവിവാഹം എന്നുപറയുന്നു. പരസ്പരഹിതം അറിഞ്ഞിരുന്ന കാലത്ത് ഇത് എല്ലാവർക്കും പൊരുത്തമായിഭവിച്ചിരുന്നു. ദൈവീകവും ധാർമ്മികവുമായ കാര്യങ്ങളിൽ സമാനഭാവത്തോടുകൂടിയ യുവതീ-യുവാക്കൻമാർ പരസ്പരാകൃഷ്ടരായി ഗുരുജനസമ്മതപ്രകാരം നടത്തുന്ന വിവാഹത്തിനു തുല്യമാണിത്.

3. വധുവിന്റെ സ്വഭാവഗുണംമാത്രംനോക്കി, അവളെ സഹധർമ്മിണിയായി സ്വീകരിക്കുന്നതിനെ ആർഷമെന്നു പറയുന്നു.

4. ധർമ്മത്തിന്റെ അഭിവൃദ്ധിയെ പരമപ്രയോജനമായിക്കരുതി ചെയ്യുന്ന വിവാഹത്തിനു പ്രാജാപത്യമെന്ന് പേര്.

5. വരനോ വധുവിനോ കുറെ ധനം കൊടുത്തു നടത്തുന്ന വിവാഹത്തിന് ആസുരമെന്നു പേർ. സ്ത്രീധനം, വരദക്ഷിണ മുതലായ പ്രലോഭനങ്ങൾ നല്കി നടത്തുന്നവ ഇതിലുൾപ്പെടും.

6. വിവാഹത്തിനുള്ള സമയത്തെയും നിയമത്തെയും അനുസരിക്കാതെ വധൂ-വരൻമാർക്കിരുവർക്കുംതമ്മിൽ ഉളവാകുന്ന കാമമോ അനുരാഗമോ കൊണ്ടു പരസ്പരം ഭാര്യാ-ഭർത്താക്കന്മാരായി വരിക്കുന്നതിനെ ഗാന്ധർവ്വം എന്നു പറയുന്നു.

7. ബലാൽക്കാരേണ ഹഠാദാകർഷിച്ചിട്ടോ കപടം പ്രയോഗിച്ചിട്ടോ കന്യകയെ ഭാര്യയാക്കുന്ന സമ്പ്രദായമാണ് രാക്ഷസം.

8. ഉറങ്ങിക്കിടക്കുമ്പോഴും മറ്റും ബലാൽക്കാരമായി (കന്യകയുടെ ഇച്ഛയ്ക്കു വിപരീതമായി) തട്ടിക്കൊണ്ടു പോകുന്നതു പൈശാചികം.

ഈ എട്ടുവിധ വിവാഹങ്ങളിൽ ബ്രാഹ്മവിവാഹമാണ് ഏറ്റവും ഉൽകൃഷ്ടം. ദൈവം, പ്രാജാപത്യം എന്നിവ മദ്ധ്യമങ്ങളും, ആർഷം, ആസുരം എന്നിവ അധമങ്ങളും, രാക്ഷസം നികൃഷ്ടവും, പൈശാചം അത്യന്തനീചസമ്പ്രദായവുമാകുന്നു. സാമാന്യധർമ്മത്തിന്റെ അഭിവൃദ്ധിക്ക് ഉതകുന്നതും ഏതു നിലയിലുള്ളവർക്കും സാമാന്യമായും ലഘുവായും നടത്താവുന്നതുമായ പ്രാജാപത്യ വിവാഹക്രമമാണ് ഇവിടെ പരിചയപ്പെടുത്തുന്നത്.

**ഋതമഗ്നേപ്രഥമംജജ്ഞേ ഋതേ സത്യം പ്രതിഷ്ഠിതം**
**യദിയം കുമാര്യഭിജാതാ തദിയമിഹ പ്രതിപദ്യതാം**
**യത്സത്യം തദ്ദൃശ്യതാം**

എന്ന ആശ്വലായനഗൃഹ്യസൂത്രപ്രകാരം യുവതീ-യുവാക്കൾക്കു പരസ്പരം കണ്ടു സംസാരിക്കുന്നതിനും, അങ്ങനെ പരസ്പരധാരണയ്ക്കുശേഷം ഗുരുജനങ്ങളുടെ അനുമതിയോടുകൂടി വിവാഹാലോചന നടത്തുന്നതിനും സാധിക്കും. പരസ്പരചേർച്ചയും ഇഷ്ടവുമുള്ള വധുവിനെയോ വരനെയോ വരിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നു താല്പര്യം. വിവാഹത്തിനു കന്യക രജസ്വലയായി നാലുവർഷമെങ്കിലും കഴിഞ്ഞിരിക്കണം.

വിവാഹമുഹൂർത്തത്തിനുമുൻപ്, നിശ്ചിതസമയത്തുവരുന്ന, വരനെയും ബന്ധുമിത്രാദികളെയും വധൂസഹോദരനും ബന്ധുമിത്രാദികളും അങ്ങോട്ടു ചെന്നു യഥോചിതം എതിരേൽക്കണം. വരൻ വീട്ടുപടിയ്ക്കലെത്തുമ്പോൾ വധൂസഹോദരൻനൽകുന്ന ജലം കൊണ്ടു (കിഴക്കോട്ടുതിരിഞ്ഞുനിന്ന്) കൈകാൽകഴുകി വധൂബന്ധുവായ ഒരു സുമംഗലി നൽകുന്ന നീരാജനം സ്വീകരിക്കണം.

വധൂപിതാവോ തത്തുല്യനായ വധുവിന്റെ ഗുരുജനങ്ങളോ വരനെ വിവാഹവേദിക്കുസമീപം ഒരുക്കിയിട്ടുള്ള ആസനത്തിൽ പൂർവ്വാഭിമുഖമായും ബന്ധുമിത്രാദികളെ വിവാഹവേദിക്ക് ചുറ്റുമായും ഇരുത്തണം. അപ്പോഴേക്കും ഒരുങ്ങിയിരിക്കുന്ന വധു തന്റെ മാതാപിതാക്കന്മാരെയും ഗുരുജനങ്ങളെയും വന്ദിച്ചിട്ടു വരന്റെ വലതുഭാഗത്തു ചെന്നിരിക്കണം.

വരൻ വിവാഹവേദിക്കടുത്തു വരുന്നതിനു മുമ്പുതന്നെ വിവാഹവേദിയിൽ പ്രാഥമികമായ പൂജയും ഹോമവും നടത്തിയിരിക്കണം. ധർമ്മനിഷ്ഠ, സമുദായബോധം, അനുഭവജ്ഞാനം എന്നീ ഗുണങ്ങളുള്ള ഒരു പുരോഹിതനോ ആചാര്യനോ വിവാഹസംസ്ക്കാരകർമ്മങ്ങൾ ആദ്യന്തം നയിക്കണം. പ്രസ്തുത കർമ്മത്തെ സംബന്ധിച്ചിടത്തോളം ആചാര്യന്റെ അഭിപ്രായമാണ് അനുസരിക്കേണ്ടത്. ദുരഭിമാനവശാൽ, കരപ്രമാണികളുംമറ്റും അവരവരുടെ പ്രാമാണിത്വം ഓരോ ആചാരനിബന്ധനകളിലൂടെ പ്രകടിപ്പിക്കുന്നതു സമുദായത്തിന്റെ അനാഥത്വത്തെയാണ് വെളിപ്പെടുത്തുന്നത്. ധർമ്മശാസ്ത്രങ്ങളിൽത്തന്നെ വിപുലവും ലഘുവുമായ ആചാരപദ്ധതികളുണ്ട്. ശാസ്ത്രജ്ഞാനവും പ്രയോഗികബുദ്ധിയുമുള്ള ആചാര്യൻ അതു സന്ദർഭോചിതം സമംഗളം നടത്തും. ഇടക്കാലങ്ങളിലുണ്ടായ ഭിന്നാചാരങ്ങൾ ധർമ്മ-ശാസ്ത്രവിധിക്കു വഴങ്ങിക്കൊടുക്കണമെന്നു താല്പര്യം.

വിവാഹശുഭമുഹൂർത്തത്തിൽ ആചാര്യൻ വിവാഹവേദിയിൽ ഉത്തരാഭിമുഖമായിരുന്നു പൂജാഹോമാദികൾ നടത്തിക്കൊണ്ടിരിക്കെ, വരൻ ആദ്യവും പിന്നീടു വധുവും അവരവരുടെ മാതാ-പിതാ-ഗുരുജനങ്ങളെ വന്ദിച്ചിട്ടു വിവാഹവേദിയിൽ പ്രവേശിക്കണം. സദസ്യരെ കൂപ്പുകയ്യോടെ അവലോകനം ചെയ്തിട്ട് ആചാര്യനെ വന്ദിക്കണം. തുടർന്ന് ആചാര്യന്റെ നിർദ്ദേശാനുസരണം പൂജാസ്ഥാനത്തു പുഷ്പാർച്ചനചെയ്തിട്ടു യജ്ഞകുണ്ഡത്തിന്റെ പടിഞ്ഞാറുവശത്ത് കിഴക്കോട്ടുതിരിഞ്ഞ് ഇരിക്കണം. ഹോമാഗ്നിയിൽ വിശേഷദ്രവ്യങ്ങൾ ആഹൂതിനൽകണം.

തുടർന്ന് ഈശ്വരപ്രസാദത്തോടുകൂടി വിശുദ്ധിചെയ്ത മംഗല്യം (താലി) ആചാര്യന്റെ കയ്യിൽനിന്നും വന്ദിച്ചു വാങ്ങി വരൻ:-

**ഓം മംഗളദേവതാഃ പ്രീയന്താം**

(സുമംഗല്യം എന്നത്തേയ്ക്കും യശസ്കരമായിരിക്കുവാൻ ദേവന്മാർ സന്തോഷിച്ച് അനുഗ്രഹിക്കട്ടെ) എന്ന മന്ത്രം ചൊല്ലി വധുവിന്റെ കഴുത്തിൽ ഒന്നു കെട്ടിവെയ്ക്കണം. വരന്റെ സഹോദരിയോ അടുത്തബന്ധുക്കളിലാരെങ്കിലുമോ താലിയുടെ കെട്ടു മുഴുമിപ്പിച്ച് മുറുക്കണം.

അനന്തരം വധു എഴുന്നേറ്റു പടിഞ്ഞാട്ട് പുരുഷന് അഭിമുഖമായി തിരിഞ്ഞുനിന്ന്-

**മമ ഹൃദയേ ഹൃദയം തേ അസ്തു**
**മമ ചിത്തേ ചിത്തമസ്തുതേ**

എന്നുച്ചരിച്ചുകൊണ്ട് പുരുഷന്റെ കഴുത്തിൽ മാലയിടണം. വരനും ഇതേ മന്ത്രം ഉച്ചരിച്ചുകൊണ്ടു വധുവിന്റെ കഴുത്തിലും മാലയണിയിക്കണം. ഈ മാലകൾ വിവാഹസംസ്ക്കാരം കഴിയുന്നതുവരെയെങ്കിലും മാറ്റരുത്. എന്റെ ഹൃദയത്തിൽ അങ്ങയുടെ ഹൃദയം ലയിക്കട്ടെ: എന്റെ ചിത്തത്തിൽ അങ്ങയുടെ ചിത്തം ഐക്യപ്പെടട്ടെ എന്നാണ് ഈ മന്ത്രത്തിന്റെ അർത്ഥം.

തുടർന്ന് വരന്റെ പിതാവുനൽകുന്ന വിവാഹവസ്ത്രത്തിൽ ആചാര്യൻ അക്ഷതം വിതറി വരനെ ഏല്പിക്കുകയും വരൻ:-

**ഓം ജരാം ഗച്ഛ പരിധത്സ്വ വാസോ ഭവാകൃഷ്ടീനാമഭിശസ്തിപാവാ ശതം ച ജീവ ശരദഃ സുവർചാ രയിം ച പുത്രാനനു-**
**സംവ്യയസ്വായുഷ്മതീദം പരിധത്സ്വ വാസഃ**

എന്ന മന്ത്രോച്ചാരണപൂർവ്വം വധുവിനുനൽകുകയും ചെയ്യണം.

പിന്നീട് വധൂപിതാവ് വധൂവരന്മാരുടെ മുമ്പിൽ വടക്കോട്ട് തിരിഞ്ഞിരുന്ന് അക്ഷതവും ജലവുമെടുത്തു മംഗളസങ്കല്പത്തോടുകൂടി വധുവിന്റെ വലംകൈപിടിച്ച് വരന്റെ വലംകൈയ്ക്കകത്തു

വെച്ചുകൊടുക്കണം. ഈ കന്യാദാന-പാണിഗ്രഹണസന്ദർഭത്തിൽ വധൂപിതാവ് ചൊല്ലേണ്ടുന്ന മന്ത്രമിതാണ്.

**സഹധർമ്മശ്ചര്യതാം ഇഹേമാവിന്ദ്ര സംനുദ**
**ചക്രവാകേവ ദമ്പതീ.**

(സഹധർമ്മത്തെ നീ ആചരിച്ചാലും......... ഹേ ഇന്ദ്ര! ഈ ദമ്പതികളെ ചക്രവാകങ്ങളെപ്പോലെ അത്ര ഹൃദയംഗമമായി യോജിപ്പിച്ചാലും.)

തുടർന്നു വധൂവരൻമാർ പരസ്പരം കുങ്കുമധാരണം ചെയ്യും.

മഞ്ഞച്ചരടു കൈക്കുഴകളിൽ കെട്ടും. മോതിരമിടുന്നെങ്കിൽ ഇത് വേണമെന്നില്ല. രണ്ടുമില്ലെങ്കിൽ ഇരുവരുടെയും വസ്ത്രാഞ്ചലങ്ങളുടെ തുമ്പിൽ അക്ഷത പുഷ്പങ്ങൾ വെച്ച് ബന്ധിക്കാം. ഈ സന്ദർഭത്തിൽ വധൂവരന്മാർ ചേർന്നു ചൊല്ലുന്ന മന്ത്രം.

**സമഞ്ജന്തു വിശ്വേദേവാഃ**
**സമാപോ ഹൃദയാനി നൗ**
**സംമാതരിശ്വാ സംധാതാ**
**സമുദേഷ്ട്രീ ദധാതു നൗ**

അർത്ഥം: സകല ദേവന്മാരും ആപസ്സും ഞങ്ങളുടെ ഹൃദയങ്ങളെ നന്നായി ബന്ധിക്കട്ടെ, ദേവതകൾ ഞങ്ങളെ സമ്പൂർണ്ണമായി യോജിപ്പിക്കട്ടെ.

ഇതോടുകൂടി വധൂവരന്മാർ വെവ്വേറെ പത്തു പ്രതിജ്ഞകൾ വീതം ചെയ്യണമെന്നുണ്ട്. ആജീവനാന്തം ഓർമ്മിക്കേണ്ടുന്ന പത്തു കർത്തവ്യങ്ങളാണവ. സൗകര്യം പോലെ സപ്തപദിയും ചെയ്ത്, പകലാണെങ്കിൽ സൂര്യദർശനം രാത്രിയാണെങ്കിൽ അരുന്ധതി അല്ലെങ്കിൽ ധ്രുവനക്ഷത്രദർശനം എന്നീ ചടങ്ങുകളും നടത്താം.

കുങ്കുമധാരണത്തിനുശേഷം സമയമായെങ്കിൽ വരൻ ഈ മന്ത്രം ചൊല്ലണം:-

**ഓം ഗൃഭ്ണാമി തേ സൗഭഗത്വായ ഹസ്തം**
**മയാ പത്യാ ജരദഷ്ടിർയഥാസഃ**

**ഭഗോ അര്യമാ സവിതാ, പുരന്ധിർ-**
**മഹ്യം ത്വാദുർഗാർഹപത്യായ ദേവാഃ**

**സാമാഹമസ്മി ഋക്ത്വം**
**ദ്യൗരഹം പൃഥിവീ ത്വം**
**സമ്രാജ്ഞീ ശ്വശുരേ ഭവ**
**സമ്രാജ്ഞീ ശ്വശ്വാം ഭവ നനാന്ദരി**
**സമ്രാജ്ഞീ ഭവ, സമ്രാജ്ഞീ അധിദേവൃഷു**

അർത്ഥം :- സൗഭാഗ്യത്തിനായി ഞാൻ ഭവതിയുടെ കരം ഗ്രഹിക്കുന്നു. ഭർത്താവായ എന്നോടുകൂടി വാർദ്ധക്യാവസാനംവരെ ജീവിക്കുക. ആര്യമാ, സവിതാദി ദേവതകൾ എന്റെ ഗൃഹനായിക യായിരിക്കുന്നതിനായി ഭവതിയെ നൽകി. ഞാൻ സാമവേദമാണ്. ഭവതി ഋഗ്വേദവും. ഞാൻ ആകാശവും ഭവതി പൃഥ്വിയുമാണ്. അച്ഛനും അമ്മയ്ക്കും സഹോദരങ്ങൾക്കും സഹോദരികൾക്കും സമ്രാജ്ഞിയായി ഗൃഹത്തിൽ വാഴുക.

എന്നിട്ട് വരൻ വധുവിന്റേയും വധു വരന്റേയും നെറ്റിയിൽ തിലകം ചാർത്തിയിട്ട് പരസ്പരം കൈകോർത്തുകൊണ്ട് വിവാഹ മണ്ഡപത്തിന് മൂന്നുപ്രദക്ഷിണം വയ്ക്കണം. സമാപനപൂജയിലും ഹോമത്തിലും പങ്കെടുത്തുകൊണ്ട് ആചാര്യന് ഇരുവരും ദക്ഷിണ നൽകി വന്ദിക്കണം. വിവാഹവേദിയിൽ വധൂവരന്മാർ ഇരിക്കവേ തന്നെ ദക്ഷിണയ്ക്കുമുൻപായി വിവാഹസംസ്ക്കാരത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെപ്പറ്റി ആചാര്യന്റെ പ്രബോധനം ഉണ്ടായിരിക്കും. എല്ലാവരും കേൾക്കത്തക്കവിധം സമാധാനാന്തരീക്ഷമായിരിക്കണ മപ്പോൾ.

വധൂവരന്മാർ ആചാര്യന് ദക്ഷിണനൽകി വന്ദിച്ചിട്ട് ഇരു വരും ഒന്നിച്ചു കൂപ്പുകൈയോടെ സദസ്യരെ അവലോകനം ചെയ്യു മ്പോൾ മംഗളാശംസകൾ ചൊല്ലാം. അഥവാ

**ഓം സൗഭാഗ്യമസ്തു**

**ഓം ശുഭം ഭവതു** എന്നു ചൊല്ലി അക്ഷതവും പുഷ്പവും വധൂവരന്മാരുടെ ശിരസ്സിൽ ഇട്ട് ആശംസിക്കണം. കൂടിയിരിക്കുന്ന

വിദ്വാന്മാരും ഗുരുജനങ്ങളും ചേർന്ന് ആചാര്യനോടൊപ്പം സ്വസ്തി വാചനമന്ത്രങ്ങൾ അഥവാ ചുരുക്കത്തിൽ, **ഓം സ്വസ്തി, ഓം സ്വസ്തി, ഓം സ്വസ്തി** എന്ന് ഉച്ചരിച്ചുകൊണ്ടിരിക്കെ വധൂവരന്മാർ (ഇരുവരും ചേർന്ന്) ഇരുവരുടേയും മാതാപിതാക്കളെയും ഗുരുജനങ്ങളെയും വന്ദിക്കണം. അപ്പോൾ ഗൃഹാന്തർഭാഗത്തുനിന്ന് വധൂമാതാവും മറ്റ് സുമംഗലികളും മുമ്പോട്ടുവന്ന് നീരാഞ്ജനം കാട്ടി വധൂ-വരന്മാരെ വീട്ടിനകത്തേക്ക് ആനയിക്കണം. തുടർന്നുള്ള സല്ക്കാരത്തിൽ വധൂ-വരന്മാരുൾപ്പെടെ വരപക്ഷക്കാർക്കും ആചാര്യനും മുൻഗണന നൽകണമെന്നുണ്ട്.

വിവാഹിതരായശേഷം കുറഞ്ഞതു നാലുദിവസം കഴിഞ്ഞാണ് ർഭാധാനസംസ്ക്കാരം നടത്തേണ്ടത്.

വേണ്ടവിധം പരിഗണിക്കപ്പെടാതെ മറ്റു പല സംസ്ക്കാര ർമ്മങ്ങളും മറഞ്ഞുകൊണ്ടിരിക്കുന്നുവെങ്കിലും വിവാഹം എല്ലാ ിടങ്ങളിലും പരിഷ്കൃതമായോ പ്രാകൃതമായോ നടന്നുകൊണ്ടി ക്കുന്നു. അർത്ഥകാമങ്ങളുടെ അതിമോഹം അതിലും ളിഞ്ഞുകാണാം. ജാതികൾതോറും, നാടുകൾതോറും, ഗതാനു ന്യായേന ചടങ്ങുകൾ പലവിധം; വിചിത്രങ്ങളാണവ പലതും. പരിഷ്കൃതരായ കാട്ടുജാതികളുടെയിടയിൽ പ്രാകൃതചടങ്ങുക ന്ന് സ്വാഭാവികമായും കാണപ്പെടുന്നതെങ്കിലും അവരുടെയിട ലും അത്ഭുതമാംവിധം ചാരിത്ര്യനിഷ്ഠ പാലിക്കുന്നവരുണ്ട്. അതേ യം ആഡംബരപൂർവ്വം വിവാഹിതരാവുന്നതിൽ ചിലർ ചാരി ത്തെ പുല്ലുപോലെ ചവുട്ടിത്തേക്കുന്നതു കാണാം. ദുരഭിമാന ാൽ ബലൂണിനെപ്പോലെ വീർത്തിരിക്കുന്ന ചിലർ മുണ്ടുകൊ ം ചോറുകൊടയുംകൊണ്ട് തൃപ്തരാകുന്നു. കച്ചേരിയിൽ ചെന്ന് ാറെഴുതി കയ്യൊപ്പിട്ട് വിവാഹം നടത്തുന്നവരും അപൂർവ്വമല്ല. ങനെ ഇന്നുകാണുന്ന നൂറുകണക്കിനുള്ള വിവാഹസമ്പ്രദായ ളെല്ലാം നേരത്തെ പറഞ്ഞ എട്ടുവിധം വിവാഹക്രമങ്ങളിലേതെ ും ഒന്നിൽ ഉൾപ്പെടുന്നതുതന്നെ. ഇതിലെങ്ങാനും സംസ്ക്കാ ണ്ടോ എന്നതാണ് പ്രശ്നം.

ബ്രഹ്മചര്യാവസാനം, കിശോരാവസ്ഥയിൽതന്നെ ഒരു തീർത്ഥാടനം ചെയ്തിരിക്കണമെന്നുണ്ട്. ഈ ദേശാടനത്തിൽ ഗൃഹജീവിതത്തിന്റെ വിവിധമാതൃകകൾ നേരിട്ടു കണ്ടറിയാൻ വിവാഹിതനാവാൻപോകുന്ന ആ യുവാവിനു സാധിക്കുന്നു. തീർത്ഥസ്ഥാനങ്ങളോടൊപ്പം സാംസ്കാരികകേന്ദ്രങ്ങളും വിദ്വത്സദസ്സുകളും ദമ്പതീഗേഹങ്ങളും ബ്രഹ്മചാരി സന്ദർശിക്കേണ്ടതായിട്ടുണ്ട്. ബുദ്ധിശക്തിയിലും ശീലത്തിലും ഉത്തമമാതൃക സ്വീകരിക്കുന്നതിന് ഇവ ഉപകരിക്കും. ജീവിതത്തിന്റെ ആകെത്തുക അർത്ഥകാമങ്ങൾ മാത്രമല്ലെന്നു സ്പഷ്ടമായി കണ്ടറിയുന്നു. ജീവിതത്തിന്റെ അസ്തിവാരം ധർമ്മമാണെന്നും ലക്ഷ്യം ആത്മമോക്ഷമാണെന്നും ശരിയായി ധരിച്ച ഒരു യുവാവിനോ യുവതിക്കോ വിവാഹം ശരീരനിഷ്ഠമല്ല, ആത്മനിഷ്ഠമാണെന്നും ധർമ്മാനുസരണം ജീവിച്ചു ജന്മസാഫല്യം നേടാനുള്ളതാണെന്നും ബോദ്ധ്യപ്പെടും. അവർക്കു വിവാഹസംസ്കാരകർമ്മം ഈശ്വരാരാധനയായോ, യജ്ഞമായോ അനുസരിക്കുവാൻ സങ്കോചമുണ്ടാവില്ല.

വിവാഹസംബന്ധമായ വേദവചനങ്ങളിൽ സനാതനധർമ്മത്തിന്റെ മന്ത്രധ്വനികളാണ് കേൾക്കുന്നത്. പരസ്പരശരീരാകർഷണത്തിന്റെ സുഖാസക്തിയെ വിവാഹത്തിന്റെ മാനദണ്ഡമാക്കീട്ടില്ല. സൂര്യനും സോമനും തമ്മിലുള്ള വിവാഹവും, സൂര്യനും പൃഥ്വിയും തമ്മിലുള്ള വിവാഹവും വർണ്ണിച്ചിട്ടുണ്ട്. ലോകകല്യാണാർത്ഥമായിരുന്നു അവർ വിവാഹം ചെയ്തത്. കാമസൂത്രകാരനായ വാത്സ്യായനൻപോലും വിവാഹം ചെയ്ത് ധർമ്മം, അർത്ഥം, കാമം എന്നിവയെ മോക്ഷസാധനമാക്കിച്ചെയ്യാനാണ് അന്തിമമായി അനുശാസിക്കുന്നത്. സന്താനം, ചാരിത്ര്യം, കുലം, കർമ്മം എന്നിവ വിവാഹസംസ്ക്കാരത്താൽ രക്ഷിക്കപ്പെടുന്നു. സുനിയമിതമായ വിവാഹപദ്ധതി സ്ത്രീ-പുരുഷന്മാരുടെ സാമൂഹികവും ആദ്ധ്യാത്മികവുമായ സമ്മേളനമാണ്. അതു സമുദായത്തെ താങ്ങുന്നതാണ്. ഈ സംസ്കാരംകൊണ്ട് കാമവും ധർമ്മമായിത്തീരുന്നു. ധർമ്മശാസ്ത്രങ്ങളിലെല്ലാംതന്നെ വിവാഹത്തെ യജ്ഞമായി കരുതി ആചരിക്കാനുള്ള നിയമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

വിവാഹപ്രകരണത്തിൽ വധുവും വരനും ഒരേ മന്ത്രം ചൊല്ലിയാണ് പരസ്പരം സംബോധനചെയ്യുന്നത്. സംസ്കാരകർമ്മത്തിൽപോലും സ്ത്രീ-പുരുഷഭേദം കല്പിച്ചിട്ടില്ലെന്നു താല്പര്യം. ഉദാ:- **ഓം മമ വ്രതേ തേ ഹൃദയം ദധാമി, മമ ചിത്തമനുചിത്തം തേ അസ്തു, മമ വാചമേകമനാ ജൂഷസ്വ, പ്രജാപതിഷ്ട്വാ നിയുനക്തു മഹ്യം.**

വരൻ:- ഹേ വധൂ! നിന്റെ അന്തഃകരണത്തെയും ആത്മാവിനെയും എന്റെ കർമ്മത്തിനനുകൂലമായി ധരിക്കുന്നു. എന്റെ ചിത്തത്തിനനുകൂലമാംവിധം നിന്റെ ചിത്തവും ഭവിക്കട്ടെ എന്റെ വാക്കുകളെ ശ്രദ്ധാപൂർവ്വം ഗ്രഹിക്കുക. പ്രജാപതിയായ പരമാത്മാവ് ഉത്തമകാര്യാർത്ഥം നമ്മെ യോജിപ്പിച്ചിരിക്കുന്നു.

വധു:-പ്രിയസ്വാമി! അങ്ങയുടെ ഹൃദയവും ആത്മാവും അന്തഃകരണവും എന്റെ ഹിതകർമ്മത്തിനായി ഞാൻ ധരിക്കുന്നു. എന്റെ ചിത്തവൃത്തികൾക്കനുകൂലമായി അങ്ങയുടെ ചിത്തം പ്രവർത്തനനിരതമാവട്ടെ, മിതഭാഷണത്തിലൂടെ അങ്ങയെ ഗ്രഹിപ്പിക്കുവാൻ ആഗ്രഹിക്കുന്ന എന്റെ വാക്കുകൾ അങ്ങ് ശ്രദ്ധാപൂർവ്വം ശ്രവിച്ചാലും. ഇന്നുമുതൽ അങ്ങയെ പ്രജാപതിയായ പരമാത്മാവ് എന്റെ അധീനതയിൽ എല്പിച്ചിരിക്കുന്നു. എന്നെ അങ്ങേയ്ക്കും അധീനപ്പെടുത്തിയിരിക്കുന്നു. നാം പരസ്പരധാരണയോടുകൂടി ജീവിതസാഫല്യം നേടട്ടെ.

രണ്ടു ശരീരം, രണ്ടു മനസ്സ്, രണ്ടു ഹൃദയം, രണ്ടു പ്രാണൻ, രണ്ടു ആത്മാക്കൾ - ഇവയുടെ സമന്വയംകൊണ്ട് അഗാധപ്രേമവ്രതം പാലിക്കുന്ന ദമ്പതികൾ സാക്ഷാൽ ഉമാമഹേശ്വരന്മാരുടെ പ്രേമാദർശം ധരിക്കുന്നവരാകുന്നു- ഇതാണ് വിവാഹത്തിന്റെ സ്വരൂപം. അന്യോന്യം വരണമാല്യം അണിയിക്കുന്നതോടുകൂടി വരനും വധുവും പ്രതിജ്ഞചെയ്യുന്ന സംസ്കൃതശ്ലോകങ്ങളുടെ സാരം ചുവടെ ചേർക്കുന്നു. എല്ലാവർക്കും ആ സന്ദർഭത്തിൽ ചൊല്ലാൻ സാധിച്ചില്ലെങ്കിൽകൂടി ആചാര്യപ്രഭാഷണത്തിലൂടെ ഒർമ്മിക്കുകയെങ്കിലും ചെയ്യാമല്ലോ.

# വരന്റെ പ്രതിജ്ഞ

ഹേ ധർമ്മപത്നി! ഇന്നുമുതൽ നാം ഇരുവരുടെയും ജീവിതം സംയുക്തമായി, ഒന്നായിത്തീർന്നിരിക്കുന്നു. അതിനാൽ നീ എന്റെ അർദ്ധാംഗിനിയാണെന്ന് സമുദായസമക്ഷം പ്രഖ്യാപിക്കുന്നു.

ഞാൻ ഭവതിയെ ഗൃഹലക്ഷ്മീസ്വരൂപേണ സസന്തോഷം സ്വീകരിക്കുന്നു. ഭവതിയുമായി കൂടിയാലോചിച്ച് ശുഭകർമ്മങ്ങൾ ചെയ്യും.

ഭവതിയുടെ രൂപം, ആരോഗ്യം, സ്വഭാവം, ഗുണം, ദോഷം, രോഗം, അജ്ഞതകൾ എല്ലാം മറന്നിട്ടു പൂർണ്ണസ്നേഹത്തെ സമർപ്പിച്ചുകൊണ്ടു സുഖദുഃഖങ്ങളിൽ തുല്യപങ്കാളിയാവുന്നു. പ്രേമത്തിന്റെ ആധാരം എന്റെ സത്യസന്ധതയും ശ്രദ്ധയുമായിരിക്കട്ടെ. നീ പവിത്രമനസ്സോടെ പതിവ്രതാധർമ്മം ധരിച്ചതുപോലെ ഞാനും പത്നീവ്രതധർമ്മത്തിൽ ദൃഢനിശ്ചയത്തോടിരിക്കും.

സുശീലേ! നമ്മുടെ ധനശേഷിയനുസരിച്ചു ഗൃഹകാര്യങ്ങൾ നിർവ്വഹിക്കുവാൻ നാം ഇരുവരും ആലോചിച്ചു പ്രവർത്തിക്കട്ടെ. നിന്റെ സുഖം, ശാന്തി, സമൃദ്ധി, രക്ഷ എന്നിവയ്ക്കായി എന്റെ ശക്തിക്കുതക്കവിധം വ്യവസ്ഥചെയ്യുന്നതാണ്. നാം തമ്മിൽ ഉണ്ടാവുന്ന അഭിപ്രായഭേദങ്ങൾ പരസ്പരംപറഞ്ഞ് സൗമ്യവും സമാധാനപരവുമായ പരിഹാരമുണ്ടാക്കണം.

സജ്ജനസമക്ഷം നീ ഗൃഹലക്ഷ്മിയായി വിളങ്ങട്ടെ. നിന്റെ അസാമർത്ഥ്യത്തിലും കർത്തവ്യവിമുഖതയിലും ഞാൻ സഹിഷ്ണുതയോടെ നോക്കും. എന്തുകൊണ്ടെന്നാൽ ഭവതി എന്നിൽ പൂർണ്ണ വിശ്വാസം സമർപ്പിച്ചിരിക്കയാണല്ലോ. എന്റെ പതീവ്രതത്തിന് ഇളക്കമുണ്ടാവില്ലെന്ന് ഇതാ പ്രതിജ്ഞചെയ്യുന്നു.

**ഭവത്യാ സമർത്ഥായാം വിമുഖായാഞ്ച കർമ്മണി**
**വിശ്വാസം സഹയോഗശ്ച മമ പ്രാപ്സ്യസി ത്വം സദാ**
**മധുരാം പ്രേമസംയുക്താം വാർത്താം സത്യവ്യവഹൃതി**
**ദൃഢം പത്നീവ്രതമേകം വചോ മേ തവ സന്നിധൗ**

## വധുവിന്റെ പ്രതിജ്ഞ

വിവാഹാവസരത്തിൽ, തന്റെ ഭാവിഭർത്താവിന്റെ വാമഭാഗത്തുചെന്നിരിക്കുന്നതിനുമുൻപ് സൗഭാഗ്യകാംക്ഷിണിയായ കന്യക ശ്രദ്ധാപൂർവ്വം വരനെനോക്കി പ്രതിജ്ഞചെയ്യുന്നു:

സ്വാമിൻ! എന്റെ ജീവിതം അങ്ങയുടെ ജീവിതത്തോടു ചേർത്ത് അർദ്ധാംഗിനീ-പത്നീ-രൂപത്തിലും ഭാവത്തിലും ഗൃഹത്തിൽ വസിച്ചുകൊള്ളാം. മറ്റു കുടുംബാംഗങ്ങളോട് ഞാൻ അങ്ങയുടെ ഹിതമറിഞ്ഞു സൗമ്യമായും നല്ലഭാവനയോടും പെരുമാറി പ്രീതിയുളവാക്കുന്നതാണ്. അലസത ഉപേക്ഷിച്ചു വീട്ടുകാര്യങ്ങൾ യഥായോഗ്യം നിർവ്വഹിക്കും. ഗൃഹനാഥന്റെ ഹിതം തന്റെയും ഹിതമാണെന്നു ഞാൻ മനസ്സിലാക്കുന്നു. ശ്രദ്ധാ-ഭക്തിപൂർവ്വം പതിവ്രതയുടെ പരമധർമ്മം ഞാൻ പാലിക്കും; ഭർത്താവിന്റെ ആജ്ഞാനുകാരിണിയായി ഞാൻ പ്രവർത്തിക്കും. എല്ലായ്പോഴും സേവനതല്പരതയും വൃത്തിയും ശുദ്ധിയും കാക്കുന്നവളും പ്രിയവും മധുരവുമായി സംസാരിക്കുന്നവളുമായിരിക്കും. ഗൃഹകാര്യങ്ങൾ മിതവ്യയപൂർവ്വം നോക്കുന്നവളായി അങ്ങയുടെ അനുഗാമിനിയായി വർത്തിക്കും.

ഐഹിക-പാരത്രികമായ മാർഗ്ഗദർശി പത്നിക്കു ഭർത്താവാണ്. അതനുസരിച്ചു ഞാൻ അങ്ങയെ ശുശ്രൂഷിക്കും. അങ്ങേയ്ക്കു പൂജ്യരായിട്ടുള്ള മാതാ-പിതാ-ഗുരുജനങ്ങൾ എനിക്കും അത്യന്തപൂജ്യരാണ്. ഞാൻ അവരെ ശുശ്രൂഷകൊണ്ടും വിനയാദരങ്ങൾകൊണ്ടും സന്തോഷിപ്പിക്കും. ഏതുപരിതഃസ്ഥിതിയിലും അങ്ങേയ്ക്കു വൈമുഖ്യമുള്ള കാര്യത്തിലേർപ്പെടാതെ സൂക്ഷിച്ചുകൊണ്ട്, എന്റെ സർവ്വസ്വവും ഭർത്താവായ അങ്ങാണെന്ന് ഓർത്തുകൊണ്ടു ജീവിക്കുന്നതാണ്.

**കദാപി ക്വാപി കിമപി കരിഷ്യേ ന പരാങ്മുഖീ**
**പ്രതിജാനാമി മമ ച ത്വമേവ സർവ്വമേവ ഹി**

വധൂ-വരന്മാർ ഭാവികർത്തവ്യങ്ങളിൽ ഒന്നിച്ചുവർത്തിക്കുമെന്നതിന്റെ ആരംഭസൂചനയാണ് സപ്തപദീചടങ്ങ്. വിവാഹമണ്ഡപത്തിനു പ്രദക്ഷിണം വെച്ചതിനുശേഷം ഇരുവരും ഒന്നിച്ചു മന്ത്രോ

ച്ചാരണപൂർവ്വം ഈശാനദിക്കിലേക്ക് ഏഴുപ്രാവശ്യം വലതുകാൽ മുന്നോട്ടുവെയ്ക്കുന്നു. പദസഞ്ചലനം ചെയ്യുന്നു. ഏഴു ഗൃഹകാര്യങ്ങൾക്കുവേണ്ടിയുള്ള ഏഴു മുഖ്യകർമ്മങ്ങൾ വരിക്കുന്നതാണ് ഓരോ കാൽവയ്പും മന്ത്രോച്ചാരണവും. പൂർവ്വോത്തരദിങ്മുഖമായി സപ്തപദി അനുഷ്ഠിക്കണമെന്നാണ് വിധി. ഇരുവരും കൈകോർത്തുപിടിച്ച് ഒരേവിധം ചുവടചേർക്കുന്ന മന്ത്രോച്ചാരണപൂർവ്വം പദംപദമായി ഏഴടിദൂരം നടക്കുന്ന കർമ്മമാണ് സപ്തപദി.

1. അന്നപാനാദികൾക്കുവേണ്ടി -

   **ഓം ഇഷ ഏകപദീ ഭവ സാ മാമനുവ്രതാ ഭവ**
   **വിഷ്ണുസ്ത്വാ നയതു**
   **പുത്രാൻ വിന്ദാവഹൈ ബഹൂംസ്തേ സന്തു ജരദഷ്ടയഃ**

2. വീര്യ-ബലാദികൾക്കുവേണ്ടി -

   **ഓം ഊർജേ ദ്വിപദീ ഭവ സാ മാമനുവ്രതാ ഭവ വിഷ്ണുസ്ത്വാ നയതു**
   **പുത്രാൻ വിന്ദാവഹൈ ബഹൂംസ്തേ സന്തു ജരദഷ്ടയഃ**

3. ധന-സമ്പത്തുകൾക്കുവേണ്ടി -

   **ഓം രായസ്പോഷായ ത്രിപദീ ഭവ സാ മാമനുവ്രതാ ഭവ**
   **വിഷ്ണുസ്ത്വാ നയതു**
   **പുത്രാൻ വിന്ദാവഹൈ ബഹൂംസ്തേ സന്തു ജരദഷ്ടയഃ**

4. സുഖക്ഷേമങ്ങൾക്കുവേണ്ടി

   **ഓം മയോഭവായ ചതുഷ്പദീ ഭവ സാ മാമനുവ്രതാ ഭവ**
   **വിഷ്ണുസ്ത്വാ നയതു**
   **പുത്രാൻ വിന്ദാവഹൈ ബഹൂംസ്തേ സന്തു ജരദഷ്ടയഃ**

5. ഗോവംശവൃദ്ധിക്കുവേണ്ടി -

   **ഓം പ്രജാഭ്യഃ പഞ്ചപദീ ഭവ സാ മാമനുവ്രതാ ഭവ**
   **വിഷ്ണുസ്ത്വാ നയതു**
   **പുത്രാൻ വിന്ദാവഹൈ ബഹൂംസ്തേ സന്തു ജരദഷ്ടയഃ**

6. ഋതുക്കൾക്കനുസൃതമായ പെരുമാറ്റത്തിനുവേണ്ടി

**ഓം ഋതുഭ്യഃ ഷട്പദീ ഭവ സാ മാമനുവ്രതാ ഭവ**
**വിഷ്ണുസ്ത്വാ നയതു**
**പുത്രാൻ വിന്ദാവഹൈ ബഹൂംസ്തേ സന്തു ജരദഷ്ടയഃ**

7. മൈത്രീഭാവവൃദ്ധിക്കുവേണ്ടി -

**ഓം സഖേ സപ്തപദീ ഭവ സാ മാമനുവ്രതാ ഭവ**
**വിഷ്ണുസ്ത്വാ നയതു**
**പുത്രാൻ വിന്ദാവഹൈ ബഹൂംസ്തേ സന്തു ജരദഷ്ടയഃ**

ഇങ്ങനെ സംസ്കാരകർമ്മത്തിന്റെ ഓരോമന്ത്രവും അർത്ഥപൂർണ്ണവും ഉപദേശപ്രദവുമാണെന്നു കാണാം. അവ ഇക്കാലത്ത് അങ്ങനെ തന്നെ അനുഷ്ഠിക്കുവാൻ സാധിച്ചില്ലെങ്കിലും ആചാര്യന്റെ പ്രഭാഷണത്തിലൂടെ ഉദ്ബോധിപ്പിക്കുവാൻ സാധിക്കും. അങ്ങനെ വിവാഹസംസ്ക്കാരകർമ്മത്തിലൂടെ വധൂ-വരന്മാരുടെ ഭാവികർത്തവ്യങ്ങളെപ്പറ്റി അവർക്ക് ഉത്തമമായ മാർഗ്ഗദർശനം ലഭിക്കും. സന്നിഹിതരായിരിക്കുന്നവർക്കാകട്ടെ സൽക്കർമ്മങ്ങളെപ്പറ്റി ബലവത്തായൊരു പ്രേരണയും സിദ്ധിക്കുന്നു.

## 13. ഗൃഹസ്ഥാശ്രമസംസ്ക്കാരം

വിവാഹസംസ്ക്കാരകർമ്മം കഴിഞ്ഞാൽ ഉടൻതന്നെ വധൂവരന്മാർ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചുകൊള്ളണമെന്നില്ല. ആത്മസംയമനപൂർവ്വം ബ്രഹ്മചര്യാശ്രമം ശീലിച്ചവർക്ക് അപ്രകാരം തോന്നുകയുമില്ല. ശാരീരികബന്ധത്തേക്കാൾ മാനസികവും ബുദ്ധിപരവുമായി പ്രേമപൂർവ്വം ആശയവിനിമയം ചെയ്യുന്നതിലാണ് ശ്രദ്ധിക്കേണ്ടത്. ഇരുവരും ധർമ്മത്തിന്റെ മാധ്യമത്തിലോ ഗുരുജനങ്ങളുടെ മദ്ധ്യസ്ഥതയിലോ അനുരൂപരായിത്തീരുന്നതും അപ്പോഴാണ്.

വിവാഹാനന്തരം വധൂ-വരന്മാർ വരന്റെ ഭവനത്തിൽ ചെല്ലുമ്പോൾ വരന്റെ മാതാവും ബന്ധുജനങ്ങളുംചേർന്ന് അവരെ മംഗളാരതിപൂർവ്വം സ്വീകരിക്കുകയും അവർക്കായി പ്രത്യേകമൊരു

കുടുംബവും ജീവിതവും സങ്കല്പിച്ച് അതിന്റെ ശ്രേയസ്സിനായി പ്രത്യേകം ഹോമാഗ്നി സ്ഥാപിക്കുകയും കുടുംബദീപം ജ്വലിപ്പിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ ചൊല്ലേണ്ടുന്ന വേദമന്ത്രങ്ങളെല്ലാം ഭാര്യാഭർത്താക്കന്മാരുടെ കർത്തവ്യങ്ങളും ഭാരിച്ചചുമതലകളും ജീവിതക്രമങ്ങളും ഉദ്ബോധിപ്പിക്കുന്ന തത്ത്വരത്നങ്ങളാകുന്നു. ഉദാഹരണത്തിന് വധുവിനെ സംബോധന ചെയ്യുന്ന രണ്ടു മന്ത്രങ്ങളിതാ:

**സുമംഗലീ പ്രതരണീ ഗൃഹാണാം**
**സുശേവാ പത്യേ ശ്വശുരായ ശംഭൂഃ**
**സ്യോനാ ശ്വശ്ര്വൈ പ്രഗൃഹാൻ വിശേമാൻ**
**സ്യോനാ ഭവ ശ്വശുരേഭ്യഃ സ്യോനാ പത്യേ ഗൃഹേഭ്യഃ**
**സ്യോനാ പുഷ്ടായൈഷാം ഭവ**
**സ്യോനാസ്യൈ സർവ്വസ്യൈ വിശേ.**

(അഥർവവേദം 14-2-26)

അർത്ഥം:- ഹേ വരാനനേ! നീ മംഗളാചരണപ്രിയയും, ശോകദോഷരഹിതയും, ഗൃഹകാര്യങ്ങളിൽ ചാതുര്യമുള്ളവളുമായി ഉത്തമകുടുംബിനിയായി വാഴുക. സദാ പ്രസന്നവും സുഖപ്രദവുമായ വിചാരവും ആചരണവും കൊണ്ടു ശ്വശുരാദി ബന്ധുജനങ്ങൾക്കു പ്രിയപ്പെട്ടവളായിരിക്കുവാനും ജീവിതവികാസത്തിന്റെ സുഖമനുഭവിപ്പാനും സന്തോഷപൂർവ്വം ഈ ഗൃഹത്തിൽ പ്രവേശിക്കുക. ഹേ വധൂ! നീ നിന്റെ ഭർത്താവിനു സുഖത്തെ പ്രദാനംചെയ്യുന്നവളാണ്. ശ്വശുരാദി കുടുംബഗുരുജനങ്ങൾക്കും ബന്ധുജനങ്ങൾക്കും സുഖം നൽകുന്നവളാണ്. നിന്റെ വാക്കുംപ്രവൃത്തിയുംകൊണ്ട് സ്വന്തം സുഖത്തോടൊപ്പം സർവ്വപ്രജകൾക്കും സുഖമുണ്ടാവട്ടെ.

ബ്രഹ്മചര്യാശ്രമത്തിൽ അഭ്യസിച്ച സമസ്തവിദ്യകളും പുഷ്പിച്ചു ഫലംനൽകുന്ന മനുഷ്യജീവിതത്തിന്റെ പ്രഫുല്ലമായ രണ്ടാം ഘട്ടമാണ് ഗൃഹസ്ഥാശ്രമം. വർണ്ണാശ്രമധർമ്മമനുസരിച്ച് അവരവരുടെ ഗുണകർമ്മങ്ങളും ധനസ്ഥിതിയും പഠിപ്പും പരിചയവും അനുസരിച്ചു ധർമ്മാർത്ഥകാമമോക്ഷമെന്ന പുരുഷാർത്ഥപ്രാപ്തിതന്നെയാണ് എല്ലാ ഗൃഹസ്ഥാശ്രമികളുടെയും

മൗലികമായ ഉദ്ദേശ്യലക്ഷ്യങ്ങൾ. നാല് ആശ്രമങ്ങളുടേയും പ്രധാന കേന്ദ്രമായ ഗൃഹസ്ഥാശ്രമത്തിൽ സുഖസന്തോഷങ്ങളും സമാധാനവും നിലനില്ക്കുന്നെങ്കിലേ സമുദായത്തിലും രാഷ്ട്രത്തിലും അവ പുലരുകയുള്ളൂ. ഇക്കാരണത്താൽത്തന്നെ ധർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ ഗൃഹസ്ഥാശ്രമധർമ്മങ്ങളെപ്പറ്റി കൂടുതൽ വിവരിച്ചിരിക്കുന്നു. മനുസ്മൃതിയിൽ പറയുന്നു.- സർവ്വജന്തുക്കളും പ്രാണവായുവിനെ സമാശ്രയിച്ചു എങ്ങനെ ജീവിക്കുന്നുവോ അപ്രകാരം ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്യാസി ഈ മൂന്നുപേരും ഗൃഹസ്ഥനെ സമാശ്രയിച്ച് ജീവിക്കുന്നു. ഏതു കാരണത്താൽ ഗൃഹസ്ഥൻ മറ്റു മൂന്ന് ആശ്രമികളെയും വേദാദ്ധ്യയനാദികളാലും, ദാനധർമ്മാദികളാലും നിത്യവും രക്ഷിക്കുന്നുവോ ആ കാരണത്താൽ ഗൃഹസ്ഥാശ്രമം ഉയർന്നതെന്നു പറയപ്പെടുന്നു. ഇഹത്തിൽ സുഖത്തേയും, പരത്തിൽ ശാശ്വതമായ പുണ്യത്തേയും യാതൊരാൾ ഇച്ഛിക്കുന്നുവോ അയാൾ ഈ ഗൃഹസ്ഥാശ്രമം കർത്തവ്യനിഷ്ഠാപൂർവ്വം നിർവ്വഹിക്കേണ്ടതാകുന്നു. അതു ജിതേന്ദ്രിയന്മാരാൽ സാധിക്കപ്പെടാൻ കഴിയുന്നതാകുന്നു.

ഒരു രാഷ്ട്രത്തിന്റെ വികേന്ദ്രീകൃതരൂപമാണ് ഓരോ കുടുംബവും. വീടും വിദ്യാലയവും മനുഷ്യസ്വഭാവരൂപവൽക്കരണത്തിന്റെ രണ്ടു മുഖ്യകേന്ദ്രങ്ങളാണല്ലോ. അതിൽ പ്രഥമവും പ്രധാനവുമായ വിത്തുവിതയ്ക്കപ്പെടുന്നത് ഭവനത്തിലാണ്. അവിടത്തെ വിചാരവും വാക്കും ആചരണവും ഓരോ മനുഷ്യശിശുവിന്റെയും മനസ്സിൽ അടിസ്ഥാനപരമായി പതിയുന്നു. അതുകൊണ്ടു ഗൃഹകാര്യങ്ങൾ ചിട്ടപ്പെടുത്തി നിത്യകർമ്മാനുഷ്ഠാനങ്ങൾ ക്രമപ്പെടുത്തി, പരോപകാരാദി സൽക്കർമ്മനിരതരായി സദാ പ്രസന്നചിത്തരായി കുടുംബജീവിതം നയിക്കേണ്ടതാകുന്നു.

ഗൃഹസ്ഥാശ്രമികളോട് ഈശ്വരാജ്ഞ എന്താണെന്നു വ്യഞ്ജിപ്പിക്കുന്ന വേദവാക്യങ്ങൾ വേണ്ടുവോളമുണ്ട്. ഉദാഹരണത്തിനു ചില വേദമന്ത്രങ്ങളുടെ സാരമിതാ:-

ഗൃഹസ്ഥാശ്രമികളായ സ്ത്രീ-പുരുഷന്മാരെ! പ്രഭാതവേളയിലെ സൂര്യനെപ്പോലെ കുടുംബവ്യവഹാരങ്ങളിൽ ഏർപ്പെട്ടു നിശ്ചി

തകർത്തവ്യങ്ങൾ ഉത്തമരീതിയിൽ നിർവ്വഹിച്ചിട്ട് ഗൃഹസ്ഥാശ്രമത്തിൽനിന്നു നിവൃത്തരാവുക.

എപ്രകാരം മാതാപിതാക്കൾ സ്വസന്താനങ്ങൾ നല്ലവരായിരിക്കണമെന്നു കരുതുന്നുവോ അതുപോലെ എന്റെ സന്താനങ്ങളായ നിങ്ങൾ എന്റെ ഗുണങ്ങളെ സ്വായത്തമാക്കി ഉത്തമവിദ്യാവിനയാദിസമ്പത്തുകൾ പകർന്നുകൊടുക്കുക.

നിങ്ങളുടെ അച്ഛനമ്മമാരിൽനിന്ന് ഉത്തമാഭീഷ്ടങ്ങൾ സാധിച്ചതുപോലെ നിങ്ങളുടെ സന്താനങ്ങൾക്കും ഉത്തമവിദ്യാവിനയാദിസമ്പത്തുകൾ പകർന്നുകൊടുക്കുക.

സഹോദര-സഹോദരിമാരുടെകൂടെ കലഹിക്കാതെ, സ്നേഹമായിരിക്കുക, ബന്ധുക്കളെ അകറ്റാതിരിക്കുക, ന്യായമാംവിധം ധനം ആർജ്ജിക്കുക, സുഖമുളവാക്കുന്ന വാക്കുകൾ പറയുക, എല്ലാവർക്കും മംഗളകരമായ കർമ്മങ്ങൾ ചെയ്യുക.

ധർമ്മം ആചരിക്കുമ്പോൾ ലാഭ-നഷ്ട വിചാരം പാടില്ല. ധർമ്മമാണ് പ്രധാനം. അതു നിങ്ങളുടെ യഥാർത്ഥസുഖത്തിനു വഴിയൊരുക്കുന്നു.

പരസ്പരം ഹിതകാംക്ഷികളായി നിങ്ങൾ കുടുംബത്തിലും സമുദായത്തിലും വർത്തിക്കുവിൻ; ഐക്യമായി ജീവിക്കുവിൻ. ധർമ്മവും ധനവും - ഇവയിലേതുവേണം നിങ്ങൾക്കെന്നു ചോദ്യം വന്നാൽ ധർമ്മത്തെ വരിക്കുന്ന ദമ്പതികളാണ് മാതൃകാദമ്പതികൾ. ദരിദ്രരായിരുന്നാലും ധർമ്മത്തെ കൈവിടാത്തവരുടെ ജീവിതം സുഖപര്യവസായിയായിരിക്കും. സർവ്വസദ്ഗുണങ്ങളുടെയും ഇരിപ്പിടമാണല്ലോ ധർമ്മം. അത്തരം കുടുംബത്തിലെ കുലസ്ത്രീ എല്ലാവർക്കും പൂജനീയയാണ്; ലക്ഷ്മിയാണ്.

ധർമ്മശാസ്ത്രത്തിൽ സ്ത്രീകളുടെ ദുർബലതകളെ എടുത്തുകാട്ടി സന്ദർഭോചിതം സുരക്ഷിതരായിരിക്കണമെന്നു നിർദ്ദേശങ്ങൾ നൽകുന്നു. അതേസമയം സ്ത്രീജനങ്ങളെ എങ്ങനെ ബഹുമാനിക്കണമെന്നു വ്യക്തമായി പറയുന്നു- പലപ്രകാരമുള്ള മംഗളത്തെ ആഗ്രഹിക്കുന്ന പിതാക്കൾ, സഹോദരന്മാർ, ഭർത്താക്കന്മാർ, ഭർത്തൃ

സഹോദരന്മാർ എന്നിവരാൽ സ്ത്രീകൾ പൂജിക്കപ്പെടേണ്ടവരും അലങ്കരിക്കപ്പെടേണ്ടവരുമാകുന്നു. എവിടെ സ്ത്രീകൾ പൂജിക്കപ്പെടുന്നുവോ അവിടെ ദേവതകൾ സന്തോഷിക്കുന്നു. എന്നാൽ എവിടെ സ്ത്രീകൾ ആനാദരിക്കപ്പെടുന്നുവോ അവിടെവച്ചുചെയ്യുന്ന സകല ക്രിയകളും നിഷ്ഫലങ്ങളാണ്. ഏതൊരു കുലത്തിലെ സ്ത്രീകളാണോ ദുഃഖിക്കുന്നത്, ആ കുലം വേഗത്തിൽ നിശ്ശേഷം നശിക്കുന്നു. എന്നാൽ എവിടെ കുലസ്ത്രീകൾ ദുഃഖിക്കുന്നില്ലയോ ആ കുലം സദാ വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. കുലസ്ത്രീകൾ പൂജിക്കാത്തവരായിട്ട് ഏതൊരു വീടുകളെ ശപിക്കുന്നുവോ ആ വീടുകൾ ആഭിചാരകർമ്മത്താൽ എന്നപോലെ പൂർണമായും നശിക്കുന്നു.

സ്ത്രീപുരുഷന്മാർക്കു മരണംവരെ സന്മാർഗ്ഗനിഷ്ഠ-അവ്യഭിചാരം-ഉണ്ടായിരിക്കണം. ഇതു സത്രീപുരുഷന്മാരുടെ മഹാധർമ്മമാകുന്നു. അതിനാൽ സ്ത്രീപുരുഷന്മാർ അവരുടെ സകല കൃത്യങ്ങളും ചെയ്തു സന്മാർഗ്ഗനിഷ്ഠയോടുകൂടിയിരിക്കുവാൻ ശ്രമിക്കണം. അങ്ങനെ ചെയ്താൽ അവർ തങ്ങളിൽനിന്നു പിരിഞ്ഞ് അതിവർത്തിക്കുന്നതല്ല.

ഇതുകൊണ്ടു സ്ത്രീകളുടെ ആത്മരക്ഷാബലം കുറയണമെന്നില്ല. മനുസ്മൃതിയിൽത്തന്നെ പറയുന്നു.-

**അരക്ഷിതാ ഗൃഹേ രുദ്ധാഃ പുരുഷൈഃ ആത്മകാരിഭിഃ**
**ആത്മാനം ആത്മനാ യസ്തു രക്ഷേദ് യുക്താഃ സുരക്ഷിതാഃ**

സാരം: പുരുഷന്മാരാൽ സംരക്ഷിക്കപ്പെടുന്ന സ്ത്രീകളല്ല സുരക്ഷിതർ, തന്നെത്താൻ-സ്വയം-രക്ഷിക്കുന്നവരാണ് സുരക്ഷിതർ.

മഹാഭാരതത്തിൽ പറയുന്നു:-

**വൈഷമ്യമപി സംപ്രാപ്താഃ ഗോപായന്തി കുലസ്ത്രിയഃ**
**ആത്മാനം ആത്മനാസ്യ ജിതഃ സ്വർഗ്ഗോ ന സംശയഃ**

സാരം: കഷ്ടകാലത്തിലും സ്വയം ആദർശനിഷ്ഠയാൽ സുരക്ഷിതരായിരിക്കാൻകഴിയുന്ന സ്ത്രീകൾക്ക് സ്വർഗ്ഗപ്രാപ്തി സുനിശ്ചിതം.

## പഞ്ചമഹായജ്ഞം

പതിയും പത്നിയും അവരവരുടെ സ്വഭാവവും ശക്തിയുമനുസരിച്ചു ഗൃഹഭരണം നടത്തുമ്പോൾ, ഐശ്വര്യവും ഗൃഹോപകരണങ്ങളും, ധനവും ലക്ഷ്യമാവരുത്. ജീവിതലക്ഷ്യത്തിനുള്ള ഉപകരണങ്ങൾ മാത്രമാണവ. അല്പമായാലും ധാരാളമായാലും ന്യായമായുള്ള വരുമാനംകൊണ്ട് സന്തോഷപൂർവ്വം ജീവിക്കുവാൻതക്ക മനപ്രസാദമുള്ളവരാണ് കർമ്മകുശലതയുള്ളവർ. ഗൃഹസ്ഥാശ്രമ സംസ്ക്കാരം പ്രധാനമായും പഞ്ചമഹായജ്ഞങ്ങളിലടങ്ങിയിരിക്കുന്നു. ബ്രഹ്മയജ്ഞം, ദേവയജ്ഞം, ഋഷിയജ്ഞം, അതിഥിയജ്ഞം, ഭൂതയജ്ഞം- എന്നീ അഞ്ചുയജ്ഞങ്ങൾ ഓരോ ഗൃഹത്തിലും പ്രതിദിനം അനുഷ്ഠിക്കേണ്ടതായ പ്രധാനസംസ്ക്കാര കർമ്മങ്ങളാകുന്നു. ഗൃഹസ്ഥാശ്രമത്തിലേക്കു പ്രവേശിക്കുന്ന ആദ്യ ദിവസംതന്നെ പതിപത്നിമാർ ചേർന്നു വിധിയാംവണ്ണം അത് അനുഷ്ഠിക്കണം.

ഓരോ കുടുംബത്തിലും പ്രതിദിനം ശ്രദ്ധാപൂർവ്വം അറിഞ്ഞ് അനുഷ്ഠിക്കേണ്ടതായ അഞ്ചുയജ്ഞങ്ങളെപ്പറ്റി ഹിന്ദുധർമ്മശാസ്ത്രങ്ങളിൽ എടുത്തുപറഞ്ഞിട്ടുണ്ട്. മനുഷ്യസമുദായത്തിന്റെ സംസ്ക്കാരം വ്യാവഹാരികജീവിതത്തിൽ പ്രതിഫലിപ്പിക്കുന്ന പ്രധാനസന്ദർഭമാണ് കുടുംബജീവിതം. നല്ല സംസ്ക്കാരമില്ലെങ്കിൽ തനി സ്വാർത്ഥിയാകുമെന്നു മാത്രമല്ല, പരാർത്ഥംകൂടി സ്വാർത്ഥത്തിനായി ദുരുപയോഗപ്പെടുത്താൻ ശ്രമിക്കും. അതും നേടിക്കഴിഞ്ഞാൽ പാരമാർത്ഥികസമ്പത്തിനെ അപഹരിക്കാനായിരിക്കും പ്രയത്നിക്കുക. ലക്ഷ്യം സ്വാർത്ഥമായാൽപ്പിന്നെ വാഗ്ദ്ധാടിയോടുകൂടി കള്ളം പറഞ്ഞു ഫലിപ്പിക്കാനും, കപടം പ്രവർത്തിക്കുവാനും, കൊള്ളയും കൊലയും ചെയ്യാനും മടിക്കില്ല. ദേവസ്ഥാനങ്ങളിലും ധർമ്മസ്ഥാപനങ്ങളിലും നടക്കുന്ന അധർമ്മാചരണങ്ങൾക്കു കാരണം പാരമാർത്ഥികസമ്പത്തിനെ സ്വാർത്ഥോപകരണമാക്കാനുള്ള ദുർവാസനയാകുന്നു. ഇത്തരം പാപകർമ്മങ്ങളുടെ ഫലമായി മനുഷ്യർ അന്യോന്യം അവിശ്വാസികളും വെറുപ്പും വിദ്വേഷവും പുലർത്തുന്നവരുമായിത്തീരുന്നു. ശേഷിക്കുന്ന സ്നേഹവും ഐക്യവും

കവർച്ചസംഘക്കാരുടെ മനോഗതിയിലുള്ളതായിരിക്കും. അതാണ് സമൂഹത്തിലും ഭരണകൂടത്തിലും മറ്റും പ്രതിഫലിക്കുക.

കർമ്മഗതി വളരെ ഗഹനമാണെന്നു ധർമ്മശാസ്ത്രം പറയുന്നതിന്റെ താൽപര്യമിതാണ്. വാസ്തവത്തിൽ ഒറ്റപ്പെട്ട ജീവിതമേ ഇല്ല, ജനിച്ചതുമുതൽ മരണംവരെ നാം അറിയുന്നവരും അറിയാത്തവരുമായ കണക്കില്ലാത്ത ജനങ്ങളും ജന്തുക്കളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു കുളത്തിലിറങ്ങി മുങ്ങിക്കുളിക്കുമ്പോൾ, ആ കുളം കുഴിച്ച ആളിനെപ്പറ്റി നാം ഓർക്കാറില്ലെന്നുമാത്രം. നമ്മുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഓരോ സാധനത്തെപ്പറ്റിയും നോക്കുക, നാമറിയാത്തവരായ എത്രയോപേർ എവിടെയെല്ലാമോ ഇരുന്നു പ്രവർത്തിച്ചതിന്റെ ഫലമാണ് കാശുകൊടുത്തിട്ടായാലും നമ്മുടെ ആവശ്യാർത്ഥം ലഭിക്കുമാറാകുന്നത്. അതുപോലെ പട്ടി, പൂച്ച, പശു, കോഴി, ഇഴജന്തുക്കൾ, വന്യമൃഗങ്ങൾ, വൃക്ഷങ്ങൾ, ചെടികൾ, പുഴു, പുല്ല് ഇത്യാദി ജീവജാലങ്ങളെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ മനുഷ്യജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്വാർത്ഥജടിലമായ ഭാവനയും കർമ്മവും നിമിത്തം ക്രൂരതകൊണ്ടു ഹൃദയം കട്ടപിടിക്കുമ്പോൾ പിന്നെ പരസ്പരവിശ്വാസത്തിനും സ്നേഹത്തിനും സ്ഥാനമില്ലാതാവുന്നതിനാൽ പരാർത്ഥഭാവം പോഷിക്കുന്നില്ല. ഇങ്ങനെ ആസുരമായി അധഃപതിക്കാനുള്ളതല്ല മനുഷ്യജീവിതം, ദേവത്വത്തിലേയ്ക്ക് ഉയരേണ്ടതാണ്. അതിനാൽ എല്ലാ ആശ്രമങ്ങളുടേയും പ്രഭവസ്ഥാനമായ ഗൃഹസ്ഥാശ്രമത്തിൽ നിത്യവും അവശ്യം അനുഷ്ഠിക്കേണ്ടതായ അഞ്ച് മഹായജ്ഞങ്ങളെപ്പറ്റി ഉദ്ബോധിപ്പിച്ചിരിക്കുന്നു.

മനുസ്മൃതിയിൽ ഇപ്രകാരം പറയുന്നു: ഋഷിയജ്ഞം, ദേവയജ്ഞം, ഭൂതയജ്ഞം, നൃയജ്ഞം, പിതൃയജ്ഞം എന്നീ പഞ്ചമഹായജ്ഞങ്ങൾ നിത്യവും യഥാവിധി ചെയ്യേണ്ടതാകുന്നു. പഠിപ്പിക്കുന്നതു ബ്രഹ്മയജ്ഞമാകുന്നു; തർപ്പണം ചെയ്യുന്നതു പിതൃയജ്ഞം; ഹോമം ചെയ്യുന്നതു ദേവയജ്ഞം; വായസബലി മുതലായതു ഭൂതയജ്ഞം; അതിഥിസൽക്കാരം മനുഷ്യയജ്ഞമാകുന്നു. ഋഷികൾ, പിതൃക്കൾ, ദേവതകൾ, ഭൂതങ്ങൾ, അതിഥികൾ ഇവർ ഗൃഹസ്ഥാ

ശ്രമത്തിലിരിക്കുന്നവരിൽനിന്നു തൃപ്തിയാഗ്രഹിക്കുന്നു. അതിനാൽ പരമാർത്ഥം അറിയുന്നവൻ അവരെ പൂജിക്കേണ്ടതാകുന്നു.ഋഷികളെ വേദാദ്ധ്യയനംകൊണ്ടും ദേവകളെ ഹോമംകൊണ്ടും പിതൃക്കളെ ശ്രാദ്ധംകൊണ്ടും മനുഷ്യരെ അന്നംകൊണ്ടും വിധിപ്രകാരം പൂജിക്കേണ്ടതാകുന്നു.

മേലുദ്ധരിച്ച സ്മൃതിവാക്യങ്ങൾ ശ്രുതി-വേദ-സൂക്തങ്ങളുടെ പ്രകാശനത്തിലൂടെ ഗ്രഹിക്കേണ്ടതിപ്രകാരമാണ്.

**1. ബ്രഹ്മയജ്ഞം**

ഇതു ഋഷിയജ്ഞമെന്നും പറയപ്പെടുന്നു. വേദാദി ധർമ്മശാസ്ത്രങ്ങൾ കൃത്യനിഷ്ഠയോടെ സ്വാദ്ധ്യായം ചെയ്തു പഠിക്കുന്നതും അതേ അടിസ്ഥാനത്തിൽ ആവശ്യമുള്ള ലൗകികവിജ്ഞാനങ്ങൾ അഭ്യസിക്കുന്നതും അവ മറ്റുള്ളവരും പഠിക്കുന്നതിനും പരിശീലനത്തിനുംവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നതും ബ്രഹ്മയജ്ഞമാണ്. ഇതിനാൽ വിദ്യയും മേധാശക്തിയും ധർമ്മവും മനസ്സംസ്ക്കാരവും അഭിവൃദ്ധിപ്പെടുന്നു.

അറിഞ്ഞ വിദ്യ അറിയാത്തവർക്കും ദാനംചെയ്യാൻ സദാ സന്നദ്ധനായിരിക്കണം. ഉരുവിട്ടു പഠിച്ചതുകൊണ്ടു മാത്രമായില്ല. സൂക്ഷ്മഭാവത്തിൽ ഗ്രഹിക്കണം. വേദം, ഉപനിഷത്ത്, ഭഗവദ്ഗീത, ഭാഗവതം തുടങ്ങിയ ധർമ്മഗ്രന്ഥങ്ങളിൽ ഒന്ന് അല്പാല്പമായെങ്കിലും സ്വാദ്ധ്യായം ചെയ്തു പൂർണ്ണമാകുമ്പോൾ അതിന്റെ വാച്യാർത്ഥവും ഭാവാർത്ഥവും ഗ്രഹിച്ചിരിക്കണം. ഇങ്ങനെ ഓരോ ഗ്രന്ഥവും സ്വാദ്ധ്യായം ചെയ്തു ഗ്രഹിക്കാവുന്നതാണ്. ഋഷിപാരമ്പര്യമനുസരിച്ചു നമുക്കു സിദ്ധിച്ചിട്ടുള്ള പൈതൃകസമ്പത്താണിത്. സ്വാദ്ധ്യായംമൂലം നാം ഋഷിമാരെ സദ്ഗുരുഭാവേന പൂജിക്കുന്നവരും ബഹുമാനിക്കുന്നവരുമാകണം. ബാഹ്യമായും നമ്മുടെ ഈ അറിവിനു പൂർവ്വികരായ മഹർഷിമാരോടു കടപ്പെട്ടിരിക്കുന്നു. ഈ കടപ്പാടു നിവർത്തിക്കുന്നതു സ്വാദ്ധ്യായം സൂക്ഷ്മഗ്രഹണത്തിലാവുമ്പോഴാണ്. ബ്രഹ്മയജ്ഞത്തിന്റെ ആന്തരാർത്ഥംതന്നെ സകല അദ്ധ്യയനവും യജ്ഞാർത്ഥമായിരിക്കണമെന്നാണ് - അതായതു നാം

പഠിക്കുന്നതു പഠിപ്പിക്കുവാനാകണം. അദ്ധ്യാപനവും ധർമ്മപ്രചാരവും മറ്റും പ്രതിഫലേച്ഛകൂടാതെ ചെയ്താൽ അതും ബ്രഹ്മയജ്ഞത്തിലുൾപ്പെടുന്നു.

## 2. ദേവയജ്ഞം

രാത്രിയും പകലും, പകലും രാത്രിയും സന്ധിക്കുന്ന ഇരുസന്ധ്യകളിലും ദീപമേറ്റി, അഗ്നി ജ്വലിപ്പിച്ചു സന്ധ്യാവന്ദനവും ഹോമവും നടത്തുകയെന്നത് ഓരോ ഗൃഹസ്ഥാശ്രമിയുടെയും കർത്തവ്യമാണ്.

**പ്രാതഃപ്രാതർഗൃഹപതിർനോ അഗ്നിഃ**
**സായം സായം സൗമനസ്യദാതാ......   അഥർവ്വവേദം**

ഹേ ഗൃഹരക്ഷകനും അഗ്നിസ്വരൂപനുമായ പ്രകാശസ്വരൂപിൻ! ഞങ്ങൾ ദിനംപ്രതി രാവിലെയും വൈകുന്നേരവും അങ്ങയെ വിശേഷരീതിയിൽ ഉപാസിക്കുന്നവരായി ഭവിക്കട്ടെ. അങ്ങയുടെ കൃപയാൽ ധനധാന്യസമൃദ്ധരായ ഞങ്ങൾ നൂറ്റാണ്ടുകാലം വാഴട്ടെ. ഇത്യാദി വേദമന്ത്രസാരങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാവും, നാം സുഖകരമായി അനുഭവിക്കുന്നതെന്തും അദൃശ്യമായ ദേവകളുടെ അനുഗ്രഹത്താൽ ഉളവാകുന്നവയാണെന്നും, അവയെല്ലാം അവസാനം നാം ചെയ്യുന്ന യജ്ഞകർമ്മങ്ങളിലൂടെ ഈശ്വരാർപ്പണമായി ഭവിക്കണമെന്നും. അഗ്നി, വായു, ജലം, പൃഥ്വി, ആകാശം ഈ പഞ്ചഭൂതങ്ങളുടെ അധിഷ്ഠാനദേവതകളെ സങ്കല്പിച്ച് പുഷ്ടി, മാധുര്യം, സുഗന്ധം, രോഗനാശനം ഇത്യാദി ഗുണങ്ങളുള്ള ഹോമദ്രവ്യങ്ങൾ മന്ത്രോച്ചാരണപൂർവ്വം യജിക്കുന്നു. അതായത് ഓരോ ഇന്ദ്രിയത്തിന്റെയും അധിഷ്ഠാനദേവതാസങ്കല്പംവഴി നമ്മുടെ എല്ലാ കർമ്മങ്ങളും കർമ്മയോഗമാക്കി പരിണമിപ്പിക്കാനുള്ള സാധനകൂടിയാണിത്. ഞാൻ, എന്റെ എന്ന സ്വാർത്ഥഭാവം, പരാർത്ഥമായ സമുദായഭാവത്തിലേക്കും, അവിടെനിന്നും പാരമാർത്ഥികഭാവത്തിലേക്കും ഉയരണം. നാം സ്ഥൂലാതീതമായ ലോകങ്ങളുമായി ബന്ധപ്പെട്ടവരാണെന്നും, ലോകങ്ങളാകട്ടെ പരസ്പരാശ്രയത്തോടു കൂടിയവയാണെന്നുമുള്ള തത്ത്വബോധം നമ്മിൽ ഉണർത്തുന്നതിനും ദേവയജ്ഞം സഹായകമായിരിക്കുന്നു.

ഓരോ ഗൃഹത്തിലും പ്രത്യേകമൊരു പൂജാമുറിയുണ്ടായിരിക്കുന്നതും അവിടെവച്ചു ദേവയജ്ഞാദി നിത്യകർമ്മങ്ങൾ നടത്തുന്നതും സൗകര്യമായിരിക്കും. വൈയക്തിക-കൗടുംബിക-സാമൂഹിക തലങ്ങളിൽ നിത്യപ്രചോദനം നൽകി നേർവഴിക്കുള്ള മാർഗ്ഗത്തിലൂടെ ജന്മസാഫല്യത്തിലെത്തിക്കുന്നതാണ് ദേവയജ്ഞം.

## 3. പിതൃയജ്ഞം

ശ്രാദ്ധ-തർപ്പണാദികൾക്കു പിതൃയജ്ഞമെന്നു പറയുന്നു. പരലോകപ്രാപ്തരായ പൂർവ്വികരെ സ്മരിച്ച് അവർക്കായി നടത്തുന്ന പിതൃതർപ്പണവും ജീവിച്ചിരിക്കുന്ന മാതൃ-പിതൃവഴിയിലുള്ള ഗുരുജനങ്ങളെ ശ്രദ്ധാപൂർവ്വം ശുശ്രൂഷിക്കുന്നതും പിതൃയജ്ഞമാകുന്നു.

നാം ഇന്നനുഭവിക്കുന്ന പല സുഖസൗകര്യങ്ങൾക്കും നമ്മുടെ പൂർവ്വികന്മാരോടും പൂർവ്വകാലവംശപരമ്പരകളോടും കടപ്പെട്ടിരിക്കുന്നു. അവരുടെ സല്ക്കർമ്മങ്ങളും ത്യാഗവും നാം നന്ദിപൂർവ്വം ആദരവോടുകൂടി സ്മരിക്കുകയും അതുപോലെ ജീവിച്ചിരിക്കുന്ന വയോവൃദ്ധരും ജ്ഞാനവൃദ്ധരുമായ ഗുരുജനങ്ങളെ ബഹുമാനിക്കുകയും ശുശ്രൂഷിക്കുകയും വേണം. അവരുടെയെല്ലാം അനുഗ്രഹാശിസ്സുകൾനിമിത്തം നമ്മുടെ ജീവിതം കൂടുതൽ സുഗമവും സന്തോഷപ്രദവുമായിത്തീരും.

**ശ്രത്സത്യം ദധാതി യയാ ക്രിയയാ സാ ശ്രദ്ധാ**
**ശ്രദ്ധയാ യത് ക്രിയതേ തത് ശ്രാദ്ധം.**

സാരം:- യാതൊരു ക്രിയകൊണ്ടു സത്യം ഗ്രഹിക്കപ്പെടുന്നുവോ അതു ശ്രദ്ധയെന്നും, ശ്രദ്ധയോടുകൂടി ചെയ്യപ്പെടുന്ന കർമ്മം ശ്രാദ്ധമെന്നും പറയപ്പെടുന്നു.

**തൃപ്യന്തി തർപ്പയന്തി യേന പിതൄൻ തത് തത്തർപ്പണം**

സാരം:- യാതൊരു കർമ്മം കൊണ്ടു മാതാപിതാക്കളും അവരുടെ പൂർവ്വവംശപരമ്പരയും പ്രസാദിക്കുന്നുവോ അതു തർപ്പണം.

പിതൃയജ്ഞത്താൽ പ്രായോഗികജ്ഞാനം വികസിച്ചു സത്യാസത്യവിവേകമുണ്ടാവുകയും അച്ഛനമ്മമാരും ആചാര്യനും

തങ്ങളുടെ സന്താനങ്ങളേയും ശിഷ്യരേയും ശുശ്രൂഷിച്ചു വളർത്തി അതിൽ കൃതാർത്ഥരാവുകയും ചെയ്യും.

## 4. ഭൂതയജ്ഞം

ബലിവൈശ്വദേവയജ്ഞമെന്നുകൂടി അറിയപ്പെടുന്ന ഈ ഭൂതയജ്ഞത്തിലും മന്ത്രങ്ങളും ചടങ്ങുകളുമുണ്ട്. ഗൃഹസ്ഥാശ്രമി ഭക്ഷണം കഴിക്കുന്നതിനുമുമ്പു പതിതർ, രോഗാതുരർ, വളർത്തു മൃഗങ്ങൾ, മറ്റു പക്ഷിമൃഗാദികൾ എന്നിവയ്ക്കും അന്നവും ജലവും നൽകണമെന്നുണ്ട്. അതുപോലെ അന്നം തൂവി ദിഗ്ബലിയും വിശേഷവിധിയായി പശുപാലനവും ഈ ഭൂതയജ്ഞത്തിൽ ഉൾപ്പെടുന്നു. മംഗളകർമ്മങ്ങൾക്കും ശുദ്ധാഹാരത്തിനും ചാണകം, പാൽ, നെയ്യ് മുതലായവ നൽകുന്ന പശുകുലത്തെ സംരക്ഷിക്കുന്നതിൽ അമാന്തം കാട്ടരുതെന്നു പ്രത്യേകം നിർദ്ദേശിക്കുന്നു. അറിഞ്ഞോ അറിയാതെയോ നാം ചവുട്ടിയും മെതിച്ചും മറ്റും എത്രയോ പ്രാണികളെ കൊല്ലുന്നുണ്ട്. അതിന്റെ പ്രായശ്ചിത്തത്തിനും ഭക്ഷണശുദ്ധിക്കും ഭൂതയജ്ഞം ഉപകരിക്കുന്നു.

ഉപദ്രവകാരികളായ ജന്തുക്കൾപോലും മനുഷ്യനെ ഭയന്നു ജീവിക്കുന്നു. മനുഷ്യർ അവർക്കെല്ലാം ഉപദ്രവകാരികളാണ്. മനുഷ്യർക്കു ജന്തുക്കളോടും ഋണബാദ്ധ്യതകളുണ്ടെന്ന കാര്യം മറക്കാവതല്ല. അക്കാരണത്താൽത്തന്നെ ഈ ഋണബന്ധനമോചനാർത്ഥം എല്ലാ ജീവജാലങ്ങളോടും അനുകമ്പയും ആർദ്രതയും ഉള്ളവരായി വർത്തിക്കേണ്ടതു മനുഷ്യധർമ്മമാകുന്നു. ഭൂതയജ്ഞത്തിലൂടെ ഈ ബോധം വികസിക്കേണ്ടതാകുന്നു.

## 5. നൃയജ്ഞം

മനുഷ്യയജ്ഞം, അതിഥിയജ്ഞം എന്ന പേരുകളിലും ഇതറിയപ്പെടുന്നു. അതിഥിസല്ക്കാരം, മനുഷ്യസേവ എന്നിങ്ങനെ പൊതുവേ വൈദികചടങ്ങുകളോടുകൂടി ദിനംപ്രതി ഗൃഹസ്ഥാശ്രമികൾ ചെയ്യേണ്ടുന്ന കർമ്മങ്ങൾ വിധിച്ചിട്ടുണ്ട്. തന്നെക്കാൾ കുറവുള്ളവർക്ക് അവ നിവൃത്തിച്ചുകൊടുക്കുന്നതും, ദരിദ്രനാരായണപൂജയും മനുഷ്യസേവനവും ഇതിലുൾപ്പെടുന്നു. എന്നാൽ സവി

ശേഷമായ നൃയജ്ഞം സത്സംഗമാണ്. അതിഥിയെന്നു പറഞ്ഞാൽ തിഥി നിശ്ചയമില്ലാതെ വീട്ടിൽ വരുന്നവരെന്നർത്ഥം. പരോപകാരികളും, വിദ്വാന്മാരും, ജിതേന്ദ്രിയരും, ധർമ്മനിഷ്ഠരുമായവർ ആകസ്മികമായി ഗൃഹത്തിൽ വരും. അവരെ ഗൃഹസ്ഥാശ്രമികൾ യഥോചിതം സ്വീകരിച്ച് ആസനസ്ഥരാക്കി ഉപചരിക്കണം. അവരുടെ ഹിതാനുസരണം ഭക്ഷണപാനീയങ്ങൾ നൽകി സല്ക്കരിക്കണം.

**ഓം തദ്യസ്യൈവം വിദ്വാൻ വ്രാത്യോ/തിഥിർ ഗൃഹാനാഗച്ഛേത്**

ഇത്യാദി മന്ത്രങ്ങൾ ഈ ആശയത്തെ വ്യഞ്ജിപ്പിക്കുന്നവയാകുന്നു. സത്സംഗമെന്നാൽ സത്യവുമായുള്ള ചേരൽ: അഥവാ സത്യസാക്ഷാത്കാരത്തിനുവേണ്ടി സജ്ജനങ്ങളോടുകൂടിയുള്ള സംസർഗ്ഗം. അവരുടെ സാന്നിദ്ധ്യവും പ്രഭാഷണശ്രവണവും മറ്റും ഓരോ ഗൃഹത്തിലും ഉണ്ടാവണം. കുടുംബാംഗങ്ങളുടെ മനസ്സംസ്ക്കാരം പവിത്രമാക്കി സന്മാർഗ്ഗനിരതരായിരിക്കുവാനും പരസ്പരസ്നേഹം വളർത്തുവാനും, ജീവിതലക്ഷ്യബോധം ഉത്തേജിപ്പിക്കുവാനും ശരിയായ സത്സംഗംകൊണ്ട്- അതിഥിയജ്ഞം നിമിത്തം-സഹായകമായി ഭവിക്കും. ധന്യം, യശസ്യമായുഷ്യം സ്വർഗ്ഗീയം വാ അതിഥിപൂജനം ഇങ്ങനെ ഗൃഹസ്ഥാശ്രമത്തിൽ അനുഷ്ഠിക്കേണ്ടതായ നിത്യകർമ്മങ്ങളും നൈമിത്തികകർമ്മങ്ങളും- വിശേഷനാളുകളിൽ ആചരിക്കുന്നവ- സംസ്ക്കാരകർമ്മം, അതിഥിപൂജ, വ്രതാചരണം, പൗർണ്ണമി, അമാവാസി ഇത്യാദി- നിമിത്ത കർമ്മങ്ങളുമാകുന്നു. അതുപോലെ യജ്ഞവും, ഇഷ്ടകർമ്മമെന്നും പൂർത്തകർമ്മമെന്നും രണ്ടുവിധത്തിലുണ്ട്. പഞ്ചമഹായജ്ഞങ്ങളെ കൂടാതെ വിശേഷരീതിയിലുള്ള ഇഷ്ടകർമ്മങ്ങളും, സമൂഹതലത്തിൽ ക്ഷേത്രം, ധർമ്മശാല, വേദശാല എന്നിവ നിർമ്മിക്കുക, കുളം, കിണർ എന്നിവ കുഴിപ്പിക്കുക തുടങ്ങിയ പരോപകാരാർത്ഥമായ പൂർത്തകർമ്മങ്ങളും ഉണ്ട്. ഗൃഹസ്ഥാശ്രമികളുടെ ജീവനവൃത്തികൾക്ക് ഇവ ആദ്യവും അവസാനവുമായിരിക്കണം. കുടുംബസ്ത്രീ വീടും പരിസരവും എല്ലായ്പ്പോഴും ശ്രീ വിളങ്ങുന്നതാക്കി സൂക്ഷിക്കണം. ഗൃഹപരിസരങ്ങൾ പുഷ്പഫലവൃക്ഷങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കണം, ഭൂമിയെ തരിശിടാതെ സസ്യശ്യാമളമാക്കി ചെയ്യണം- യഥാകാലം കൃഷി ചെയ്തിരിക്കണമെന്ന് താല്പര്യം.

കുട്ടികളെ മാതൃകാപരമായി വളർത്തണം. ഇവയ്ക്കെല്ലാം ധനത്തേക്കാൾ കൃത്യനിഷ്ഠയും ധർമ്മബോധവും ജീവിതലക്ഷ്യബോധവുമാണ് അത്യന്താപേക്ഷിതമായിരിക്കേണ്ടത്.

വിവാഹമുഹൂർത്തത്തിലെ പ്രതിജ്ഞപ്രകാരം രാജ്ഞീസമാനം എല്ലാവരേയും രഞ്ജിപ്പിച്ചു സന്തോഷത്തോടും സംതൃപ്തിയോടുംകൂടി കുടുംബത്തെ ഭരിക്കുന്നവളാണ് കുടുംബിനി. സ്ത്രീ ധർമ്മാനുകൂലമാംവിധം പ്രസന്നയായിരുന്നാൽ തറവാടു മുഴുവനും പ്രസന്നമായിത്തീരുന്നു. സ്ത്രീ അപ്രസന്നയായിരിക്കുന്നപക്ഷം സമസ്തവസ്തുക്കളും ദുഃഖപ്രദങ്ങളായിത്തീരുന്നു.

**സ്ത്രിയാം തു രോചമാനായാം സർവ്വം തദ്രോചതേ കുലം**
**തസ്യാം ത്വരോചമാനായാം സർവ്വമേവ ന രോചതേ.**

സ്ത്രീകൾ ഗൃഹകൃത്യങ്ങളിൽ സാമർത്ഥ്യമുള്ളവരായിരിക്കുകയും സന്തോഷപൂർവ്വം വീട്ടിലുള്ള സകല വസ്തുക്കളേയും വേണ്ടവിധം സൂക്ഷിച്ചു നന്നാക്കി വെയ്ക്കേണ്ടതുമാകുന്നു. എല്ലാം യഥായോഗ്യം സദുപയോഗപ്പെടുത്തണം. ദുരുപയോഗപ്പെടുത്തരുത്.

**സദാ പ്രഹൃഷ്ടയാ ഭാവ്യം ഗൃഹകാര്യേഷു ദക്ഷയാ**
**സുസംസ്കൃതോപസ്ക്കരയാ വ്യയേ ചാമുക്തഹസ്തയാ**

മനുസ്മൃതി മുതലായ ധർമ്മശാസ്ത്രങ്ങളിൽ ഗൃഹസ്ഥാശ്രമികളായ സ്ത്രീപുരുഷന്മാർക്കായി ഇത്തരം ധർമ്മോപദേശങ്ങൾ വേണ്ടുവോളം നൽകിയിട്ടുണ്ട്. ഒരു വണ്ടിയിൽകെട്ടിയ കാളകൾ രണ്ടും ഒരേവിധം വലിക്കുന്നെങ്കിലേ വണ്ടി യഥാക്രമം മുന്നോട്ടു നീങ്ങുകയുള്ളൂ. അതുപോലെ ഗൃഹസ്ഥാശ്രമികളായ സ്ത്രീ-പുരുഷന്മാർ ഗൃഹാശ്രമകർത്തവ്യങ്ങൾ സമചിത്തരായി നയിക്കുന്നെങ്കിലേ കുടുംബക്ഷേമവും ജീവിതസാഫല്യവും നിറവേറുകയുള്ളൂ.

സംസ്ക്കാരകർമ്മങ്ങൾ യഥോചിതം അനുഷ്ഠിക്കുകയും തദനുസാരം സമുദായഘടന രൂപപ്പെടുത്തുകയും ചെയ്തിരുന്ന കാലത്തും ഗ്രാമങ്ങളും പട്ടണങ്ങളും ഉണ്ടായിരുന്നു. കുടിലുകളും മാളികകളും സൗധങ്ങളും ഉണ്ടായിരുന്നു. കലാപ്രകടനങ്ങളും ഉണ്ടായിരുന്നു. സമൃദ്ധിയിലും വ്രതോപവാസങ്ങൾ സ്വയം വരിച്ചിട്ടു പട്ടി

ണിയുടെ സ്വാദ് അറിഞ്ഞിരുന്നു, മാളികവീടുകളിൽ മാദകത്വം നുഴയുമ്പോൾ സ്വയം കുടിലുകളിലേക്കു മാറിത്താമസിച്ചിരുന്നു. കാർഷികോൽപ്പന്നങ്ങൾക്കൊപ്പം വ്യവസായങ്ങളും അഭിവൃദ്ധിപ്പെട്ടിരുന്നു. കര, കടൽ, ആകാശമാർഗ്ഗങ്ങളിലൂടെ ഗതാഗതങ്ങളും ഉണ്ടായിരുന്നു. ഒരാൾക്കു ഗൃഹസ്ഥാശ്രമം ആകാശവിമാനത്തിൽ നടത്തണമെന്നുതോന്നി. അനേകമാണ്ടുകൾ ഒരു കുടുംബത്തിലേക്കു വേണ്ടുന്ന എല്ലാസുഖസൗകര്യങ്ങളോടും പരിവാരങ്ങളോടുംകൂടി നാലുനിലയുള്ള വിമാനത്തിൽ സസുഖം ജീവിച്ചിരുന്നുവത്രെ. അന്നും ത്യാഗവും ഭോഗവും ഉണ്ടായിരുന്നുവെങ്കിലും ധർമ്മത്തിന്റെ മാദ്ധ്യമത്തിൽ ത്യാഗത്തിനായിരുന്നു മുൻതൂക്കം.

## ഭവനനിർമ്മാണം

ഗൃഹസ്ഥാശ്രമി ഒരു ഭവനം നിർമ്മിക്കുമ്പോൾ, അതിൽ പഞ്ചയജ്ഞാദികർമ്മങ്ങൾക്കു മുഖ്യത്വം കൊടുത്തുകൊണ്ടുള്ള സ്ഥാനമുണ്ടായിരിക്കും. ഭവനത്തോടനുബന്ധിച്ച് അതിഥിമന്ദിരം, ഗോശാല, ധാന്യസംഭരണശാല മുതലായവ അവശ്യം ഉണ്ടായിരിക്കും.

**ഉപമിതാം പ്രതിമിതാമഥോ പരിമിതാമുത**
**ശാലായാ വിശ്വവാരായാ നദ്ധാനി വിചൃതാമസി,**
**ഹവിർധാനമഗ്നിശാലം പത്നീനാം സദനം സദഃ**
**സദോ ദേവാനാമസി ദേവിശാലേ** (അഥർവ്വവേദം)

സാരം:- നിങ്ങൾ നിർമ്മിക്കുന്ന ഭവനം മനുഷ്യധർമ്മത്തിനു യോജിച്ചതായിരിക്കട്ടെ. ശുദ്ധമായ വായുസഞ്ചാരത്തിനുപയുക്തമാംവിധം വാതായനങ്ങളുണ്ടായിരിക്കട്ടെ. കതകുകൾ എളുപ്പത്തിൽ തുറക്കാനും അടയ്ക്കാനും സാധിക്കുന്നതും ബലമുള്ളതുമായിരിക്കട്ടെ. വിദ്വാൻമാരുടെ ദൃഷ്ടിയിൽ നന്നായിരിക്കട്ടെ. ആ ഭവനത്തിൽ ഈശ്വരോപാസനയ്ക്കും ഹോമദ്രവ്യങ്ങൾ സൂക്ഷിക്കുന്നതിനും സ്ത്രീകൾക്ക് ഇരിക്കുന്നതിനും കിടക്കുന്നതിനും പണ്ഡിതന്മാർക്കും അതിഥികൾക്കും തങ്ങുന്നതിനും എല്ലാവരും കൂടിയിരുന്ന് ആലോചിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും വെവ്വേറെ

സ്ഥാനനിശ്ചയം ചെയ്തിരിക്കണം. ഭവനത്തിന്റെ അനുബന്ധമായി പാചകശാല, കുളിമുറി, ഗോശാല, ധ്യാനമന്ദിരം എന്നിവ നിർമ്മിച്ചിരിക്കണം. ഇങ്ങനെ കമനീയമായി ലക്ഷണപൂർവ്വം നിർമ്മിച്ച ഭവനം സുഖദായകമായിരിക്കും.

ഗൃഹം നിർമ്മിച്ചുകഴിഞ്ഞാൽ ഗൃഹപ്രവേശത്തിന് ഒരു ശുഭ മുഹൂർത്തം നോക്കി വേണ്ടപ്പെട്ടവരെയെല്ലാം ക്ഷണിച്ചു നടത്തുന്ന ഈ വൈദികകർമ്മം വളരെ അർത്ഥവത്തായിരിക്കുന്നു. ഭവനം ഒരു യജ്ഞശാലയാണെന്ന പ്രതീതി ഉളവാക്കത്തക്കവിധം വീടിന്റെ നാലുവശത്തുള്ള നടയിലും മദ്ധ്യത്തിലും ഓരോ യജ്ഞവേദി ഉണ്ടാക്കി ഹോമദ്രവ്യങ്ങളെല്ലാം ഒരുക്കിവച്ചിട്ട് ഗൃഹസ്ഥൻ ആചാര്യനോടൊപ്പം അതിഥികളാൽ അനുഗതനായി ധ്വജാരോഹണവും പൂജയും നടത്തുന്നു. പിന്നീട് അഞ്ചു യജ്ഞവേദികളിലും മാറി മാറി ഹോമം ചെയ്യും. ഇതിന്റെ വേദമന്ത്രങ്ങളിൽ ഒന്ന്:

**ഓം വാസ്തോഷ്പതേ ശഗ്മയാ സംസദാ തേ**
**സക്ഷീമഹി രണ്വയാ ഗാതുമത്യാ**
**പാഹി ക്ഷേമ ഉത യോഗേ വരം നോ യൂയം**
**പാത സ്വസ്തിഭിഃ സദാ നഃ സ്വാഹാഃ ഋഗ്വേദം 7–54–3)**

ഇങ്ങനെ യഥാവിധി പൂജാഹോമാദികൾ നിർവ്വഹിച്ചശേഷം, സർവ്വാധിഷ്ഠാതാവായ ഈശ്വരനെ സങ്കല്പിച്ച്

**ധർമ്മസ്തൂണാരാജം ശ്രീസ്തൂപമഹോരാത്രേ**
**ദ്വാരഫലകേ**
**ഇന്ദ്രസ്യ ഗൃഹാ വസുമന്തോ വരൂഥിനസ്താനഹം**
**പ്രപദ്യേസഹപ്രജയാപശുഭിസ്സഹ**
**യന്മേകിഞ്ചിദസ്ത്യുപഹൂതഃ സർവ്വഗണഃ സഖായഃ**
**സാധുസമ്മതഃ**
**താം ത്വാശാലേ അരിഷ്ടവീരാ ഗൃഹാ നഃ സന്തു സർവ്വതഃ**

എന്ന മന്ത്രം ചൊല്ലി സമാപിപ്പിക്കണം, ഗൃഹപതിയും പത്നിയും ചേർന്ന് ആചാര്യനും പുരോഹിതനും നമസ്കാരപൂർവ്വം ദക്ഷിണ നൽകിയിട്ടു ഗൃഹപതി പുരുഷന്മാരായ അതിഥികളെയും ഗൃഹപത്നി

സ്ത്രീകളായ അതിഥികളെയും യഥോചിതം സൽക്കരിക്കണം. അങ്ങനെ പരസ്പരം സന്തോഷപൂർവ്വം വിടപറയുമ്പോൾ ആഗതർ ഗൃഹപതി- പത്നിമാരോട്-

**സർവ്വേ ഭവന്തോ/ത്രാനന്ദിതാഃ സദാ ഭൂയാസുഃ**

എന്ന് ആശീർവാദംചൊല്ലി പിരിഞ്ഞുപോകുന്നു.

ഇതുപോലെ ഗൃഹോദ്യാനങ്ങൾ നിർമ്മിച്ച് ഉദ്ഘാടനം ചെയ്യുന്നത്, ഗോശാല തുടങ്ങുന്നത്, കൃഷി ആരംഭിക്കുന്നത്, ധർമ്മശാല നിർമ്മാണം ഇത്യാദി എല്ലാകാര്യങ്ങളും യജ്ഞകർമ്മത്തോടുകൂടി ആരംഭിക്കും. സർവ്വകർമ്മങ്ങളും ഈശ്വരാർപ്പണമാക്കി, താൻ ഈശ്വരനാൽ നിയോഗിക്കപ്പെട്ട ഒരു കർമ്മിയാണെന്ന ഭാവത്തിൽ നടത്തുകയും നടത്തിക്കുകയും ചെയ്യുമ്പോൾ ക്രമേണ കർത്തൃഭാവമില്ലാതെ വിമോചിതനാവാൻ സാധിക്കുന്നു.

ഓരോരുത്തരുടെ വാസനയും ഓരോ തൊഴിലിലുള്ള താത്പര്യവും സാമർത്ഥ്യവും നോക്കിയിട്ടാണ് സമുദായത്തെ നാലു വർണ്ണങ്ങളായി കൽപ്പിച്ചിട്ടുള്ളത്. ആലസ്യമില്ലാതെ അദ്ധ്വാനിക്കുകയും, പൊതുജനസേവനതല്പരനും, പരോപകാരിയുമായ ആൾ ശൂദ്രൻ; വ്യവസായം, കൃഷി, കച്ചവടം, ധർമ്മതല്പരത ഇത്യാദി ഗുണങ്ങളാൽ മുന്നിട്ടുനിൽക്കുന്നവർ വൈശ്യർ; വീര്യത്തിലും ദേശരക്ഷയിലും ഭരണത്തിലും താല്പര്യവും സാമർത്ഥ്യവുമുള്ളവർ ക്ഷത്രിയർ; സത്യനിഷ്ഠ, ക്ഷമ, പരിശുദ്ധി, വിദ്യ തുടങ്ങിയ ഗുണങ്ങളിൽ മുന്നിട്ടു നിൽക്കുന്നവർ ബ്രാഹ്മണർ- ഈവിധമാണ് നാലു വർണ്ണങ്ങളുടെ വ്യവസ്ഥ. വിശ്വത്തെ വിരാട്പുരുഷനായി സങ്കല്പിച്ചിട്ടു ബ്രാഹ്മണരെ അദ്ദേഹത്തിന്റെ മുഖമായും, ക്ഷത്രിയരെ ബാഹുക്കളായും വൈശ്യരെ ഊരുക്കളായും, ശൂദ്രരെ പാദങ്ങളായും ഋഗ്വേദത്തിൽ വർണ്ണിച്ചിരിക്കുന്നു. ബ്രാഹ്മണത്വത്തിനുള്ള കാരണം ജനനമോ വേദാദ്ധ്യയനമോ കുലമോ ചടങ്ങുകളോ അല്ല; സദാചാരമാണെന്നു മഹാഭാരതത്തിൽ സ്പഷ്ടമായി നിർദ്ദേശിച്ചിട്ടുണ്ട്.

## സ്വധർമ്മനിഷ്ഠ

നാലു സമുദായവർണ്ണികളും, നാല് ആശ്രമികളും സ്വധർമ്മ മനുസരിച്ച് എർപ്പെട്ടിരിക്കുന്ന തൊഴിലുകൾ യഥായോഗ്യം നിർവ്വ ഹിച്ചുകൊണ്ടുതന്നെ സാമാന്യധർമ്മവും വിശേഷധർമ്മവും ആച രിക്കേണ്ടതാണ്. സ്മൃതിവാക്യങ്ങളിലൂടെ നാലു വർണ്ണ ങ്ങളിലുംപെട്ട ഗൃഹാശ്രമികളോടുപദേശിക്കുന്നതെന്തെന്നാൽ; നിങ്ങൾ വയോവൃദ്ധരും ജ്ഞാനവൃദ്ധരുമായ ജനങ്ങളെ വേണ്ടവിധം ബഹുമാനിക്കുവിൻ, അവർക്കു പ്രധാന ഇരിപ്പിടം നൽകി ആദര പൂർവ്വം സല്ക്കരിച്ചിരുത്തി, അവരുടെ വിലയേറിയ ജീവിതാനുഭവ ങ്ങൾ കേട്ടും സ്വജീവിതത്തിനു മേന്മ കൂട്ടുവിൻ. മടികൂടാതെ ഗൃഹ സ്ഥാശ്രമികൾ ധർമ്മശാസ്ത്രവിധിപ്രകാരം ധർമ്മമൂലമായിരിക്കുന്ന സദാചാരം മഹാത്മാക്കളുടെ, ധർമ്മനിഷ്ഠയുള്ളവരുടെ മാർഗ്ഗദർശ നത്തിൽ അനുഷ്ഠിക്കേണ്ടതാകുന്നു.

ശ്രേഷ്ഠധർമ്മജ്ഞരായവർ സത്യാസത്യങ്ങളും ധർമ്മാ ധർമ്മങ്ങളും ഹിതാഹിതങ്ങളും വിവേകപൂർവ്വം തിരിച്ചറിഞ്ഞു സത്യത്തെ ഉപാസിക്കുന്നതു കണ്ടറിഞ്ഞിട്ടു നിങ്ങളും അന്യോന്യം ഹിതകാംക്ഷികളായി, സ്വധർമ്മാചരണതൽപ്പരരാവുക. ധർമ്മമാർഗ്ഗ ത്തിൽ നിങ്ങളുടെ വിചാരവും വാക്കും പ്രവൃത്തിയും പരസ്പര പ്രീതിക്കും ഉന്നതിക്കും സഹായകമാംവിധം യോജിച്ചിരിക്കട്ടെ. സർവ്വജഗന്നിയന്താവായ ഈശ്വരൻതന്നെ വൈവിധ്യങ്ങളും, വൈരു ദ്ധ്യങ്ങളും വിചിത്രഭാവങ്ങളും നിറഞ്ഞ സൃഷ്ടിയിൽനിന്നു സത്യ -ധർമ്മാദി ഈശ്വരീയഗുണങ്ങളെ സ്വീകരിക്കുകയും അസത്യം അധർമ്മാദി ആസുരീഗുണങ്ങളെ പുറന്തള്ളുകയും ചെയ്യു ന്നതുപോലെ നിങ്ങളും ഈശ്വരഹിതാനുവർത്തികളായി ഭവിക്കു വിൻ. നാം പരസ്പരം ശുഭകാംക്ഷികളായി പദാർത്ഥങ്ങളെ വിനി യോഗിക്കട്ടെ; അന്യോന്യം രക്ഷിക്കുന്നവരായിരിക്കട്ടെ; യോജി ച്ചുനിന്ന് അധർമ്മത്തെ വെല്ലുക; വീര്യം സമ്പാദിക്കുവിൻ, നമ്മുടെ അദ്ധ്യയനവും അദ്ധ്യാപനവും പ്രചുരപ്രചാരമാകട്ടെ; തമ്മിൽ വെറുപ്പോ വിദ്വേഷമോ കൂടാതെ സ്നേഹപൂർവ്വം വർത്തിക്കുവിൻ. സച്ചിദാനന്ദസ്വരൂപിയായ ഭഗവാന്റെ കൃപയാൽ നാം ത്രിവിധതാ പങ്ങളിൽനിന്നു വിമുക്തരായി പരമാനന്ദനില പ്രാപിക്കും.

ഏതൊരു കർമ്മസിദ്ധിക്കും ശ്രദ്ധ പരമപ്രധാനമാണ്. ധർമ്മശാസ്ത്രങ്ങളിൽ ശ്രദ്ധയുള്ളവർക്കു ധർമ്മം ഏത്, അധർമ്മം ഏത് എന്നു തിരിച്ചറിയുവാൻ വിഷമമുണ്ടാവില്ല. അതിനു കുറഞ്ഞപക്ഷം ശ്രീമദ്ഭഗവദ്ഗീതയിലെ ഒടുക്കത്തെ രണ്ടദ്ധ്യായങ്ങൾ (ശ്രദ്ധാത്രയവിഭാഗാദി യോഗങ്ങൾ) മനസ്സിരുത്തി പഠിച്ചാൽ മതി. ഉദാഹരണത്തിന് ദാനമെന്നതു ഗൃഹസ്ഥാശ്രമിയുടെ പ്രധാന കർത്തവ്യങ്ങളിലൊന്നാണല്ലോ. ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്ന്യാസി, ആചാര്യൻ മുതലായവരെ രക്ഷിക്കുന്ന ചുമതലയോടൊപ്പം ദരിദ്രരേയും മറ്റുവിധത്തിൽ ധനശേഷിയില്ലാത്തവരേയും ധർമ്മസ്ഥാപനങ്ങൾ മുഖേനയും ദാനകർമ്മം മുഖേനയും രക്ഷിക്കുവാൻ ബാദ്ധ്യതയുണ്ട്. പാത്രം അറിഞ്ഞു ദാനം ചെയ്യണമെന്നാണ് വിധി. നമ്മുടെ ദാനം അധർമ്മത്തിനോ അനാചാരത്തിനോ പ്രയോജനപ്പെടരുതെന്ന് മനസ്സിലാക്കിക്കൊടുക്കണം. ധർമ്മാഭിവൃദ്ധിക്കും സദാചാരപ്രചാരത്തിനും ഉതകുന്നവിധം തന്റെ അടുക്കൽവന്ന് ആവശ്യപ്പെടാതെ അങ്ങോട്ടുചെന്ന് അറിഞ്ഞുകൊടുക്കുന്നതാണ് ശരിയായ ദാനം. അക്കാര്യത്തിൽ പേരും പെരുമയുമല്ല, ധർമ്മമാണ് പ്രധാനം.

## 14. വാനപ്രസ്ഥാശ്രമം

സ്വധർമ്മാനുസൃതം ബ്രഹ്മചര്യം, ഗാർഹപത്യം എന്നീ ആശ്രമങ്ങളിൽ കർത്തവ്യങ്ങൾ നിർവ്വഹിച്ചിട്ടു ജീവിതത്തിന്റെ മൂന്നാം ഘട്ടമായ വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കേണ്ടതാകുന്നു. ശാരിരികമായ മനുഷ്യായുസ്സു നൂറാണെങ്കിൽ അതിനെ നാലായി ഭാഗിച്ച് 25 വർഷംവീതം ഓരോ ആശ്രമജീവിതത്തിനും നിശ്ചയിച്ചിരിക്കണം. അതനുസരിച്ച് 50 വയസ്സായാൽ പിന്നെ വാനപ്രസ്ഥാശ്രമകാലമാണ്. വാനപ്രസ്ഥാശ്രമമെന്നാൽ വനത്തിൽപോയി ജീവിച്ചുകൊള്ളണമെന്നല്ല അർത്ഥം. വാനപ്രസ്ഥാശ്രമവ്രതം സ്വീകരിച്ചു ഗൃഹത്തിനു പുറത്തു സാമൂഹികധാർമ്മികരംഗങ്ങളിൽ യഥാശക്തി സേവനമനുഷ്ഠിച്ചുകൊണ്ടു ത്യാഗപൂർവ്വം ജീവിക്കണമെന്നാണ് താത്പര്യം. സന്താനങ്ങൾ സ്വന്തം കാലിൽ നില്ക്കാൻ കഴിവുള്ളവരായാൽ അവരെ ഗൃഹകാര്യങ്ങൾ എല്പിക്കണം. അല്ലെങ്കിൽ

അടുത്ത ബന്ധുക്കളെയോ, സഹോദരങ്ങളെയോ കുടുംബച്ചുമതല കൾ യഥായോഗ്യം എല്പിക്കാം. സന്തോഷപൂർവ്വം ഒരുക്കമാണെ ങ്കിൽ ഭാര്യയ്ക്കും വാനപ്രസ്ഥദീക്ഷ നൽകി കൂടെ കൊണ്ടു പോകാം. അല്ലെങ്കിൽ ആ മാതാവിനെ സന്താനങ്ങളുടെകൂടെ ഗൃഹ ത്തിൽ വസിക്കുവാൻ സമ്മതിപ്പിച്ചിട്ടു പുരുഷൻ വീടു വിടണം. പണ്ടു വാനപ്രസ്ഥികൾക്കു വ്രതാനുഷ്ഠാനങ്ങളും സമൂഹസേവയും തപസ്സു ചെയ്യുന്നതിനു പറ്റിയ വനങ്ങളും ഉപവനങ്ങളും ഉണ്ടായി രുന്നു. വാനപ്രസ്ഥികളുമായി അടുത്തു സമ്പർക്കം പുലർത്തിയി രുന്ന വനവാസികളും ആശ്രമങ്ങളും ഉണ്ടായിരുന്നു. ഇപ്പോഴും ആവ ശ്യമുള്ളവർക്ക് അത്തരം ആശ്രമങ്ങളും സ്ഥാപനങ്ങളും അപൂർവ്വ മായിട്ടെങ്കിലും ഇല്ലാതില്ല.

ഓരോ ആശ്രമവും അടുത്ത പടിയിലേക്ക് ഏറാനുള്ള തയ്യാ റെടുപ്പാണ്. ബ്രഹ്മചര്യാശ്രമജീവിതം ഗൃഹസ്ഥാശ്രമത്തിൽ പ്രവേ ശിക്കാനായിരുന്നു. അതുപോലെ ഗൃഹസ്ഥാശ്രമം സ്വീകരിച്ചതും അടുത്തപടിയിലേക്കു പ്രവേശിക്കാനാകുന്നു. കർത്തവ്യങ്ങളുടെ ഒഴി കഴിവുകൾ പറഞ്ഞ് അവിടെത്തന്നെ പറ്റിക്കൂടാനല്ല. ഓരോരുത്തരു ടേയും കർമ്മബന്ധങ്ങളും കഴിവുകളുമനുസരിച്ചു ജീവിതസൗകര്യ ങ്ങളുടെ ഏറ്റത്താഴ്ചകൾ ഉണ്ടായിരിക്കും. വ്യക്തികളിലെന്നപോലെ കുടുംബത്തിലും സമുദായത്തിലും അത് അനുഭവപ്പെടും. എന്നാൽ അടിസ്ഥാനപരമായി ജീവിതമൂല്യം എല്ലാവർക്കും ഒരുപോലെയാ ണ്. അതു വേണ്ടവണ്ണം ബോദ്ധ്യപ്പെട്ടാൽ കർത്തവ്യങ്ങളുടെ പരിധി നിർണ്ണയിക്കുവാൻ കഴിയും. സാധാരണഗതിയിൽ ഒരു ധാർമ്മിക -സാമൂഹിക കാര്യത്തിൽ പങ്കെടുക്കാൻപോലും പലരും അസൗക ര്യങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറാറുണ്ട്. എല്ലാ സൗകര്യങ്ങളുമുണ്ടാ യിട്ട് ഒരു നല്ല കാര്യം ചെയ്യാൻ തരപ്പെടുകയില്ല. സമയവും സൗക ര്യവും ഉപയോഗപ്പെടുത്തണമോ ദുരുപയോഗപ്പെടുത്തണമോ എന്നു തീരുമാനിക്കേണ്ടത് അവരവർതന്നെ. ഇതുപോലെ ഗൃഹസ്ഥാശ്ര മത്തിൽ എല്ലാ കർത്തവ്യങ്ങളും നിർവ്വഹിച്ചിട്ടു വാനപ്രസ്ഥത്തിൽ പ്രവേശിക്കണമെന്നു കരുതുന്നത് ഒഴികഴിവാണ്. ജീവിതം ആർക്കു വേണ്ടിയും കാത്തിരിക്കില്ല. എത്രതന്നെ ഡോക്ടർമാർ ഉണ്ടായിരു ന്നാലും പോഷകാംശഭക്ഷണങ്ങൾ നിറച്ചാലും കായകല്പങ്ങൾ

സേവിച്ചാലും യമൻ നിയമമനുസരിച്ചു തട്ടിക്കൊണ്ടുപോകും. അതിനാൽ ഗൃഹസ്ഥാശ്രമത്തിലെ കർത്തവ്യങ്ങൾ അതിന്റെ പരിധിക്കുള്ളിൽ ആകാവുന്നിടത്തോളം നിർവ്വഹിച്ചിട്ട് അടുത്ത തലമുറയ്ക്ക് അവിടം ഒഴിഞ്ഞുകൊടുത്തുകൊണ്ടു വാനപ്രസ്ഥാശ്രമം സ്വീകരിക്കുന്നതാണ് തനിക്കും സമുദായത്തിനും നല്ലത്. വാനപ്രസ്ഥാശ്രമ സംസ്ക്കാരകർമ്മം എകദേശമായിട്ടെങ്കിലും ഇവിടെ വിവരിക്കാം.

**അഭ്യാദധാമി സമിധമഗ്നേ വ്രതപതേ ത്വയി**
**വ്രതം ച ശ്രദ്ധാം ചോപൈമീന്ധേ ത്വാ ദീക്ഷിതോ അഹം**
**(യജുർവേദം)**

ഈശ്വരോപാസനയും ഹോമവും ചെയ്തു ദീക്ഷവരിച്ച് ശ്രദ്ധാപൂർവ്വം സത്യാചരണം സ്വീകരിക്കുന്നു എന്നിങ്ങനെ ദൃഢസങ്കല്പപൂർവ്വം വാനപ്രസ്ഥവ്രതം സ്വീകരിക്കണം. എല്ലാവിധ ആശാപാശങ്ങളിൽനിന്നും വിമുക്തനും വിരക്തനുമായി സർവ്വജനഹിതകാരിയായി വർത്തിക്കണം വാനപ്രസ്ഥൻ. സ്വാർത്ഥമായ വിചാരങ്ങളും, വാക്കുകളും, കർമ്മങ്ങളും അദ്ദേഹം ധർമ്മത്തിന്റെ ഹോമകുണ്ഡത്തിൽ ആഹൂതി ചെയ്യുന്നു. അങ്ങനെ തന്റേതെല്ലാം പരോപകാരാർത്ഥമായി പരിണമിപ്പിക്കുകയും, ജീവിതാനുഭവങ്ങളും അറിവും, ബലവുമെല്ലാം ധർമ്മാർത്ഥമായി, സമൂഹക്ഷേമത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നു.

ദശവിധസ്നാനം, പഞ്ചാമൃതപാനം, അഭിഷേകം, ദണ്ഡധാരണം, കൗപീനധാരണം, ഹവനം, സങ്കല്പം, പീതവസ്ത്രധാരണം, സമാപനപൂജ, യജ്ഞം എന്നിവ വാനപ്രസ്ഥസംസ്ക്കാരകർമ്മത്തിലെ ഭാഗങ്ങളാകുന്നു. ആചാര്യന്റെ നേതൃത്വത്തിൽത്തന്നെ ഈ കർമ്മവും നടത്തുന്നു. സമാപനവേളയിൽ വാനപ്രസ്ഥാശ്രമത്തിന്റെ വിശേഷതകളെപ്പറ്റി ആചാര്യന്റെ പ്രഭാഷണവും, ആചാര്യദക്ഷിണയും, സന്നിഹിതരായവരുടെ മംഗളാശംസയും, സൽക്കാരവും മറ്റെല്ലാ സംസ്ക്കാരകർമ്മങ്ങളിലെന്നപോലെ ഉണ്ടായിരിക്കും.

വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കുന്ന യജമാനനെ ആചാര്യനോ, പുരോഹിതനോ യജ്ഞവേദിയിൽനിന്നും കുറച്ചകലെ കൊണ്ടുപോയി, ഒരു പലകയിലിരുത്തി, പ്രത്യേക മന്ത്രോച്ചാരണ

പൂർവ്വം പത്തുവിധസ്നാനം ചെയ്യിക്കുന്നു. ഭസ്മം, മണ്ണ്, പശുവിൻ ചാണകം, ഗോമൂത്രം, പശുവിൻനെയ്യ്, പശുവിൻപാൽ, പശുവിൻ തൈര്, മഞ്ഞൾ, കുശ, തേൻ എന്നീ സാധനങ്ങളിൽ ഓരോന്നും ഓരോ പ്രാവശ്യം ചേർത്തു നിർദ്ദിഷ്ടമന്ത്രോച്ചാരണപൂർവ്വം പത്തു പ്രാവശ്യം സ്നാനം ചെയ്യണം. കുളിക്കുന്ന ആൾ പലകയിലിരിക്കും. അടുത്തുതന്നെ കുറെ ഭസ്മം കുഴച്ചുവെച്ചിരിക്കും. ഓരോ സാധനവും ചേർത്ത ജലം തലയിലൊഴിച്ചിട്ട് ആപാദചൂഡം യഥാവിധി ഭസ്മലേപനം ചെയ്തിട്ട്, ശുദ്ധജലം ഒഴിക്കും. ഇങ്ങനെ പത്തു പ്രാവശ്യം സ്നാനം ചെയ്യണം. എളുപ്പത്തിനുവേണ്ടി പത്തുസാധനങ്ങളും ജലത്തിൽ ചേർത്തു, പത്തുമന്ത്രങ്ങളും ചൊല്ലി, ഒന്നിച്ചു സ്നാനം ചെയ്യിക്കുകയുമാവാം. സ്നാനാനന്തരം നിറമുള്ള ഒരു വസ്ത്രം ധരിച്ചിട്ട് അനന്തരകൃത്യങ്ങളിൽ ഏർപ്പെടാം. ഇതേവരെ ചെയ്തിട്ടുള്ള പാപകർമ്മങ്ങളുടെ പ്രയശ്ചിത്തമായും നവജീവിതത്തിന്റെ തുടക്കം കുറിക്കുന്നതിനായും ഈ വിശേഷസ്നാനം വിധിച്ചിരിക്കുന്നു. ഓരോ സ്നാനമന്ത്രത്തിന്റേയും ഭാവാർത്ഥമിപ്രകാരമാണ്.

1. ഈ ശരീരം അവസാനം ഭസ്മമായിത്തീരേണ്ടതാണ്, ഏതു സമയത്തും സംഭവിക്കുന്ന മരണത്തിനുശേഷവും ജീവന്റെ സദ്ഗതിക്കുവേണ്ടി തയ്യാറാവുന്നതിന്റെ തുടക്കമാണിത്. 2.മാതൃഭൂമിയോടു ജീവാത്മാവിനുള്ള കടപ്പാടിനെ സൂചിപ്പിച്ചുകൊണ്ടു മണ്ണു ശിരസ്സിൽ പൂശി കുളിക്കുകയും ശിഷ്ടജീവിതം ദേശഭക്തിയിലും, മാതൃഭൂസേവനത്തിലും നയിക്കണമെന്ന വ്രതം ഉൾക്കൊള്ളുകയും ചെയ്യുന്നു. 3. ചാണകത്തെപ്പോലെ ശരീരവും ചെടികൊടിസസ്യാദികൾക്കു വളമായി സംസാരം ഫലഭൂയിഷ്ഠമാവട്ടെ എന്ന സങ്കല്പം. 4. ക്ഷാരഗുണപ്രധാനമായ ഗോമൂത്രം രോഗനാശനശക്തിയുള്ളതാണ്. ബാഹ്യാഭ്യന്തരദുർഗുണങ്ങളകറ്റി സ്വച്ഛതയുൾക്കൊള്ളുക എന്നതാണ് ഗോമൂത്രസ്നാനസങ്കല്പം. 5.പശുവിൻപാലിനെപ്പോലെ ശുദ്ധവും സ്വച്ഛവും ഉജ്ജീവനശക്തിദായകവുമായിരിക്കണം സ്വജീവിതം. 6. ഇതുവരെ ജീവിതം ഓളമടിച്ചുകൊണ്ടിരുന്നു. പാത്രത്തിലെ പാലിനെപ്പോലെ ഇളകിക്കൊണ്ടിരുന്നു. ഇനി ഉറയിച്ച പാലിനെപ്പോലെ - തൈരിനെപ്പോലെ ത്യാഗത്തിൽ സ്ഥിരനിഷ്ഠനായിരിക്കും. പ്രലോ

ഭനങ്ങൾക്കു വഴിപ്പെട്ട് അങ്ങോട്ടുമിങ്ങോട്ടും ആടുകയില്ല. 7. ഗുരുത്വവും സ്നേഹവുമാണ് നെയ്യ്. ജീവിതത്തെ സരളവും സ്നേഹമയവുമാക്കിത്തീർക്കുക. 8. രോഗാണുക്കളെ നശിപ്പിക്കുന്നതും മംഗളസൂചകവുമാണ് മഞ്ഞൾ. വിചാരം, വാക്ക്, പ്രവൃത്തി എന്നിവയിൽ നാം ആഗ്രഹിച്ചില്ലെങ്കിലും കടന്നുകൂടുന്ന ദോഷങ്ങളെയും, സമുദായത്തിലെ വികൃതഭാവങ്ങളെയും നേരിട്ട് അകറ്റുന്നതിനും തന്റേടത്തോടെ യത്നിക്കുമെന്ന നിശ്ചയം. 9. ഏതിലും കുശാഗ്രബുദ്ധിയോടെ ഇരിക്കുക. അധർമ്മത്തിനും അനീതിക്കുമെതിരായി തീക്ഷ്ണതാപൂർവ്വം വർത്തിക്കുക. 10. മധുസ്നാനത്തിന്റെ താൽപര്യം സമഗ്രമായ സൗമ്യതയും മാധുര്യവുമാണ്. എല്ലാവർക്കും ഹിതകരമാംവിധം മധുരഭാഷണം, സേവന-ശുശ്രൂഷകൾ, സാത്വികഭാവം, സത്സംഗം, മുതലായ ഗുണങ്ങളുടെ പോഷണം.

ദശവിധസ്നാനാനന്തരം പീതവസ്ത്രധാരിയായി വാനപ്രസ്ഥനെ യജ്ഞവേദിക്കടുത്തു കൊണ്ടുചെന്നിട്ട്-

**ഓം ഭദ്രം കർണ്ണേഭിഃ ശൃണുയാമദേവാ**
**ഭദ്രം പശ്യേമാക്ഷഭിര്യജത്രാഃ!**
**സ്ഥിരൈരംഗൈസ്തുഷ്ടുവാങ്സസ്തനുഭിർവ്യശേമ**
**ദേവഹിതം യദായുഃ!**

എന്ന മന്ത്രോച്ചാരണപൂർവ്വം ആസനസ്ഥനാക്കി യജ്ഞപൂജകൾ നടത്തിയിട്ട് പഞ്ചാമൃതം നൽകണം.

പഞ്ചാമൃതം:

**ഓം അകാലമൃത്യുഹരണം സർവ്വവ്യാധിവിനാശനം**
**വിഷ്ണുപാദോദകം പീത്വാ പുനർജ്ജന്മ ന വിദ്യതേ**

എന്ന മന്ത്രോച്ചാരണപൂർവ്വമാണ് സേവിക്കേണ്ടത്. പശുവിൻപാൽ, പശുവിൻനെയ്യ്, തുളസിയില, തേൻ, ശർക്കര എന്നീ സാധനങ്ങൾ ഒരു പാത്രത്തിൽ ഓരോന്നും പ്രത്യേകമന്ത്രോച്ചാരണപൂർവ്വം ചേർത്തു തയ്യാറാക്കുന്നതാണ് പഞ്ചാമൃതം. ശാരീരികവും മാനസികവുമായ ശുദ്ധീകരണമാണ് പഞ്ചാമൃതസേവനത്തിന്റെ ഉദ്ദേശ്യം.

തുടർന്ന് 24 പേർ ചേർന്നു വാനപ്രസ്ഥനെ അഭിഷേകം ചെയ്യും. സ്ഥാനാരോഹണത്തിനു രാജാക്കന്മാർക്കു രാജ്യാഭിഷേകം നടത്തുന്നതുപോലൊരു ചടങ്ങാണിത്. ആദ്യത്തേത് ഒരു രാജ്യപരിധിക്കുള്ളിലെ ആദർശമാണെങ്കിൽ രണ്ടാമത്തേതു വിശാലമായ സമുദായബോധവും ആദ്ധ്യാത്മികതവും അടങ്ങിയ തത്ത്വമാണ്. അതിനാൽ വാനപ്രസ്ഥാഭിഷേകത്തിന്റെ മേന്മയും ആദർശവും വിപുലമാണ്. സമുദായത്തിലെ സംസ്ക്കാരസമ്പന്നരും ധർമ്മസേവാതല്പരരുമായ 24 വ്യക്തികൾ കലശത്തിൽനിന്നു മാവിലകൊണ്ടോ, പുഷ്പംകൊണ്ടോ ജലപ്രോഷണം ചെയ്യുമ്പോൾ താൻ വരിച്ച ഈ വാനപ്രസ്ഥാശ്രമവ്രതത്തിനു സമുദായത്തിന്റെ മുഴുവൻ പിന്തുണയുണ്ടെന്നും വാനപ്രസ്ഥാശ്രമത്തിൽ ആദ്ധ്യാത്മികസാധനയോടൊപ്പം ദിവസവും ഏതാനും മണിക്കൂർ എങ്കിലും ശുദ്ധമനസ്സോടെ നിസ്വാർത്ഥമായി സമുദായസേവനമനുഷ്ഠിക്കണമെന്നും മനസ്സാ സങ്കൽപിച്ച് ഈ മന്ത്രം ജപിക്കുന്നു:

**ഓം ശുദ്ധവാലഃ സർവ്വശുദ്ധോവാലോ**
**മണിവാലസ്ത ആശ്വിനാഃ ശ്വേതഃ**
**ശ്വേതാക്ഷോ/രുണസ്തേ രുദ്രായ**
**പശുപതയേ കർണ്ണായാമാ അവലിപ്താ**
**രുദ്രാ നഭോരൂപാഃ പാർജന്യാഃ**

സമുദായപ്രതിനിധികളാൽ അഭിഷിക്തനായി വ്രതം സ്വീകരിച്ചു വാനപ്രസ്ഥൻ ഋഷിപൂജ ചെയ്തുകൊണ്ടു പീതവസ്ത്രം ധരിക്കുന്നു. അന്നുവരെ തന്നെ ഗൃഹസ്ഥാശ്രമിയായി കണ്ടിരിക്കുന്നവരോരുത്തർക്കും ഭാവിയിൽ താനും വാനപ്രസ്ഥിയാകുമെന്ന ബോധം ഉണ്ടാവണം. അതിന്റെ അടയാളമാണ് പീതവസ്ത്രം. അതു സേവനനിഷ്ഠയുടേയും സാത്വികജീവിതത്തിന്റേയും ചിഹ്നമാണ്. ഈ വസ്ത്രധാരണത്തിനുള്ള മന്ത്രം-

**ഓം സൂര്യോ മേ ചക്ഷുർവ്വാതഃ പ്രാണോ/ന്തരീക്ഷമാത്മാ**
**പൃഥിവീ ശരീരം**
**അസൃതതോ നാമാഹമയമസ്മി സ ആത്മാനം**
**നിദധേ ദ്യാവാപൃഥിവീഭ്യാം ഗോപീഥായ.**

തുടർന്നു വാനപ്രസ്ഥന്റെ കരത്തിൽ അരയിൽ കെട്ടാനുള്ള ചരടും കൗപീനവും ധർമ്മദണ്ഡും (ഊന്നുവടി) ഏൽപ്പിക്കുന്നു. 50-ാം വയസ്സിനുശേഷമുള്ള ഈ ചടങ്ങ് ബ്രഹ്മചര്യാശ്രമത്തെ അനുസ്മരിപ്പിക്കുന്നു. ഇന്ദ്രിയസംയമനത്തിന്റെയും ചുമതലാബോധത്തിന്റെയും പ്രതീകമായിട്ടാണ് ചരടും കൗപീനവും സ്വീകരിക്കുന്നത്. വാനപ്രസ്ഥാശ്രമം ശരിയായി പാലിക്കുമെന്ന ദൃഢവ്രതം കൈക്കൊള്ളുന്നു. അരയിൽ ചരടും കൗപീനവും കെട്ടുന്നതിന്റെ മന്ത്രമിതാണ്.

**ഓം ഇയം ദുരുക്തം പരിബാധമാനാ വർണ്ണം**
**പവിത്രം പുനതീമ്ങ് ആഗാത്**
**പ്രാണാപാനാഭ്യാം ബലമാദധാനാ**
**സ്വസ്വാദേവീസുഭഗാ മേഖലേയം**

രാജ്യാഭിഷേകസന്ദർഭത്തിൽ രാജാവ് നീതിന്യായത്തിന്റെ ദണ്ഡുഗ്രഹിക്കുന്ന കർമ്മംപോലെയാണ് വാനപ്രസ്ഥർ ധർമ്മദണ്ഡു സ്വീകരിക്കുന്നതും. ജീവിതത്തിൽ സ്വധർമ്മപാലനത്തിന് അരയും തലയും മുറുക്കി എപ്പോഴും തയ്യാറായിരിക്കുന്നുവെന്നതിന്റെ പ്രതീകമാണ് ധർമ്മദണ്ഡ്. സ്വാദ്ധ്യായം, സാധന, സംയമം, ജനസേവ എന്നീ ചതുർവിധകർത്തവ്യങ്ങളിൽ എപ്പോഴും ജാഗരൂകനായിരിക്കുമെന്ന ദൃഢസങ്കല്പത്തോടെ ധർമ്മദണ്ഡു കയ്യിലെടുക്കുന്നു. അപ്പോൾ ചൊല്ലേണ്ടുന്ന മന്ത്രമിതാണ്.

**ഓം യോ മേ ദണ്ഡഃ പരാപത**
**ദ്വൈഹായസോ/ധിഭൂമ്യാം**
**തമഹം പുനരാദദ ആയുഷേ**
**ബ്രഹ്മണേ ബ്രഹ്മവർചസായ**

അനന്തരം വാനപ്രസ്ഥൻ ഇരുകരങ്ങളും ഉയർത്തി അഗ്നി, വായു, സൂര്യൻ, ചന്ദ്രൻ, ഇന്ദ്രൻ - എന്നീ ദേവന്മാരെ സാക്ഷ്യപ്പെടുത്തി താൻ സദാ വ്രതശീലനായിരിക്കുമെന്നു പ്രതിജ്ഞ ചെയ്യണം. എന്നിട്ട് ചുവടെ ചേർക്കുന്ന മന്ത്രങ്ങൾ ജപിച്ചുകൊണ്ട് പായസാന്നത്താൽ ഹവനം ചെയ്യണം. ഹവനമന്ത്രം-

1. ഓം അഗ്നേ വ്രതപതേ വ്രതം ചരിഷ്യാമി
തത്തേ പ്രബ്രവീമി തച്ഛകേയം
തേനർധ്യാസമിദമഹമനൃതാത്സത്യമുപൈമിസ്വാഹാ
ഇദമഗ്നയേ ഇദം ന മമ.

2. ഓം വായോ വ്രതപതേ വ്രതം ചരിഷ്യാമി
തത്തേ പ്രബ്രവീമി തച്ഛകേയം
തേനർധ്യാസമിദമഹമനൃതാത്സത്യമുപൈമിസ്വാഹാ
ഇദം വായവേ ഇദം ന മമ.

3. ഓം സൂര്യോ വ്രതപതേ വ്രതം ചരിഷ്യാമി
തത്തേ പ്രബ്രവീമി തച്ഛകേയം
തേനർധ്യാസമിദമഹമനൃതാത്സത്യമുപൈമിസ്വാഹാ
ഇദം സൂര്യായ ഇദം ന മമ.

4. ഓം ചന്ദ്ര വ്രതപതേ വ്രതം ചരിഷ്യാമി
തത്തേ പ്രബ്രവീമി തച്ഛകേയം
തേനർധ്യാസമിദമഹമനൃതാത്സത്യമുപൈമിസ്വാഹാ
ഇദം ചന്ദ്രായ ഇദം ന മമ.

5. ഓം വ്രതാനാം വ്രതപതേ വ്രതം ചരിഷ്യാമി
തത്തേ പ്രബ്രവീമി തച്ഛകേയം
തേനർധ്യാസമിദമഹമനൃതാത്സത്യമുപൈമിസ്വാഹാ
ഇദമിന്ദ്രായ ഇദം ന മമ.

സംസ്ക്കാരകർമ്മാവസരത്തിലെ ആചാര്യപ്രബോധനത്തിൽ ഈ മന്ത്രങ്ങളുടെ അർത്ഥം വിവരിച്ചുകൊടുക്കും. ഇതനുസരിച്ചു വാനപ്രസ്ഥി വ്രതജീവിതത്തിൽ യത്നിക്കണം. എന്നിട്ടു പുഷ്പം, അക്ഷതം, ജലം എന്നിവ കൈയിലെടുത്ത് ഇന്നുമുതൽ താൻ വാനപ്രസ്ഥവ്രതം ഗ്രഹിച്ചിരിക്കുന്നുവെന്നു സങ്കല്പം ചെയ്യുന്നു. ഇന്നുമുതൽ താൻ എന്റെ മമത്വഭാവങ്ങൾ വിട്ടു സമുദായസമക്ഷം സമർപ്പണം ചെയ്യുന്നു. തന്റെ ജീവിതം ഒരു ഭവനത്തിൽ ഒതുങ്ങിനിൽക്കുന്നതല്ല, സമുദായത്തിന്റേതാണ്. ധർമ്മത്തിനും സമുദായത്തിനുംവേണ്ടി ഇന്നുമുതൽ സ്വജീവിതം ഉഴിഞ്ഞുവെച്ചിരിക്കുന്നു. സങ്കല്പമന്ത്രം ഇപ്രകാരമാണ്:

ഓം തത്സദദ്യ ശ്രീമദ് ഭഗവതോ മഹാപുരുഷസ്യ
വിഷ്ണോരാജ്ഞയാ പ്രവർത്തമാനസ്യ ബ്രഹ്മണോ
ദ്വിതീയപരാർദ്ധേ ശ്രീശ്വേതവരാഹകല്പേ
വൈവസ്വതമന്വന്തരേ അഷ്ടാവിംശതിതമേ
കലിയുഗേ കലിപ്രഥമചരണേ ജംബുദ്വീപേ
ഭാരതഖണ്ഡേ ആര്യാവർത്തൈകദേശാന്തർഗതേ
......മാസേ.......പക്ഷേ.......തിഥൗ.........വാസരേ
ഗോത്രോല്പന്നോ നാമാഹം, അദ്യ സ്വജീവനം
വ്യക്തിഗതം ന മത്വാ സമ്പൂർണ്ണസമാജസ്യൈതദിതി
ജ്ഞാത്വാ ച സംയമസ്വാദ്ധ്യായോപാസനേഷു
വിശേഷതശ്ച ലോകസേവായാം നിരന്തരം
സംലഗ്നോ ഭവിഷ്യാമി

വീണ്ടും യജ്ഞകുണ്ഡത്തിൽ അഗ്നി യഥാവിധി ജ്വലിപ്പിച്ച്

ഓം ഭൂർഭുവഃസ്വഃ തത്സവിതുർവരേണ്യം
ഭർഗ്ഗോ ദേവസ്യ ധീമഹി. ധിയോ
യോ നഃ പ്രചോദയാത് – സ്വാഹാ
ഇദം സവിത്രേ ഇദം ന മമ.

എന്ന മന്ത്രോച്ചാരണപൂർവ്വം ഗായത്രീഹവനം ചെയ്തിട്ട് നിവേദ്യാന്നം ആഹുതി നൽകണം. നിവേദ്യാന്നഹോമമന്ത്രം ഇപ്രകാരമാണ്:

ഓം യദസ്യകർമ്മണോ/ത്യരീരിചം
യദ്വാന്യൂനമിഹാകരം അഗ്നിഷ്ടത്
സ്വിഷ്ടകൃദ് വിദ്യാത്സർവ്വം സ്വിഷ്ടം
സുഹുതം കരോതു മേ

അഗ്നയേ സ്വിഷ്ടകൃതേ സുഹുതഹുതേ
സർവ്വപ്രായശ്ചിത്താഹുതീനാം
കാമാനാം സമർധയിത്രേ സർവ്വാന്നഃ
കാമാൻ സമർദ്ധയ സ്വാഹാ
ഇദമഗ്നയേ സ്വിഷ്ടകൃതേ ഇദന്ന മമ

യജ്ഞകർമ്മം സമംഗളം പൂർണ്ണമായതിന്റെ ലക്ഷണമായി പൂർണ്ണാഹുതി നൽകുമ്പോൾ ഈ മന്ത്രം ചൊല്ലുന്നു.

**ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ**
**പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ**
**ഓം പൂർണ്ണാദർവ്വി പരാപത സുപൂർണ്ണാ പുനരാപത**
**വസ്നേവ വിക്രീണാവഹാ ഇഷമൂജങ്ശതക്രതോ**
**സ്വാഹാ, ഓം സർവ്വം വൈ പൂർണ്ണം സ്വാഹാ.**

ഹവനം ഘൃതാഹുതിയോടുകൂടിയാണ് ആരംഭിച്ചത്. ഘൃതാഹുതിയിലാണ് അവസാനിക്കുന്നത്. അവസാനം നെയ്യ് ധാരയായി ചെയ്യുന്നതിനെ വസോർധാരയെന്നു പറയുന്നു. ഹോമദ്രവ്യങ്ങൾ ശേഷിച്ചവയെല്ലാം ഈ സന്ദർഭത്തിൽ താഴെ ചേർക്കുന്ന മന്ത്രോച്ചാരണപൂർവ്വം ഹോമാഗ്നിയിൽ അർപ്പിക്കണം.

**ഓം വസോഃ പവിത്രമസി ശതധാരം വസോഃ**
**പവിത്രമസി സഹസ്രധാരം**
**ദേവസ്ത്വാ സവിതാ പുനാതു വസോ പവിത്രേണ**
**ശതധാരേണ സുപ്വാ കാമധുക്ഷഃ സ്വാഹാ**

പിന്നീട് കർപ്പൂരം കൊളുത്തി യജ്ഞഭഗവാന് ആരതി കാട്ടുമ്പോൾ ഇപ്രകാരം ചൊല്ലണം.

**ഓം യം ബ്രഹ്മ വേദാന്തവിദോ വദന്തി**
**പരമം പ്രധാനം പുരുഷം തഥാന്യേ**
**വിശ്വോദ്ഗതേഃ കാരണമീശ്വരം വാ**
**തസ്മൈ നമോ വിഘ്നവിനാശനായ**
**ഓം യം ബ്രഹ്മാവരുണേന്ദ്രരുദ്ര മരുതഃ**
**സ്തുന്വന്തി ദിവ്യൈഃ സ്തൈവഃ**
**വേദൈഃ സാങ്ഗപദക്രമോപനിഷദൈർ**
**ഗായന്തി യം സാമഗാഃ**
**ധ്യാനാവസ്ഥിതതദ്ഗതേന മനസാ**
**പശ്യന്തയം യോഗിനോ**
**യസ്യാന്തം ന വിദുഃ സുരാസുരഗണാ**
**ദേവായ തസ്മൈ നമഃ**

അനന്തരം യജ്ഞവേദിയിൽ ആഹുതിനൽകാൻ കൊണ്ടുവെച്ചിരുന്ന നെയ്പാത്രത്തിൽ യജ്ഞശിഷ്ടമായിരിക്കുന്ന നെയ്യ് ഓരോ തുള്ളിയെങ്കിലും സന്നിഹതരായിരിക്കുന്നവർക്കെല്ലാം ഉള്ളം കൈയിൽ കൊടുക്കുക. അതു ചുവടെ ചേർക്കുന്ന മന്ത്രോച്ചാരണ പൂർവ്വം ഇരുകരത്തിലും തേച്ച്, യജ്ഞകുണ്ഡാഗ്നിയിൽ കാട്ടിയിട്ട് മുഖത്ത് മൂക്ക്, കണ്ണ്, ചെവി എല്ലാം അടക്കി ഘ്രാണനപൂർവ്വം പുരട്ടണം. ഇതിനെ ഘൃതആഘ്രാണനം എന്നു പറയുന്നു. യജ്ഞ കുണ്ഡത്തിലെ ഭസ്മം എടുത്ത് വാനപ്രസ്ഥിയും കൂടിയിരിക്കുന്ന വരും നെറ്റി, കഴുത്ത്, നെഞ്ച്, ഇരുഭുജങ്ങൾ എന്നീ ഭാഗങ്ങളിൽ പൂശണം. മനുഷ്യശരീരാന്ത്യം ഭസ്മക്കൂമ്പാരരൂപത്തിലാണെന്ന് ഓർമ്മിപ്പിക്കുന്നതിനും യജ്ഞപ്രസാദമായതിനാൽ സൂക്ഷ്മവും ആത്മശുദ്ധിപ്രദവുമായ ദിവ്യഗുണങ്ങൾ ഉൾക്കൊള്ളുന്നതിനും ഈ ഭസ്മധാരണം (മന്ത്രോച്ചാരണപൂർവ്വം) ഉപകരിക്കും. മന്ത്രമിതാണ്.

**ഓം ത്ര്യായുഷം ജമദഗ്നേരിതി ലലാടേ**
**ഓം കശ്യപസ്യത്ര്യായുഷമിതി ഗ്രീവായാം**
**ഓം യദ്ദേവേഷു ത്ര്യായുഷമിതി ദക്ഷിണബാഹുമൂലേ**
**ഓം തന്നോ അസ്തുത്ര്യായുഷമിതി ഹൃദി**

അടുത്തതായി ക്ഷമാപ്രാർത്ഥനയാണ്. നാം ചെയ്യുന്ന കർമ്മങ്ങളിൽ അറിഞ്ഞും അറിയാതെയുമുണ്ടാവുന്ന പിഴകൾ പൊറുത്ത് അനുഗ്രഹിക്കുമാറാകണേ എന്നു വിനയാന്വിതം ഭഗവാനോട് അപേക്ഷിക്കുന്ന പല മന്ത്രങ്ങൾ ഉള്ളതിൽ ഒന്നിതാ-

**പ്രമാദാൽ കുർവ്വതാം കർമ്മപ്രച്യവേതാധ്വരേഷു യത്**
**സ്മരണാദേവ യദ്വിഷ്ണോഃ സമ്പൂർണ്ണം സ്യാദിതി ശ്രുതിഃ**

എല്ലാവരും കൈകൂപ്പി ക്ഷമായാചനം ചെയ്തശേഷം, യജ്ഞവേദിക്ക് അഭിമുഖമായി സാഷ്ടാംഗനമസ്ക്കാരം ചെയ്യണം. ഇതിനും പല മന്ത്രം ഉള്ളതിൽ ഒന്ന് ഇപ്രകാരമാണ്-

**നമോ/സ്ത്വനന്തായ സഹസ്രമൂർത്തയേ**
**സഹസ്രപാദാക്ഷിശിരോരുബാഹവേ**
**സഹസ്രനാമ്നേ പുരുഷായ ശാശ്വതേ**
**സഹസ്രകോടിയുഗധാരിണേ നമഃ**

സാഷ്ടാംഗപ്രണാമം കഴിഞ്ഞു സർവ്വന്തര്യാമിയായ ഈശ്വരാംഗമാണ് സർവ്വജീവജാലങ്ങളുമെന്ന ബോധത്തോടെ എല്ലാവർക്കും മംഗളമുണ്ടാവട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**സ്വസ്തി പ്രജാഭ്യഃ പരിപാലയന്താം**
**ന്യായേന മാർഗ്ഗേണ മഹീം മഹീശാഃ**
**ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം**
**ലോകാഃ സമസ്താഃ സുഖിനോ ഭവന്തു**
**സർവ്വേ ഭവന്തു സുഖിനഃ സർവ്വേ സന്തു നിരാമയാഃ**
**സർവ്വേ ഭദ്രാണി പശ്യന്തു മാ കശ്ചിദ്- ദുഃഖമാപ്നുയാത്**
**ശ്രദ്ധാം മേധാം യശഃ പ്രജ്ഞാം വിദ്യാം**
**പുഷ്ടിം ശ്രിയം ബലം**
**തേജ ആയുഷ്യമാരോഗ്യം ദേഹിമേഹവ്യവാഹന**

ശുഭാശംസാപ്രാർത്ഥനയ്ക്കുശേഷം ആചാര്യൻ തീർത്ഥജലമെടുത്ത് അതിൽ മാവിലയോ, പുഷ്പമോ മുക്കി നാലുദിക്കിലും മേലോട്ടും ഭൂമിയിലും തളിക്കും. ഭൂമി, ആകാശം മുതലായ സകല ബ്രഹ്മാണ്ഡവും ശാന്തിയുക്തമാകുന്നു. യജ്ഞകർമ്മം ചെയ്യുന്നവരുടെ ആപത്തുകൾ ഒഴിയാനും എല്ലാവർക്കും ശാന്തി പ്രകടമാവാനും വേണ്ടി ശാന്തിപാഠപൂർവ്വം ജലപ്രോക്ഷണം ചെയ്യുന്നു. ശാന്തിപാഠം:

**ഓം ദ്യൗഃ ശാന്തിരന്തരീക്ഷം ശാന്തിഃ**
**പൃഥിവീ ശാന്തിരാപഃ ശാന്തിരോഷധയഃ**
**ശാന്തിഃ. വനസ്പതയഃ ശാന്തിർവ്വിശ്വേദേവാഃ**
**ശാന്തിർബ്രഹ്മശാന്തിഃ സർവ്വം ശാന്തിഃ**
**ശാന്തിരേവ ശാന്തിഃ സാ മാ ശാന്തിരേധി**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**
**സർവ്വാരിഷ്ടസുശാന്തിർഭവതു.**

ആചാര്യദക്ഷിണ, ആചാര്യന്റെ പ്രഭാഷണം, എല്ലാവർക്കും യഥാശക്തി സല്ക്കാരം എന്നീ കാര്യക്രമങ്ങളോടുകൂടി വാനപ്രസ്ഥസംസ്ക്കാരകർമ്മം സമാപിക്കുന്നു. വാനപ്രസ്ഥാശ്രമസംസ്ക്കാരകർമ്മത്തിൽ പ്രബോധനപരമായ വേദമന്ത്രങ്ങൾ വേണ്ടുവോളമുണ്ട്. അവ പണ്ഡിതനും ധർമ്മിഷ്ഠനുമായ ആചാര്യൻ തന്റെ

പ്രഭാഷണത്തിലൂടെ വാനപ്രസ്ഥിക്കും സദസ്യർക്കും ബോദ്ധ്യമാകും വിധം ഉദ്ബോധിപ്പിക്കേണ്ടതാകുന്നു.

ജീവിതത്തിന്റെ ഉത്തരാർദ്ധത്തിലെങ്കിലും, ഈ ജീവിതത്തിൽ എന്തു സാധിച്ചു? ഇനി എന്തു സാധിക്കുവാൻ പോകുന്നു? ഞാനാര്? ഭാര്യയും മക്കളും ആര്? എവിടെനിന്നുവന്നു? എങ്ങോട്ടു പോകുന്നു? കൂടെവരുന്നതെന്ത്? എന്നിങ്ങനെ ഒരൊഴിഞ്ഞ മൂലയിലിരുന്ന് അല്പം ചിന്തിക്കുക. അപ്പോൾ വാനപ്രസ്ഥാശ്രമത്തിന്റെ മഹത്വം ബോദ്ധ്യപ്പെടും. അനായാസേന ഗൃഹസ്ഥാശ്രമത്തിൽനിന്ന് സ്വതന്ത്രമാവാനുള്ള ഉപായങ്ങൾ തോന്നും. പൂർവ്വപുണ്യത്താൽ സ്വല്പമെങ്കിലും ധർമ്മപരിചയവും സത്സംഗവും സിദ്ധിച്ചിട്ടുണ്ടെങ്കിൽ അവ ജീവിതത്തിലെ പ്രധാന സമ്പത്താണെന്നു കരുതി തന്നിലും സ്വഭവനത്തിലും അഭിവൃദ്ധിപ്പെടുത്തണം. മതസംബന്ധമായ ചില വ്രതങ്ങൾ അനുഷ്ഠിക്കുക, കുടുംബാംഗങ്ങൾക്കുംകൂടി അനുകരിക്കാൻ തക്കവിധം നിത്യകർമ്മാനുഷ്ഠാനങ്ങൾ ചെയ്യുക, പുണ്യാത്മാക്കളെ ആദരപൂർവ്വം ക്ഷണിച്ചുകൊണ്ടുവന്ന് സത്സംഗം ഏർപ്പെടുത്തുക. ധർമ്മഗ്രന്ഥങ്ങൾ വാങ്ങി എല്ലാവർക്കും വായിക്കുവാനും പഠിക്കുവാനും സന്ദർഭമുണ്ടാക്കുക, ധർമ്മസ്ഥാപനങ്ങളുമായി സമ്പർക്കത്തിലിരിക്കുക. സമ്പാദ്യത്തിന്റെ നാലിലൊരു ഭാഗമെങ്കിലും തുറന്നമനസ്സോടെ ധാർമ്മികകാര്യങ്ങൾക്കു ചെലവഴിക്കുക. സന്താനങ്ങൾക്കും കൗമാരപ്രായം കഴിഞ്ഞാൽ സ്വന്തം കാലിൽ നിൽക്കാൻ കഴിയണം. വേണ്ടത്ര വിദ്യാഭ്യാസം നൽകാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതുതന്നെ വേണ്ടുവോളമായി. അത്യാവശ്യം വസിക്കുവാനും കഴിക്കുവാനും ഉള്ള ധനസമ്പത്തിൽ കൂടുതലായി പണമോ സ്വത്തുക്കളോ സമ്പാദിക്കരുത്. അവയേക്കാൾ സത്സ്വഭാവത്തിന്റെയും ആത്മവിശ്വാസത്തിന്റേയും സമ്പാദ്യമാണ് പിൻഗാമികൾക്കു നൽകേണ്ടത്. ധനസമ്പത്തുക്കൾ പരാശ്രയത്തിനും ദുഃസ്വഭാവങ്ങൾക്കും കളമൊരുക്കുന്ന കാലസ്ഥിതിയാണ് ഇന്നുള്ളത്. ആത്മവിശ്വാസമുണ്ടെങ്കിൽ സ്വാശ്രയത്വവും സൽസ്വഭാവങ്ങളും വികസിച്ചു ശുദ്ധമായ വ്യക്തിത്വം വളരും.

തുടർന്നു വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കുന്നതിന്റെ പ്രാരംഭമായി ഇടയ്ക്കിടെ തീർത്ഥാടനങ്ങൾ ചെയ്യുക. ധാർമ്മികരായ സജ്ജനങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ടുകൊണ്ടിരിക്കുക. വിചാരം, വാക്ക്, പ്രവൃത്തി (മനോവാക്കായങ്ങൾ) എന്നീ ത്രികരണശുദ്ധിക്കുവേണ്ടി സാധനാനിഷ്ഠനാകുക. തന്റെ വേർപാടിൽ ഭാര്യയും മക്കളും ബന്ധുക്കളും കാട്ടുന്ന ഭാവപ്രകടനങ്ങളിൽ അവരേയും തന്നേയും തത്ത്വവിചാരംകൊണ്ട് രഞ്ജിപ്പിക്കുവാൻ ശ്രമിക്കുക. താൻ ഇന്നുതന്നെ മരിച്ചുപോയാൽ ഇവരെല്ലാം ജീവിക്കേണ്ടവരല്ലേ ? തന്റെ മരണശേഷം അവരുടെ ഗതി എന്താകുമോ എന്ന് വൃഥാ വ്യാകുലപ്പെടുന്നതിനേക്കാൾ, ജീവിച്ചിരിക്കുമ്പോൾത്തന്നെ അവരുടെ ഗതി ദൂരെ നിന്നു കാണുന്നതു കൗതുകകരമായിക്കും.

അങ്ങനെ ആദ്യമാദ്യം വീടും ധർമ്മസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ത്രികരണശുദ്ധി സമ്പാദിച്ചുകൊണ്ടു വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കണം. അമ്പതു വയസ്സായാൽ പിന്നെ, അതേവരെ തനിക്കുണ്ടായ ജീവിതാനുഭവങ്ങളും അറിവുകളും ആദ്ധ്യാത്മിക സാധനയാൽ സംശുദ്ധമാക്കി സമുദായനന്മയ്ക്കുപയുക്തമാക്കണം. കുടുംബത്തെ കേന്ദ്രീകരിച്ചിരുന്ന ആശാപാശങ്ങളിൽനിന്ന് വിടുതൽനേടി ആത്മാർത്ഥമായി സമുദായക്ഷേമത്തിനും ധാർമ്മികപുനരുദ്ധാരണത്തിനും വേണ്ടി സേവനമർപ്പിക്കുമ്പോൾ, അതുതന്നെ കാലധർമ്മമനുസരിച്ചുള്ള വാനപ്രസ്ഥാശ്രമം. അങ്ങനെയുള്ള ഒരാൾ ആന്തരികമായി ആദ്ധ്യാത്മികമണ്ഡലത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുകയും ബാഹ്യമായി ബഹുജനഹിതാർത്ഥം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ശരീരധാരണത്തിനു യദൃച്ഛയാ ലഭിക്കുന്നതു കൊണ്ടു തൃപ്തനാവും. ഭക്ഷ്യസാധനങ്ങൾ സുഭിക്ഷമായുണ്ടായിരിക്കുകയും ആഹാരശുദ്ധി പാലിക്കുകയും ചെയ്തിരുന്ന കാലത്തു ഭിക്ഷാടനത്തിനും മഹത്വമുണ്ടായിരുന്നു. ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്ന്യാസി എന്നിവർക്ക് ഭിക്ഷനല്കാൻ സാധിക്കുന്നത് മഹാഭാഗ്യമായി കരുതിയിരുന്നു. അധർമ്മവും അനാചാരവുംകൊണ്ട് അശുദ്ധമായിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ ഭിക്ഷാടനവും നിഷിദ്ധമായിരിക്കുന്നു. ഈശ്വരാർപ്പണഭാവത്തിൽ സമുദായസേവ ചെയ്യുമ്പോൾ ശരീരധാരണത്തിനുള്ള വഴി തുറക്കപ്പെടും. അത് ഈശ്വരനിശ്ചയമാണ്. കാല ധർമ്മമാകുന്നു.

വാനപ്രസ്ഥാശ്രമത്തിലും അവരവരുടെ പക്വതയനുസരിച്ചു പലപടികളുണ്ട്. ഉന്നതി പ്രാപിക്കുവാൻ പുരുഷന്മാരെപ്പോലെ സ്ത്രീകളും വാനപ്രസ്ഥാശ്രമവ്രതം സ്വീകരിച്ചു സ്ത്രീ സമുദായത്തിൽ പ്രവർത്തിക്കാം. പണ്ട് ഭാര്യ ഭർത്താവിനെ അനുകരിച്ച് വാനപ്രസ്ഥാശ്രമജീവിതം നയിച്ചിരുന്നു. അവിവാഹിതകളും വിധവകളും തപസ്വിനികളായി വാനപ്രസ്ഥാശ്രമം നയിച്ച ദൃഷ്ടാന്തങ്ങൾ വേദേതിഹാസങ്ങൾ വർണ്ണിച്ചിട്ടുണ്ട്.

ഇങ്ങനെ ധർമ്മബോധവും ആത്മനിഷ്ഠയുമുള്ള സ്ത്രീ-പുരുഷൻമാർക്കു നിസ്വാർത്ഥമായി സമുദായസേവനമനുഷ്ഠിക്കുവാൻ സാധിക്കും. കാലധർമ്മം ആവശ്യപ്പെടുന്നതുമതാണ്. ഈ വാനപ്രസ്ഥാശ്രമികൾ കാടുകയറിയ നാടിനെ നന്നാക്കും. അഭ്യസ്തവിദ്യരായി തെരുവുതെണ്ടുന്നവരേയും, വഴിയാധാരമായി അലഞ്ഞുതിരിയുന്നവരേയും നേർവഴിക്കു കൊണ്ടുവന്നു മനുഷ്യജീവിതത്തിന്റെ പ്രത്യാശയും പുനരുജ്ജീവനവും നൽകാൻ അവർക്കു സാധിക്കും. പക്ഷേ നിലവിലുള്ള ഗൃഹസ്ഥാശ്രമത്തിൽ ബോധപൂർവ്വം ജീവിച്ചു പരിണമിപ്പിക്കേണ്ടതായ ഉന്നതസോപാനമാണിത്. വയസ്സായാലും ആശാപാശങ്ങളെ അയവിറക്കി ദുരഭിമാനങ്ങളുടെ ബലൂണുകൾ ഊതിപ്പെരുക്കി, വീട്ടുമൂലയിലിരുന്നു ചത്തടിയുന്നതിനേക്കാൾ അഭികാമ്യമല്ലേ മനുഷ്യസേവനത്തിന്റെയും മുക്തിയുടെയും സോപാനമായ വാനപ്രസ്ഥാശ്രമജീവിതം? ഈ വാനപ്രസ്ഥാശ്രമമാണ് ക്രമസന്ന്യാസത്തിലെത്തുന്നത്.

ബ്രഹ്മചര്യാശ്രമത്തിൽ ബലവും ബുദ്ധിയും ഗൃഹസ്ഥാശ്രമത്തിൽ കുടുംബവൃദ്ധിയും നേടിക്കൊണ്ടു വാനപ്രസ്ഥാശ്രമത്തിൽ പ്രവേശിക്കുന്നു. ഇവിടെ ഞാൻ തപശ്ചര്യയാലും ജ്ഞാനാർജ്ജനത്താലും പാരമാർത്ഥികസാധന ചെയ്യും. (അഥർവവേദം) വാനപ്രസ്ഥാശ്രമിയുടെ വേദോക്തമായ പ്രതിജ്ഞയാണിത്. നദീതടം, തീർത്ഥസ്ഥാനം മുതലായ പ്രകൃതിരമണീയസ്ഥാനങ്ങളിൽ തങ്ങി തന്റെ ആത്മോത്കർഷത്തിനും അന്യരുടെ അഭ്യുദയത്തിനും വേണ്ടി സാധനാനിരതനാവണം വാനപ്രസ്ഥിയെന്നു ശാണ്ഡില്യോപനിഷത്ത് ആഹ്വാനം ചെയ്യുന്നു. സജ്ജനങ്ങൾ തപസ്വികളാവട്ടെ, തപസ്വികൾ ശാന്തി പ്രഖ്യാപിക്കട്ടെ, സമാധാനചിത്തർ ഭവബന്ധങ്ങ

ളിൽനിന്ന് മുക്തരാവട്ടെ മുക്തരായവർ അന്യരെയും ഭവബന്ധങ്ങ ളിൽനിന്ന് മുക്തരാക്കട്ടെ എന്നാണ് ഭാരതസന്ദേശം.

കഴിഞ്ഞതലമുറയുടെ ഇരുതലജീവിതത്തിൽ ജയക്കൊടിനാട്ടിയ സ്വാർത്ഥമോഹങ്ങളുടെ ദുഷ്പരിണാമമാണ് പുതുതലമുറയിൽ പ്രതിഫലിക്കുന്ന വികലതകളും വൈകൃതങ്ങളും. ഇതിന്റെ കരകാണാതെ ദേശീയപാരമ്പര്യത്തിലേക്കു തിരിയുവാൻ വിഷമമാണെന്നിരിക്കെ അവർക്കെങ്ങിനെ സംസ്കൃതത്തോടും സന്ന്യാസിമാരോടും ബഹുമാനമുണ്ടാവും? പുതിയതലമുറ പോകട്ടെ, കഴിഞ്ഞ തലമുറയിലെ എത്ര പേർക്കുണ്ട് സ്വധർമ്മബോധം? സൽക്കർമ്മത്തെയും സന്ന്യാസിമാരെയും ബഹുമാനിക്കാനറിവുള്ളവർ മുതിർന്നവരിൽ എത്ര പേരുണ്ടാവും? വേഷധാരികളിൽനിന്ന് യഥാർത്ഥസന്ന്യാസിമാരെ തിരിച്ചറിയാൻ കഴിവുള്ളവർപോലും വിരളമാണിന്ന്. ബ്രഹ്മചര്യാശ്രമത്തിൽ ശീലിച്ചു ഗൃഹസ്ഥാശ്രമത്തിൽ പ്രായോഗികമാക്കി അനുഭവപ്പെടുന്ന സ്വഭാവവിശേഷമാണിവ. അതില്ലാതെ ഞങ്ങൾ കർമ്മയോഗികളാണെന്നു പെരുമപറഞ്ഞാൽ അതു യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുകയില്ല. ഉത്തമവിചാരങ്ങളും വാക്കുകളും കർമ്മങ്ങളും ഈശ്വരനുമായി ബന്ധപ്പെടുത്തുമ്പോൾ ത്രികരണശുദ്ധിയുണ്ടാവുന്നു. ത്രികരണശുദ്ധിപൂർവ്വം എല്ലായ്പോഴും ഈശ്വരാർപ്പണഭാവത്തിൽ, ഫലാപേക്ഷകൂടാതെ സ്വകർത്തവ്യങ്ങൾ ചെയ്യുമ്പോഴാണ് കർമ്മയോഗമാവുന്നത്. യജ്ഞം, സേവനം, ഈശ്വരാരാധന, ഭജന ഇത്യാദി വൃത്തികൾപോലും കർമ്മങ്ങളാണ്. കർമ്മയോഗമാവുന്നില്ല. അപ്പോൾ മറ്റുപ്രവൃത്തികളെങ്ങനെ കർമ്മയോഗമാവും? അവ (ഉപജീവനവൃത്തികൾ) കർമ്മം പോലുമാവുന്നില്ല: കേവലവ്യവഹാരങ്ങൾ മാത്രം.

കർമ്മയോഗിയുടെ നിലയിലേക്കുയർന്ന ഗൃഹസ്ഥനു വാനപ്രസ്ഥാശ്രമം സുഗമമാണ്. അനുഭവജ്ഞനായ വാനപ്രസ്ഥിക്കു ക്രമസന്ന്യാസം സ്വാഭാവികമായുണ്ടാവും, സമുദായനന്മ കരുതി അദ്ദേഹം സന്ന്യാസസംസ്ക്കാരകർമ്മം നടത്തുന്നുവെന്നുമാത്രം. ഈവിധം പരിണമിക്കണമെങ്കിൽ ആശ്രമങ്ങൾക്കടിസ്ഥാനമായ ബ്രഹ്മചര്യാശ്രമം (വിദ്യാർത്ഥിജീവിതം) ശരിയായി നയിച്ചിരിക്കണം. നേരത്തെ

പറഞ്ഞതുപോലെ ബ്രഹ്മചര്യാശ്രമം പൂർത്തിയാവുമ്പോൾ അയാളുടെ മുജ്ജന്മവാസനകളും യോഗ്യതയനുസരിച്ചു ഗൃഹസ്ഥാശ്രമമോ വാനപ്രസ്ഥാശ്രമമോ സന്ന്യാസാശ്രമമോ സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ട്. ശരിയായ - നിലയുറച്ച - വൈരാഗ്യബുദ്ധി തെളിയുമ്പോൾ ഗൃഹസ്ഥനോ വാനപ്രസ്ഥിക്കോ സന്ന്യാസിയാവാം. ബ്രഹ്മചര്യത്തിൽ പൂർണ്ണയോഗ്യത സിദ്ധിച്ചിട്ടുണ്ടെങ്കിൽ നേരിട്ടുസന്ന്യാസിയാവാം.

മറ്റ് ആശ്രമങ്ങളെക്കാൾ, ജീവിതത്തിന്നാധാരമായ ബ്രഹ്മചര്യാശ്രമത്തിന്റെ പ്രാധാന്യമാണിവ വെളിപ്പെടുത്തുന്നത്. ബ്രഹ്മചര്യാശ്രമത്തിൽനിന്ന് നേരിട്ടു സന്ന്യാസം സ്വീകരിച്ച പുണ്യാത്മാക്കളുടെ ഉജ്ജ്വലപാരമ്പര്യമുണ്ട്. ഭരണാധികാരിയും ഗൃഹസ്ഥാശ്രമിയുമായിരുന്ന ജനകാദികർമ്മയോഗികളുടെ പാരമ്പര്യമുണ്ട്. സർവ്വസംഗപരിത്യാഗികളായ സന്ന്യാസിമാർ ഏതുകാട്ടിൽ പോയിരുന്നാലും രാജാക്കന്മാർവരെ അങ്ങോട്ടുചെന്നു കിരീടം ധരിച്ച ശിരസ്സുകൊണ്ടു സന്ന്യാസിയുടെ പാദങ്ങളിൽ തൊട്ടു നമസ്ക്കരിച്ചുപോന്ന പൂർവ്വപാരമ്പര്യമുള്ളവരാണ് നാം. ഇപ്രകാരം ആയുസ്സിന്റെ മൂന്നാംഘട്ടം വാനപ്രസ്ഥിയായി നയിച്ചശേഷം, നാലാമത്തെ ഘട്ടത്തിൽ സർവ്വസംഗമങ്ങളേയും പരിത്യജിച്ചു സന്ന്യാസിയായിത്തീരേണ്ടതാകുന്നു. ഈ സന്ദർഭത്തിൽ ഈശ്വരസാക്ഷാത്കാരം സിദ്ധിച്ച ഒരു ഗുരുവിന്റെ ആവശ്യം ശാസ്ത്രങ്ങളിൽ എടുത്തുപറയുന്നുണ്ട്.

ലൗകികങ്ങളായ സകലസുഖങ്ങളും കർമ്മംകൊണ്ട് സമ്പാദിക്കപ്പെട്ടവയാണെന്നു കണ്ടറിഞ്ഞു ബ്രഹ്മജിജ്ഞാസുവായ സന്ന്യാസി വൈരാഗ്യം പ്രാപിക്കേണ്ടതാകുന്നു. എന്തെന്നാൽ യാതൊരുകർമ്മം കൊണ്ടും ഉണ്ടാക്കപ്പെടാത്തതായ ഈശ്വരൻ കർമ്മംകൊണ്ടുമാത്രം പ്രാപിക്കപ്പെടുകയില്ല. അതിനാൽ ഗുരുവിന്നു സമർപ്പിക്കുവാനായി - കയ്യിൽ സമിത്തോടുകൂടി - കുറച്ചുവല്ലതും കയ്യിലെടുത്തുകൊണ്ടു വേദജ്ഞനും ബ്രഹ്മനിഷ്ഠനുമായ ശ്രീ ഗുരുവിന്റെ അടുക്കലേക്കു ജ്ഞാനം സമ്പാദിക്കുവാനായി പോവുകയും അവിടെ സർവ്വസംശയങ്ങളും തീർത്തുകൊള്ളുകയും ചെയ്യണം.

വേദാന്തത്തിന്റെ അർത്ഥജ്ഞാനംകൊണ്ടും, ആചാരം കൊണ്ടും സുദൃഢമായിട്ടുള്ള സന്ന്യാസയോഗത്താൽ ചിത്തശുദ്ധി യുളവായിട്ടുള്ള സന്ന്യാസിമാർ പരമാത്മാവിങ്കൽ മോക്ഷസുഖം പ്രാപിച്ച് ആനന്ദമനുഭവിച്ചതിന്റെ ശേഷം സർവ്വഭൂതഹിതനായി ജീവി ക്കുന്നു. മോക്ഷംകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ദുഃഖനിവൃ ത്തിയും സുഖപ്രാപ്തിയുമുണ്ടാവില്ല.

ശരീരമുള്ളകാലത്തോളം സുഖദുഃഖങ്ങളനുഭവിക്കാതിരിക്കാൻ സാധിക്കുന്നതല്ല. ശരീരരഹിതനായ ജീവാത്മാവ് മോക്ഷം പ്രാപിച്ച്, സർവ്വവ്യാപകനായ സർവ്വേശ്വരനോട് സായുജ്യം പ്രാപിച്ച് പരിശുദ്ധനായിത്തീരുന്നു. അപ്പോൾ ഈ ജീവാത്മാവിനെ സാംസാ രികങ്ങളായ സുഖദുഃഖങ്ങൾ സ്പർശിക്കുന്നില്ല. അതിനാൽ ഭാര്യ, പുത്രൻ തുടങ്ങിയ മമതാദിബന്ധങ്ങൾ, ധനം, സമ്പത്ത്, ഐശ്വര്യം മുതലായ സുഖമോഹങ്ങൾ, ലോകത്തിൽ പേരും പെരുമയും ബഹു മാനാദരങ്ങളും വേണമെന്ന ഭ്രമങ്ങൾ ഇത്യാദി (ഏഷണാത്രയം) ആഗ്രഹങ്ങൾ വെടിഞ്ഞു സന്ന്യാസിമാർ ഭിക്ഷുചര്യ സ്വീകരിക്കു കയും രാവും പകലും മോക്ഷസമ്പാദനത്തിൽ ജാഗരൂകരായിക്കു കയും ചെയ്യുന്നു.

എല്ലാവസ്തുക്കളിലും സംഗമില്ലാത്ത ബുദ്ധിയോടുകൂടിയ വനും അന്തഃകരണത്തെ ജയിച്ചവനും ഫലേച്ഛയില്ലാത്തവനുമായ വൻ സന്ന്യാസംകൊണ്ട് ഉൽകൃഷ്ടമായ സർവ്വകർമ്മനിവൃത്തിയെ പ്രാപിക്കുന്നു.

സന്ന്യാസിമാരോടുള്ള ഉപദേശങ്ങൾ (ദൈവസൂക്തങ്ങൾ) വേദങ്ങളിൽ കാണാം. ഋഗ്വേദം 9-ാം മണ്ഡലം 113-ാം സൂക്തമന്ത്ര ങ്ങളിൽ സന്ന്യാസാശ്രമമഹത്വം വാഴ്ത്തപ്പെട്ടിരിക്കുന്നു. സന്ന്യാ സയോഗത്തിന്റെ ശിരോരത്നമാണ് മുണ്ഡകോപനിഷത്ത്. ഭഗവ ത്ഗീതയിലെ അവസാന അദ്ധ്യായം മോക്ഷസന്ന്യാസയോഗമാണ ല്ലോ. മനുസ്മൃതി 6-ാം അദ്ധ്യായത്തിൽ സന്ന്യാസധർമ്മങ്ങളെ പ്പറ്റി പ്രതിപാദിച്ചിരിക്കുന്നു.

പരമമായ ലക്ഷ്യം ഒന്നാണെങ്കിൽ സന്ന്യാസിമാരിലും വൈവിധ്യങ്ങളുണ്ടായിരിക്കുക സ്വാഭാവികമാണ്. പ്രാചീനകാലത്തു

സന്ന്യാസിമാരുടെ സ്ഥാനം ഋഷിമാർക്കായിരുന്നു. ഋഷിമാരിൽത്തന്നെ ബ്രഹ്മർഷിമാരും ദേവർഷികളും രാജർഷികളും ഉണ്ടായിരുന്നു. സിദ്ധന്മാരും ഭക്തന്മാരും വൈരാഗികളും മറ്റും അന്നും ഉണ്ടായിരുന്നു. ചരിത്രകാലത്ത് (ശ്രീബുദ്ധദേവനുശേഷം) ഋഷിപാരമ്പര്യത്തിനു ബാധകവും സാധകവുമായ ചില പരിവർത്തനങ്ങളുണ്ടായി. മനോനില എങ്ങനെയായാലും വേഷം മാറിയാൽ (സന്ന്യാസവസ്ത്രം ധരിച്ചാൽ) ഭിക്ഷു - സന്ന്യാസിയാവാമെന്ന സമ്പ്രദായം വ്യാപിച്ചപ്പോൾ കർമ്മികളും അലസന്മാരുമെല്ലാം ഭിക്ഷുക്കളാവാൻ തുടങ്ങി. ഋഷിപാരമ്പര്യത്തിനു നന്മയേക്കാൾ തിന്മയുളവാക്കിയ ഈ ഭിക്ഷുസാമ്രാജ്യത്തെ പുനരുദ്ധരിച്ചു ദശനാമിസന്ന്യാസസമ്പ്രദായം പുനഃസ്ഥാപിച്ചത് ജഗദ്ഗുരു ആദിശങ്കരാചാര്യരാകുന്നു. ഇന്നാകട്ടെ വിവിധസമ്പ്രദായങ്ങളിലായി പലനിലയിലുള്ള സന്ന്യാസിമാരുണ്ട്. ഇവരിൽ സന്ന്യാസധർമ്മത്തിൽ ചരിക്കുന്നവർ അപൂർവ്വമായിരിക്കും. വാനപ്രസ്ഥാശ്രമധർമ്മമാചരിക്കേണ്ടവരും അതിന്റെ അഭാവത്തിൽ സന്ന്യാസവേഷക്കാരായിട്ടുണ്ട്. ആശ്രമവിധിപ്രകാരം ക്രമസന്ന്യാസം സ്വീകരിക്കുന്നവരുടെ ലക്ഷണങ്ങളെപ്പറ്റി ഋഷി ദയാനന്ദസരസ്വതി ഇങ്ങനെ പറഞ്ഞിരിക്കുന്നു:

ശരീരത്തിൽ ശിരസ്സ് എങ്ങനെ ആവശ്യമുള്ളതാണോ അതേ വിധത്തിൽ നാലാശ്രമങ്ങളിൽ സന്ന്യാശ്രമവും ആവശ്യമുള്ളതാണ്. എന്തെന്നാൽ സന്ന്യാസാശ്രമമില്ലെങ്കിൽ വിദ്യ, ധർമ്മം എന്നിവയ്ക്ക് ഒരിക്കലും അഭിവൃദ്ധി ഉണ്ടാവുകയില്ല. മറ്റു മൂന്നാശ്രമങ്ങളിലുള്ളവർക്കും വിദ്യാദ്ധ്യയനം, ഗൃഹകൃത്യനിർവ്വഹണം, തപോനുഷ്ഠാനം എന്നീ പ്രവൃത്തികൾ ഉള്ളതുകൊണ്ടു വളരെ കുറച്ചു സമയം മാത്രമേ കിട്ടുകയുള്ളൂ. പക്ഷപാതം കൂടാതെ പെരുമാറുന്നതു മറ്റു മൂന്നാശ്രമികൾക്കും പ്രയാസമുള്ള കാര്യമാണ്. സർവ്വ കർമ്മങ്ങളിലും സ്വതന്ത്രനായ ഒരു സന്ന്യാസിക്ക് സാധിക്കുന്നേടത്തോളം ലോകോപകാരം ചെയ്യുവാൻ മറ്റുള്ള ആശ്രമികൾക്കാർക്കും കഴിയുകയില്ല. ഇന്ദ്രിയനിഗ്രഹം ചെയ്യുവാൻ ശക്തിയില്ലാത്തവർ ബ്രഹ്മചര്യത്തിൽനിന്നു നേരിട്ടു സന്ന്യസിക്കണമെന്നില്ല. എന്നാൽ ഇന്ദ്രിയനിഗ്രഹത്തിനു കഴിവുള്ളവർ എന്തുകൊണ്ടു സന്ന്യസിച്ചുകൂടാ? വിഷയാസക്തിയിലുള്ള ദോഷങ്ങളേയും വീര്യസംരക്ഷണത്തിലുള്ള ഗുണങ്ങളേയും

അറിഞ്ഞിട്ടുള്ളവർ ഒരിക്കലും വിഷയാസക്തരാവില്ല. അവരുടെ വീര്യം അവരുടെ വിചാരമാകുന്ന അഗ്നിക്ക് ഇന്ധനംപോലെ (വിറകുപോലെ) ആകുന്നു - വിചാരശക്തിയെ വർദ്ധിപ്പിക്കുവാനായി വിനിയോഗിക്കപ്പെടുന്നു. വൈദ്യന്റേയും ഔഷധങ്ങളുടേയും ആവശ്യം രോഗികൾക്കുള്ളിടത്തോളം രോഗരഹിതർക്കുണ്ടാകുന്നതല്ല. അതേവിധം വിദ്യാധർമ്മങ്ങളുടെ അഭിവൃദ്ധിയും ലോകോപകാരവുമാണ് തങ്ങളുടെ ജീവിതപ്രയോജനമെന്നു വിചാരിക്കുന്ന സ്ത്രീ-പുരുഷന്മാർ വിവാഹം ചെയ്യരുത്. പഞ്ചശിഖൻ മുതലായ പുരുഷന്മാരും ഗാർഗ്ഗി തുടങ്ങിയ സ്ത്രീകളും അപ്രകാരമുള്ളവരായിരുന്നു. അധികാരമുള്ളവർ മാത്രം സന്ന്യാസം സ്വീകരിക്കുന്നതാണുചിതം. അധികാരമില്ലാത്തവർ സന്ന്യാസം സ്വീകരിക്കുന്നതായാൽ അവർ സ്വയം അധഃപതിക്കുകയും ചെയ്യും. സാമന്തന്മാരുടെ ചക്രവർത്തിക്ക് സമ്രാട്ട് എന്ന പേരുള്ളതുപോലെയാണ് സന്ന്യാസിക്ക് പരിവ്രാട് എന്ന പേർ. എന്നാൽ രാജാവു തന്റെ നാട്ടിലും സ്വപ്രജകളുടെ ഇടയിലും മാത്രമേ ആദരിക്കപ്പെടുന്നുള്ളൂ. സന്ന്യാസിയാകട്ടെ, സർവ്വത്ര പൂജിക്കപ്പെടുന്നു.

പൊതുവേ സന്ന്യാസത്തെയും സന്ന്യാസിയേയും സംബന്ധിച്ച നിർവ്വചനമിതാണ് - യാതൊന്നുകൊണ്ടു ദുഷ്ക്കർമ്മങ്ങൾ ത്യജിക്കപ്പെടുന്നുവോ, ത്രികരണശുദ്ധിയോടുകൂടി ധർമ്മാചരണവും തപോബലവും സാധിക്കുന്നുവോ അതാണ് സന്ന്യാസം: സർവ്വവും ഈശ്വരാർപ്പണം ചെയ്തു ബ്രഹ്മവിദ്യയിൽ - ഈശ്വരശക്തിയിൽ - സദാ രമിക്കുന്നവനാണ് സന്ന്യാസി.

പൂർണ്ണവൈദുഷ്യം സമ്പാദിച്ചവനും, വിഷയസുഖാനുഭവങ്ങളിൽ ഇച്ഛയില്ലാത്തവനും, പരോപകാരതത്പരനും, ശ്രേഷ്ഠഗുരുവിന്റെ സാമീപ്യമുള്ളവനുമായ ധന്യാത്മാവിനു ബ്രഹ്മചര്യാശ്രമത്തിൽനിന്നുതന്നെ സന്ന്യാസത്തിലേക്കു പ്രവേശിക്കാം. അപൂർവ്വവും അസാധാരണവുമായ സ്ഥിതിയാണിത്. സദ്യോമുക്തിയെന്നാണ് ഇത് അറിയപ്പെടുന്നത്. സാധാരണനിലയിൽ, ആശ്രമധർമ്മപ്രകാരം ബ്രഹ്മചര്യം, ഗാർഹപത്യം, വാനപ്രസ്ഥം എന്നീ ആശ്രമധർമ്മാചരണങ്ങളിലൂടെ സന്ന്യാസാശ്രമത്തിൽ പ്രവേശിക്കണം. ഇതിന് ക്രമസന്ന്യാസമെന്നാണ് പേര്.

# 15. സന്ന്യാസസംസ്ക്കാരം

സന്ന്യാസിയാവാൻ തീരുമാനിച്ച വ്യക്തി അതിന്റെ പ്രാരംഭമായി അനുഷ്ഠിക്കേണ്ട കർമ്മങ്ങളും ആദ്ധ്യാത്മികഗുരുവിൽനിന്നു സന്ന്യാസദീക്ഷ സ്വീകരിക്കുന്ന ക്രമങ്ങളുമാണ് സന്ന്യാസാശ്രമസംസ്കാരകർമ്മം. ജീവിതത്തിലെ അവസാനസംസ്കാരമെന്ന നിലയിൽ ഈ കർമ്മത്തിലാദ്യന്തം വിശുദ്ധവൈരാഗ്യത്തിന്റേയും ആദ്ധ്യാത്മികചൈതന്യത്തിന്റേയും അനുഭവമുണ്ടാകും. നിശ്ചിത തീയതിക്കു മുന്നൂദിവസം മുമ്പേ വ്രതനിഷ്ഠനായിരിക്കണം സന്ന്യസിക്കുന്നയാൾ. സംസ്ക്കാരകർമ്മത്തിനുള്ള ഒരുക്കങ്ങളെല്ലാം മുൻകൂട്ടി ചെയ്തിരിക്കണം. നിശ്ചിതതീയതി രാത്രി മൂന്നാംയാമത്തിൽ ഉണർന്ന് ശൗച-സ്നാനാദികൾകഴിച്ച് കുറെനേരം ഏകാന്തമായ സ്ഥലത്തിരുന്നു ജപ-ധ്യാനങ്ങൾ ചെയ്യണം. സൂര്യോദയമുഹൂർത്തത്തിൽ വിദ്വാന്മാരും ആചാര്യന്മാരും ധർമ്മപ്രചാരകരുമായ സജ്ജനങ്ങൾ യജ്ഞവേദിക്കു ചുറ്റുമിരുന്നു ഹവനം, സ്വസ്തിവാചനം, ശാന്തിപാഠം എന്നിവ നിർവ്വഹിക്കണം. തുടർന്നു സന്ന്യാസം സ്വീകരിക്കുന്ന വ്യക്തിയും (യജമാനൻ) ഋത്വിക്കുകളും ചേർന്നു ശുദ്ധാന്നത്തിൽ പശുവിൻനെയ്യു ചേർത്ത് ആഹുതി നൽകണം. വീണ്ടും അന്നവും നെയ്യും ആളിക്കത്തുന്ന ഹോമാഗ്നിയിൽ പതിനഞ്ചുമന്ത്രങ്ങൾ ജപിച്ചുകൊണ്ടു യജമാനനും ഋത്വിക്കുകളും ചേർന്ന് ആഹുതിനല്കണം.

**യത്ര ബ്രഹ്മവിദോ യാന്തി ദീക്ഷയാ തപസാ സഹ**
**അഗ്നിർമാ തത്ര നയത്വഗ്നിർമ്മേധാം ദധാതു മേ.**
**അഗ്നയേ സ്വാഹാ. ഇദമഗ്നയേ ഇദം ന മമ**

ഇത്യാദി വേദമന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ട് ഘൃതാഹുതികൾ ചെയ്യുന്നു. സന്ന്യാസാശ്രമം സ്വീകരിക്കുന്ന വ്യക്തി ധർമ്മാചരണം, സത്യോപദേശം, യോഗാഭ്യാസം, ശമം, ദമം, ശാന്തി, സുശീലത ഇത്യാദി വിദ്യാവിജ്ഞാനാദി ശുഭഗുണകർമ്മസ്വഭാവനിരതനായി ഈശ്വരനെ തന്റെ പരമബന്ധുവായി ദൃഢമായി വിശ്വസിച്ചു പരമപുരുഷാർത്ഥം നേടണം. പരമപുരുഷാർത്ഥംകൊണ്ട് ശരീരം, പ്രാണൻ, മനസ്സ്, പഞ്ചേന്ദ്രിയങ്ങൾ മുതലായവയെ അശുദ്ധവ്യവ

ഹാരങ്ങളിൽനിന്നു നിശ്ശേഷമകറ്റി ശുദ്ധവ്യവഹാരത്തിൽ നയിച്ച് അന്യരുടെ അശുദ്ധജീവിതങ്ങളെ ബ്രഹ്മവിദ്യപഠിപ്പിച്ചും ഉപദേശിച്ചും ശുദ്ധീകരിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കണം. സ്വയം ഈശ്വരീയപരമാനന്ദത്തിൽ മുഴുകി മറ്റു മനുഷ്യർക്കു നിത്യാനന്ദം പകർന്നുകൊടുക്കാൻ സാധിക്കണം. ഇതത്രെ തൈത്തിരീയാരണ്യകമന്ത്രങ്ങളുടെ സാരം. പിന്നീട്

ഓം അഗ്നയേ സ്വാഹാ എന്നു തുടങ്ങി

**അന്തശ്ചരതി ഭൂതേഷു ഗുഹായാം വിശ്വമൂർത്തിഷു**
**ത്വം യജ്ഞസ്ത്വം വഷട്കാരഃ ത്വമിന്ദ്രസ്ത്വം**
**വിഷ്ണുസ്ത്വം ബ്രഹ്മത്വം പ്രജാപതിഃ**
**ത്വം തദാപ ആപോ ജ്യോതിരസോഽമൃതം**
**ബ്രഹ്മ ഭൂർഭുവഃസ്വരോം സ്വാഹാ**

എന്ന മന്ത്രംവരെ (അമ്പതു മന്ത്രങ്ങൾ) ജപിച്ചുകൊണ്ടു ഘൃതാഹുതി നല്കണം. അനന്തരം യജമാനൻ (സന്ന്യാസ പ്രതി) ചൂഡാകർമ്മസംസ്കാരവിധിയനുസരിച്ചു തലയിൽ അഞ്ചു രോമങ്ങൾ വിട്ടു ക്ഷൗരം ചെയ്യിച്ചിട്ടു കുളിക്കണം. അങ്ങനെ യജ്ഞവേദിക്കടുത്തു വരുമ്പോൾ പുരുഷസൂക്തം ചൊല്ലി അദ്ദേഹത്തെ അഭിഷേകം ചെയ്യണം. അഭിഷേകാനന്തരം യജ്ഞവേദിക്കഭിമുഖമായി കൈകൂപ്പിനിന്ന്,

**ഓം ബ്രഹ്മണേ നമഃ ഓം ഇന്ദ്രായ നമഃ**
**ഓം സൂര്യായ നമഃ ഓം സോമായ നമഃ**
**ഓം ആത്മനേ നമഃ ഓം അന്തരാത്മനേ നമഃ**

ഈ ഷഡ്മന്ത്രങ്ങൾ ജപിക്കണം

**ഓം ആത്മനേ സ്വാഹാ**
**ഓം അന്തരാത്മനേ സ്വാഹാ**
**ഓം പ്രജാപതയേ സ്വാഹാ**

ഈ മന്ത്രോച്ചാരണപൂർവ്വം നാല് ആജ്യാഹുതി സമർപ്പിച്ചിട്ടു മധുപർക്കക്രിയ (തൈരിൽ അതിന്റെ കാൽഭാഗം തേനോ നെയ്യോ ചേർത്തു നിശ്ചിത മന്ത്രോച്ചാരണപൂർവ്വം അഷ്ടദിക്കുക

ളിൽ തൂവിയിട്ടു ശേഷിച്ചവ സ്വയം സേവിക്കുന്ന ക്രിയ) നടത്ത ണം. തുടർന്നു പ്രാണായാമം ചെയ്തിട്ട് ഈ മന്ത്രം ജപിക്കണം.

**ഓം ഭൂഃ സാവിത്രീം പ്രവിശാമി തത്സവിതൂർവരേണ്യം**
**ഓം ഭുവഃ സാവിത്രീം പ്രവിശാമി ഭർഗ്ഗോ ദേവസ്യ ധീമഹി**
**ഓം സ്വഃ സാവിത്രീം പ്രവിശാമി ധിയോ യോ**
**നഃ പ്രചോദയാത്**
**ഓം ഭൂർ ഭുവഃ സ്വഃ സാവിത്രീം പ്രവിശാമി**
**തത്സവിതൂർവരേണ്യം**
**ഭർഗ്ഗോ ദേവസ്യ ധീമഹി. ധിയോ യോ നഃ പ്രചോദയാത്.**

വീണ്ടും യജ്ഞകുണ്ഡത്തിൽ ആജ്യാഹുതി നല്കുന്നു. തുടർന്ന് ഓം ഭൂഃ സ്വാഹാ എന്ന മന്ത്രോച്ചാരണപൂർവ്വം പൂർണ്ണാ ഹുതി നൽകിയിട്ട്;

**പുത്രൈഷണായാശ്ച വിത്തൈഷണായാശ്ച**
**ലോകൈഷണായാശ്ചോത്ഥായാഥ ഭിക്ഷാചര്യം ചരന്തി**

**പുത്രൈഷണാ വിത്തൈഷണാ ലോകൈഷണാ**
**മയാ പരിത്യക്താ**
**മത്തഃ സർവ്വഭൂതേഭ്യോഽഭയമസ്തു സ്വാഹാ.**

ഈ പ്രതിജ്ഞയെ സത്യമാക്കുംവിധം ഭൂമിയിൽ ജലസേ ചനം ചെയ്യുക. പിന്നീടു നാഭിവരെ ജലത്തിൽനിന്നുകൊണ്ട് ഓം ഭൂഃ സാവിത്രീം എന്ന മന്ത്രം മനസാ ജപിച്ച് ഓം ഭൂർഭുവഃസ്വഃ സാവിത്രീം പ്രവിശാമി പരോരജസേസാവദോം എന്ന് നിർത്തി വീണ്ടും പ്രതിജ്ഞയെടുക്കുന്നു. ഓം ഭൂഃ സന്ന്യസ്തം മയാ ഓം ഭുവഃ സന്ന്യസ്തം മയാ. ഓം സ്വഃ സന്ന്യസ്തം മയാ എന്നുറക്കെ ചൊല്ലിക്കൊണ്ടു കൈയിൽ ജലമെടുത്തു കിഴക്കോട്ട് അഞ്ജലീരൂ പത്തിൽ ഒഴിക്കണം. ശിഖയും യജ്ഞോപവീതവും കൈയിലെടുത്തു ജലത്തോടൊപ്പം ഓം ആപോ വൈ സർവ്വാ ദേവതാഃ സ്വാഹാ ഓം ഭൂഃ സ്വാഹാ എന്ന മന്ത്രോച്ചാരണപൂർവ്വം ജലത്തിൽ അഞ്ജ ലിയർപ്പിക്കുന്നു. അനന്തരം ആചാര്യൻ (സന്ന്യാസദീക്ഷ നല്കുന്ന ഗുരു) സന്ന്യാസം സ്വീകരിക്കുന്ന ശിഷ്യനെ ജലത്തിൽനിന്നു

കൈകൊടുത്തു ഗ്രഹിച്ചുകൊണ്ടു യജ്ഞശാലയിലേക്കു കൊണ്ടു വന്നു കാവിവസ്ത്രം (സന്ന്യാസ വസ്ത്രം) നല്കുന്നു.

**ഇന്ദ്രസ്യ വജ്രോസി വാജസാ ത്വയായം വാജം സേത്**
**വാജസ്യനു പ്രസവേ മാതരം മഹീ-**
**മദിതിം നാമ വചസാ കരാമഹേ**
**യസ്യാമിദം വിശ്വം ഭുവനമാവിവേശ**
**തസ്യാം നോ ദേവഃ സവിതാ ധർമ്മഃ സാവിഷത്**

ഈ മന്ത്രോച്ചാരണപൂർവ്വം ദണ്ഡ് (സന്ന്യാസിക്കുള്ള ഊന്നു വടി) നൽകുന്നു. ആചാര്യനെ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് അവ ഏറ്റുവാങ്ങണം. അപ്പോൾ സന്ന്യാസാശ്രമമാഹാത്മ്യത്തെപ്പറ്റി ആചാര്യന്റെ ഉപദേശപ്രഭാഷണം പുതുതായി സന്ന്യാസം സ്വീക രിച്ച വ്യക്തിയോടൊപ്പം സന്നിഹിതരായിരിക്കുന്നവരും ശ്രദ്ധിച്ചുകേൾക്കണം. ഈ സന്ദർഭത്തിൽ ആത്മാവിൽ ആഹവനീ യാദി അഗ്നികളിയറ്റുന്ന വേദഗാനം ആലപിക്കുന്നുണ്ട്. അവ ഓരോന്നും ആത്മതത്ത്വത്തെ പകൽപോലെ പ്രകാശിപ്പിക്കുന്ന താണ്.

സന്ന്യാസം സ്വീകരിക്കുന്ന ശിഷ്യൻ സാത്വികജീവിതം നയി ക്കുന്ന ഗൃഹസ്ഥാശ്രമികളുടെ ഭവനത്തിൽനിന്നു ഭിക്ഷാന്നം കൊണ്ടു വന്നു ഗുരുവിനു സമർപ്പിക്കുമ്പോൾ അതു പ്രസാദമാക്കി ഭുജിക്കുന്ന ചടങ്ങും ഗുരുദക്ഷിണ, പ്രസാദവിതരണം എന്നിവയോടുംകൂടി സന്ന്യാസസംസ്കാരകർമ്മം സമാപിക്കുന്നു.

ശരീരധാരണത്തിന് ആഹാരാദികൾ ആവശ്യമുള്ളേടത്തോളം സന്ന്യാസി നിത്യകർമ്മങ്ങൾ അനുഷ്ഠിച്ചും സത്യ-ധർമ്മ ഉപദേശ ങ്ങളാൽ സമുദായത്തിനു മാർഗ്ഗദർശനം നല്കിയും ജീവിക്കണം. അവരെ സമുദായത്തിന്റെ ഉന്നതിക്കായി വേണ്ടവിധം ബഹുമാനി ച്ചാദരിക്കേണ്ടതു സമുദായത്തിന്റെ മുഖ്യകർത്തവ്യമാകുന്നു. കർമ്മ ഫലത്തെ അപേക്ഷിക്കാതെ കർത്തവ്യകർമ്മത്തെ (ഈശ്വരാരാധ ന- അഗ്നിഹോത്രാദി നിത്യകർമ്മത്തെ) യാതൊരുവൻ ചെയ്യു ന്നുവോ അവനാണ് സന്ന്യാസി; യോഗിയും അവൻ തന്നെ; ഈശ്വ രാരാധന ഇല്ലാത്തവനും ക്രിയാരഹിതനായവനും സന്ന്യാസിയോ

യോഗിയോ ആവില്ല എന്നു ഭഗവത്ഗീത (6-1)യിൽ അരുൾ ചെയ്യു ന്നതുപോലെ ഋഗ്വേദാദികളിലും സന്ന്യാസകർത്തവ്യങ്ങളെപ്പറ്റി സവി സ്തരം ഉപദേശിച്ചിട്ടുണ്ട്.

**ഋതം വദന്നൃതദ്യുമ്നസത്യം വദൻ സത്യകർമ്മൻ**
**ശ്രദ്ധാം വദൻ സോമരാജൻ ധാത്രാ**
**സോമപരിഷ്കൃത ഇന്ദ്രായേന്ദോപരിസ്രവ**

ഇത്യാദി ഋഗ്വേദമന്ത്രങ്ങൾ നോക്കുക.

**യം യം ലോകം മനസാ സംവിഭാതി**
**വിശുദ്ധസത്ത്വഃ കാമയതേ യാംശ്ച കാമാൻ**
**തംതം ലോകം ജയതേ താംശ്ച കാമാം -**
**സ്തസ്മാദാത്മജ്ഞം ഹ്യർച്ചയേദ് ഭൂതികാമഃ**

**(മുണ്ഡകോപനിഷത്ത്)**

സാരം: ശുദ്ധവും നിർമ്മലവുമായ മനസ്സുകൊണ്ട് ആത്മ സാക്ഷാത്ക്കാരം സാധിച്ചിട്ടുള്ള സന്ന്യാസിമാർ ഏതേതു ലോക ങ്ങളും ഭോഗങ്ങളും സാധിക്കണമെന്നാഗ്രഹിക്കുന്നുവോ സത്യസങ്ക ല്പന്മാരായതുകൊണ്ട് അതെല്ലാം അവർക്കു സാധിക്കുന്നു. അതു കൊണ്ട് ഐശ്വര്യം വേണമെന്നാഗ്രഹിക്കുന്നവർ അങ്ങനെയുള്ള ആത്മജ്ഞാനികളെ ഭക്തിപൂർവ്വം പൂജിക്കുന്നു.

ഭാരതത്തിൽ ഏറ്റവും കൂടുതൽ ആദരിക്കപ്പെടുന്ന വ്യക്തി, കാമനകളെ വെടിഞ്ഞ സന്ന്യാസിയാകുന്നു. കാമിനീകാഞ്ചനങ്ങളെ പ്പോലെ കീർത്തിയും അവർക്ക് കാമ്യമല്ല. പേരും പുകഴും പണവു മെല്ലാം പിന്തുടർന്നുകൊണ്ടിരിക്കുമെങ്കിലും അവയെ തൃണസമാനം തിരസ്ക്കരിക്കുവാൻ സ്വധർമ്മനിഷ്ഠനായ സന്ന്യാസിക്കു യാതൊരു വിഷമവുമുണ്ടാവില്ല. തപോധനനായ ആ സന്ന്യാസി എക്കാലത്തും സംപൂജ്യനാകുന്നു. മനുഷ്യജീവിതത്തിന്റെ ആകെത്തുകയെന്താ ണെന്ന് അനുഭവിച്ചറിഞ്ഞ് ജീവിതസത്തയും ചൈതന്യവും പ്രകാ ശിപ്പിക്കുവാൻ ജീവിതാന്ത്യാശ്രമസ്ഥിതനായ സന്ന്യാസിക്കു സ്വാഭാ വികമായും സാധിക്കും. നാശകരമായ സ്നേഹബന്ധങ്ങളിൽനിന്നു

മുക്തനായി നിത്യവും നാശരഹിതവുമായ സ്നേഹം പകർന്നു കൊടുക്കുന്നവനാണ് സന്ന്യാസി. സ്വയം സ്വതന്ത്രനായ മുമുക്ഷുവിനു മാത്രമേ മറ്റുള്ളവരെ ദുഃഖങ്ങളിലും ദുരിതങ്ങളിലുംനിന്നു വിമുക്തരാക്കാൻ പറ്റൂ. നാനാതരം ആശാപാശങ്ങളാൽ അജ്ഞാനാന്ധകാരാവൃതമായിരിക്കുന്ന ജീവിതത്തിൽ ഐശ്വര്യജീവിതത്തിന്റെ ഭദ്രദീപം കൊളുത്തി മാർഗ്ഗദർശനം നൽകുന്ന സന്ന്യാസി, സമുദായത്തിന്റേയും രാഷ്ട്രത്തിന്റേയും സമാരാദ്ധ്യനാവുക സ്വാഭാവികമത്രെ. ഭാരതത്തിന്റെ സർവ്വശ്രേഷ്ഠമായ ദൈവീസമ്പത്തിന്റെ വിനിയോഗകർത്താക്കൾ സർവസംഗപരിത്യാഗികളായ ഈ സന്ന്യാസിമാരത്രെ.

ചരിത്രകാലഘട്ടത്തിൽ ആശ്രമധർമ്മം അധഃപതനത്തിലേക്കു തിരിഞ്ഞതോടുകൂടി ഗൃഹസ്ഥാശ്രമം ദുരാചാരത്തിലേക്കു നീങ്ങി. തുടർന്നു, ബ്രഹ്മചര്യാശ്രമവും അവതാളത്തിലായി. ഗൃഹസ്ഥാശ്രമവും ബ്രഹ്മചര്യാശ്രമവും അലങ്കോലപ്പെട്ടപ്പോൾ ക്രമസന്ന്യാസത്തിന്റെ പരിശുദ്ധിയും പടിയടച്ചു. ജനങ്ങൾ അറിഞ്ഞാലും ഇല്ലെങ്കിലും തപസ്വികളായ സന്ന്യാസി- യതിവര്യന്മാർ അപൂർവ്വമായിട്ടെങ്കിലും എക്കാലത്തും ഉണ്ടായിരുന്നു. പലരും പില്ക്കാലത്തു സ്ഥിരപ്രതിഷ്ഠരായിത്തീർന്നിട്ടുണ്ട്. എന്നാൽ അവരുടെ അനുയായികളായി വന്നവരെല്ലാം ഒരുപോലെയായിരിക്കണമെന്നില്ലല്ലോ. ഈ സ്ഥിതിവിശേഷത്തിലൂടെ ഗൃഹങ്ങൾ ആയിരം മടങ്ങു വർദ്ധിച്ചുവെങ്കിലും ഗൃഹസ്ഥാശ്രമജീവിതം ദുഷിച്ച് ഇന്നത്തെ നിലയിലെത്തിച്ചു. പക്ഷികളെപ്പോലെ ചേക്കകൂടാനും വാർദ്ധക്യത്തിൽ ഒതുങ്ങാനുമുള്ള കേന്ദ്രമായി ഗൃഹങ്ങൾ മാറിയപ്പോൾ വാനപ്രസ്ഥാശ്രമം നഷ്ടപ്രായമായി. താല്ക്കാലികപ്രചോദനംകൊണ്ടും നിരാശനിമിത്തവും സന്ന്യാസവേഷമണിയുന്നവരിൽ പലരും വാസ്തവത്തിൽ വാനപ്രസ്ഥാശ്രമത്തിനുള്ളയോഗ്യതപോലും ഉള്ളവരായിരിക്കില്ല. കപടവേഷക്കാർ അധികരിച്ചിരിക്കുന്ന ഇക്കാലത്തു, ധർമ്മബോധമില്ലാത്ത സമുദായത്തിന് യഥാർത്ഥ സന്ന്യാസിമാരെ തിരിച്ചറിയാൻ പ്രയാസമായിരിക്കും. അതിന്റെ നഷ്ടവും കോട്ടവും യഥാർത്ഥ സന്ന്യാസിമാർക്കല്ല, സമുദായത്തിനും രാഷ്ട്രത്തിനുമാണ്.

ദശനാമിസന്ന്യസികളെകൂടാതെ ശൈവ-വൈഷ്ണവാദി മഠാധിപതികളും ആചാര്യപരമ്പരകളിലൂടെ പീഠാധിപതികളായവരും യോഗികളും ഭക്തന്മാരും കർമ്മികളും ജ്ഞാനികളും ഉൾപ്പെടെ വിപുലമായൊരു സന്ന്യാസിപരമ്പര ഭാരതത്തിലുണ്ട്.

യുഗധർമ്മമനുസരിച്ചു ശ്രീരാമകൃഷ്ണാശ്രമംപോലുള്ള അപൂർവ്വം സന്ന്യാസിസംഘങ്ങൾ സമുദായത്തിനും നാടിനുംവേണ്ടി മഹത്തായ സേവനങ്ങൾ അനുഷ്ഠിക്കുന്നുണ്ട്. സേവനവൃത്തിയിൽ അവരെ മാതൃകയാക്കി മഠാധിപതികളും മണ്ഡലേശ്വരന്മാരും പീഠാദ്ധ്യക്ഷന്മാരുമായ സന്ന്യാസിമാരും പ്രവർത്തിക്കണം. ശരീരനിർവ്വഹണത്തിനു വസ്ത്രവും ഭക്ഷണവും ആവശ്യമായിരിക്കുന്നിടത്തോളം കാലം ത്യാഗപൂർണ്ണമായ സേവനവൃത്തി ഏതൊരു മുമുക്ഷുവിനും, സാധകനായ സന്ന്യാസിക്കും ഒഴിച്ചുകൂടാനാവാത്ത നിത്യകർമ്മമാണ്. സന്ന്യാസിവൃത്തിയെന്നുവച്ചാൽ സമുദായത്തിന്റെ വിദ്യാഭ്യാസം, സംസ്ക്കാരം, ധർമ്മാചരണം, ആത്മവിശ്വാസം, ത്രികരണശുദ്ധി, ആദ്ധ്യാത്മികസാധന എന്നിങ്ങനെ അടിസ്ഥാനപരങ്ങളായ നിരവധി കർമ്മളുണ്ട്. വ്യത്യസ്തധർമ്മസ്ഥാപനങ്ങളിലും സമ്പ്രദായങ്ങളിലും ഉള്ള സന്യാസിമാർ സംസ്ക്കാരപുനരുദ്ധാരണാർത്ഥം സാമാന്യധർമ്മമനുസരിച്ചു സംഘടിതരായി പ്രവർത്തിക്കേണ്ടതും ഇക്കാലത്ത് അത്യാവശ്യമായിരിക്കുന്നു. കക്ഷിരാഷ്ട്രീയക്കാരും വിമതസ്ഥരും ജനങ്ങളെ സംഘടിതബലത്തിൽ വശീകരിച്ചു വഴിതെറ്റിക്കുകയും അശാന്തിയും അസ്വസ്ഥതകളും വിതച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ സാധനാനിരതരായ സന്ന്യാസിമാർക്കേ ജനസമുദായത്തിന് ആശ്വാസം നൽകാൻ സാധിക്കൂ.

ആത്മാർത്ഥമായി സമുദായസേവനത്തിൽ വ്യാപൃതനാവുന്ന ഏതൊരാൾക്കും ആത്മനിയന്ത്രണവും, സന്മാർഗ്ഗപരിശീലനവും, ത്യാഗസന്നദ്ധതയും, ആത്മീയശിക്ഷണവും, യഥാർത്ഥസ്വഭാവജ്ഞാനവും വേണമെന്നിരിക്കെ സന്ന്യാസിമാർക്ക് ഈവകഗുണങ്ങൾക്കുപരി ആദ്ധ്യാത്മികശക്തിയും ഉണ്ടായിരിക്കണം. സാമാന്യബുദ്ധിയും മര്യാദയുമുള്ള ഏതുസമുദായവും അത്തരം സന്ന്യാസിമാരേയും സമുദായസേവകരെയും അങ്ങേയറ്റം ബഹുമാനിക്കുവാൻ ബാദ്ധ്യ

സ്ഥരാണെന്നോർക്കണം. എന്നാൽ നിന്ദാസ്തുതികൾ, മാനാപമാനങ്ങൾ എല്ലാം സമചിത്തതയോടെ വീക്ഷിക്കുന്ന ഒരു സന്ന്യാസി ഭഗവദ്വചനമനുസരിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കും. അവരെ പ്രലോഭനങ്ങൾ കൊണ്ടൊന്നും മറ്റൊരുവഴിക്കു തിരിക്കാനോ വശപ്പെടുത്താനോ സാധിക്കയില്ല. പ്രിയകരമല്ലാത്തത്, പ്രിയകരമായത്, ഇഷ്ടാനിഷ്ടങ്ങളോടുകൂടിയത് എന്നിങ്ങനെ മൂന്നു വിധത്തിലുള്ള കർമ്മഫലം ത്യാഗികളല്ലാത്തവർക്കു ശരീരത്യാഗാനന്തരമുണ്ടാവുമെങ്കിലും കേവലജ്ഞാനനിഷ്ഠന്മാരായ സന്ന്യാസികൾക്കാവട്ടെ അതൊരിക്കലും ബാധിക്കയില്ല എന്നാണ് ഭഗവദ്വചനം (ഗീത 18 –12). ആശ്രമാന്തർഗ്ഗതരായ സന്ന്യാസികളെ കൂടാതെ അത്യാശ്രമിയെന്ന നിലയിലെത്തിയ സന്ന്യാസിമാരും സിദ്ധന്മാരും യോഗികളും ഉണ്ട്. അവർ മേൽപ്പറഞ്ഞപ്രകാരമുള്ള കർമ്മങ്ങളിലൊന്നും ഇടപെടുകയില്ല. അപൂർവ്വമായിട്ടേ അവർ സമുദായമദ്ധ്യത്തിലേക്കിറങ്ങിവരൂ. പുണ്യം ചെയ്തവർക്കേ അവരെയും തിരിച്ചറിയാൻ പറ്റൂ. അത്യാശ്രമസന്ന്യാസികൾക്കു ഭിക്ഷകൊടുക്കാൻ സാധിക്കുന്നതുകൂടി പുണ്യകർമ്മഫലമായിട്ടുണ്ടാവുന്നതാണ്. വ്രതം, യജ്ഞം, തപസ്സ്, ദാനം, ഹോമം, സ്വാദ്ധ്യായം എന്നിവ അനുഷ്ഠിക്കാത്തവനും സത്യ-പവിത്രാദിഗുണങ്ങളിൽനിന്നു വ്യതിചലിച്ചവനും സന്ന്യാസം നൽകരുത് (സന്യാസോപനിഷത്ത്) സന്ന്യാസി തിതിക്ഷ, ജ്ഞാനം (സത്യാസത്യവിവേകം), വൈരാഗ്യം, ശമം, ദമം തുടങ്ങിയ ശ്രേഷ്ഠഗുണങ്ങളെ പാലിക്കണം. ഈ ഗുണങ്ങൾ ഇല്ലാതെ ഉദരപൂരണാർത്ഥം സന്ന്യാസവേഷത്തിൽ ഭിക്ഷയെടുക്കുന്നതു സന്ന്യാസധർമ്മത്തിനുതന്നെ ഹാനികരമാകുന്നു. തല മുണ്ഡനംചെയ്തു ദണ്ഡും ധരിച്ചതുകൊണ്ടു കാര്യമായില്ല. ജ്ഞാനദണ്ഡു ധരിക്കണം. അതിന്റെ പ്രതീകം മാത്രമാണ് സന്ന്യാസിയുടെ ദണ്ഡ്(ഊന്നുവടി). മരദണ്ഡേന്തുകയും ജ്ഞാനലേശമില്ലാതിരിക്കുകയും വേദാന്തം പറയുകയും മനസ്സിലെ ആഗ്രഹങ്ങൾ പ്രദീപ്തമായിക്കൊണ്ടിരിക്കുകയുമാണെങ്കിൽ ആ സന്ന്യാസവേഷധാരി ഘോരനരകത്തിൽ പതിക്കും. സ്തുതിയും കീർത്തിയും പന്നിയുടെ കാഷ്ഠംപോലെ ഉപേക്ഷിക്കുന്ന സന്ന്യാസി കീടാണുവിനെപ്പോലെ നിരഹങ്കാരനായി വിഹരിക്കും. (നാരദപരിവ്രാജകോപനിഷത്ത്)

ധർമ്മബോധവും ആചാരശുദ്ധിയുമില്ലാതെ സന്ന്യാസവേഷധാരിയായി അഗ്നിവസ്ത്ര (കാവിവസ്ത്രം)ത്തെയും സന്ന്യാസത്തേയും അവഹേളിക്കുന്നവർക്കും അവരുമായി സമ്പർക്കപ്പെടുന്നവർക്കും നരകപ്രാപ്തിയാണന്ത്യാനുഭവമെന്നും ധർമ്മശാസ്ത്രം അനുശാസിക്കുന്നു. കപടസന്ന്യാസികളായി ഭിക്ഷാടനം ചെയ്യുന്നവരെ ധർമ്മനിഷ്ഠനായ രാജാവിനു ശിക്ഷിക്കാം. എന്തെന്നാൽ കപടവേഷക്കാരെ ശിക്ഷിക്കാതിരുന്നാൽ കള്ളനും കൊള്ളക്കാരനും അഭയം നൽകി വളർത്തുന്നതുപോലെ അധർമ്മത്തിനു വളംവെച്ചുകൊടുക്കുന്നതിനു തുല്യമാവും (പരാശരസ്മൃതി).

ക്രമസന്ന്യാസം മൂത്തു പരിപക്വമാവുന്ന, ജീവന്മുക്താവസ്ഥയാണ് അത്യാശ്രമി. ആ സമുന്നതനിലയിലെത്തുംവരെ സന്ന്യാസിമാർ സ്വാദ്ധ്യായം , തപസ്സ് എന്നിവ അനുഷ്ഠിക്കുകയും ജനോപകാരപ്രദങ്ങളായ ധർമ്മപ്രചാരകർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും വേണമെന്നു ശാസ്ത്രങ്ങൾ വിധിക്കുന്നു. ജീവന്മുക്താവസ്ഥയിലെത്തിയ പരമഹംസന്മാരും ജ്ഞാനികളും കൂടി ലോകസംഗ്രഹാർത്ഥം ജനങ്ങളുടെയിടയിൽ ജീവിക്കുന്നുണ്ട്. ഈ സത്യസന്ന്യാസിമാരുടെ മഹത്സാന്നിദ്ധ്യവും സത്സംഗവും ജീവിതലക്ഷ്യപ്രാപ്തിക്കു കാരണമായി ഭവിക്കും. പൂർവ്വപുണ്യപരിപാകവും മഹാഭാഗ്യവുമാണതെന്നു കരുതി ഈ മഹാത്മാക്കളെ ആശ്രയിക്കുവാനും ആദരിക്കുവാനും അവരുടെ മാർഗ്ഗദർശനത്തിൽ പ്രവർത്തിക്കുവാനും ഒരുക്കമുള്ള വ്യക്തിയും സമുദായവും രാഷ്ട്രവും മേല്ക്കുമേൽ സന്തുഷ്ടവും സംതൃപ്തവും സുശക്തവുമായി ഭവിക്കും. എങ്കിൽ മാത്രമേ നിലയുള്ള ശാന്തിയും യഥാർത്ഥക്ഷേമവും പ്രതീക്ഷിക്കാനാവൂ. നിത്യനൂതനമായ സത്യസാക്ഷാല്ക്കാരത്തിലൂടെ, മായാപ്രപഞ്ചത്തിനപ്പുറം കടന്നുകണ്ടിട്ട്, ജീവപ്രയാണത്തിൽ ലഭിച്ചിരിക്കുന്ന ഈ അസുലഭസന്ദർഭം-മനുഷ്യജന്മം-പരമപ്രയോജനപ്പെടുത്താൻ മനുഷ്യനെ തട്ടിയുണർത്തി വിടുന്നവനാണ് സന്ന്യാസിശ്രേഷ്ഠൻ.

**സ തരതി സ തരതി സ ലോകാം സ്താരയതീതി**

**- നാരദ ഭക്തി സൂത്രം.**

അത്യാശ്രമി-യതിവര്യനായ സന്ന്യാസി-നിരന്തര തപസ്യ കൊണ്ടു സ്വാത്മാവിൽത്തന്നെ ഹോമാഗ്നി പ്രോജ്ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ പുറമേ യാതൊന്നും ചെയ്യുന്നില്ലെങ്കിൽകൂടി ആ ദിവ്യാത്മാവിന്റെ നാമശ്രവണം, സാമീപ്യം, ദർശനം എന്നിവ പുണ്യപ്രദങ്ങളാണ്. അവരുടെ വിചാരവും വാക്കും പെരുമാറ്റവും അനുഗ്രഹങ്ങളായിരിക്കും-അവ സ്വീകരിക്കുവാനും വേണം കുറെ പഠിപ്പും പരിചയവും.

**പ്രപഞ്ചമഖിലം യസ്തു ജ്ഞാനാഗ്നൗ ജുഹുയാദ്യദി**
**ആത്മന്യഗ്നീൻ സമാരോപ്യ സോഗ്നിഹോത്രീ മഹായതിഃ**

**-സന്ന്യാസോപനിഷത്ത്**

## ജീവഗതി

പൂർവ്വജന്മങ്ങളിൽ പലവിധത്തിൽ തപസ്സനുഷ്ഠിച്ചതിന്റെ ഫലമായി ജീവന് ഉൽകൃഷ്ടമായ മനുഷ്യജന്മം ലഭിച്ചു. ഊർദ്ധ്വഗതിക്കുള്ള പൂർണ്ണജീവിതത്തിനുവേണ്ടി മനുഷ്യർ വിവേകപൂർവ്വം പ്രയത്നിച്ചുകൊണ്ടിരിക്കണം. ഇതിലേക്കുള്ള പാകപ്പെടുത്തലാണ് വിവിധ സംസ്ക്കാരങ്ങളിലൂടെ നിർവ്വഹിക്കപ്പെടുന്നത്. ഈ സംസ്ക്കാരകർമ്മങ്ങൾ തന്നെ ഈശ്വരങ്കൽ സമ്പൂർണ്ണഭാവത്തിൽ ചേർത്തുചെയ്യുമ്പോൾ കർമ്മയോഗമായി. പരസ്പരപൂരകങ്ങളാണ് യോഗമാർഗ്ഗങ്ങളെല്ലാം. ഭക്തിജ്ഞാനവൈരാഗ്യങ്ങളില്ലാത്ത, ആത്മസംയമവും ധ്യാനനിഷ്ഠയുമില്ലാത്ത യാതൊരു മാർഗ്ഗവും യോഗമാർഗ്ഗമാവുകയില്ല. സർവാന്തര്യാമിയായ ജഗദീശ്വരന്റെ സവിശേഷമായ ക്ഷേത്രമാണ് മനുഷ്യശരീരം. ലക്ഷോപലക്ഷം നാഡീ-ഞരമ്പുകളും മറ്റുമടങ്ങിയ സ്ഥൂലശരീരംതന്നെ അത്ഭുതസൃഷ്ടിയാണെന്നിരിക്കെ അതിന്റെ സൂക്ഷ്മകാരണസ്വരൂപങ്ങൾ അത്യത്ഭുതകരങ്ങളായിരിക്കും. പഞ്ചഭൂതാത്മകമായ ഈ സ്ഥൂലദേഹത്തെ പഞ്ചേന്ദ്രിയങ്ങളെക്കൊണ്ടും സൂക്ഷ്മശരീരത്തെ കാര്യംകൊണ്ടും കാരണശരീരത്തെ സൂക്ഷ്മബോധംകൊണ്ടും അറിയാൻ സാധിക്കുന്നു. അഞ്ചു കർമ്മേന്ദ്രിയങ്ങൾ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു

പ്രാണാദിവായുക്കൾ, ബുദ്ധി, മനസ്സ് എന്നിങ്ങനെ പതിനേഴ് അവയവങ്ങളും അവയുടെ ഉപഘടകങ്ങളും അന്തർമുഖദൃഷ്ടിയോടെ അപഗ്രഥനം ചെയ്യുമ്പോഴറിയാം ഈ ശരീരലബ്ധിയുടെ മഹത്വം.

ഉദാഹരണത്തിന് മനസ്സിന്റെയും ബുദ്ധിയുടെയും കഥതന്നെയെടുക്കുക. മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നീ നാലു ശക്തികളേയും കൂട്ടി അന്തഃകരണമെന്നുപറയുന്നു. മനസ്സു കണ്ഠത്തിലും ബുദ്ധി മുഖത്തിലും ചിത്തം നാഭിസ്ഥാനത്തും അഹങ്കാരം ഹൃദയസ്ഥാനത്തും അധിവസിക്കുന്നു. സംശയം, നിശ്ചയം, ധാരണ, അഭിമാനം ഇവ അവയുടെ വിഷയങ്ങളാണ്. മനസ്സ് സംശയസ്വരൂപവും ബുദ്ധി നിശ്ചയാത്മികയും ചിത്തം ധാരണാസ്വരൂപവും അഹങ്കാരം അഭിമാനസ്വരൂപവുമാണ്. വിഷയങ്ങളെ മറക്കാതെ ഓർത്തുകൊണ്ടിരിക്കുക ചിത്തത്തിന്റെയും അഭിമാനിച്ചുകൊണ്ടിരിക്കൽ അഹങ്കാരത്തിന്റെയും സ്വരൂപമാണ്. ധർമ്മങ്ങളുടെ ഐക്യരൂപം ഹേതുവായി ചിത്തം ബുദ്ധിയിലും അഹങ്കാരം മനസ്സിലും ഒതുങ്ങുന്നതിനാൽ മനസ്സും ബുദ്ധിയുമെന്നു പൊതുവെ അറിയപ്പെടുന്നു. കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്ത അപരിചിതവിഷയങ്ങളെക്കൂടി ബുദ്ധി ഓർമിപ്പിക്കുന്നു. പണ്ടു പരിചയിച്ച വിഷയത്തെമാത്രം ചിത്തം സ്മരിക്കുന്നു. മനസ്സ് അകത്തും പുറത്തും ഒരുപോലെ സങ്കല്പിക്കുന്നു. അഹങ്കാരമാകട്ടെ അനാത്മവസ്തുക്കളിൽ ആത്മഭാവത്തെ ആരോപിക്കുന്നു. പ്രസ്തുതഭാവങ്ങളെല്ലാം കൂടിച്ചേർന്നതാണ് അന്തഃകരണം. പഞ്ചപ്രാണവായുക്കളിൽ പ്രാണൻ ഹൃദയസ്ഥാനത്തും അപാനൻ ഗുദത്തിലും സമാനൻ നാഭിപ്രദേശത്തും ഉദാനൻ കണ്ഠത്തിലും വ്യാനൻ ശരീരംമുഴുവൻ വ്യാപിച്ചും സ്ഥിതിചെയ്യുന്നു. ഇവയുടെ ഉപവായുക്കളാണ് വിവിധവൃത്തികളോടുകൂടിയ നാഗൻ, കൂർമ്മൻ, കൃകരൻ, ദേവദത്തൻ, ധനഞ്ജയൻ എന്നിവ. ഒരേ ഒരു പ്രാണന്റെ വിവിധ സ്വരൂപങ്ങളാണിവ. പ്രാണനുണ്ടായത് ഈശ്വരസങ്കല്പം കൊണ്ടും ശരീരത്തിൽ പ്രവേശിക്കുന്നതു ജീവസങ്കല്പം കൊണ്ടുമാണ്. കർമ്മസംസ്ക്കാരങ്ങൾക്കനുരൂപമായി ജീവൻ ഏതേതു ശരീരങ്ങളെ ഇച്ഛിക്കുന്നുവോ തത്തൽ ശരീരങ്ങളിൽ പ്രാണൻ ജീവനോടുകൂടി പ്രവേശിക്കുന്നു. മരണസമയത്ത് യാതൊരു സങ്കല്പമാണോ ജീവനുള്ളത് അതിനെയാണ് അനന്തരദശയിൽ പ്രാപിക്കുന്നത്.

മുഖ്യപ്രാണൻ മരണസമയത്ത് ഇന്ദ്രിയമനസ്സുകളൊടുകൂടി ജീവനെ ഉദാനവായുവിൽക്കൂടെ ഈ ശരീരത്തിൽനിന്നു വേർപെടുത്തി അപ്പോഴുള്ള സങ്കല്പത്തിന്നനുരൂപമായ സ്ഥാനത്തേക്കും ശരീരത്തിലേക്കും കൊണ്ടുപോകുന്നു.

രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ളം എന്നീ ഏഴുധാതുക്കളോടും വാതം, പിത്തം, കഫം എന്നീ മൂന്നു ദോഷങ്ങളോടും മലം, മൂത്രം തുടങ്ങി പന്ത്രണ്ടു ഘടകങ്ങളോടും ഉപാവയവങ്ങളോടും കൂടിയതാണ് സ്ഥൂലശരീരം. ഇതിനെ സദാ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രാണനും ജഡമാണ്. പ്രാണനെക്കാൾ സൂക്ഷ്മവും വലിപ്പവുമുള്ളതാണ് മനസ്സ്. മനസ്സിനേക്കാൾ അതിസൂക്ഷ്മവും അനേകമിരട്ടി വലിപ്പവുമുള്ള അഗ്നി വീണ്ടും വർദ്ധിക്കുന്നതുപോലെ കാമോപഭോഗം കൊണ്ട് കാമം പൂർവ്വാധികം വർദ്ധിക്കുകയേയുള്ളൂ. (മഹാഭാരതം ആദിപർവ്വം 85-12) ജീവന്റെ ലക്ഷ്യപ്രാപ്തിക്കുള്ള ധർമ്മോപദേശങ്ങളിൽ നാലാശ്രമവാസികൾക്കും പൊതുവായി ഉണ്ടായിരിക്കേണ്ട സദ്ഗുണങ്ങൾ പ്രാധാന്യമർഹിക്കുന്നു. ശരീരമനോബുദ്ധികളുടെ പരിശുദ്ധിക്കുള്ള സംസ്ക്കാരകർമ്മങ്ങളോടൊപ്പം വ്യക്തിജീവിതത്തിൽ പ്രതിഫലിക്കേണ്ടതാണിവ. മഹാഭാരതത്തിൽ പറയുന്നു: ക്ഷമ, ധൈര്യം, അഹിംസ, സമഭാവം, സത്യം, നിഷ്ക്കാപട്യം(അവക്രത), ഇന്ദ്രിയനിഗ്രഹം, സാമർത്ഥ്യം, മൃദുസ്വഭാവം, വിനയം, ചാപല്യമില്ലായ്മ, പരപുച്ഛരാഹിത്യം, പരിഭ്രമമില്ലായ്മ, സന്തോഷം, പ്രിയവാക്കഥനം, ഒരു പ്രാണിക്കും ഉപദ്രവം ചെയ്യാതിരിക്കുക, അസൂയപ്പെടാതിരിക്കുക ഈ സകലഗുണങ്ങൾക്കും കാരണം ആത്മസംയമമാകുന്നു.

നാലാശ്രമികളും ഇനി പറയുവാൻപോകുന്ന പത്തു ലക്ഷണങ്ങളോടുകൂടിയ ധർമ്മത്തെ ശ്രദ്ധയോടുകൂടി അനുഷ്ഠിക്കണമെന്ന് മാനവധർമ്മശാസ്ത്രം ഉപദേശിക്കുന്നു.

**ധൃതിഃ ക്ഷമാ ദമോസ്തേയം ശൗചമിന്ദ്രിയനിഗ്രഹഃ**
**ധീർവിദ്യാ സത്യമക്രോധോ ദശകം ധർമ്മലക്ഷണം**
**(മനുസ്മൃതി 691, 92)**

1. ധൃതി-എല്ലായ്പ്പോഴും ധൈര്യമുൾക്കൊള്ളുക. 2. ക്ഷമാ-നിന്ദാസ്തുതികൾ, മാനാപമാനങ്ങൾ, ലാഭാലാഭങ്ങൾ മുതലായ ദ്വന്ദ്വങ്ങളിൽ സഹനശീലമുള്ളവരായിരിക്കുക. 3. ദമം-മനസ്സിനെ അധർമ്മത്തിൽനിന്നു തടഞ്ഞുനിർത്തി എല്ലായ്പ്പോഴും ധർമ്മത്തിൽ പ്രവർത്തിപ്പിക്കുകയും അധർമ്മം പ്രവർത്തിക്കാനുള്ള ഇച്ഛപോലും ഇല്ലാതാക്കുകയും ചെയ്യുക. 4. അസ്തേയം-വ്യാജം, കപടം, വിശ്വാസവഞ്ചന മുതലായ പ്രവൃത്തികൾകൊണ്ടോ വേദവിരുദ്ധമായ ഉപദേശംകൊണ്ടോ അന്യന്റെ വസ്തുക്കളെ അപഹരിക്കുന്നതു ചൗര്യം. ചൗര്യത്തെ ത്യജിക്കുന്നതുതന്നെയാണ് അസ്തേയം. 5. ശൗചം-രാഗദ്വേഷങ്ങൾ, പക്ഷപാതം മുതലായ മനോദോഷങ്ങളെ അകറ്റി ആഭ്യന്തരശുദ്ധിയും, വെള്ളം, മണ്ണ് മുതലായവകൊണ്ടു തേച്ചുകഴുകി ബാഹ്യശുദ്ധിയും പാലിക്കുക. 6. ഇന്ദ്രിയനിഗ്രഹം-ഇന്ദ്രിയങ്ങളെ അധർമ്മാചരണത്തിൽനിന്നു പിൻവലിച്ചു ധർമ്മത്തിൽത്തന്നെ പ്രവർത്തിപ്പിക്കുക. 7. ധീ-ദുർജ്ജന സംസർഗ്ഗം, അലസത തുടങ്ങിയ ദോഷങ്ങളെല്ലാം ത്യജിച്ചു ശ്രേഷ്ഠഗുണങ്ങളെ സ്വാംശീകരിക്കുക, സജ്ജനസംസർഗ്ഗം, യോഗാഭ്യാസം എന്നിവകൊണ്ടു ബുദ്ധിയെ വർദ്ധിപ്പിക്കുക. 8. വിദ്യാ-പൃഥിവി മുതൽ ഈശ്വരൻവരെയുള്ള ജ്ഞാനം സമ്പാദിച്ച് അതു വേണ്ടവിധം ഉപയോഗിക്കുകയും സത്യത്തെ അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുക. ആത്മാവിലുള്ളതുപോലെ മനസ്സിലും മനസ്സിലുള്ളതുപോലെ വാക്കിലും വാക്കിലുള്ളതുപോലെ പ്രവൃത്തിയിലും വർത്തിക്കുക -ഇതുതന്നെയാണ് വിദ്യാ. ഇതിനു വിപരീതമായിട്ടുള്ളതെല്ലാം അവിദ്യയാകുന്നു. 9. സത്യം-ഒരു വസ്തു ഏതുവിധത്തിലിരിക്കുന്നുവോ അതേ വിധത്തിൽ അതിനെ അറിയുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുക. 10. അക്രോധം-ക്രോധം മുതലായ ദോഷങ്ങളെ കളഞ്ഞു ശാന്തി മുതലായ ഗുണങ്ങളെ കൈക്കൊള്ളുക. ഇങ്ങനെ പത്തു ലക്ഷണങ്ങളോടുകൂടിയ ധർമ്മത്തെ നാലാശ്രമത്തിലുള്ളവരും ശ്രദ്ധയോടുകൂടി അനുഷ്ഠിക്കേണ്ടതാകുന്നു.

## 16. അന്ത്യേഷ്ടിസംസ്കാരം

ഒരു വ്യക്തിയെ സംബന്ധിച്ച് സംസ്കാരകർമ്മങ്ങൾ ഗർഭാധാനത്തിൽ ആരംഭിച്ചു അന്ത്യേഷ്ടിയോടെ അവസാനിക്കുന്നു. യജുർവ്വേദത്തിൽ (40-15)ഭസ്മാന്തം ശരീരം എന്നു വിശേഷിപ്പിച്ചിരിക്കുന്നതുപോലെ ഈ അന്തിമസംസ്ക്കാരം നരമേധം, മനുഷ്യയാഗം, അപരക്രിയ എന്നീ പേരുകളിലുമറിയപ്പെടുന്നു. മൃതദേഹത്തെ യഥാവിധി ദഹിപ്പിക്കുന്നതും പരേതാത്മാവിന്റെയും ജ്ഞാതികളുടെയും ശുദ്ധീകരണത്തിനു ചെയ്യപ്പെടുന്ന കർമ്മങ്ങളും അന്ത്യേഷ്ടി സംസ്കാരത്തിൽപ്പെടുന്നു.

പുറമേ എന്തുപറഞ്ഞാലും അഭിനയിച്ചാലും മരണം വരുമ്പോൾ ഉൾക്കിടിലംകൊള്ളാത്തവർ വളരെ അപൂർവ്വം. അന്യായവും അധർമ്മവുമായി ജീവിച്ചിരുന്നവർക്കു വിശിഷ്ടാതിഥിയാണ് മൃത്യു. ഈശ്വരനിൽ സർവ്വസ്വാർപ്പണംചെയ്ത ആത്മജ്ഞാനികളാകട്ടെ ഉത്തമസുഹൃത്തിനെപ്പോലെ മൃത്യുവിനെ സ്വാഗതംചെയ്യാൻ ഒരുക്കമായിരിക്കും. ജനനസന്ദർഭത്തിൽ തന്റെ പൂർവ്വജന്മങ്ങളെ ഓർത്തു വിലപിക്കുകയും ഇനിയത്തെ ജന്മമെങ്കിലും ഈശ്വരമാർഗത്തിൽ യജ്ഞധർമ്മമനുസരിച്ചു ജീവിച്ചുകൊള്ളാമെന്നു പ്രതിജ്ഞയെടുക്കുകയും ചെയ്ത ജീവൻ ഭൂജാതനാവുന്നതോടെ വിസ്മൃതിയിലാണ്ട് അഹംഭാവത്തെ ആശ്രയിക്കുന്നു. അതാണ് തന്റെ സുഖശ്രേയസ്സുകൾക്കു കാരണമെന്നു ധരിച്ചു കണ്ടതിന്റെയെല്ലാം പിന്നാലെ പരക്കംപാഞ്ഞു ലക്ഷ്യത്തിൽനിന്നും ബഹുദൂരം അകന്നുപോകുന്നു. പിന്നീടു മരണസമയത്താണ് തന്റെ സൂക്ഷ്മഭാവത്തെപ്പറ്റിയും ജനനസന്ദർഭത്തെപ്പറ്റിയും മറ്റും ഓർക്കുന്നത്. ജീവിതം പാഴാക്കിയ ജീവന്റെ പരിതാപങ്ങൾ തുടരുകയായി. ജീവിതം ധന്യമാക്കീട്ടുള്ള ജീവനു ദുഃഖിക്കാനൊന്നുമില്ല. എല്ലാം ആനന്ദമയം.

ദേഹമെന്നാൽ ദഹിക്കുന്നതെന്നും ശരീരമെന്നാൽ ക്ഷയിക്കുന്നതെന്നുമാണർത്ഥം. യജ്ഞത്തിനുവേണ്ടി ദ്രവ്യങ്ങൾ ഒരുക്കൂട്ടി ഹോമാഗ്നിയിൽ ആഹുതിചെയ്യുന്നമാതിരി ഈ ശരീരത്തെ പോഷിപ്പിക്കുന്നതും ശരീരവൃത്തികളെ ശുദ്ധീകരിക്കുന്നതും പരാർത്ഥവും പാരമാർത്ഥികവുമായ യജ്ഞത്തിനുവേണ്ടിയാകുന്നു. അങ്ങനെ

ആധിഭൗതികവും ആദ്ധ്യാത്മികവും ആധിദൈവികവുമാകുന്ന താപത്രയമെന്ന അഗ്നിയിൽ ദഹിച്ചുകൊണ്ടിരിക്കുന്നതാണ് ദേഹം. ഈ ശരീരത്തെത്തന്നെ ഈശ്വരേച്ഛയ്ക്കനുസൃതമായ യജ്ഞത്തിനു-ത്യാഗത്തിനു വിനിയോഗിക്കുമ്പോൾ യജിച്ചു യജിച്ചു ശരീരം ക്ഷയിക്കുന്നതോടൊപ്പം ജീവൻ ഉന്നതിപ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അവസാനം ജീവൻ വിട്ടുപിരിയുമ്പോൾ ഈ ശരീരത്തെത്തന്നെ ഹോമാഗ്നിയിൽ ആഹുതിചെയ്യലാണ് അന്ത്യേഷ്ടികർമ്മം. ഇതിൽ സ്ഥൂലവും സൂക്ഷ്മവുമായ തത്വങ്ങൾ അടങ്ങിയിരിക്കുന്നു. പരേതാത്മാവിനെന്നതിനേക്കാൾ ജീവിച്ചിരിക്കുന്നവരുടെ നന്മകളെ ലക്ഷ്യമാക്കിയിട്ടുള്ളതാണ് ഈ കർമ്മം. ഇതിൽ മൃതദേഹം ദഹിപ്പിക്കാതെ കുഴിയിൽ പുതച്ചിടുന്നവരെ സംബന്ധിച്ചും സൂക്ഷ്മാർത്ഥത്തിൽ ഭേദമില്ല. പക്ഷെ, മൃതദേഹം ദഹിപ്പിക്കുന്നതാണ് ശാസ്ത്രീയവും ആരോഗ്യകരവുമായ ഉത്തമരീതി.

ശരീരസംസ്ക്കാരത്തിന്റെ ആരംഭം ഗർഭാധാനവും അവസാനം മൃതശരീരത്തെ യഥാവിധി ദഹിപ്പിക്കലുമാണ്. ഒരാൾ മരിച്ചാൽ അയാളുടെ ബന്ധുജനങ്ങൾ ആ മൃതശരീരത്തെ മൺകട്ട പോലെ ഉപേക്ഷിച്ചുപോകുന്നു. അയാളുടെ കൂടെ ആരും പോകുന്നില്ല. ധർമ്മം ഒന്നു മാത്രമേ അയാളെ അനുഗമിക്കുന്നുള്ളു എന്ന സ്മൃതിവചനം ശരീരത്തിന്റെ നശ്വരതയും ധർമ്മനിഷ്ഠമായ ജീവിതത്തിന്റെ മഹത്വവും ദ്യോതിപ്പിക്കുന്നതാണ്.

ശവസംസ്ക്കാരകർമ്മം ആദ്യന്തം ശോകച്ഛായാവരണത്തോടുകൂടിയതായിരിക്കാമെങ്കിലും ഓരോരുത്തർക്കും ജീവിതത്തെപ്പറ്റി പുനരവലോകനം ചെയ്യുന്നതിനുള്ള സന്ദർഭം കൂടിയാണ്. ശ്മശാനത്തെ രുദ്രഭഗവാന്റെ നടനരംഗമെന്നും അദ്ധ്യാത്മവിദ്യാലയമെന്നും വിശേഷിപ്പിക്കുന്നതിന്റെ താല്പര്യമിതാണ്. അതുമിതും പറഞ്ഞു സമയം കളയാതെ കൂടിയിരിക്കുന്നവർ മൃതദേഹം സംസ്ക്കരിക്കുന്നതുവരെയെങ്കിലും വേദമന്ത്രങ്ങളോ പുരാണേതിഹാസങ്ങളിലെ ആദ്ധ്യാത്മിക സ്തോത്രഭാഗങ്ങളോ പാരായണം ചെയ്യണമെന്നും മറ്റുള്ളവർ അതു ശ്രവിച്ചുകൊണ്ടിരിക്കണമെന്നും ധർമ്മശാസ്ത്രം വിധിച്ചിട്ടുണ്ട്. പ്രാചീന ദൈവികപദ്ധതിപ്രകാരം ശവസംസ്ക്കാരം നടത്താൻ ഇക്കാലത്തു പ്രയാസമാണ്. അന്നത്തെപ്പോലെ ശുദ്ധ

മായ ഹോമദ്രവ്യങ്ങളോ കർമ്മപദ്ധതിപഠിച്ച കർമ്മികളോ ദുർലഭ മാണിന്ന്. എങ്കിലും നാട്ടാചാരങ്ങൾ എന്നറിയപ്പെടുന്ന ചടങ്ങുക ളിൽ പലതും പ്രാകൃതവും അശാസ്ത്രീയവുമാണെന്നു മനസ്സിലാക്കി ലഘുവും പ്രായോഗികവുമായ വൈദികപദ്ധതിതന്നെ വീണ്ടും സ്വീക രിക്കണം.

ഏറ്റവും പ്രിയപ്പെട്ട ഒരാളിന്റെ ദേഹവിയോഗത്തിൽ ആർക്കും ദുഃഖമുണ്ടാവും. ചിലർ കരയുകയും ചെയ്യും. എന്നാൽ മരണവീ ട്ടിൽ മൃതദേഹം എരിഞ്ഞുചാമ്പലാകുന്നതുവരെയെങ്കിലും ബന്ധു ക്കൾ കരഞ്ഞുകൊണ്ടിരിക്കണമെന്നു ശാസ്ത്രങ്ങളിലെങ്ങും വിധി ച്ചിട്ടില്ല.ഗതാനുഗതന്യായേനയുള്ള ഒരു അന്ധവിശ്വാസമാണത്. അന്ത്യേഷ്ടികർമ്മത്തിന്റെ ഉദ്ദേശ്യവും ഗുണപാഠവും എന്താണെന്നു നോക്കുക.

ജീവിതത്തിലെ അന്തിമ അതിഥിയായ മൃത്യു ജഗന്നിയന്താ വാണെന്നറിഞ്ഞു ബഹുമാനിക്കുക. ലൗകികബന്ധങ്ങളെല്ലാം അനി ത്യം. ആത്മാവുമാത്രം ജനനമരണരഹിതവും നിത്യസ്വതന്ത്രവുമാ കുന്നു. മറ്റു ബന്ധങ്ങളെല്ലാം കാലഗതിക്കനുസരിച്ചു പരിവർത്തന സ്വഭാവത്തോടുകൂടിയതാകുന്നു. ഈ ബന്ധങ്ങളുടെ സംസാരത്തിൽ ജീവൻ തന്റെ കർമ്മയന്ത്രദ്വാരാ ചംക്രമണം ചെയ്തുകൊണ്ടിരിക്കു ന്നു. അതുകൊണ്ടു ഭൗതികവിയോഗങ്ങളെപ്പറ്റി അനുശോചിക്കുന്ന തിൽ വിശേഷമൊന്നുമില്ല. ദുഃഖം മോഹജന്യമാണെന്നു കരുതി വിവേകപൂർവ്വം വർത്തിക്കുക; അജ്ഞാനത്തിന്റെ പ്രതിബിംബമാ ണത്. ബുദ്ധിപൂർവ്വം വസ്തുസ്ഥിതിബോധിച്ച് ജ്ഞാനരൂപഖഡ്ഗ ത്താൽ ശരീരമനസ്സുകളെ പീഡിപ്പിക്കുന്ന ദുഃഖത്തെ ഛേദിച്ചുകള യുക. മോഹത്തിൽനിന്നുളവായ ഈ ശോകംനിമിത്തം ബുദ്ധിവി വേകങ്ങളെ ശോഷിപ്പിക്കരുത്. മരണം ഒരു യഥാർത്ഥ അദ്ധ്യാപക നെപ്പോലെ നശിക്കുന്ന ഈ ശരീരത്തിലിരുന്നുകൊണ്ട്, 'അനശ്വര മായ ആത്മാവിന്റെ ഹിതം അനുവർത്തിക്കുക. അല്ലാതെ ആത്മ ഹാനിക്കുള്ള ദുഷ്ക്കർമ്മങ്ങൾ ചെയ്യരുത്' എന്നു പഠിപ്പിക്കുന്നു.

സമയം അമൂല്യം എന്നതു കാലത്തിന്റെ സർവ്വപ്രധാന സന്ദേ ശമാകുന്നു. സൽക്കാര്യങ്ങൾക്കു സമയം കാണാത്ത വിഷയാസ ക്തർക്കു തക്കമുന്നറിയിപ്പാണിത്. അനശ്വരമായ ആത്മാവിന്റെ

താല്ക്കാലികസങ്കേതം മാത്രമാണ് ഈ ശരീരം. അതു നശിക്കുന്നതാകയാൽ ദേഹസംബന്ധമായ ബന്ധുത്വങ്ങളെല്ലാം കേവലകല്പിതങ്ങളാകുന്നു. ഭാര്യ-ഭർത്താവ്, അച്ഛൻ-മകൻ തുടങ്ങിയ ബന്ധങ്ങളെല്ലാം അല്പകാലത്തേക്കുമാത്രം. ആരുടെയും അഭാവത്തിൽ ജീവിതഗതി തടസ്സപ്പെടുന്നില്ല. മറ്റൊരാളിന്റെ മരണം കാണുമ്പോൾ തന്റെ മരണത്തെപ്പറ്റി ഓർമ്മിച്ചുകൊണ്ടു സ്വകർത്തവ്യപാലനത്തിലൂടെ ആത്മോദ്ധാരണത്തിനു ജാഗരൂകനാവണം. മരിച്ച മനുഷ്യന്റെ വേർപാടിൽ കരഞ്ഞുകൊണ്ടിരിക്കുന്ന സമയം മൃതാത്മാവിന്റെ ആശ്രിതർക്കു വേണ്ടുന്ന ഉപകാരം ചെയ്യുക. ദിവംഗതാത്മാവിന്റെ ശാന്തിക്കുവേണ്ടി അദ്ദേഹം ചെയ്തതും ഇച്ഛിച്ചതുമായ സൽക്കർമ്മങ്ങൾ ഉത്തരവാദിത്വപൂർവ്വം ചെയ്തു പൂർത്തിയാക്കുക. പരേതാത്മാവിന്റെ കുടുംബാംഗങ്ങളെ സാന്ത്വനപ്പെടുത്താൻ ആദ്ധ്യാത്മിക വാതാവരണമുളവാക്കുക. (ഗീതയിലും ഉപനിഷത്തുക്കളിലും പുരാണേതിഹാസങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന) ആത്മതത്വങ്ങളെപ്പറ്റി സംസാരിച്ചു സാന്ത്വനപ്പെടുത്താം; പരമപുരുഷാർത്ഥത്തിനുള്ള പ്രചോദനം ഉൾക്കൊള്ളാൻ സാധിക്കത്തക്കവിധം മരണഗൃഹത്തെ പരിവർത്തനപ്പെടുത്തണമെന്നു താല്പര്യം. എന്റേത് എന്ന ഭാവത്തിൽ കൂട്ടിവെയ്ക്കുന്നതും സ്വാർത്ഥവാസനയും അനീതിയും ആശകളും വെറുപ്പ്-വിദ്വേഷങ്ങളും അഹങ്കാരവും എല്ലാം നിരർത്ഥകങ്ങളെന്നു തീർച്ചപ്പെട്ടു. ഇതാണ് (നശിക്കുന്ന) ശരീരത്തിന്റെ പ്രവചനം. ധർമ്മം, ആത്മസംയമനം, സേവനം, ജ്ഞാനം, പാരമാർത്ഥികത്വം, ആത്മാവ് (ഈശ്വരൻ) ഇവയാറും സത്യമാകുന്നു. ഇതാണ് ആളിക്കത്തുന്ന ചിതാഗ്നിയുടെ മംഗളഘോഷം.

ആസന്നമരണനായ വ്യക്തിയുടെ വായിൽ ഗംഗാജലമോ അഭിഷേകതീർത്ഥമോ കറെശ്ശേ തുളസീദളത്തിലൂടെ ഇറ്റിച്ചുകൊടുക്കുന്നത് ഉത്തമമാകുന്നു. ഈശ്വരനാമോച്ചാരണപൂർവ്വം അങ്ങനെ ചെയ്യുന്നതു ജീവഗതിയെ അനായാസമാക്കും.

ആസന്നമരണനായ വ്യക്തിയുടെ ചുറ്റും ബന്ധുമിത്രാദികൾ കൂടിയിരുന്ന്.

**ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ!**
**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ!**

ഓം നമോ നാരായണായ, ഓം ഹ്രീം നമശ്ശിവായ ഇത്യാദി ഈശ്വരനാമങ്ങൾ ഭക്തിപൂർവ്വം ധാരമുറിയാതെ ചൊല്ലിക്കൊണ്ടിരിക്കണം. ശ്രീവിഷ്ണുസഹസ്രനാമം, ഹരിനാമകീർത്തനം എന്നിവയും പരിചയമുണ്ടെങ്കിൽ നിശ്ചിത വേദമന്ത്രങ്ങളും പാരായണം ചെയ്യാം. പവിത്രമായ ഭസ്മംകൊണ്ടു ശരീരം മുഴുവനും പൂശി തുളസിയില ധാരാളമായി നിരത്തിയ കിടക്കയിൽ കിടത്തി നെറ്റിയിൽ ചന്ദനക്കുറിയിട്ടു തുളസീദളം പതിച്ചു കിടക്കയ്ക്കു ചുറ്റും ഗോളാകൃതിയിൽ അക്ഷതം (ഉടയാത്ത ഉണക്കലരിയും മഞ്ഞപ്പൊടിയും ചേർത്തത്) തൂകണം. അപ്പോഴൊക്കെ ഈശ്വരനാമസങ്കീർത്തനം മുഴങ്ങിക്കൊണ്ടിരിക്കണം.

അന്ത്യശ്വാസം വലിച്ചുകഴിഞ്ഞാൽ ശരീരം ശവമായി. അതിനെ നിലത്തു ദർഭ തെക്കോട്ടു മുനയാക്കിയിട്ടു അതിന്റെമീതെ മലർത്തിക്കിടത്തി വായും ഇമകളും അടച്ചു കാൽപ്പെരുവിരലുകൾ നൂൽത്തിരികൊണ്ടു ചേർത്ത് കെട്ടി കൈകൾ നെഞ്ചിനുമേൽ വെച്ച് അതിന്റെ പെരുവിരലുകളും നൂൽത്തിരികൊണ്ട് കെട്ടി പാദവും മുഖവുമൊഴിച്ച് എല്ലാ ഭാഗവും ശുഭ്രവസ്ത്രംകൊണ്ടു മൂടണം. തലയ്ക്കൽ എള്ളെണ്ണ ഒഴിച്ച് കത്തിച്ച നിലവിളക്കു വെയ്ക്കണം. ചുറ്റും അക്ഷതവും എള്ളും ചേർത്തൊരു ഗോളമിടുകയും സാമ്പ്രാണി, ദശാംഗം, അഷ്ടഗന്ധം എന്നിവ പുകച്ചുകൊണ്ടിരിക്കുകയും വേണം. എല്ലാവരുടേയും സഹകരണമുണ്ടെങ്കിൽ നെയ്യ്, ചന്ദനത്തടി, അഷ്ടഗന്ധം, ദശാംഗം, രാമച്ചം, ദർഭ, കർപ്പൂരം, സാമ്പ്രാണി മുതലായവ ചുരുങ്ങിയ അളവിലെങ്കിലും ശേഖരിക്കുവാനും വേണ്ടത്ര സമിധ (വിറക്)യും ചേർത്തു ദുർഗന്ധമുളവാക്കാതെ ശവസംസ്ക്കാരം നടത്താനും സാധിക്കും. പരേതാത്മാവിനെ ഉദ്ദേശിച്ച് പഞ്ചപിണ്ഡങ്ങളും ഉദകവും സമർപ്പിക്കണം; വായ്ക്കരിയിടുന്ന സമ്പ്രദായം അശാസ്ത്രീയമാണ്.

ചിത ഒരുക്കുന്ന സ്ഥാനത്തു കുശപ്പുല്ലുകൊണ്ടും തീർത്ഥപ്രോക്ഷണംകൊണ്ടും ഭൂസംസ്ക്കാരം ചെയ്യുമ്പോൾ ചൊല്ലുന്ന മന്ത്രം:

**ദേവസ്യ ത്വാ സവിതുഃ**
**പ്രസവേഽശ്വിനോർബാഹുഭ്യാം**

പൂഷ്ണോ ഹസ്താഭ്യാം
സരസ്വത്യൈ വാചോ യന്തു യന്ത്രിയേ
ദധാമി ബൃഹസ്പതേഷ്ട്വാ
സാമ്രാജ്യേനാഭിഷിഞ്ചാമ്യസൗ

യജ്ഞത്തിനു ഹോമകുണ്ഡം തയ്യാറാക്കുന്ന പവിത്രഭാവത്തിൽ, ചിതാകുണ്ഡം വേണ്ടത്ര ആഴത്തിലും വിസ്തീർണ്ണത്തിലും കുഴിച്ച് അതിനകത്തു പശുവിൻചാണകം മെഴുകുകയോ തളിക്കുകയോ ചെയ്യണം. തീർത്ഥജലവും തളിക്കാം. 'പഞ്ചഭൂതങ്ങളെക്കൊണ്ടുളവായത്, അവയുടെ അന്തിമപൊരുളായ ഈശ്വരങ്കൽ സമർപ്പിക്കുന്നു' എന്ന സങ്കല്പത്തിൽ ശരീരം, പ്രാണൻ, മനസ്സ്, ബുദ്ധി, ആനന്ദം എന്നിങ്ങനെ അഞ്ചാണ് ജീവിതവ്യാപാരത്തിലെ പ്രമുഖങ്ങളായ ഘടകങ്ങൾ. ഇവയെ അന്നമയകോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം ഇങ്ങനെ പഞ്ചകോശങ്ങളായി വേദശാസ്ത്രങ്ങളിൽ വർണ്ണിച്ചിരിക്കുന്നു. ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥകളിലൂടെ ഈ പഞ്ചകോശങ്ങളിൽ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ജീവന് ഏതേതു കോശങ്ങളിൽ ആധിക്യേന മമതയുണ്ടോ അതതു കോശങ്ങളുടെ ധർമ്മങ്ങൾ തന്റെ ആവശ്യങ്ങളായും പരിണമിക്കുന്നു. അധികജീവന്മാരുടേയും ഓരോ ജീവിതത്തിലെയും ജീവിതലക്ഷ്യംതന്നെ അന്നപ്രാണമനോമയകോശങ്ങളുടെ ആവശ്യങ്ങളെ സാധിക്കലും അതിന്റെയൊക്കെ ഉദ്ദേശ്യമാകട്ടെ സുഖം അല്ലെങ്കിൽ ആനന്ദവുമാണ്. നൈമിഷികവും താല്ക്കാലികവുമായ സുഖവൃത്തത്തിൽ ചുറ്റിത്തിരിയുന്നതിനാൽ ജീവൻ ആത്മാവിൽനിന്ന് വളരെയധികം അകന്ന അന്നമയകോശമെന്ന ശരീരത്തിന്റെ അനുഭവങ്ങളിൽ ആണ്ടുപോകുന്നു. അവ ദുഃഖൈകസ്വരൂപങ്ങളുമാണ്. വിജ്ഞാന-ആനന്ദമയകോശങ്ങൾക്കപ്പുറമാണ് സച്ചിദാനന്ദസ്വരൂപമായ ഈശ്വരന്റെ നില. ആനന്ദമയനായ ആത്മാവിനോടടുക്കുംതോറും ആനന്ദനിർവൃതി അനുഭവപ്പെട്ടുകൊണ്ടിരിക്കുകയും അവസാനം പരമാനന്ദം-മോക്ഷം-പ്രാപിക്കുകയും ചെയ്യുന്നു.

ജീവന്റെ ഈ പരമലക്ഷ്യത്തിലേക്കുള്ള നീണ്ട പ്രയാണത്തിൽ ലഭിച്ചിരിക്കുന്ന സുദുർല്ലഭസന്ദർഭമാണ് മനുഷ്യജന്മം. ഈ ജീവി

തത്തെ നാലാശ്രമങ്ങളായി വ്യവസ്ഥപ്പെടുത്തിയതിന്റെ ഉദ്ദേശ്യവും ജന്മസാഫല്യമല്ലാതെ മറ്റൊന്നുമല്ല. കാമക്രോധമദമാത്സര്യാദി അധർമ്മപ്രവൃത്തികളിൽപ്പെട്ടു ജീവനെ അധഃപതിപ്പിക്കാതിരിക്കാൻവേണ്ടി ഈശ്വരസങ്കല്പമനുസരിച്ചു ഋഷീശ്വരന്മാർ മനുഷ്യധർമ്മങ്ങളെന്തെല്ലാമെന്നു വ്യവസ്ഥപ്പെടുത്തിത്തന്നിട്ടുണ്ട്. ക്രമാനുഗതമായ ധർമ്മാചരണത്തിലൂടെ, കർമ്മ സംസ്ക്കാരങ്ങളിലൂടെ, യോഗമാർഗ്ഗത്തിൽ (മോക്ഷോപായത്തിൽ) പ്രവേശിക്കാൻ കഴിയുന്നു. ജീവൻ ധർമ്മവൃത്തികളെക്കൊണ്ടു സ്വയം മോക്ഷോപായത്തിന് അധികാരിയായിത്തീരുന്നു. എന്തെന്നാൽ ജീവൻ മനസ്സുകൊണ്ടു ചെയ്യുന്ന പുണ്യപാപങ്ങളുടെ ഫലത്തെ മനസ്സുകൊണ്ടും വാക്കുകൊണ്ടു ചെയ്യുന്ന പുണ്യപാപങ്ങളുടെ ഫലത്തെ വാക്കുകൊണ്ടും ശരീരം കൊണ്ടു ചെയ്യുന്ന പുണ്യപാപങ്ങളുടെ ഫലത്തെ ശരീരംകൊണ്ടും അനുഭവിക്കുന്നു`. (മനുസ്മൃതി 12-10) ആഗ്രഹങ്ങളുടെ അനുഭവംകൊണ്ട് അവ ഒരിക്കലും ശമിക്കുന്നതല്ല. ഹവിസ്സുകൊണ്ടു ഈശ്വരബോധകമായ ഓം അല്ലെങ്കിൽ സ്വസ്തികം ചിതാകുണ്ഡത്തിൽ മന്ത്രോച്ചാരണപൂർവ്വം എഴുതണം. യജ്ഞകുണ്ഡത്തിനെന്നപോലെ ചിതാകുണ്ഡത്തിനും ഗോളാകൃതിയിൽ മേഖലയുണ്ടായിരിക്കും. അങ്ങനെ അക്ഷതം, എള്ള് എന്നിവയാൽ വലയം നിർമ്മിക്കുവാൻ സൗകര്യമുള്ള സ്ഥാനത്തു ചിതയ്ക്കു നാലുവശത്തും അഥർവ്വവേദത്തിലെ മന്ത്രങ്ങളുടെ ഉച്ചാരണപൂർവ്വം വിറകുകൊണ്ടു വലയമുണ്ടാക്കണം. നാലുവശത്തും നാലു വലിയ വിറകുകഷണങ്ങൾ വെയ്ക്കണം. അതിനുമീതെ പിന്നീട് അടുക്കുന്ന വിറകുകൾ ഈ നാലു വിറകിനകത്ത് ഒതുങ്ങത്തക്ക വിധം അകലത്തിലാണു വെയ്ക്കേണ്ടത്. ഈ ചടങ്ങിന്റെ താല്പര്യമിതാണ്.

തനിക്കും തന്റെ കുടുംബത്തിനും മര്യാദയ്ക്കു കഴിയാനുള്ള വകയല്ലാതെ കൂടുതൽ ചേർത്തു വെയ്ക്കാൻ ഒരുമ്പെടരുത്. ധനലാലസ അമിതമായാൽ മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽനിന്നു തെറ്റിപ്പോവാനിടയുണ്ട്. ധനസംബന്ധമായ പരിധി നിശ്ചയിച്ച് ജീവശുദ്ധിക്കായി പൂർവ്വദിഗ്ഭാഗത്ത് ആദ്യത്തെ വിറകു വെയ്ക്കുന്നു.

നിയന്ത്രിത ജീവിതത്തിന്റെ ചിഹ്നമാണ് ചിതക്കുഴിയിൽ തെക്ക്ഭാഗത്തു വയ്ക്കുന്ന രണ്ടാമത്തെ വിറക്. നിരാശ പാടില്ല. എന്നാൽ ആശകളെ അണപൊട്ടിപ്രവഹിക്കാനനുവദിച്ചാൽ ജീവിതംതന്നെ അതിൽ മുങ്ങി നശിക്കും. ജീവശക്തിക്കുള്ള പരിമിത കാമം-ആഗ്രഹം-ദ്യോതിപ്പിക്കുന്നതാണിത്.

പ്രശംസയിൽ ആമോദിക്കാത്തവർ വളരെ ചുരുക്കം. ആശാവഹമായ ജീവിതത്തിനു കീർത്തി ഉപകരിക്കും. പക്ഷേ അതിനുമുണ്ട് പരിധി. പ്രശംസയ്ക്കും കീർത്തിക്കും വേണ്ടി എന്തും ചെയ്യാമെന്ന സ്ഥിതി അധർമ്മാചരണത്തിനും അന്യായത്തിനും കാരണമാക്കി ജീവനെ അധഃപതിപ്പിക്കുമെന്നതിനാൽ യശോനിയന്ത്രണത്തിന്റെ ചിഹ്നമായി പടിഞ്ഞാറുഭാഗത്ത് ഒരു സമിധ വെയ്ക്കുന്നു.

ദ്വേഷത്തെ അടക്കുന്ന ചിഹ്നമാണ് വടക്കുഭാഗത്തു വെയ്ക്കുന്ന സമിധ. മനുഷ്യരെല്ലാം ഒരേ പ്രകൃതക്കാരായിരിക്കില്ല. അസഹിഷ്ണുതയും ക്രോധവും ജീവിതമൂല്യത്തെ നശിപ്പിച്ചുകളയാനിടയുണ്ട്. അവ വിദ്വേഷത്തിന്റെ വിഷംവമിച്ചു തനിക്കും അന്യർക്കും ഉപദ്രവം ഉണ്ടാക്കും. അതിനാൽ ദേഷ്യത്തെ വേണ്ടവിധം നിയന്ത്രിച്ചു ജീവന്റെ മേൽഗതിയ്ക്കു സഹായകമാക്കിത്തീർക്കണം. ഈശ്വരവിഭൂതികളായ സൂര്യവരുണചന്ദ്രാദിദേവതകളെ സംബോധനചെയ്തു ജീവോദ്ധാരണാർത്ഥം ചെയ്യുന്ന ക്രിയയാണിത്. ഇങ്ങിനെ ആദ്യത്തെ നാലു സമിധ വെച്ചതിനുശേഷം മാവ്, പ്ലാവ്, ആൽ എന്നീ വിറകുകൾകൊണ്ടു ചിത ഒരുക്കണം.

ഇതിന്നിടയ്ക്കു പ്രേതത്തെ കുളിപ്പിച്ചു കോടിവസ്ത്രംകൊണ്ടു മൂടി കുശ-ദർഭപ്പുല്ലുകൾകൊണ്ടോ മാവിലകൊണ്ടോ തീർത്ഥജലം തളിച്ചു ശുദ്ധമാക്കണം. യജ്ഞസാമഗ്രി ശുദ്ധമായിരിക്കണമല്ലോ. മനുഷ്യശരീരം അവസാനഹവിസ്സായിത്തീർക്കുന്നതിനാണ് മന്ത്രോച്ചാരണപൂർവ്വം പാദം മുതൽ ശിരസ്സുവരെ തീർത്ഥം തളിക്കുന്നത്. യജ്ഞസാധനങ്ങൾ എടുത്തുകൊണ്ടുപോകുന്ന പവിത്രഭാവത്തോടെ ശുദ്ധമാക്കപ്പെട്ട ശവവും ചിതയിലേക്കെടുത്തുകൊണ്ടു പോകുമ്പോൾ പ്രേതത്തിനു മുൻപിൽ തീക്കനൽ നിറച്ച ഒരു പാത്രം കൂടി എടുത്തുകൊള്ളണം. കൂടാതെ ഒരു കുടം ജലം, ആമാന്നം

(ഉണക്കലരി നനച്ചത്), ദർഭ, കർമ്മപാത്രം, രണ്ട് ഇല, എള്ള്, പുഷ്പം, പശുവിൻനെയ്യ്, ചന്ദനത്തടി, തുളസിക്കമ്പ്, പശുവിൻചാണകം, കർപ്പൂരം, സാമ്പ്രാണി മുതലായവ ചിതയ്ക്കടുത്ത് ഒരുക്കി വെച്ചിരിക്കണം. തീക്കനൽ ചിതയുടെ തെക്കുപടിഞ്ഞാറുവശത്തു വെച്ചിട്ടു പ്രേതത്തെ മന്ത്രോച്ചാരണപൂർവ്വം ചിതയിൽ തല തെക്കോട്ടാക്കി മലർത്തിക്കിടത്തണം. തുടർന്നു യഥായോഗ്യം പിണ്ഡാദി കർമ്മങ്ങൾ നടത്താം. കർമ്മി ചിതയ്ക്കു വാമാവർത്തമായ കർമ്മ പാത്രജലം പ്രോക്ഷിച്ചുകൊണ്ട് പാദസ്ഥാനത്തുവന്നു പുഷ്പവും മറ്റു സുഗന്ധദ്രവ്യങ്ങളും ചിതയിൽ സമർപ്പിക്കണം. പ്രേതത്തിന്റെ ശിരസ്സിനു പടിഞ്ഞാറുവശം ചെന്നു തെക്കോട്ടു തിരിഞ്ഞുനിന്നു ചിതയ്ക്കു സാവധാനം തീ കൊടുക്കണം. ചിതയ്ക്കുമേൽ വേണ്ടുവോളം വിറകുകൾ വച്ചുകൊണ്ട് ചിതയുടെ മറ്റുഭാഗങ്ങളിലും തീ കൊളുത്താമെങ്കിലും ആദ്യം സ്ഥാപിച്ച അഗ്നി ചിതയിൽ നല്ലപോലെ കത്തിജ്വലിച്ചിരിക്കണം. ഈ സന്ദർഭത്തിൽ ചിതയുടെ കാൽക്കൽ തുടങ്ങി വാമാവർത്തമായി വെള്ളം ഒഴുക്കിക്കൊണ്ടു മൂന്നു പ്രദക്ഷിണം വച്ചു കാൽക്കൽ ചെന്നു വടക്കോട്ടുതിരിഞ്ഞു നിന്നു കുടം പുറകോട്ട് എറിയുന്ന (കുടമുടയ്ക്കുന്ന) ചടങ്ങും ആവാം. എല്ലാവരുടേയും ക്ഷീണം തീർക്കുന്നതിനു കഴിവുള്ള മധുരമായ ഈ ജലം ഈ പ്രേതത്തെ ചുറ്റി നില്ക്കുന്ന ആത്മാവിന്റേയും ക്ഷീണം തീർക്കുമാറാകട്ടെ എന്നാണിതിന്റെ സങ്കല്പം. എന്നിട്ടു ഹോമം ചെയ്യുന്ന മാതിരി ഏഴുപ്രാവശ്യമായി എരിയുന്ന ചിതയിൽ പശുവിൻനെയ്യ് മന്ത്രോച്ചാരണപൂർവ്വം ആഹുതി ചെയ്യുക. ശരീരഭാഗങ്ങൾ എരിഞ്ഞെരിഞ്ഞ് അഗ്നിദേവതയ്ക്കു സമർപ്പിക്കപ്പെടുന്നു. അഥവാ ശരീരാംശങ്ങൾ ഓരോന്നും യജ്ഞാംഗമായി ഭവിക്കണമെന്നതിന്റെ സങ്കല്പത്തിൽ പ്രജ്വലിക്കപ്പെട്ട ചിതാഗ്നിയിൽ സാമഗ്രികളും നെയ്യും ചേർത്തു കർമ്മിയും ബന്ധുജനങ്ങളും ചേർന്ന് ആഹുതി നല്കണം. എല്ലാവരും ചേർന്നു മന്ത്രമുച്ചരിക്കാം. ചിത ആളിക്കത്തുന്ന സന്ദർഭമായതിനാൽ വളരെ സൂക്ഷിച്ചു ചെയ്യേണ്ട കർമ്മമാണിത്. പിന്നീട് ഗായത്രീമന്ത്രം ചൊല്ലി അഞ്ച് ആഹുതികൾകൂടി നല്കണം. ചിത എരിഞ്ഞടങ്ങാറാകുമ്പോൾ ഒരു തേങ്ങ ചൂഴ്ന്നു നെയ്യ് നിറച്ചു ചിതയുടെ ശിരോഭാഗത്തു നിക്ഷേപിക്കണം.

പ്രേതത്തിന്റെ തലയുടെ സ്ഥാനത്ത് പൂർണ്ണാഹുതി മന്ത്രജപത്തോടുകൂടി അതു വെയ്ക്കുന്നു. അന്ത്യേഷ്ടിസംസ്കാരത്തിന് ഒരുക്കിവച്ച യജ്ഞസാമഗ്രികളും പശുവിൻനെയ്യും ബാക്കി വന്നതു മുഴുവൻ 'വസോർധാര' മന്ത്രജപത്തോടുകൂടി ചിതയിൽ അവസാനമായി സമർപ്പിക്കുന്നു.

ചിത എരിഞ്ഞടങ്ങിയശേഷം വാമാവർത്തമായി കർമ്മപാത്രത്തിലെ ജലംകൊണ്ട് പ്രോക്ഷണം (ശാന്തിമന്ത്രോച്ചാരണപൂർവ്വം) ചെയ്യുന്നതോടുകൂടി സംസ്ക്കാരക്രിയകൾ സമാപിക്കുന്നു. ഭൗതികതലത്തിൽ ഒരു മനുഷ്യന്റെ അന്തിമസംസ്ക്കാരം ഈ അന്ത്യേഷ്ടികർമ്മത്തോടുകൂടി സമാപിക്കുന്നു.

അന്ത്യേഷ്ടികർമ്മത്തിൽ മൃതദേഹം ദഹിക്കുന്നതിനു വേണ്ടി വരുന്ന രണ്ടുരണ്ടര മണിക്കൂർ സമയം അതുമിതും പറഞ്ഞു പാഴാക്കാതെ തികച്ചും ആദ്ധ്യാത്മികമായ അന്തരീക്ഷമനുഭവപ്പെടാൻ ശ്രദ്ധിക്കേണ്ടതാകുന്നു. ആദ്ധ്യാത്മികഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതും പ്രവചനം ചെയ്യുന്നതും അതു ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നതും ഭഗവന്നാമജപം നടത്തിക്കൊണ്ടിരിക്കുന്നതും സന്ദർഭോചിതമായിരിക്കും. പരേതാത്മാവിനും സന്നിഹിതരായിരിക്കുന്നവർക്കും ആശ്വാസപ്രദമായിരിക്കും.

ഓം ആയുർയജ്ഞേന കല്പതാം.... എന്നു തുടങ്ങുന്ന ശരീരയജ്ഞമന്ത്രങ്ങളുടെ താല്പര്യം അവശ്യം അറിഞ്ഞിരിക്കേണ്ടതാണ്. ആയുസ്സ്, നാക്ക്, ചെവി, മനസ്സ്, ജീവൻ എന്നിവയെല്ലാം യജ്ഞത്തിന്നായ്ക്കൊണ്ട് സമർപ്പിക്കപ്പെടേണ്ടവയാണെന്ന് ഓർമ്മിപ്പിക്കുന്നു. ജീവിക്കുന്നിടത്തോളം കാലം സത്യസാക്ഷാത്ക്കാരത്തിന്നായ്ക്കൊണ്ട് ജീവിക്കട്ടെ. ഈശ്വരപൂജയും ഉപാസനയും ചെയ്തുകൊണ്ടിരിക്കട്ടെ. വിയർത്തൊലിക്കത്തക്കവിധം പണിയെടുക്കട്ടെ. എനിക്കുവേണ്ടിയല്ല, സമുദായത്തിനുവേണ്ടി, വിരാഡ്ബ്രഹ്മത്തിനുവേണ്ടിയെന്ന ബോധപൂർവ്വം മനുഷ്യായുസ്സ് യജ്ഞത്തിന്നായ്ക്കൊണ്ടാകുന്നു. സമ്പത്ത്, സാഹസം, സഹിഷ്ണുത, ശക്തി, ചാതുര്യം, പ്രതിഭ തുടങ്ങിയവ സമുദായഹിതം മുൻനിർത്തി വിനിയോഗിക്കട്ടെ. ദൃഷ്ടി യജ്ഞാർത്ഥമാകുന്നു. പവിത്രവും സ്നേഹമ

സൃണവുമായ ദൃഷ്ടിയിൽ എല്ലാ പദാർത്ഥങ്ങളെയും നോക്കുകയും അവയെ കൂടുതൽ സുന്ദരവും പവിത്രവുമാക്കിത്തീർക്കാൻ ഉദ്യമിക്കുകയും ചെയ്യുക. സുന്ദരവും ആകർഷകവുമായവ തനതാക്കാനുള്ള ആശയ്ക്കിടം നല്കാതെ അവ ഈശ്വരകലകളാണ് ഈശ്വരനുള്ളതാണ് എന്നു വിചാരം ചെയ്യുക. സദുദ്ദേശപൂർവ്വം നോക്കട്ടെ; ദുർവികാരജന്യമായ കാഴ്ചകൾ കാണാതിരിക്കട്ടെ, സത്സാഹിത്യങ്ങൾ വായിക്കട്ടെ. സാത്വികപ്രേരണയുളവാക്കുന്ന ദൃശ്യങ്ങൾ കാണട്ടെ, ബുദ്ധിപൂർവ്വം കണ്ടറിഞ്ഞ് കൊള്ളേണ്ടതിനെ കൊള്ളുകയും തള്ളേണ്ടതിനെ തള്ളുകയും ചെയ്യട്ടെ. നാവ്-നാക്ക്-യജ്ഞാർത്ഥമാകുന്നു. മധുരവും ഉത്സാഹജനകവും ശ്രേയസ്കരവുമായ വാക്കുകൾ പറയട്ടെ. സത്യനിഷ്ഠരായിരിക്കുവാൻ ശ്രദ്ധിക്കട്ടെ. വ്യാവഹാരികമായി അഭിപ്രായഭിന്നതയുണ്ടായാലും അപ്രിയം പറയേണ്ടിവന്നാലും ശാലീനത വെടിയാതിരിക്കട്ടെ. വാക്സംയമം ഒരു തപശ്ചര്യയാകുന്നു. മനസ്സ്-വിചാരം യജ്ഞത്തിന്നായ്ക്കൊണ്ടാകുന്നു. ജീവനെ അധഃപതിപ്പിക്കുന്ന അനർത്ഥകരങ്ങളായ ദുർവ്വിചാരങ്ങൾക്കു സ്ഥാനം കൊടുക്കാതെ സൂക്ഷിക്കുക. മനുഷ്യന്റെ എല്ലാവിധ സുഖദുഃഖങ്ങൾക്കും ബന്ധമോക്ഷങ്ങൾക്കും കാരണം മനസ്സാകുന്നു. അതിനാൽ മനസ്സിനെ ദുർവ്വിചാരങ്ങളിൽനിന്നും രക്ഷിച്ചു സദ്വിചാരങ്ങളെക്കൊണ്ടും സദ്ഭാവങ്ങളെക്കൊണ്ടും നിറയ്ക്കുക. യജ്ഞസാധനത്തെപ്പോലെ യജ്ഞാർത്ഥമുള്ള മനസ്സിനേയും സംയമംകൊണ്ടും പവിത്രഭാവങ്ങളെക്കൊണ്ടും പരിശുദ്ധമാക്കട്ടെ. ആത്മാവ് യജ്ഞമയമാകുന്നു. ജീവാത്മാവ് പവിത്രവും പരിഷ്കൃതവുമായി പരിണമിക്കുന്ന പ്രക്രിയ അനവരതം പുരോഗമിച്ചുകൊണ്ടിരിക്കുന്നതുതന്നെ ആത്മയജ്ഞം. ഭയവും പരിഭ്രമവുമില്ലാതെ ലക്ഷ്യബോധപൂർവ്വം ആദ്ധ്യാത്മികാനുസന്ധാനനിഷ്ഠയോടെ ജീവിക്കുന്നതാണ് ആത്മാവിനെ യജ്ഞമയമാക്കിത്തീർക്കുന്നത്. നിസ്സന്ദേഹവും സന്തോഷപ്രദവും ശുഭകരവുമായ അന്തഃകരണത്തിലാണ് ഈ യജ്ഞത്തിന്റെ പ്രാധാന്യം. ബ്രഹ്മം യജ്ഞത്തിനുവേണ്ടിയാകുന്നു (ഇവിടെ ബ്രഹ്മശബ്ദംകൊണ്ടുദ്ദേശിക്കപ്പെടുന്നതു വിവേകമാണ്). നമ്മുടെ വിവേകം ഉണർന്നിരിക്കട്ടെ, മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നിവയിലൂടെ അന്തഃകരണങ്ങളിലുളവാകുന്ന വിക്ഷേ

പങ്ങൾ വിവേകംകൊണ്ടു നിയന്ത്രിക്കപ്പെടണം. ജീവിതരഥത്തെ വഴിതെറ്റിക്കാതിരിക്കാൻതക്കവിധം വിവേകം ജാഗരൂകമായിരിക്കണം. ജ്യോതി യജ്ഞത്തിനുവേണ്ടിയാകുന്നു. (ക്രിയാശക്തിയാണ് ഇവിടെ ജ്യോതിശബ്ദത്താൽ ദ്യോദിപ്പിക്കുന്നത്). നമ്മുടെ ശക്തി അപഥമാർഗ്ഗത്തിൽ ചരിക്കാതിരിക്കട്ടെ. നമ്മുടെ ബുദ്ധി സത്യ-ധർമ്മ പഥത്തിൽ നിന്നു വ്യതിചലിക്കാതിരിക്കട്ടെ - ഏതു പ്രകാരം ദീപം സ്വയം എരിഞ്ഞ് ചുറ്റും പ്രകാശം പരത്തുന്നുവോ അപ്രകാരം ജ്യോതിർമ്മയവ്യക്തിത്വംകൊണ്ട് ചുറ്റുമുള്ളവരിൽ സദ്ഭാവനയും പുണ്യപ്രകാശവും പ്രതിഫലിപ്പിക്കുവാൻ സാധിക്കും. സ്വഃ യജ്ഞാർത്ഥമാകുന്നു തന്റെ വ്യക്തിത്വവും അസ്തിത്വവും. സൽക്കർമ്മങ്ങളുടെ വികാസത്തിനുവേണ്ടി; സത്യം-ശിവം-സുന്ദരം സാക്ഷാത്ക്കരിക്കാൻവേണ്ടിയാകുന്നു. നമ്മുടെ ദാഹം സ്വന്തഗർവപ്രകടനത്തിന്നായിട്ടാവരുത്. ധർമ്മം, സത്യം ഈശ്വരൻ ഈ പരമശക്തിയുടെ മഹത്വം ജീവിതതലത്തിൽ പ്രകാശിപ്പിക്കുവാനുള്ള ഉപകരണം മാത്രമായിരിക്കട്ടെ അഹം. പൃഷ്ഠം യജ്ഞത്തിന്നായ്ക്കൊണ്ടാകുന്നു. നമ്മുടെ മുൻഭാഗം നന്നാക്കിക്കാട്ടാൻ ശ്രമിക്കാറുണ്ട്. ഇതിന്നൊരു മറുവശമുണ്ടെന്നു മറക്കാവതല്ല. വർത്തമാനജീവിതത്തിന്റെ അടിസ്ഥാനം വരാൻ പോകുന്ന ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൂതകാലത്തിൽ ബീജാവാപം ചെയ്ത ജീവിതം ധർമ്മമാർഗ്ഗത്തിൽ ചരിച്ചു പരമലക്ഷ്യം പ്രാപിക്കട്ടെ. യജ്ഞവും യജ്ഞത്തിന്നായി ഭവിക്കട്ടെ. അവസാനം ഇതേവരെ ചെയ്തുവന്ന യജ്ഞകർമ്മങ്ങളും അതിന്റെ പിന്നിലുള്ള ഇച്ഛകളും യജ്ഞം ചെയ്യുകയാണ്- സർവ്വസ്വാർപ്പണം ചെയ്യുന്നു. ദിവംഗതനായ ആത്മാവ് മുഴുമിക്കാത്ത സൽക്കർമ്മങ്ങൾ ചെയ്തു പൂർത്തിയാക്കാൻ പിൻഗാമികൾക്കുള്ള ആദേശവാണിയും ഇതിലടങ്ങിയിരിക്കുന്നു.

അവരവരുടെ കർമ്മഫലം അവരവർതന്നെ അനുഭവിക്കണമെന്നിരിക്കേ മരിച്ച ആളിനുവേണ്ടി പിൻഗാമികൾ കർമ്മങ്ങൾ ചെയ്യുന്നതെന്തിന്? അവരവർക്കുവേണ്ടിത്തന്നെ. തന്റെ ജീവശുദ്ധിയും മേൽഗതിയും ഐഹികവും പാരത്രികവുമായ ജീവിതസുഖവും ഇച്ഛിക്കുന്നവരെല്ലാം ബന്ധപ്പെട്ട മുൻഗാമികളോടുള്ള കടമകൾ യഥാ

യോഗ്യം നിർവ്വഹിക്കണം. ജീവിതാടിസ്ഥാനത്തെ പവിത്രവും പ്രബലവുമാക്കിത്തീർക്കുന്ന നന്ദിപ്രകടനമാണ് പഞ്ചമഹായജ്ഞങ്ങൾ. അതുപോലെ മരിച്ചവരെ യഥാവിധി സംസ്ക്കരിച്ച് പരേതാത്മാവിന്റെ സദിച്ഛകൾക്കനുസൃതമായി സത്ക്കർമ്മങ്ങൾ ചെയ്യുന്നതു പ്രാഥമിക കർത്തവ്യമാകുന്നു. ശുദ്ധമനസ്സോടെ ചെയ്യുന്ന ഇത്തരം കർമ്മങ്ങൾ പരേതാത്മാവിന്റെ സദ്ഗതിക്ക് സഹായകമാകുമെന്നു മാത്രമല്ല ചെയ്യുന്നവരുടെ ജീവശുദ്ധിക്കും പ്രേരണാസ്പദമാവും. മൃതദേഹം യഥാവിധി സംസ്ക്കരിച്ചതിനെത്തുടർന്ന് കർമ്മി ഉൾപ്പെടെ അതിൽ പങ്കെടുത്തവർ ചിതയ്ക്ക് അവസാനമായി പ്രദക്ഷിണം ചെയ്തു കൊണ്ട് മടങ്ങുന്നു. തുടർന്നു സ്നാനം ചെയ്തിട്ട് എള്ളും ദർഭയും ജലവും ചേർത്തു ഉദകക്രിയ (തിലോദകം) നടത്തണം. വീടും പരിസരവും അടിച്ചുതളിച്ച് ശുദ്ധമാക്കി പ്രത്യേകഹോമം നടത്തുന്നതും അന്തരീക്ഷശുദ്ധിക്കും മനസ്സമാധാനത്തിനും വളരെ പ്രയോജനമായിരിക്കും. തുടർന്നു ദിവസവും ബലിയിടുന്നു. പിണ്ഡദാനകർമ്മവും പത്താം ദിവസം പുലകുളിയും പതിമൂന്നാം ദിവസം സപിണ്ഡീകരണശ്രാദ്ധവും നടത്തണം. മൃതശരീരസംസ്ക്കരണത്തിനുശേഷം പത്തു ദിവസത്തിനകം അസ്ഥി സഞ്ചയനം ചെയ്തുകൊള്ളണം. സപിണ്ഡീകരണത്തിനുമുമ്പു പതിനാറു ശ്രാദ്ധം നടന്നിരിക്കണമെന്നു വിധിയുണ്ട്. മരിച്ച ദിവസം മൂന്ന്, പത്താം ദിവസംവരെ സഞ്ചയന ശ്രാദ്ധമുൾപ്പെടെ പതിനൊന്ന്, പതിനൊന്നും പന്ത്രണ്ടും ദിവസങ്ങളിൽ രണ്ട് ഈ ക്രമത്തിലാണവ നടത്തേണ്ടത്. ഇതോടുകൂടി പരേതാത്മാവിന്റെ സ്മരണയിൽ ദരിദ്രനാരായണപൂജ (അന്നദാനം) ധർമ്മവികാസത്തിനുതകുന്ന ദ്രവ്യദാനം മുതലായ പുണ്യകർമ്മങ്ങൾ യഥാശക്തി ചെയ്തുകൊണ്ടിരിക്കണം.

മരണശേഷം ജീവാത്മാവിന്റെ പുണ്യങ്ങളുടെ ഏറ്റക്കുറവനുസരിച്ചു പിതൃയാനത്തിലേക്കോ ദേവയാനത്തിലേക്കോ പോകുന്നതിനു മുൻപു പതിമൂന്നു ദിവസംവരെ പ്രേതഭാവത്തിൽ (സൂക്ഷ്മരൂപത്തിൽ) അടുത്ത അന്തരീക്ഷത്തിൽ ചുറ്റിക്കൊണ്ടിരിക്കും. പരേതാത്മാവിന്റെ സങ്കല്പത്തിൽ ഇവിടെ നടത്തപ്പെടുന്ന പുണ്യകർമ്മങ്ങളുടെ ശക്തികൊണ്ടുവേണം ജീവാത്മാവ് ഊർദ്ധ്വഗതി പ്രാപിക്കുവാൻ. പാപകർമ്മങ്ങളുടെ കൂടുതൽകൊണ്ടു ഘനീഭവിച്ച ജീവാ

ത്മാവിന് അത്രകണ്ടു ദുഃഖങ്ങളിലൂടെ പിതൃയാനംവഴി ഭൂമണ്ഡലത്തിനപ്പുറം ചന്ദ്രമണ്ഡലത്തിൽ എത്തേണ്ടതായിട്ടുണ്ട്. പുണ്യാധിക്യമുള്ള ജീവൻ ശീഘ്രഗതിയിൽ ചന്ദ്രമണ്ഡലമോ, ആദിത്യമണ്ഡലമോ, അതിനുമപ്പുറമുള്ള ദ്യുലോകങ്ങളിലോ ഭ്രമണംചെയ്തു പുണ്യങ്ങൾ ക്ഷയിക്കുന്നതോടുകൂടി അടുത്ത ജന്മത്തിനർഹമായ സ്ഥാനത്തേക്കു വീണ്ടും വരുന്നു. ദുഷ്കൃതികളായ ജീവന്മാർ പ്രേതഭാവത്തിൽ തപിച്ചുകൊണ്ട് (ഗതികിട്ടാത്ത പ്രേതമായി) ചുറ്റുന്നതിനിടയ്ക്കു പുണ്യസ്ഥലങ്ങളുടേയും പുണ്യാത്മാക്കളുടേയും സമ്പർക്കമുണ്ടാകാനിടവരുമ്പോൾ മേല്പോട്ടു പൊന്തുകയും പിന്നീടു ഭൂമിയിലേക്കു പതിച്ചു കർമ്മങ്ങൾക്കനുരൂപമായി കൃമികീടാദിജന്തുയോനികളിൽ പിറക്കുകയും ചെയ്യുന്നു. പഞ്ചഭൂതതന്മാത്രകളെക്കൊണ്ടു പഞ്ചീകരിക്കപ്പെടുന്നതുവരെ ഓരോ ജീവനും വിട്ടുപോയ ജീവിതവും ശരീരവുമാണ് ഓർമ്മിക്കുന്നത്. പഞ്ചീകരണപ്രക്രിയയ്ക്ക്ശേഷം വരാൻപോകുന്ന ശരീരവും ജന്മവുമാണോർമ്മവരിക. എങ്ങനെയായാലും ജനനമരണങ്ങൾ ദുഃഖദായകമാകുന്നു. പുണ്യാത്മാക്കൾ ഉൽകൃഷ്ടവും സൗകര്യപ്രദവുമായ ജന്മമെടുക്കുമ്പോൾ അതിൽ താഴ്ന്നവർ കൂടുതൽ സുഖപ്രദമായ കുലത്തിൽ പിറക്കുമെന്നു മാത്രം. പുണ്യലേശമില്ലാത്ത പാപകർമ്മികളായിരുന്ന ജീവന്മാർ മനുഷ്യേതരയോനികളിൽ ജനിക്കുന്നു. അപൂർവ്വം ചില പുണ്യാത്മാക്കൾ മാത്രം ഈ സംസാരത്തിന്റെ അതിർത്തിയായ ദ്യുലോകത്തിനപ്പുറം ചെന്നു ജനനമരണരഹിതമായ പരമധാമത്തെ പ്രാപിക്കുന്നു.

സമ്പത്തും സൗകര്യങ്ങളുമുള്ള കുലത്തിൽ ജനിക്കുന്നവരിൽ മന്ദബുദ്ധികളും മൂഢന്മാരും ദുഃഖികളും ധാരാളമുണ്ട്. അതുപോലെ ദാരിദ്ര്യവും അസൗകര്യങ്ങളുമുള്ള കുലത്തിൽ ജനിക്കുന്നവരിൽ സൂക്ഷ്മബുദ്ധികളും പരോപകാരികളും സന്തുഷ്ടരും സംതൃപ്തചിത്തരും സുഖികളുമായവരെയും കാണാം. ഈ ജീവിതവൈപരീത്യങ്ങൾ കണ്ടറിയുമ്പോൾ ജീവിതസുഖം എവിടെയാണെന്ന ചോദ്യമുയരുന്നു. അതാണ് ശ്രുതിയുക്ത്യനുഭവപൂർണ്ണമായ സനാതന ധർമ്മം ഉദ്ഘോഷിക്കുന്നത്. സുഖത്തിന്റെ ഇരിപ്പിടം ഈശ്വരൻ മാത്രമാണെന്ന്. നാശരഹിതമായ ഈ പരമസുഖപ്രാപ്തിക്കുവേ

ണ്ടിയാണ് ജീവിതത്തെ യജ്ഞമയമാക്കിത്തീർക്കണമെന്നനുശാസിക്കുന്നത്. യജ്ഞമെന്നാൽ - യജിക്കുക- ഈശ്വരാർപ്പണമാക്കി കർമ്മമാചരിക്കുക - ധർമ്മം അനുഷ്ഠിക്കണമെന്നു താത്പര്യം. അതുകൊണ്ട് അപരക്രിയയോടനുബന്ധിച്ചു കർമ്മങ്ങളും ഉൽകൃഷ്ടഭാവത്തോടെ അനുഷ്ഠിച്ചു യജ്ഞമാക്കിത്തീർക്കണം. അതു പരേതാത്മാവിനും പിൻഗാമികൾക്കും ആശ്വാസപ്രദമായിരിക്കുമെന്നും അവശ്യം അനുഷ്ഠിക്കേണ്ടതാണെന്നും ധർമ്മഗ്രന്ഥങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

## തർപ്പണം-ശ്രാദ്ധം

പഞ്ചമഹായജ്ഞത്തിൽ പറയുന്ന ശ്രാദ്ധാദികർമ്മങ്ങൾ പരിചയമില്ലാത്തവർ സംശയിക്കുന്നതുപോലെ വിഷമമുള്ള കാര്യമല്ല. അഞ്ചുനിമിഷങ്ങൾക്കകം എളുപ്പത്തിൽ അനുഷ്ഠിക്കാവുന്നതാണ്. എന്നാൽ ശവസംസ്ക്കാരത്തെ തുടർന്നു പതിമൂന്നാംദിവസം വരെ പിൻഗാമിയായ കർമ്മി പ്രത്യേകനിഷ്ഠയോടെ ബലിപ്പുരകെട്ടി, ബലിയിട്ടു ശ്രാദ്ധം നടത്തേണ്ടതുമാണ്. മൂന്നാം ദിവസം അഥവാ ശവദാഹത്തിനുശേഷം പത്തുദിവസത്തിനകം അസ്ഥിസഞ്ചയനകർമ്മവും പതിമൂന്നാം ദിവസം സപിണ്ഡീകരണശ്രാദ്ധവും പ്രാധാന്യമുള്ളതാണ്. ഇതിനെ പുലകുളി, പതിനാറടിയന്തിരം എന്നൊക്കെ പറയാറുണ്ട്. പരേതാത്മാവിനെ ഉദ്ദേശിച്ചുകൊണ്ടാണെങ്കിലും കുടുംബശുദ്ധി, സമുദായക്ഷേമം, ധർമ്മപ്രചോദനം എന്നിവയ്ക്കുള്ള കർമ്മമാണിത്.

സ്ഥൂലദേഹം-അന്നമയകോശം-ഉപേക്ഷിച്ച ജീവനെ പ്രേതം എന്നു പറയുന്നു. ഇന്നിലയിൽ ജീവശുദ്ധീകരണത്തിന് ചെയ്യുന്ന ശ്രാദ്ധകർമ്മത്തെ പ്രേതക്രിയ എന്നാണ് പറയുക. അന്നമയകോശത്തോടൊപ്പം പ്രാണമയകോശവും നശിക്കുന്നു. പിന്നീട് മനോമയകോശത്തിൽ സ്ഥിതിചെയ്യുന്ന ജീവനെ പ്രേതലോകത്തിൽനിന്നും പിതൃലോകം പ്രാപിക്കുവാൻ സഹായിക്കുന്ന കർമ്മങ്ങളാണ് സപിണ്ഡീകരണംവരെ നടത്തുന്ന ശ്രാദ്ധ-തർപ്പണ-യജ്ഞ-ദാനാദി കർമ്മങ്ങൾ. പുണ്യാത്മാക്കൾ സ്വർഗ്ഗാദിലോകങ്ങളിലേക്കും പാപാത്മാക്കൾ നരകയാതനയുടെ ലോകങ്ങളിലേക്കും പോകുന്നുവെന്ന

തിന്റെ സൂക്ഷ്മാർത്ഥം പുണ്യപാപങ്ങൾക്കനുസൃതമായ യാതനാ ശരീരങ്ങളെ വീണ്ടും പ്രാപിക്കുന്നുവെന്നതാണ്. പഞ്ചതന്മാത്രക ളാൽ പഞ്ചീകരിക്കപ്പെടുന്നതുവരെ ജീവന് ജ്ഞാനികളുടെ പവി ത്രശ്രദ്ധ സഹായകമായും പാപശ്രദ്ധ ബാധകമായും ഭവിക്കും.

സൃഷ്ടികളുടെ വളർച്ചയിലും സമാനതയിലും കാലസ്വരൂപ നായ യമധർമ്മനുള്ള പങ്ക് അനുസ്മരിച്ചുകൊണ്ടു സപിണ്ഡീകര ണദിനത്തിൽ യമപൂജ ചെയ്യാറുണ്ട്. യമന്റെ പ്രതീകമായി നെല്ലോ ഗോതമ്പോ നിറച്ച നിറപറയോ നിറനാഴിയോ വച്ച് പൂജിക്കുകയും സ്തുതിക്കുകയും ചെയ്യാം. നെല്ല് അന്നത്തിന്റെ പ്രതിനിധിയാണ്. അന്നമാകട്ടെ ജീവിതത്തിന്നത്യന്താപേക്ഷിതവുമാകുന്നു. സ്ഥൂലശ രീരത്തെ വീർപ്പിക്കാൻ മാത്രമുള്ളതല്ല ഭക്ഷണം, നമ്മുടെ ആഹാര ത്തിന്റെ സൂക്ഷ്മമായ ഗുണദോഷാംശങ്ങൾ ജീവസംസ്ക്കാരത്തിന് അനുകൂലമായോ പ്രതികൂലമായോ പരിണമിക്കും. അതുകൊണ്ടാണ് ഹിതകരമായ അന്നപ്രാപ്തിക്ക് യജ്ഞം ചെയ്യണമെന്നു വിധിച്ചി രിക്കുന്നത്.

ഈ അന്നവും യജ്ഞത്തിനായിക്കൊണ്ട് ഈശ്വരാർപ്പണ മാക്കി വിനിയോഗിക്കണം. അങ്ങനെ യജ്ഞശിഷ്ടമായി-ഈശ്വര പ്രസാദമായി-ഭുജിക്കുവാൻ സാധിച്ചാലതു ജീവന്റെ ഉന്നതിക്കെന്ന പോലെ പ്രകൃതിയുടെ സമതുലിതാവസ്ഥയ്ക്കും സഹായകമായി രിക്കും. ശ്രദ്ധാപൂർവ്വം നിർവ്വഹിക്കുന്ന ശ്രാദ്ധാദികർമ്മങ്ങളിൽ ഇങ്ങനെ പ്രധാനമായ ജീവിതതത്വങ്ങൾ ഉൾക്കൊള്ളുന്നു.

ഇനി പതിമൂന്നാം ദിവസത്തെ കർമ്മങ്ങളുടെ ഏകദേശരൂപം പറയട്ടെ. കർമ്മിയും ബന്ധുജനങ്ങളും നേരത്തെ കുളിച്ചു ശുദ്ധ വസ്ത്രം ധരിച്ചു സാധാരണ യജ്ഞപൂജാദികൾ നടത്തണം. യജ്ഞ ത്തിൽ വിശേഷമായി സ്വിഷ്ടകൃതഹോമം (പായസാന്നം) അർപ്പി ക്കാം. യമസ്തുതി എല്ലാവരും ചേർന്നു ചൊല്ലാം. എന്നിട്ട് കർമ്മി, വലതു കയ്യിൽ അക്ഷതം, പുഷ്പം, ജലം എന്നിവയെടുത്തു മന്ത്രോ ച്ചാരണപൂർവ്വം അർപ്പിക്കണം. മരണോത്തരകർമ്മത്തിൽ പിതൃദേ വതയ്ക്കാണ് വിശേഷത. അതിനാൽ ആദ്യമായി താഴെചേർക്കുന്ന മന്ത്രം ജപിച്ചുകൊണ്ടു പിതൃദേവതയെ ആഹ്വാനം ചെയ്യുന്നു.

**വിശ്വേ ദേവാസ ആഗത സൃണുതാമ ഇമങ്ഹവം**
**ഏദം ബർഹിർനിഷീദത**

തുടർന്നു പിതൃദേവതയ്ക്കു ഷോഡശോപചാരപൂർവ്വം പൂജ ചെയ്യണം. ധൂപദീപജലഗന്ധാദിപൂജാസാമഗ്രികളും നിവേദ്യവും യഥാക്രമം പൂജാമുദ്രയിൽ മന്ത്രങ്ങളുച്ചരിച്ചുകൊണ്ട് അർപ്പിക്കണം. പുഷ്പാഞ്ജലിക്കു പുരുഷസൂക്തവും ചൊല്ലാവുന്നതാണ്. പൂജാവസാനം അക്ഷതമിട്ടു പ്രദക്ഷിണംചെയ്തു വന്ദിക്കണം. ഷോഡശോപചാരപൂജയ്ക്കുശേഷം സമസ്തദേവതകളുടേയും വിരാട് സ്വരൂപം മനസ്സിൽ ധ്യാനിച്ചു മന്ത്രോച്ചാരണപൂർവ്വം സാഷ്ടാംഗനമസ്ക്കാരം ചെയ്യണം.

ദർഭപ്പുല്ല് (കുശ, രാമച്ചം, കറുക എന്നിവയുമാകാം), ഉണക്കലരി, എള്ള്, പശുവിൻപാൽ, പുഷ്പം, തീർത്ഥജലം എന്നിവ ചേർത്ത് അഞ്ജലീപൂർവ്വം ദേവതകൾ, ഋഷികൾ, ദിവ്യാത്മാക്കൾ, ദിവ്യപിതൃക്കൾ, യമൻ, സ്വന്തം പിതൃ അല്ലെങ്കിൽ മാതൃപരമ്പര എന്നിവർക്കു തർപ്പണം ചെയ്യണം. വിടർത്തിയ ദർഭയുടെ അറ്റം മുറിച്ചെടുത്ത് ഇരുകരങ്ങളിലും അനാമികാംഗുലികളിൽ പവിത്രം മോതിരംപോലെ കെട്ടിയിരിക്കണം. ദൈവകർമ്മങ്ങൾക്കു രണ്ടു ദർഭകൊണ്ടും പിതൃകർമ്മങ്ങൾക്ക് ഒരു ദർഭകൊണ്ടും പവിത്രം കെട്ടണം. ജലതർപ്പണം ദർഭയുടെ മുനയിലൂടെയായി ചെയ്യണം. യജ്ഞം, തർപ്പണം, ശ്രാദ്ധം, പൂജ, നമസ്ക്കാരം മുതലായ കർമ്മങ്ങൾ അതാതു മുദ്രകൾ സഹിതം ചെയ്യുന്നത് കലാപരവും ഹൃദയംഗമവുമായിരിക്കും.

മനുഷ്യജീവധാരണത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും പ്രകാരത്തിൽ ബന്ധപ്പെടുന്ന ദേവാസുരന്മാർ, യക്ഷസിദ്ധന്മാർ, ഭൂതപ്രേതാദികൾ, പശുപക്ഷിജലചരകീടപതംഗാദിപ്രാണികൾ, സ്വർഗ്ഗനരകാത്മാക്കൾ എല്ലാം തർപ്പണത്തിൽ സംബന്ധിക്കുന്നു. ശാസ്ത്രത്തിൽ അണ്ഡജം, ഉത്ഭിജം, സ്വേദജം, ജരായുജം എന്നീ നാലുവക യോനികളിലൂടെ എൺപത്തിനാലു ലക്ഷം ജാതിപ്പിറവികളുടെ ദേവ, മാനുഷ, പക്ഷി, മൃഗോ, രഗ, ജലജ, സ്ഥാവരമെന്ന ഏഴു വക ജന്മങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇവയെല്ലാം

വിശ്വാത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവയുടെ തൃപ്തിക്കായുള്ള സങ്കല്പം തന്റെ തൃപ്തിക്കു കാരണമായി ഭവിക്കും. ഭൂതയജ്ഞം അഥവാ ബലിവൈശ്വദേവവിധിപ്രകാരം സപിണ്ഡീകരണ ശ്രാദ്ധനാളിൽ പരേതാത്മാവിന്റെ പിൻഗാമിയെന്ന നിലയിൽ സവിശേഷമായി അനുസ്മരിച്ചു ശ്രാദ്ധ-തർപ്പണാദികൾ നൽകുന്നു. അർപ്പിക്കുന്ന ജലവും അന്നവും മറ്റും സ്ഥൂലരൂപത്തിൽ നിശ്ചിത സ്ഥാനങ്ങളിലേക്കു ചെന്നെത്തുന്നതായി സ്ഥൂലദൃഷ്ടികൊണ്ട് കാണുന്നില്ലെങ്കിലും സൂക്ഷ്മഭാവത്തിൽ - രസഗന്ധാദിരൂപങ്ങളിൽ - ശ്രാദ്ധാദി സദ്ഭാവങ്ങളിൽ തൃപ്തികരമായി യഥാസ്ഥാനത്തിലെത്തുന്നു. തദ്വാരാ അതനുഷ്ഠിക്കുന്നവരുടെ സദ്ഭാവത്തിന് ഉത്തേജനം ലഭിക്കുകയും സത്പ്രവൃത്തികൾക്കു പ്രേരകമായി ഭവിക്കുകയും അതു ജീവിതലക്ഷ്യപ്രാപ്തിക്കു സഹായകമായി പരിണമിക്കുകയും ചെയ്യും.

അതിനാൽ തർപ്പണങ്ങൾക്കുശേഷം പ്രധാന പിതൃബലിക്കു മുമ്പായി പശു, പട്ടി, കാക്ക, ദേവത, ഉറുമ്പ് എന്നിവയ്ക്കു സാത്ത്വികത്വം, സേവനഭാവം, അന്തരീക്ഷശുദ്ധി, പരഹിതവൃത്തി, സാമൂഹികഭാവം എന്നീ ശീലഗുണബോധപൂർവ്വം പഞ്ചബലി അർപ്പിക്കുന്നു. പിതൃബലിക്കായി തയ്യാറാക്കിയ വിഭവങ്ങൾ (ഉപ്പു ചേർക്കാതെ) ഒരംശമെടുത്ത് അഞ്ചിലകളിലായി പകർന്നു മന്ത്രോച്ചാരണപൂർവ്വം ബലി അർപ്പിക്കുന്നു. ഇതു യജ്ഞവിധാനമായി ചെയ്യുമ്പോൾ ആദ്യം തുടങ്ങിവെച്ച ഹോമകുണ്ഡത്തിൽ കാവ്യാന്നഭാഗം ആഹുതിചെയ്യുകയുമാവാം. ബലിയിട്ടപദാർത്ഥങ്ങൾ അതതുജീവികൾ എടുക്കത്തക്കവണ്ണം ഇലയോടെ മാറ്റി വെയ്ക്കണം. ദേവസങ്കല്പത്തിലുള്ളത് അവസാനം പശു-പക്ഷികൾക്കോ ആർത്തരായ മനുഷ്യർക്കോ നൽകാം.

തുടർന്ന് ഉണക്കലരി അല്ലെങ്കിൽ ഗോതമ്പ്, എള്ള്, നെയ്യ്, തേൻ, പാൽ എന്നിവകൊണ്ടു ശുദ്ധമായി തയ്യാറാക്കിയ കവ്യാന്നം ഏഴ് ഉരുളയാക്കി ഓരോ ഇലയിൽ വെച്ചിട്ട് ഓരോ മന്ത്രമുച്ചരിച്ച് (യജൂർവ്വേദത്തിലെ പ്രസക്തമന്ത്രങ്ങൾ) ഓരോ ഇലയിൽ ഓരോ ഉരുളവെച്ച് ഓരോ പിതൃവർഗ്ഗത്തിനു സമർപ്പിക്കുന്ന പിണ്ഡദാനപ്രക്രിയ നടത്തുന്നു. ഏഴാമത്തേത്, സപിണ്ഡീകരണത്തിനുദ്ദേശിക്കുന്ന പരേതാത്മാവിനുവേണ്ടി അർപ്പിക്കുന്നു.

ദിവംഗതാത്മാവിന്റെ ശ്രാദ്ധം പിൻഗാമികൾ സ്വപ്രയത്ന ത്താൽ സമ്പാദിച്ച സാധനങ്ങളെക്കൊണ്ടുവേണം നിർവ്വഹിക്കാൻ. പരേതാത്മാവിന്റെ ആർജിതങ്ങളിൽ ചെറിയൊരംശം അതിൽ ചേർക്കാമെങ്കിലും അധികഭാഗവും അവകാശികളുടെ പ്രയത്ന ത്താൽ ലഭിക്കുന്നതായിരിക്കണം. അതുപോലെ പിതുരാർജ്ജിത മായ സമ്പത്തു പ്രയത്നിക്കുവാൻ കഴിവുള്ളവർ സ്വന്തമായി ഉപ യോഗപ്പെടുത്തരുത്. കുട്ടികൾ, വൃദ്ധർ, ശരീരസുഖമില്ലാത്തവർ, സ്ത്രീകൾ എന്നിവരുടെ ജീവിതത്തിന് ഒരു പരിധിവരെ അവ ഉപ യോഗപ്പെടുത്താം. ബാക്കി ധർമ്മകാര്യങ്ങൾക്കും വിനിയോഗിക്ക ണം. പഞ്ചബലി ഉൾപ്പെടെ ശ്രാദ്ധകർമ്മങ്ങളെന്ന പ്രക്രിയയിലൂടെ ജീവിച്ചിരിക്കുന്നവർക്കു നൽകുന്ന ഉദ്ബോധനമാണിത്. പുണ്യദേ ശത്തിലും പുണ്യകാലത്തിലും ധർമ്മനിഷ്ഠരായവർക്കു ബ്രാഹ്മണ്യ മുള്ളവർക്ക് - പിതൃപ്രീത്യർത്ഥം ശ്രദ്ധയോടെ കൊടുക്കപ്പെടുന്ന ദാനം ശ്രാദ്ധമെന്നു പറയപ്പെടുന്നു.

**ദേശേ കാലേ ച പാത്രേ ച**
**ശ്രദ്ധയാ വിധിനാ ച യൽ**
**പിതൃനുദ്ദിശ്യ വിപ്രേഭ്യോ**
**ദാനം ശ്രാദ്ധമുദാഹൃതം.**

മരണാനന്തരമുള്ള പതിമൂന്നു ദിനകർമ്മങ്ങളുടെ അവസാനം

**ഓം ഉശന്തസ്ത്വാനി ധീമഹ്യുശന്തഃ സമിധീമഹി**
**ഉശന്നൂശത ആവഹ പിതൃൻ ഹവിഷേ അത്തവേ**

എന്ന മന്ത്രോച്ചാരണപൂർവ്വം ശ്രാദ്ധപിണ്ഡം നൽകിയിട്ടു താഴെ ചേർക്കുന്ന മന്ത്രം പതിമൂന്നുരു ജപിച്ചു ഹോമകുണ്ഡത്തിലും പതി മൂന്നു വിശേഷാഹുതി ചെയ്യണം.

**ഓ ആയന്തു നഃ പിതരഃ സോമ്യാസോഗ്നിഷ്വാത്താഃ**
**പഥിഭിർദേവയാനൈഃ. അസ്മിൻ യജ്ഞേ സ്വധയാ -**
**മദന്തോഽധിബ്രുവന്തു തേഽവന്ത്വസ്മാൻ സ്വാഹാ.**

പിന്നീട് ഓരോ മന്ത്രോച്ചാരണപൂർവ്വം ഓരോ ദിക്കിലേക്കു തിരിഞ്ഞ് (അഷ്ടദിക്കുകളിൽ) നമസ്കാരം ചെയ്തിട്ട് ഓം നമോവഃ

പിതരോ രസായ  എന്ന മന്ത്രമുച്ചരിച്ചു പിതൃപൂജയും ഹവനത്തിലെ പൂർണ്ണാഹുതിയും നിർവ്വഹിക്കണം. തുടർന്നു സന്നിഹിതരായിരിക്കുന്നവരെല്ലാം ദിവംഗതാത്മശാന്തിക്കായി പുഷ്പമെടുത്തു ബലിവേദിയിൽ ശ്രദ്ധാഞ്ജലിയർപ്പിക്കുന്നു. അപ്പോൾ ജപിക്കുന്ന മന്ത്രം:

**ഓം യജ്ഞേന യജ്ഞമയജന്ത ദേവാസ്താനി**
**ധർമ്മാണി പ്രഥമാന്യാസൻ, തേഹനാകം മഹിമാനഃ**
**സചന്തേ യത്ര പൂർവ്വേ സാദ്ധ്യാഃ സന്തി ദേവാഃ**

പ്രേതാത്മാവിനെ പിതൃക്കളോടു സംയോജിപ്പിക്കുന്ന ശ്രാദ്ധത്തെയാണ് സപിണ്ഡീകരണശ്രാദ്ധമെന്നു പറയുന്നത്. തല്ക്കാലം പരേതാത്മാവിനെ മാത്രം ഉദ്ദേശിച്ചുചെയ്യുന്ന ഏകോദ്ദിഷ്ടശ്രാദ്ധം, മംഗളകർമ്മങ്ങൾക്കു മുമ്പായി ചെയ്യുന്ന അഭ്യുദായികശ്രാദ്ധം എന്നിങ്ങനെ നിമിത്തകർമ്മങ്ങളിലും നിത്യവും അനുഷ്ഠിക്കുന്ന പഞ്ചമഹായജ്ഞത്തിലും ശ്രാദ്ധമുൾപ്പെടുന്നു. നൈമിത്തികകർമ്മത്തിൽ ലഘുവായും നടത്തപ്പെടുന്നു. ഒരു നുള്ള് ഉണക്കലരി, ഒരു ദർഭപ്പുല്ല്, ഒരുപാത്രം ജലം ഇത്രയുംകൊണ്ട് നിത്യകർമ്മത്തിലെ ശ്രാദ്ധം നടത്താവുന്നതാണ്.  അന്നം, ജലം എന്നിവയെക്കൊണ്ടോ കായ്കനികൾ, ജലം എന്നിവയെക്കൊണ്ടോ ദിനംതോറും പിതൃപ്രീതിക്കായിട്ട് ശ്രാദ്ധം ചെയ്യണം.  (മനുസ്മൃതി 3-203)

വിശേഷശ്രാദ്ധകർമ്മങ്ങളുടെ സമാപനത്തിൽ ജലവും അക്ഷതവും തൂവി -  ഓം വിശ്വേദേവാഃ പ്രീയന്താം  എന്ന മന്ത്രജപപൂർവ്വം വിശ്വദേവന്മാരെയും  പിണ്ഡാൻ ഉത്ഥാപയാമി  എന്നു ജപിച്ചു പിതൃക്കളേയും ഉദ്വസിക്കുന്നു. (വിടുതൽ ചെയ്യുന്നു) ഈ സന്ദർഭത്തിൽ -

**ഓം ദൈവാ ഗാതുവിദോ ഗാതും വിദിത്വാഗാതുമിത**
**മതസസ്പത ഇമംദേവയജ്ഞങ് സ്വാഹാ വാതേധാഃ**

എന്ന മന്ത്രവും ശാന്തിപാഠവും ചൊല്ലാം.

ഓം ദ്യൗഃ ശാന്തിരന്തരീക്ഷ ശാന്തി പൃഥിവീശാന്തിരാപഃ ശാന്തി രോഷധയഃ ശാന്തിഃ വനസ്പതയഃ ശാന്തിർ വിശ്വേദേവാ ശാന്തിഃ ബ്രഹ്മശാന്തിഃ സർവ്വങ്ശാന്തിരേവശാന്തിഃ സാമാശാന്തിരേധി ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

ശ്രൗതം, സ്മാർത്തം മുതലായ കർമ്മമാർഗ്ഗങ്ങളേതും ധർമ്മ ഗുണങ്ങളെ ജ്വലിപ്പിച്ചു പ്രകാശിപ്പിക്കത്തക്കവിധം അവരവരുടെ ജീവിതനിലവാരത്തിൽ സ്വീകരിക്കാവുന്നതാണ്. സ്മാർത്തസമ്പ്ര ദായത്തിലും വൈദിക യജ്ഞസമ്പ്രദായത്തിലും അന്തർഭവിച്ചിരി ക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ ഒന്നുതന്നെയാണ്. ആജീവനയജ്ഞ ത്തിന്റെ നിത്യപ്രചോദനാത്മകവും നിഷ്കൃഷ്ടവുമായ ആധിദൈ വിക കർമ്മമാണിത്. അഗ്നേയ സ്വാഹാ, ഇദമഗ്നയേ ഇദം ന മമ (അഗ്നേ, ഇത് അങ്ങേക്കർപ്പിക്കുന്നു. ഈ ഹോമദ്രവ്യം അങ്ങ യുടേതാണ്. എന്റേതല്ല) എന്നു യജ്ഞത്തിൽ ആഹുതി ചെയ്യു മ്പോൾ ദീപം സമർപ്പയാമി എന്നു പൂജാവിധാനപ്രകാരം പൂജാ കർമ്മം ചെയ്യുന്നുവെന്ന വ്യത്യാസമേയുള്ളു. ഭാവാർത്ഥവും ലക്ഷ്യവും ഒന്നുതന്നെയാണ്. രണ്ടുവിധകർമ്മങ്ങളിലും പഞ്ചഭൂതാ ത്മകമായ ഐശ്വര്യസമ്പാദനവും സമർപ്പണവും അടങ്ങിയിരിക്കു ന്നു. സമർപ്പണഭാവം വികസിച്ച് പൂർണ്ണമാവുന്നതുവരെ കർമ്മം തുടർന്നുകൊണ്ടിരിക്കണമെന്നു മാത്രം. ഒരു ലൗകികപദാർത്ഥത്തി നുവേണ്ടി അദ്ധ്വാനിക്കുന്ന ആൾക്ക് ദാഹമുണ്ടാവുന്നതും ദാഹശമ നത്തിന് ജലപാനം ചെയ്യുന്നതും തൽക്ഷണം ഹാവൂ എന്ന് ആശ്വാസംകൊള്ളുന്നതും സാധാരണയായി കാണാറുള്ളതാണ്. ആദ്ധ്യാത്മികതലത്തിലും ധർമ്മാർത്ഥകാമമോക്ഷങ്ങൾക്കായി അദ്ധ്വാനിക്കുന്നവർക്കു സംതൃപ്തിയും സമാധാനവും നൽകുന്ന കർമ്മങ്ങളാണിവ. ആ വഴിക്ക് അദ്ധ്വാനിക്കുന്നവർക്കും ദാഹമുണ്ടാ കും. ജലത്തിന്റെ ഉറവിടം നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ജലപാനം ചെയ്യുന്ന വ്യത്യാസം അവയ്ക്കുണ്ട്. ആ നന്ദിയും ശ്രദ്ധയും ഏതൊ രാളിൽ മുറ്റിവളരുന്നുവോ അയാൾ ആദിദൈവികതലത്തിലേക്കു യർന്ന് മുമുക്ഷുവിന്റെ അദ്ധ്വാനം കൈവരിക്കുന്നു. ഈ പാരമാർത്ഥി കസാധനയിൽ സമസ്തഭൂതങ്ങളിലും ജലസ്വരൂപിയായി നിറഞ്ഞി രിക്കുന്ന ഈശ്വരങ്കലാണ് ദാഹശമനം കണ്ടെത്തുന്നത്. അതാണ്, അതുമാത്രമാണ് ആത്യന്തികമായ ദാഹശമനത്തിനുള്ള ജലം. അതി നാൽ പരാർത്ഥമായി ജലം തർപ്പയാമി എന്നു ചെയ്യുന്ന ജല തർപ്പണവും പാരമാർത്ഥികമായി ജലം സമർപ്പയാമി എന്നു യജ്ഞപൂജാദികളും അവസാനം അതനുഷ്ഠിക്കുന്നവന്റെ ആത്മ

ശുദ്ധിക്കും ആശ്വാസത്തിനും കാരണമായി ഭവിക്കുന്നു. വ്യാപകാർത്ഥത്തിൽ ദിവംഗതരായ മാതാപിതാദി പിതൃക്കളെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല ശ്രാദ്ധതർപ്പണാദികൾ. ജീവിച്ചിരിക്കുന്ന മാതാപിതാദിഗുരുജനങ്ങളെ തൃപ്തിയാവോളം ശ്രദ്ധാപൂർവ്വം ശുശ്രൂഷിക്കുന്നതും ശ്രാദ്ധകർമ്മത്തിൽ ഉൾപ്പെടുന്നു.

ശ്രത് ധാതുവിൽനിന്നുത്ഭവിച്ചതാണ് ശ്രാദ്ധ ശബ്ദം. ഏതൊരു കൃത്യത്താൽ സത്യത്തെ ഗ്രഹിക്കുവാൻ കഴിയുമോ അതാണ് ശ്രാദ്ധം. അതിനാൽ ശ്രദ്ധയോടുകൂടി ചെയ്യുന്ന സേവാകർമ്മത്തെ ശ്രാദ്ധം എന്നു പറയുന്നു. സത്യജ്ഞാനപ്രാപ്തിക്കാസ്പദം ഈ ശ്രദ്ധയാകുന്നു. ഇതു ശാസ്ത്രങ്ങൾ അഭ്യസിച്ചും സംസ്ക്കാരവിശേഷമായി സ്വാഭാവികമായും ഉണ്ടാവാം. മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ സത്വരജസ്തമോഗുണഭേദങ്ങൾ ശ്രദ്ധയിലുമുണ്ട്. ബഹുഭൂരിപക്ഷമുള്ള രാജസ-തമോ ഗുണപ്രകൃതികൾക്ക് വിധിനിഷേധങ്ങൾക്കനുസൃതമായി ആചാരബദ്ധമായാലേ പറ്റൂ. അതാണ് പ്രേതാത്മാവിന് ഭോഗദേഹസിദ്ധി ഉണ്ടാകുന്നതുവരെ (പത്തു ദിവസം) അശുദ്ധി ആചരിക്കണമെന്നു പറയുന്നത്. എന്നാൽ ഈശ്വരഭജനത്തിനും ദാനധർമ്മാദികൾക്കും ജനനമരണങ്ങളിലെ ശുദ്ധാശുദ്ധങ്ങൾ ബാധകമല്ല. പവിത്രകർമ്മം ചെയ്യുന്നേടത്തുനിന്ന്, ഈശ്വരഭാവം തിളങ്ങുന്നേടത്തുനിന്ന് അശുദ്ധികൾ താനെ ഒഴിഞ്ഞുകൊള്ളും. പിതൃക്കളുടെ പാവനസ്മരണയിൽ ത്രികരണശുദ്ധിയോടുകൂടി, സാംഗോപാംഗമായി ചെയ്യുന്ന ശ്രാദ്ധം സ്വാഭാവികശ്രാദ്ധത്തിലേക്കു നയിക്കുന്നു. പൂർവ്വപാരമ്പര്യത്തോടൊപ്പം കൃമികീടങ്ങൾ മുതൽ ദേവതകൾവരെ ദൃശ്യവും അദൃശ്യവുമായ സർവ്വാത്മശ്രദ്ധയിലെ പരമാർത്ഥബോധം പാരമാർത്ഥികശ്രദ്ധയിലേക്കു നയിക്കുന്നു. ഈ നിലയിലെത്തിയ ശ്രദ്ധാലുവിനു ബാഹ്യകർമ്മങ്ങൾക്കുപരി ലക്ഷ്യപ്രാപ്തിയുണ്ടാവുന്നു ശ്രദ്ധാവാൻ ലഭതേ ജ്ഞാനം. അതിനാൽ വേദം അരുൾ ചെയ്യുന്നു - നാം പ്രഭാതത്തിലും, മദ്ധ്യാഹ്നത്തിലും, സായാഹ്നത്തിലും ശ്രദ്ധയെ ആവാഹനം ചെയ്യുന്നവരായി ഭവിക്കട്ടെ. ഹേ ശ്രദ്ധേ ഈ ലോകത്തിൽ രാവും പകലും സദാസമയവും ഞങ്ങളെ ശ്രദ്ധയുള്ളവരായി നയിക്കേണമേ!

ശ്രദ്ധാം പ്രാതർഹവാമഹേ
ശ്രദ്ധാം മാദ്ധ്യന്ദിനം പരി
ശ്രദ്ധാം സൂര്യസ്യ നിമ്രുചി ശ്രദ്ധേ
ശ്രദ്ധാപയേഹ നഃ (ഋഗ്വേദം 10-151-5)

## അനുബന്ധം:

# നിത്യയജ്ഞം

സംസ്കാരകർമ്മങ്ങളിലെല്ലാം യജ്ഞത്തെപ്പറ്റി സൂചിപ്പിച്ചിട്ടുള്ളതിനാൽ അതൊരു നൈമിത്തികകർമ്മമാണെന്നു കരുതേണ്ട. സന്ധ്യാവന്ദനാദികൾക്കൊപ്പം അനുഷ്ഠിക്കേണ്ടുന്ന നിത്യകർമ്മമാണത്. വിശേഷാവസരങ്ങളിൽ, വിശേഷരൂപത്തിൽ നടത്താറുള്ളതുകൊണ്ട് നിത്യ-നൈമിത്തിക കർമ്മങ്ങളിലെല്ലാം യജ്ഞത്തിനു മുഖ്യത്വമുണ്ട്. ഈ ദേവയജ്ഞം അഗ്നിഹോത്രം, ഔപാസനഹോമം എന്നീ പേരുകളിലും അറിയപ്പെടുന്നു. ദിവസവും സന്ധ്യാവന്ദനത്തിനുശേഷം സൂര്യോദയത്തോടുകൂടി യജ്ഞം നടത്തണം. ഇന്നത്തെ വിപരീതപരിതഃസ്ഥിതിയിലും ശ്രദ്ധയും പരിചയവുമുണ്ടെങ്കിൽ അനായാസമായി അനുഷ്ഠിക്കാവുന്നതേയുള്ളു. ദിവസവും സാധ്യമല്ലെങ്കിൽ ആഴ്ചയിലൊരിക്കലോ വിശേഷദിവസങ്ങളിലോ കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു നടത്താവുന്ന വിശിഷ്ട കർമ്മമാണത്.

ഒരു ഹോമകുണ്ഡവും, പൂജാപാത്രങ്ങളെപ്പോലെ ചില ഉപകരണങ്ങളും, അല്പം വിറകും, ഹോമദ്രവ്യങ്ങളും ഒരുക്കിവെച്ചിരുന്നാൽ, പൂജാമുറിയിലോ അതുപോലെ ശുദ്ധമായ മറ്റു സ്ഥലങ്ങളിലോവെച്ച് യജ്ഞം നടത്താവുന്നതാണ്. മേൽഭാഗം പതിനാറ് അംഗുലവും അടിത്തട്ട് നാലംഗുലവും സമചതുരമായ പതിനാറംഗുലം കുഴിയോ ആ അളവിലുള്ള ചെമ്പുപാത്രമോ മൺപാത്രമോ ഉണ്ടായിരുന്നാൽ ഹോമകുണ്ഡമായി. ജലപാത്രം, രണ്ട് തളിക, രണ്ടു കിണ്ണം, രണ്ട് കരണ്ടി ഇത്രയും ഹോമപാത്രങ്ങൾ. ചമത, മാവ്, പ്ലാവ്,

ആല് എന്നീ വൃക്ഷങ്ങളുടെ വിറക് (ചുള്ളിയായാലും മതി) ചീളുകളെയാണ് സമിധയെന്നു പറയുന്നത്. ഹോമദ്രവ്യങ്ങളിൽ സുഗന്ധമുള്ളതും പുഷ്ടിപ്രദവും ഔഷധശക്തിയുള്ളതുമായ പദാർത്ഥങ്ങളാണ് വേണ്ടത്. പശുവിൻനെയ്യ്, തേൻ, പാൽ, കേസരം, കസ്തൂരി, ചന്ദനം, തുളസി, ശർക്കര, ധാന്യങ്ങൾ, തേങ്ങ എന്നിവയിൽ ഒരംശം യജ്ഞത്തിനായി നീക്കിവെയ്ക്കണം.

തുടർന്നു ഹോമകുണ്ഡത്തിനു ചുറ്റുമിരുന്നു വേദമന്ത്രങ്ങളെക്കൊണ്ട് ഈശ്വരപ്രാർത്ഥന നടത്തുന്നു. സൗകര്യവും താല്പര്യവുമനുസരിച്ച് സ്വസ്തിവാചനമന്ത്രങ്ങളും ശാന്തികരണമന്ത്രങ്ങളും ചൊല്ലാം. വിശേഷകർമ്മാവസരങ്ങളിലെങ്കിലും അവ എല്ലാവരും ചേർന്ന് ചൊല്ലുന്നതു ശ്രേയസ്കരമായിരിക്കും. ലഘുരീതിയിലായതിനാൽ ഇവിടെ എട്ട് ഈശ്വരപ്രാർത്ഥനാമന്ത്രങ്ങൾമാത്രം എഴുതുന്നു:-

**1. ഓം വിശ്വാനിദേവ സവിതർദുരിതാനി പരാസുവ**
**യദ് ഭദ്രം തന്ന ആസുവ.**

സാരം:- സർവ്വൈശ്വര്യയുക്തനായുള്ള പരമാത്മൻ! ഞങ്ങളുടെ എല്ലാവിധ ദുശ്ശീലങ്ങളേയും ദുരിതങ്ങളേയും ദൂരീകരിച്ച് ശുഭകരമായ സൗശീല്യാദിഗുണങ്ങളും സൽക്കർമ്മശേഷിയും തന്നരുളേണമേ.

**2. ഓം ഹിരണ്യഗർഭഃ സമവർതതാഗ്രേ**
**ഭൂതസ്യ ജാതഃ പതിരേക ആസീത്**
**സ ദാധാര പൃഥിവീം ദ്യാമുതേമാം**
**കസ്മൈ ദേവായ ഹവിഷാ വിധേമ.**

സാരം:- ബ്രഹ്മാണ്ഡത്തിന്റെ കാര്യകാരണനിയാമകനും, വിശ്വംഭരനുമായ ജഗന്നിയന്താവ് ഒന്നുമാത്രമാകുന്നു. എല്ലാവിധ അറിവുകളുടേയും അറിവും പ്രകാശമാനമായവകളുടെയെല്ലാം പ്രകാശവുമായ ആ പരമാത്മാവിനെ സമാശ്രയിച്ച് ശ്രേയസ്സിനായിക്കൊണ്ട് ഞങ്ങൾ ഭജിക്കട്ടെ.

**3. ഓം യ ആത്മദാ ബലദാ യസ്യ വിശ്വ ഉപാസതേ**
**പ്രശിഷം യസ്യ ദേവാഃ**
**യസ്യ ഛായാ/മൃതം യസ്യ മൃത്യുഃ**
**കസ്മൈ ദേവായ ഹവിഷാ വിധേമ.**

സാരം:- ശാരീരികവും ആത്മീയവും സാമൂഹികവുമായ എല്ലാവിധശക്തികൾക്കും ആധാരമായുള്ളവനേ! സൂര്യചന്ദ്രാദി സൃഷ്ടികളെല്ലാം, ആരുടെ മഹദിച്ഛാനുസരണം ജീവിക്കുന്നതു സുഖ ദായകവും, അവിടത്തെ ഇച്ഛയ്ക്ക് വിപരീതമായിരിക്കുന്നതു ദുഃഖ ഹേതുവുമാണെന്നറിയുന്നുവോ ആ സുഖസ്വരൂപനായ നിന്തിരുവ ടിയെ സർവ്വാത്മനാ ഞങ്ങൾ ആരാധിക്കുന്നു.

**4. ഓം യഃ പ്രാണതോ നിമിഷതോ മഹിത്വൈക**
**ഇദ്രാജാ ജഗതോ ബഭൂവ**
**യ ഈശേ അസ്യ ദ്വിപദശ്ചതുഷ്പദഃ**
**കസ്മൈ ദേവായ ഹവിഷാ വിധേമ.**

സാരം:- ദിവ്യലോകങ്ങളെയെന്നപോലെ ഭൂമണ്ഡലത്തി ലെയും മനുഷ്യർ തുടങ്ങിയ ഇരുകാലികളുടെയും, പശുക്കൾ തുട ങ്ങിയ നാല്ക്കാലികളുടെയുമെല്ലാം സൃഷ്ടി-സ്ഥിതി-സംഹാരക നായും അമൃതസ്വരൂപനുമായിരിക്കുന്ന അവിടത്തെ സർവ്വപ്രകാരേണ ആശ്രയിച്ച് ആരാധിക്കുന്നു.

**5. ഓം യേന ദ്യൗരുഗ്രാ പൃഥിവീച**
**ദൃഢാ യേന സ്വ സ്തഭിതം യേന നാകഃ**
**യോ അന്തരിക്ഷേ രജസോ വിമാനഃ**
**കസ്മൈ ദേവായ ഹവിഷാ വിധേമ.**

സാരം:- സ്വർഗ്ഗാദിലോകങ്ങൾ തേജസ്സുറ്റതായും പൃഥിവ്യാ ദിലോകങ്ങൾ ദൃഢമായും, സൂര്യാദിമണ്ഡലങ്ങൾ സ്ഥിരമായും നില നിൽക്കുന്നതെന്തുകൊണ്ടോ, യാതൊന്നിനെ ആശ്രയിച്ച് വിശ്വസ മൂഹങ്ങളുടെ നിയതിഗതികൾ യഥാക്രമം നടന്നുകൊണ്ടിരിക്കു ന്നുവോ പരമസുഖസ്വരൂപനായ ആ പരമാത്മാവിനെ ഞങ്ങൾ ശ്രദ്ധാ പൂർവ്വം പൂജിക്കുന്നു.

**6. ഓം പ്രജാപതേ ന ത്വദേതാന്യന്യോ**
**വിശ്വാ ജാതാനി പരിതാ ബഭൂവ**
**യത്കാമാസ്തേ ജുഹുമസ്തന്നോ അസ്തു**
**വയം സ്യാമ പതയോ രയീണാം.**

സാരം:- സർവ്വചരാചരങ്ങൾക്കും പരമനാഥനായുള്ളവനേ! നിന്തിരുവടിയല്ലാതെ ഉള്ളുംപുറവും നിറഞ്ഞുവ്യാപിച്ചതായി മറ്റൊന്നുമില്ല. ഞങ്ങളുടെ ഹിതാഹിതങ്ങൾ അങ്ങയെപ്പോലെ അറിയുന്നതായി മറ്റൊന്നില്ല. യഥാർത്ഥസുഖപ്രാപ്തിക്കായി ഞങ്ങളെ അനുഗ്രഹിക്കേണമേ.

**7. ഓം സ നോ ബന്ധുർജനിതാ സ വിധാതാ**
**ധാമാനി വേദ ഭുവനാനി വിശ്വാ**
**യത്ര ദേവാ അമൃതമാനശാനാ**
**സ്തൃതീയേ ധാമന്നധ്യൈരയന്ത**

സാരം:- ത്രിഗുണാതീതമായ, സർവ്വത്ര സ്വതന്ത്രമായ അമൃതസ്വരൂപമായ അങ്ങയുടെ പരമധാമത്തിലേക്ക് ഞങ്ങളെ കൊണ്ടെത്തിക്കേണമേ. ഞങ്ങളുടെ ജനയിതാവും, സംരക്ഷകനും, പരമബന്ധുവും സ്ഥിതിഗതികൾ അറിയുന്നവനും അവിടുന്നു മാത്രമാകുന്നു.

**8. ഓം അഗ്നേ നയ സുപഥാ രായേ അസ്മാൻ**
**വിശ്വാനി ദേവ വയുനാനിവിദ്വാൻ**
**യുയോധ്യസ്മജ്ജുഹുരാണമേനോ**
**ഭൂയിഷ്ഠാന്തേ നമ ഉക്തിം വിധേമ.**

സാരം:- സമസ്തശാസ്ത്രങ്ങൾക്കും ചലനങ്ങൾക്കും പരിണാമങ്ങൾക്കും ഇരിപ്പിടമായുള്ളവനേ, അങ്ങയുടെ മഹിമാതിശയങ്ങളും ഗുണഗണങ്ങളും ഉത്തമഭാവത്തിൽ സ്തോത്രം ചെയ്യുന്നവരായി ഞങ്ങൾ ഉത്തരോത്തരം ഉന്നതിപ്രാപിക്കട്ടെ. അധർമ്മമാർഗ്ഗത്തിലേക്ക് തിരിയാതെ ഞങ്ങളെ ധർമ്മമാർഗ്ഗത്തിലൂടെ നയിച്ചാലും. ജനനമരണരഹിതമായ പരമലക്ഷ്യത്തിലെത്തിക്കണമേ.

പ്രാർത്ഥനാനന്തരം ഉള്ളംകൈയിൽ വെള്ളം നിറച്ച് താഴെ കൊടുക്കുന്ന മന്ത്രം ഉച്ചരിച്ചുകൊണ്ടും അർത്ഥഭാവനയോടുകൂടിയും ഓരോ മന്ത്രത്തിനും ഓരോ ആചമനമെന്ന കണക്കിൽ മൂന്ന് ആചമനം ചെയ്യണം (കുടിക്കണം).

**ഓം അമൃതോപസ്തരണമസി സ്വാഹാ**

(മൃതം ഭയസ്വരൂപമായിരിക്കുന്ന സമുദ്രത്തിൽ നിന്നും കര കേറുന്നതിന്, അമൃതസ്വരൂപമായ ഈശ്വരാനുഗ്രഹമെന്ന തോണി ഞങ്ങൾക്കേകി അനുഗ്രഹിക്കേണമേ.)

**ഓം അമൃതാപിധാനമസി സ്വാഹാ**

(അമൃതസ്വരൂപിയായ സർവ്വേശ്വരൻ സർവ്വത്തിനും നിർദ്ധാരകനാകുന്നു. ഞങ്ങൾക്ക് ഐശ്വര്യപ്രദമായതേതോ അതു തന്നനുഗ്രഹിച്ചാലും.)

**ഓം സത്യം യശഃ ശ്രീർമയിശ്രീഃ ശ്രയതാം സ്വാഹാ.**

സത്യസ്വരൂപനായ പരമാത്മാവുതന്നെ സമസ്തശ്രേയസ്സും ഐശ്വര്യങ്ങളും. അവ ഞങ്ങളിൽ വന്നണയട്ടെ. സത്യസ്വരൂപിയായ അങ്ങയുടെ അംശമായി അനുഭവപ്പെടട്ടെ.

തുടർന്ന് ഇടത്തെ ഉള്ളംകൈയിൽ ജലമെടുത്തു ഹൃദയഭാഗത്ത് അടുപ്പിച്ചുകൊണ്ടു വലത്തെ കൈവിരലുകളിൽ നടുവിരലും പവിത്രവിരലും ചേർത്തു വെള്ളത്തിൽ തൊട്ട് ഓരോ മന്ത്രോച്ചാരണപൂർവ്വം അതാതുസ്ഥാനത്തു സ്പർശിക്കണം. ഇതിനാൽ ഇന്ദ്രിയങ്ങളെല്ലാം ശുദ്ധമാവാനും ശുഭകർമ്മങ്ങൾക്കു പ്രേരണ ഉൾക്കൊള്ളാനും സങ്കല്പിക്കുന്നു. അംഗസ്പർശനക്രിയയാണിത്.

**ഓം വാങ്മ ആസ്യേ/സ്തു**
(വായിൽ ഇരു ഓഷ്ഠങ്ങളിലും)
**ഓം നസോർമേ പ്രാണോ/സ്തു**
(രണ്ട് നാസാരന്ധ്രങ്ങളിലും)
**ഓം അക്ഷ്ണോർമേ ചക്ഷുരസ്തു**
(രണ്ട് കണ്ണിലും)

**ഓം കർണ്ണയോർമേ ശ്രോത്രമസ്തു**
(രണ്ട് കാതിലും)
**ഓം ബാഹ്വോർമേ ബലമസ്തു**
(രണ്ട് ഭുജങ്ങളിലും)
**ഓം ഊർവ്വോർമ ഓജോƒസ്തു**
(രണ്ട് തുടകളിലും)
**ഓം അരിഷ്ടാനി മേƒങ്ഗാനി തനൂസ്തന്വാ മേ സഹ സന്തു**
(ദേഹമാസകലം പ്രോക്ഷണം ചെയ്യണം).

ഹോമകുണ്ഡത്തിൽ കുറെ സമിധകൾ അടുക്കി, യജ്ഞവേദിയിൽ കൊളുത്തിവെച്ച നിലവിളക്കിൽനിന്ന് കർപ്പൂരം കത്തിച്ച് ഹോമകുണ്ഡത്തിൽ ഓം ഭൂർ ഭുവഃ സ്വഃ എന്നുച്ചരിച്ചുകൊണ്ടു തീ പിടിപ്പിക്കണം. തുടർന്ന് ഉച്ചരിക്കേണ്ടുന്ന മന്ത്രം:

**ഓം ഭൂർഭുവഃസ്വർദ്യൗരിവ ഭൂമ്നാ പൃഥിവീവ**
**വരിമ്ണാ തസ്യാസ്തേ പൃഥിവി ദേവയജനി**
**പൃഷ്ഠേƒഗ്നിമന്നാദമന്നാദ്യായാദധേ.**

സാരം:- എപ്രകാരം സൂര്യൻ , ഭൂമി, അന്തരിക്ഷം, മറ്റു ദിവ്യലോകങ്ങൾ എല്ലാം അതതിന്റെ ദൃശ്യാദൃശ്യങ്ങളായ ഐശ്വര്യപദാർത്ഥങ്ങളിൽ സദാ യജ്ഞം നടത്തിക്കൊണ്ടിരിക്കുന്നുവോ; ആ വഴിക്ക് ഞങ്ങളും എല്ലാം ആഹരിച്ച് വിളങ്ങുന്ന അഗ്നിദേവതയുടെ മാധ്യമത്തിൽ ദേവയജ്ഞം ചെയ്യുന്നവരായി ഭവിക്കട്ടെ. തുടർന്ന്,

**ഓം ഉദ്ബുദ്ധ്യസ്വാഗ്നേ പ്രതിജാഗൃഹി**
**ത്വമിഷ്ടാപൂർത്തേ സങ്സൃജേഥാമയം ച;**
**അസ്മിൻത്സധസ്ഥേ അധ്യൂത്തരസ്മിൻ**
**വിശ്വേ ദേവാ യജമാനശ്ച സീദത.**

എന്ന മന്ത്രോച്ചാരണപൂർവ്വം ഹോമാഗ്നി ജനിപ്പിക്കണം. ഉത്തമപ്രകാശസ്വരൂപിയായ പരമാത്മൻ! ഞങ്ങളുടെ ഇഷ്ടകർമ്മങ്ങളും ആപൂർത്തകർമ്മങ്ങളും സാഫല്യപ്പെടുന്നതിനും എന്നെന്നും സജ്ജനസമ്പർക്കവും സാന്നിദ്ധ്യവും ഉണ്ടായിരിക്കുന്നതിനും സംഗതിയാവട്ടെ എന്നാണീ മന്ത്രസാരം.

യജ്ഞകുണ്ഡത്തിൽ തീ പിടിച്ചുകഴിഞ്ഞാൽ മൂന്നു സമിത്തുക്കൾ നെയ്യിൽമുക്കി ഓരോന്നായി താഴെക്കാണുന്ന മന്ത്രോച്ചാരണപൂർവ്വം ഹോമകുണ്ഡത്തിലിടണം. ഇതിനെ 'സമിദാധാന'മെന്നു പറയുന്നു.

**ഓം സമിധാഗ്നിം ദുവസ്യത**
**ഘൃതൈർബോധയതാതിഥിം;**
**ആസ്മിൻ ഹവ്യാ ജുഹോതന സ്വാഹാ**
**ഇദമഗ്നയേ ഇദം ന മമ.**

സാരം:- സമിധാഗ്നി പ്രോജ്വലിപ്പിച്ചു വിശിഷ്ടാതിഥിക്കെന്ന പോലെ ആ അഗ്നിയിൽ നെയ്യും ഉത്തമഗുണാന്വിതഹവിസ്സുകളും അർപ്പിച്ചു മംഗളപ്രദമാക്കിത്തീർക്കട്ടെ.

**ഓം സുസമിദ്ധായ ശോചിഷേ**
**ഘൃതം തീവ്രം ജുഹോതന;**
**അഗ്നയേ ജാതവേദസേ സ്വാഹാ**
**ഇദമഗ്നയേ, ഇദംന മമ**

സാരം:- സമസ്തപദാർത്ഥങ്ങളിലും വിരാജിക്കുന്ന സർവ്വരോഗദുഃഖനിവാരകമായ യജ്ഞാഗ്നി നമ്മെ പവിത്രരും സുഖസമ്പൂർണ്ണരുമാക്കി അനുഗ്രഹിക്കട്ടെ.

**ഓം തന്ത്വാ സമിദ്ഭിരങ്ഗിരോ ഘൃതേന**
**വർധയാമസി ബൃഹച്ഛോചായവിഷ്ഠ്യ സ്വാഹാ**
**ഇദമഗ്നയേഽങ്ഗിരസേ ഇദം ന മമ.**

സാരം:- എല്ലാവർക്കും അവരവരുടെ അർഹതയനുസരിച്ച് ഐശ്വര്യഭാഗം എത്തിച്ചുകൊടുക്കുന്ന അതിതേജസ്വിയായ ഹോമാഗ്നിദേവന് പരിശുദ്ധ പദാർത്ഥങ്ങൾ ആഹുതിചെയ്തു നാം ക്ഷേമൈശ്വര്യങ്ങൾക്കു പാത്രമാവട്ടെ.

വിശാലമായ വേദമന്ത്രാർത്ഥങ്ങളുടെ വിവരണം ഇവിടെ കൊടുക്കാനാവുകയില്ല. ഓം ഈശ്വരവാചകമാകുന്നു. യജ്ഞമന്ത്രങ്ങളുടെ സാങ്കേതികശബ്ദമാണ് സ്വാഹാ, സ്വബോധപൂർവ്വം ചെയ്യുന്നുവെന്നാണർത്ഥം. ശുഭദായകമായ അർത്ഥന ഉള്ളടക്ക

മാണ്. സൽക്കർമ്മങ്ങൾ പരാർത്ഥമായി, ഈശ്വരാർപ്പണമായി ചെയ്യു ന്നതിനെ ദ്യോതിപ്പിക്കുന്നതാണ് ഇദം ന മമ

അനന്തരം എല്ലാ ഐശ്വര്യങ്ങളുടെയും അധിപതിയായുള്ള വനേ, ഈ ഹോമാഗ്നി പ്രദീപ്തമായി ഞങ്ങളെ എല്ലാവിധത്തിലും ഐശ്വര്യയുക്തരാക്കി അനുഗ്രഹിക്കേണമേ എന്ന ആശയമടങ്ങിയ

**ഓം അയന്ത ഇധ്മ ആത്മാ ജാതവേദസ്തേനേധ്യസ്വ**
**വർധസ്വ ചേദ്ധ വർദ്ധയ,**
**ചാസ്മാൻ പ്രജയാ പശുഭിർ-**
**ബ്രഹ്മവർച്ചസേനാന്നാദ്യേന**
**സമേധയ സ്വാഹാ, ഇദമഗ്നയേ**
**ജാതവേദസേ ഇദംന മമ**

ഈ മന്ത്രം ജപിച്ചു നെയ്യ് ആഹുതിനൽകണം. അങ്ങനെ അഞ്ചു പ്രാവശ്യം തുടർച്ചയായി ചെയ്തിട്ടു ഹോമകുണ്ഡത്തിനു ചുറ്റും ജലപ്രോക്ഷണം നടത്തുന്നു. പരിഖാവിധി എന്ന റിയപ്പെടുന്ന ഈ ക്രിയയിൽ ഉച്ചരിക്കേണ്ടുന്ന മന്ത്രം:-

**ഓം അദിതേ/നുമന്യസ്വ**
(തെക്കുനിന്നും കിഴക്കോട്ട് വെള്ളം ഒഴിക്കണം.)
**ഓം അനുമതേ/നു മന്യസ്വ**
(പടിഞ്ഞാറുനിന്നും വടക്കോട്ട്............)
**ഓം സരസ്വത്യനുമന്യസ്വ**
(വടക്കുനിന്നും കിഴക്കോട്ട്)

അടുത്തമന്ത്രം ജപിച്ചുകൊണ്ട് ജലം ഹോമകുണ്ഡത്തിനുചുറ്റും ഇടത്തുനിന്നും വലത്തോട്ട് ഒഴുക്കണം.

**ഓം ദേവസവിതഃ പ്രസുവ യജ്ഞം**
**പ്രസുവ യജ്ഞപതിം ഭഗായ.**
**ദിവ്യോ ഗന്ധർവ്വഃ കേതപൂഃ കേതന്നഃ**
**പുനാതു വാചസ്പതിർവാചം നഃ സ്വദതു.**

സാരം:- അഖണ്ഡവ്രതങ്ങളുടെ അധിപ! അങ്ങു ഞങ്ങളെ യജ്ഞകാര്യത്തിനു അനുവദിച്ചാലും. എല്ലാവരേയും ആജ്ഞാ

നുവർത്തികളാക്കി രക്ഷിക്കുന്ന ഈശ്വര, കർമ്മത്തിലേർപ്പെടാൻ അനുവദിച്ചാലും. ജ്ഞാനസ്വരൂപിൻ! സമ്മതിനൽകിയാലും. സർവ്വോത്പാദകനും സർവ്വപ്രേരകനുമായ ഈശ്വര! യജ്ഞത്തെ നല്ല ഐശ്വര്യലാഭത്തിനായി പ്രേരിപ്പിച്ചാലും. തേജസ്വിയും, വാണീധാരണം ചെയ്യുന്നവനും ജ്ഞാനത്തെ പാവനമാക്കുന്നവനുമായ ജഗദീശ്വര! ഞങ്ങളുടെ ബുദ്ധിയെ പവിത്രമാക്കിയാലും. വിദ്യയുടെ രക്ഷകനായ ഈശ്വരൻ ഞങ്ങളുടെ വിചാരവാക്കുകളെ മധുരമാക്കട്ടെ.

ഇനി ഉരുക്കിയനെയ്യ് കരണ്ടിയിൽ നിറച്ചെടുത്തു ചുവടെ ചേർക്കുന്ന ഓരോ മന്ത്രവും ഉച്ചരിച്ചുകൊണ്ടു യഥാക്രമം ഹോമകുണ്ഡത്തിൽ വടക്കുഭാഗത്തും തെക്കുഭാഗത്തും ബാക്കി രണ്ടും മധ്യത്തിലും ആഹുതി ചെയ്യണം. ഇതിനെ ആഘാരാവാജ്യഭാഗാഹുതി എന്നു പറയുന്നു.

**ഓം അഗ്നയേ സ്വാഹാ, ഇദമഗ്നയേ ഇദം ന മമ**
**ഓം സോമായ സ്വാഹാ, ഇദം സോമായ ഇദം ന മമ**
**ഓം പ്രജാപതയേ സ്വാഹാ**
**ഇദം പ്രജാപതയേ ഇദം ന മമ**
**ഓം ഇന്ദ്രായ സ്വാഹാ**
**ഇദമിന്ദ്രായ ഇദം ന മമ**

ഇനിയാണ് അഗ്നിഹോത്രം തുടങ്ങുന്നത്. ഈ ദൈനികാഗ്നിഹോത്രത്തിൽ, ഓരോ മന്ത്രവും ഉച്ചരിച്ചുകൊണ്ട് ഓരോ കരണ്ടി നെയ്യും ഓരോ പിടി മറ്റുസാമഗ്രികളും (ചേർത്തുവെച്ചിരിക്കുന്ന അഷ്ടഗന്ധം, ധാന്യം മുതലായവ) യജ്ഞാഗ്നിയിൽ ആഹുതി ചെയ്യുന്നു. വിസ്തരഭയത്താൽ മന്ത്രക്രമം മാത്രം എഴുതുകയാണ്.

പ്രഭാതയജ്ഞമന്ത്രം:

**ഓം സൂര്യോ ജ്യോതിർജ്യോതിഃ സൂര്യഃ സ്വാഹാ**
**ഓം സൂര്യോവർചോ ജ്യോതിർവ്വർചഃ സ്വാഹാ**
**ഓം ജ്യോതിഃ സൂര്യഃ സൂര്യോ ജ്യോതിഃ സ്വാഹാ**
**ഓം സജൂർദ്ദേവേന സവിത്രാ സജൂരു-**
**ഷസേന്ദ്രവത്യാ ജൂഷാണഃ**
**സൂര്യോ വേതു സ്വാഹാ**

സായാഹ്നയജ്ഞമന്ത്രം:

ഓം അഗ്നിർജ്യോതിർജ്യോതിരഗ്നിഃ സ്വാഹാ
ഓം അഗ്നിർവർചോ ജ്യോതിർവർചഃ സ്വാഹാ
ഓം അഗ്നിർജ്യോതിർജ്യോതിരഗ്നിഃ സ്വാഹാ
ഓം സജൂർദേവേന സവിത്രാ
സജൂരാത്ര്യേന്ദ്രവത്യാ ജൂഷാണോ
അഗ്നിർവേതു സ്വാഹാ

തുടർന്നു രണ്ടുനേരവും മേൽപറഞ്ഞപ്രകാരം ചൊല്ലി ആഹുതി ചെയ്യേണ്ടുന്ന അവസാനമന്ത്രങ്ങളാണ് ഇനി എഴുതുന്നത്:-

ഓം ഭൂരഗ്നയേ പ്രാണായ സ്വാഹാ
ഇദമഗ്നയേ പ്രാണായ, ഇദംന മമ
ഓം ഭുവർവായവേഽപാനായ സ്വാഹാ
ഇദം വായവേഽപാനായ ഇദംന മമ
ഓം സ്വരാദിത്യായ വ്യാനായ സ്വാഹാ
ഇദമാദിത്യായ വ്യാനായ ഇദംന മമ
ഓം ഭൂർഭുവഃസ്വരഗ്നിവായ്വാദിത്യേഭ്യഃ
പ്രാണാപാനവ്യാനേഭ്യഃ സ്വാഹാ
ഇദമഗ്നിവായ്വാദിത്യേഭ്യഃ
പ്രാണാപാനവ്യാനേഭ്യഃ ഇദം ന മമ
ഓം ആപോജ്യോതിരസോഽമൃതം ബ്രഹ്മ
ഭൂർഭുവഃസ്വരോം സ്വാഹാ
ഓം യാം ദേവഗണാഃ പിതരശ്ചോ
പാസതേ, തയാമാമദ്യ മേധയാഗ്നേ
മേധാവിനം കുരു സ്വാഹാ
ഓം വിശ്വാനിദേവസവിതർദുരിതാ
നി പരാസുവ, യദ്ഭദ്രം തന്ന ആസുവ സ്വാഹാ
ഓം അഗ്നേ നയ സുപഥാ രായേ
അസ്മാൻ വിശ്വാനിദേവ വയുനാനി വിദ്വാൻ
യുയോധ്യസ്മജ്ജുഹുരാണമേനോ
ഭൂയിഷ്ഠാന്തേ നമ ഉക്തിം വിധേമ സ്വാഹാ

ഇനി ബാക്കിയിരിക്കുന്ന ഹവിസ്സുകൾ നിറച്ചെടുത്ത് മൂന്നു പ്രാവശ്യം




**ഓം സർവ്വം വൈ പൂർണ്ണം സ്വാഹാ**

എന്ന മന്ത്രം ജപിച്ചുകൊണ്ടു പൂർണ്ണാഹുതി സമർപ്പിക്കണം. തുടർന്നുള്ള ശാന്തിമന്ത്രം ചൊല്ലി അനുദിനയജ്ഞകർമ്മം അവസാനിപ്പിക്കണം.

**ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത്**
**പൂർണ്ണമുദച്യതേ,**
**പൂർണ്ണസ്യ പൂർണ്ണമാദായ**
**പൂർണ്ണമേവാവശിഷ്യതേ**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

യജ്ഞത്തിൽ ശേഷിച്ച നെയ്യ്, ഭസ്മം, പ്രസാദം മുതലായവ പൂർണ്ണാഹുതിക്കുശേഷം എല്ലാവർക്കും വിതരണം ചെയ്യണം. വിശേഷകർമ്മങ്ങൾക്കു മേല്പറഞ്ഞ നിത്യഹോമത്തിനുശേഷം മാഹാവ്യാഹൃത്യാഹുതി, സ്വിഷ്ടകൃദാഹുതി, പ്രാജാപത്യാഹുതി എന്നിവ പായസാന്നവും മറ്റും നിശ്ചിത മന്ത്രോച്ചാരണപൂർവ്വം സമർപ്പിച്ചു നടത്തും. പൂർണ്ണാഹുതിയോടൊപ്പം കർപ്പൂരാരതി നടത്താം; ഭജനഗാനങ്ങൾ ആലപിക്കുന്നതും ഉത്തമമാണ്. ഷോഡശസംസ്ക്കാരങ്ങൾക്കുപുറമേ ജന്മദിനം, ഷഷ്ട്യബ്ദപൂർത്തി, വിവാഹദിനം മുതലായവ കുടുംബ-സമൂഹതലങ്ങളിൽ യജ്ഞകർമ്മത്തോടുകൂടി നടത്താം. ഇവയ്ക്കെല്ലാം ആസ്ഥാനം ഓരോ ഗൃഹമാകുന്നു. ഗൃഹത്തിൽ എങ്ങനെയെങ്കിലും ജീവിച്ചാൽ പോരാ, ഗൃഹസ്ഥാശ്രമമായിത്തന്നെ ജീവിക്കുന്നെങ്കിലേ ജീവിത സൗരഭ്യം അനുഭവപ്പെടുകയുള്ളൂ.

1. ഗർഭാധാനസംസ്കാരം
2. പുംസവനസംസ്കാരം
3. സീമന്തോന്നയനം
4. ജാതകർമ്മസംസ്കാരം
5. നാമകരണസംസ്കാരം
6. നിഷ്ക്രമണസംസ്കാരം
7. അന്നപ്രാശനസംസ്കാരം
8. ചൂഡാകർമ്മസംസ്കാരം
9. ഉപനയനസംസ്കാരം
10. വിദ്യാരംഭസംസ്കാരം
11. സമാവർത്തനസംസ്കാരം
12. വിവാഹസംസ്കാരം
13. ഗൃഹസ്ഥാശ്രമസംസ്കാരം
14. വാനപ്രസ്ഥാശ്രമം
15. സന്ന്യാസസംസ്കാരം
16. അന്ത്യേഷ്ടിസംസ്കാരം

# Shodasa Samskarangal

Swami Parameswarananda

ഗർഭാധാനം മുതൽ അന്ത്യേഷ്ടി വരെയുള്ള പതിനാറ് സംസ്കാരങ്ങളുടെ ഒരു സാമാന്യ നിർദ്ദേശവും വിവരണവുമാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. യാതൊരു സംസ്കാരവുമില്ലാതെ ഉദയാസ്തമിതപ്രായന്മാരും ആഹാരനിദ്രാനിരതന്മാരുമായി കഴിഞ്ഞുവരുന്ന ഹിന്ദു സമുദായത്തിന് അമൂല്യമായൊരു നിധിയാണ് ഈ പുസ്തകം. ഇനിയെങ്കിലും അടുക്കും ചിട്ടയും ലക്ഷ്യബോധവുമുള്ള സമുദായമായിത്തീരാൻ ഹിന്ദുക്കൾക്ക് ഈ പുസ്തകം വളരെയധികം ഉപകരിക്കും.

Sanathana Music & Publishing House
Kozhikode - 673 017